



അധികാരം
ഗ്രാമങ്ങളിലേക്ക്...

ഞാടിയൂർ
ഗ്രാമപഞ്ചായത്ത്
വികസന റിപ്പോർട്ട്

ജനകീയ ആസൂത്രണം

തൊടിയൂർ ഗ്രാമപഞ്ചായത്ത്



"അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർക്കുപോലും ഇത് തങ്ങളുടെ നാടാണെന്നും, ഇത് രൂപപ്പെടുത്തുന്നതിൽ തങ്ങൾക്കും മഹത്തായ പങ്കുണ്ടെന്നും വിശ്വസിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഉയർന്ന വർഗ്ഗവും താണ വർഗ്ഗവും ഇല്ലാത്ത ഒരു ഭാരതത്തിനുവേണ്ടി, എല്ലാ സമുദായങ്ങളും തികഞ്ഞ മൈത്രിയിൽ വർത്തിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി ഞാൻ പ്രയത്നിക്കും."

- ഗാന്ധിജി



പഞ്ചായത്ത് പ്രസിഡന്റ്

ശ്രീമതി. തൊടിയൂർ വസന്തകുമാരി




പഞ്ചായത്ത് വൈസ് പ്രസിഡന്റ്

കുമാരി. എൽ. സീമ

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

ശ്രീ. എ. റഷീദ്കുഞ്ഞ്



നിലവിലുള്ള പഞ്ചായത്ത് - ഭരണസമിതി അംഗങ്ങൾ



I സി. ജനാർദ്ദനൻപിള്ള



II എൽ. സീമ



III എ. ഹൈദ്രോസ്കുഞ്ഞ്



IV പി.കെ. ജയപ്രകാശ്



V ആർ. ലതികാകുമാരി



VI എ.എ. അസീസ്



VII എ. റഷീദുകുഞ്ഞ്



VIII തൊടിയൂർ വസന്തകുമാരി




XI എം. ഫാത്തിമാകുഞ്ഞ്



X റ്റി. സൈനുദീൻകുഞ്ഞ്



XI സി. നാണു



XII ബി. സത്യദേവൻ പിള്ള



XIII കെ.ഒ. സരോജിനി



XIV റ്റി.കെ. അബ്ദുൽ നിസ്സാർ



വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

തൊടിയൂർ വസന്തകുമാരി

എൻ. രാമകൃഷ്ണപിള്ള (കൺവീനർ)

മഠത്തിനേത്ത് വിജയൻ

കെ.എസ്. വാസുദേവൻപിള്ള

പുതുപ്പുരയ്ക്കൽ ഭാസ്ക്കരൻ പിള്ള

ഡി. വിജയൻ

എം.പി. ശ്രീകുമാർ

പി.എൻ. മനോജ്

സേതു. സി.

റിപ്പോർട്ട് നിർമ്മാണത്തിന് സഹായിച്ചവർ

എൻ. ഗോപാലൻ


എം.കെ. യോഹന്നാൻ

കെ. അനിൽകുമാർ

സി.ആർ. ചന്ദ്രകാന്ത്

കെ. ഗംഗാധരൻ

ശ്രീജ. ടി.എസ്.



എഡിറ്റേഴ്സ്

തൊടിയൂർ വസന്തകുമാരി

എൻ. രാമകൃഷ്ണപിള്ള

മഠത്തിനേത്ത് വിജയൻ

മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ



പി. ഉണ്ണികൃഷ്ണപിള്ള



കെ. ഓമന



കാട്ടൂർ പി.കെ. ഗോപാലൻനായർ
(പ്രഥമ പഞ്ചായത്ത് പ്രസിഡന്റ്)



എൻ. ഗോപാലൻ




വി. കൃഷ്ണപിള്ള
(ആക്റ്റിംഗ് പ്രസിഡന്റ്)

ഇന്ന് ജീവിച്ചിരിക്കുന്ന ആദ്യത്തെ ഭരണസമിതിയംഗം



തോപ്പിൽ ശ്രീ. ജനാർദ്ദനൻപിള്ള

ആദ്യത്തെ പഞ്ചായത്ത് ജീവനക്കാർ



എൻ. പ്രഭാകരൻപിള്ള



റ്റി. കുമാരൻ

ഉള്ളടക്കം

1 ആമുഖം

2 ചരിത്രപശ്ചാത്തലം

3 തൊടിയൂർ ഗ്രാമപഞ്ചായത്ത് ഭരണ ചരിത്രം

4 ഭൂപ്രകൃതി

5 കൃഷിയും ജലസേചനവും

6 മൃഗസംരക്ഷണവും മത്സ്യബന്ധനവും

7 വിദ്യാഭ്യാസം

8 കുടിവെള്ളവും പൊതുജനാരോഗ്യവും

9 വ്യവസായം

10 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

11 ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

12 സംസ്ക്കാരം

13 വനിത

14 സഹകരണ മേഖല

15 പട്ടികജാതി പട്ടികവർഗ്ഗം

16 വിഭവസമാഹരണം

ബന്ധപ്പെട്ട പാർലമെന്റംഗം

എൻ. കെ. പ്രേമചന്ദ്രൻ

നിയോജകമണ്ഡലം പ്രതിനിധി

എൻ. ചന്ദ്രശേഖരൻനായർ

ബന്ധപ്പെട്ട ജില്ലാ-ബ്ലോക്ക് മെമ്പറന്മാർ

തൊടിയൂർ രാമചന്ദ്രൻ (ജില്ലാപഞ്ചായത്ത് മെമ്പർ)

അമ്പിളി തമ്പാൻ (ജില്ലാപഞ്ചായത്ത് മെമ്പർ)

പോണാൽ നന്ദകുമാർ (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്)

സി. അച്യുതൻ (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)

എൻ. അജയകുമാർ (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)

പഞ്ചായത്ത് ജീവനക്കാർ

എ. കോയാക്കുഞ്ഞ് (സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി)

ജൂനിയർ സൂപ്രണ്ട് (വേക്കന്റ്)

ആർ. സുകുമാരൻ U.D.C

സരസ്വതി U.D.C

സുധാകരൻപിള്ള U.D.C

എച്ച്. സുലൈമാൻകുട്ടി L.D.C

എം. നബീസാബീവി L.D.C

ആർ. വിശ്വനാഥൻപിള്ള L.D.C

കെ. ജമാലുദ്ദീൻ (പ്യൂൺ)

അരവിന്ദാക്ഷൻ (ഫെറിമാൻ)

ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ
സന്താനമാണ്
ജനകീയ ആസൂത്രണം.

ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്ന
ഗ്രാമങ്ങളെ വികസന പാതയിലൂടെ നയിക്കുവാൻ
ജനകീയ ആസൂത്രണപ്രസ്ഥാനത്തിനു
കഴിയുമെങ്കിൽ....


ഈ ആസൂത്രണത്തിൽ പങ്കുചേർന്ന്
വികസന സൂര്യന്റെ ആദ്യകിരണങ്ങൾ നമ്മുടെ ഗ്രാമത്തിന്റെ
വിശുദ്ധഭൂമിയിലേക്ക് ആവാഹിക്കുവാൻ
നമ്മുടെ സർക്കാരിനു കഴിഞ്ഞാൽ....

നാം ധന്യരായി


ഗ്രാമവികസനത്തിലൂടെ
സ്വാതന്ത്ര്യം എന്ന ആശയം നമ്മുടെ രാഷ്ട്രത്തിന്
എന്നെന്നേക്കുമായി നേടിത്തന്ന
നമ്മുടെ രാഷ്ട്രപിതാവിന്റെ
ജന്മം സഫലമാക്കുവാൻ നമുക്ക്
കൂട്ടായി യത്നിക്കാം.


ആശംസകളോടെ

എ റഷീദുകുഞ്ഞ്
സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ
തൊടിയൂർ ഗ്രാമപഞ്ചായത്ത്.


തൊടിയൂർ പഞ്ചായത്ത്
N
തൊടിയൂർ
കരുനാ
പുലിയന്തി
NH
ചിറ്റുമല
തേവലക്കര
കുലശേഖരപുരം
കൊല്ലം
അഷ്ടമുടി കായൽ
റോഡ്
റെയിൽവേ
500

ആമുഖം





അവലംബം വിവരദൃപടം, സെസ്സ്

നൈസർഗ്ഗിക സംസ്ക്കാരം വളർത്തിയ ആസൂത്രിത വികസനത്തിന്റെ മഹത്വം നമ്മെ ഓർമ്മിപ്പിച്ചുകൊണ്ട് ജനകീയാസൂത്രണപ്രക്രിയയിലൂടെ കേരളം പുരോഗതിയുടെ പടവുകൾ ചവിട്ടുവാൻ ആരംഭിച്ചിരിക്കുന്നു. ഗ്രാമങ്ങളുടെ വികസനത്തിൽകൂടി ഇന്ത്യയുടെ വികസനം സ്വപ്നം കണ്ട രാഷ്ട്രപിതാവ് മഹാത്മജിയുടെ ആഗ്രഹമായിരുന്ന ഗ്രാമസ്വരാജ്, പൂർണ്ണ അർത്ഥത്തിലല്ലെങ്കിലും 'പഞ്ചായത്ത് രാജ്' നിയമത്തിലൂടെ നടപ്പാവുകയാണ്. അധികാരം ഗ്രാമതലത്തിൽ എത്തപ്പെട്ടതിന്റെ ഹർഷോന്മാദത്തോടെയും ഏറെപ്രതീക്ഷയോടെയുമാണ് 1995 ഒക്ടോബർ 2-ാം തീയതി തൊടിയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നത്.

ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ നിയന്ത്രണത്തിൽ അകപ്പെട്ടുപോയ ഏതാനും വ്യക്തികളുടെ കൈകളിൽ അമർന്നിരുന്ന അധികാരമാണ് ഭരണഘടനയുടെ 73, 74 ഭേദഗതികളിൽക്കൂടി ത്രിതല പഞ്ചായത്ത് സമിതികളിലേക്ക് എത്തിച്ചേർന്നത്. ജനങ്ങളാൽ തെരഞ്ഞെടുത്ത ജനപ്രതിനിധികൾ ജനങ്ങൾക്കുവേണ്ടി ഭരിക്കുക എന്ന ജനാധിപത്യ വ്യവസ്ഥിതിയുടെ സത്തയായ ജനപങ്കാളിത്തത്തോടുകൂടിയ വികസനം പ്രവർത്തിപഥത്തിൽ കൊണ്ടുവരികയെന്ന ലക്ഷ്യത്തോടുകൂടി രൂപം നല്കിയിരിക്കുന്ന പരിപാടിയാണ് ജനകീയാസൂത്രണം.

ചുവപ്പു നാടകളിൽ കരുങ്ങിയുള്ള വികസനപദ്ധതികളുടെ മുരടിപ്പ് ഇല്ലാതാക്കുവാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിനു കഴിയും എന്ന വിശ്വാസം നമ്മെ കർമ്മോന്മുഖരാക്കുന്നു. സാങ്കേതികത്വത്തിന്റെ നൂലാമാലകളിൽ കുരുങ്ങി ആസൂത്രണ പ്രക്രിയയുടെ അസ്തിത്വം നഷ്ടപ്പെട്ട് വികസനപദ്ധതികൾ നോക്കുകുത്തികളായിരുന്ന കാലം പഴംകഥയാകുകയാണ്. പ്രതീക്ഷയുടേയും ആത്മാർത്ഥതയുടേയും ഊർജ്ജസ്വലതയുടേയും അർപ്പണബോധത്തിന്റെയും കൂട്ടായ്മയിൽക്കൂടിയുള്ള ഒരു പുത്തൻ വികസനസംസ്ക്കാരം ജനകീയാസൂത്രണപ്രസ്ഥാനത്തിൽക്കൂടി കേരളം ഏറ്റുവാങ്ങിയിരിക്കുന്നു, ഒപ്പം നമ്മുടെ ഗ്രാമവും.

വയലേലകളിലെ കൊയ്ത്തുപാട്ടും തൊടികളിലെ കൂട്ടായ്മയും തൊടിയൂരിന് ഇന്ന് അന്യമാണ്. ഗതകാലചരിത്രത്തിന്റെ സുഷുപ്തിയിലാണ്ടുപോയ പരസ്പര സ്നേഹവിശ്വാസത്തോടെയുള്ള കൂട്ടായ്മയെ തുയിലുണർത്തി ശരിയായി നയിക്കുന്നതോടൊപ്പം ഗ്രാമത്തിലെ മനുഷ്യസമ്പത്തുകളായ ബുദ്ധി, അദ്ധ്വാനം, ലഭ്യമായ മറ്റുവിഭവങ്ങൾ എന്നിവയുടെ സമന്വയം കൂടി ചേരുമ്പോൾ നമ്മുടെ ഗ്രാമം പുത്തൻ വികസന സംസ്ക്കാരത്തിന്റെ പുതിയ ചക്രവാള സീമകൾ കീഴടക്കും എന്ന കാര്യത്തിൽ തർക്കമില്ല.

വിഭാഗീയചിന്തകളെ മാറ്റിനിർത്തി വികസനം നാടിന്റെ മോചനമാർഗ്ഗമാണെന്ന് കണ്ടറിയുവാൻ കഴിവുള്ള സുമനസ്സുകളുടെ ഒത്തുചേരലായി ജനകീയാസൂത്രണപ്രസ്ഥാനം മാറിയിരിക്കുന്നു. രാഷ്ട്രശില്പി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിലൂടെ ആരംഭിച്ച ആസൂത്രണ പ്രക്രിയ വിഭാഗിക ചിന്തകളിൽ തട്ടി താളം തെറ്റിയത് നാം കണ്ടതാണ്. അതിന്റെ പാഠം ഉൾക്കൊണ്ട്, കണ്ണിലെ കൃഷ്ണമണിപോലെ ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ കാത്തുസൂക്ഷിക്കുവാൻ ഇതിന്റെ സംഘാടകർ ബാദ്ധ്യസ്ഥരാണ്.

ഒൻപതാം പഞ്ചവത്സരപദ്ധതിയെ ജനകീയ പദ്ധതിയായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇന്നലെകളിലെ തലതിരിഞ്ഞ ആസൂത്രണ രീതിയെ നേരായ രീതിയിലേക്ക് മാറ്റുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ആസൂത്രണത്തിലും വികസനത്തിലും തുല്യപങ്കാളിത്തം, ജാതി-മത-രാഷ്ടീയ ഭിന്നതകൾക്കതീതമായി ഉറപ്പുവരുത്തുവാൻ ജനകീയാസൂത്രണപ്രസ്ഥാനത്തിനു കഴിയും എന്ന വിശ്വാസം നമുക്കുണ്ട്. അധികാരത്തോടൊപ്പം സമ്പത്തും പഞ്ചായത്തുകൾക്ക് നല്കുന്നതിനാൽ ജനതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ പഞ്ചായത്തുകൾക്ക് കഴിയുമെന്ന വിശ്വാസം ജനങ്ങളിൽ വളർന്നുവരുന്നുണ്ട്.

ഒൻപതാം പദ്ധതിയുടെ പഞ്ചായത്ത് വിഹിതമായ 40% സംസ്ഥാന സർക്കാരിന്റെ 60% ഉൾപ്പെട്ട ചില സ്കീമുകൾ, കേന്ദ്രസർക്കാരിന്റെ ഫണ്ട്, ബാഹ്യവികസന ഏജൻസികളിൽ നിന്നും സന്നദ്ധസംഘടനകളിൽ നിന്നും ലഭിക്കുന്ന വികസനഫണ്ടുകൾ, നികുതി വരുമാനം, ഇതിനൊക്കെ പുറമേ ജനകീയ സംഭാവനകളായ അദ്ധ്വാനം, പണം, വിഭവങ്ങൾ തുടങ്ങിയവ വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സ്രോതസ്സുകളാണ്. ഇവയെല്ലാം ഒരുമിച്ച് പ്രവർത്തിപ്പിച്ചാൽ ജനഹിതമനുസരിച്ച് നമ്മുടെ ഗ്രാമത്തെ പുരോഗതിയിലെത്തിക്കുവാൻ കഴിയും.

ബഹുജന പങ്കാളിത്തം ഫലപ്രദമാകുമ്പോൾ നിലവിലുള്ള സ്കീമുകളേയും ഏറ്റെടുക്കുവാൻ പോകുന്ന പ്രവർത്തികളുടേയും നടത്തിപ്പ് കാര്യക്ഷമവും, ശീഘ്രവും, തൃപ്തികരവുമായി നിർവ്വഹിക്കുവാൻ കഴിയുമെന്നു മാത്രമല്ല അഴിമതിയുടെ കൈവഴികളേയും നിയന്ത്രിക്കുവാൻ കഴിയുകയും ചെയ്യും.

ജനകീയ ആസൂത്രണപ്രക്രിയയ്ക്ക് തൊടിയൂർ ഗ്രാമപഞ്ചായത്തിൽ ആരംഭം കുറിച്ചത് 1996 സെപ്തംബർ 19-ാം തീയതി നടത്തിയ ഏകദിന പഞ്ചായത്തുതല പരിശീലനത്തോടെയാണ്. നൂറ്റിപതിനഞ്ചുപേർ പങ്കെടുത്ത ഈ പരിശീലനക്ലാസ്സിൽ, ജില്ലാതലത്തിൽ പരിശീലനം നേടിയ വ്യക്തികൾ ക്ലാസ്സെടുത്തു. സെപ്തംബർ 29 മുതൽ നവംബർ 5 വരെ പഞ്ചായ [illegible] വാർഡുകളിലും ഗ്രാമസഭകൾ കൂടുകയും പഞ്ചായത്തു പ്രസിഡന്റും, മെമ്പറന്മാരും ഡി. ആർ.പി. മാരും ഗ്രാമസഭകൾക്ക് നേതൃത്വം നൽകി. ആദ്യാനുഭവത്തിന്റെ ഭാവപ്പകർപ്പ് ചില ഗ്രാമസഭകളിൽ ദൃശ്യമായിരുന്നുവെങ്കിലും ഭൂരിപക്ഷം ഗ്രാമസഭകളും, സജീവവും ജനനിബിഡവും, അർത്ഥവത്തും ആയിരുന്നു. ജില്ലാതല പരിശീലനത്തിൽ രണ്ടു ഘട്ടമായി തെരെഞ്ഞെടുത്ത മുഴുവൻ ഡി.ആർ.പി. കളേയും പരിശീലനത്തിന്റെ രണ്ടുഘട്ടങ്ങളിലും പങ്കെടുപ്പിക്കുവാൻ കഴിഞ്ഞു. തുടർന്ന് നവംബർ 27-ാം തീയതി പഞ്ചായത്തുതല ശില്പശാല നടത്തി. ഈ ശില്പശാല വികസന റിപ്പോർട്ട് തയ്യാറാക്കുന്നതെങ്ങനെ എന്നും, വികസന സെമിനാർ നടത്തേണ്ടതെങ്ങനെയെന്നും പ്രതിനിധികളെ പഠിപ്പിച്ചു.

വികസന റിപ്പോർട്ട് ചിട്ടപ്പെടുത്തുന്നതിലേക്ക് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിലേക്കായി, ദ്വിതീയ വിവരശേഖരണം, കാരണവന്മാരുടെ ഒത്തുചേരൽ, ഉദ്യോഗസ്ഥതല യോഗം, ഗ്രാമസഭാറിപ്പോർട്ടുകളുടെ ക്രോഡീകരണം പഠനപര്യടനം എന്നിവ നടത്തി. പഞ്ചായത്ത് വികസന സെമിനാർ വിജയകരമായി നടത്തുന്നതിന് ആവശ്യമായി 4-12-96 ൽ സ്വാഗതസംഘം രൂപീകരിക്കുകയും ചെയ്തു.

വിവിധ മേഖലകളിലെ പ്രഗത്ഭമതികളുടേയും സാങ്കേതിക വിദഗ്ധരുടെയും, വ്യത്യസ്ത പ്രസ്ഥാനങ്ങളുടെയും ഡി.ആർ.പി. മാരുടെയും, പഞ്ചായത്ത് സമിതിയുടെയും, ജീവനക്കാരുടെയും കൂട്ടായ്മയിൽ കൂടിയാണ് നമ്മുടെ ഗ്രാമത്തിന്റെ സർവ്വസ്വവുമായി തീരുവാൻ പോകുന്ന ഈ പഞ്ചായത്ത് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഗ്രാമസഭകളിൽ നിന്നും പകർന്നു തന്നിട്ടുള്ള വിവരങ്ങളിൽ ഒന്നുപോലും ചോർന്നു പോകാതെ ഈ റിപ്പോർട്ട് സംപുഷ്ടമാക്കുവാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. വികസനത്തിൽ വളരെ പിന്നിൽ നില്ക്കുന്ന നമ്മുടെ ഗ്രാമം വികസന കാര്യങ്ങളിൽ നേരിടുന്ന പ്രശ്നങ്ങളും അതിനുള്ള പരിഹാരമാർഗ്ഗങ്ങളും ഞങ്ങൾ ഇതിൽ സൂചിപ്പിച്ചിട്ടുണ്ട്. മാത്രമല്ല അടുത്ത 5 വർഷക്കാലം കൊണ്ട് വികസനത്തിൽ നമ്മുടെ ഗ്രാമത്തെ എവിടെ വരെ എത്തിക്കുവാൻ കഴിയും എന്ന് ഇതിൽ പറയുന്നുണ്ട്. എങ്കിലും ഈ റിപ്പോർട്ട് പൂർണ്ണമാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല.

വികസന പ്രക്രിയകളിൽ പങ്കാളികളാകുവാൻ താല്പര്യമുള്ള ഒരു കൂട്ടം സന്നദ്ധ പ്രവർത്തകർ നമ്മുടെ ഗ്രാമത്തിലുണ്ട്. ഇത് നമുക്ക് ആശ്വാസം നല്കുന്ന കാര്യമാണ്. ഇവരോടൊപ്പം നമ്മുടെ ഗ്രാമത്തിന്റെ സജീവ മസ്തിഷ്കം, കായികശേഷിയും സർവ്വോപരി ഗ്രാമത്തിന്റെ മുഴുവൻ മനസ്സും ഒത്തു ചേർന്നാൽ നമ്മുടെ വികസന സ്വപ്നങ്ങൾ യഥാർത്ഥ്യമാക്കുവാൻ നമുക്ക് കഴിയും. ആയതിലേക്ക് നിങ്ങളുടെ സജീവപങ്കാളിത്തം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തുറന്ന മനസ്സുമായി വിമർശനബുദ്ധിയോടെ ഈ സെമിനാറിൽ പങ്കെടുക്കുവാൻ വന്ന നിങ്ങളുടെ കരങ്ങളിലേക്ക് തൊടിയൂരിന്റെ 'മാഗ്നാകാർട്ട' ആകുവാൻപോകുന്ന ഈ വികസന റിപ്പോർട്ട് സമർപ്പിക്കുന്നു, സൃഷ്ടിയുന്മുഖവിലയിരുത്തലുകളിൽകൂടി ഉരുത്തിരിഞ്ഞുവരുന്ന പ്രശ്നങ്ങളും, നിർദ്ദേശങ്ങളും കൂടിച്ചേർത്ത് നമുക്കീ റിപ്പോർട്ട് സമ്പൂർണമാക്കുവാൻ ശ്രമിക്കാം.

ഒപ്പം അടുത്ത അഞ്ചുവർഷവും, തൊടിയൂർ ഗ്രാമപഞ്ചായത്തിന്റെ വികസനരംഗത്തെ മുന്നോട്ട് നയിക്കുവാൻ നമ്മുടെ ബുദ്ധിയും ശക്തിയും സമ്പത്തും വിനിയോഗിക്കാമെന്ന് നമുക്ക് ദൃഢപ്രതിജ്ഞ ചെയ്യാം.

പഞ്ചായത്ത് - പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	-	തൊടിയൂർ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	-	തൊടിയൂർ, കല്ലേലിഭാഗം
ബ്ലോക്ക് പഞ്ചായത്ത്	-	കരുനാഗപ്പള്ളി
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ	-	തൊടിയൂർ എ, തൊടിയൂർ ബി, കരുനാഗപ്പള്ളി എ.
താലൂക്ക്	-	കരുനാഗപ്പള്ളി
അസംബ്ലി മണ്ഡലം	-	കരുനാഗപ്പള്ളി
പാർലമെന്റ് മണ്ഡലം	-	കൊല്ലം
റവന്യൂ ജില്ല	-	കൊല്ലം
വിസ്തീർണ്ണം	-	9.58 സ്ക്വയർ മൈൽ
അതിരുകൾ	-	വടക്ക് - തഴവാ ഗ്രാമപഞ്ചായത്ത് വടക്കു കിഴക്ക് - ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് കിഴക്കു മദ്ധ്യം - ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത് തെക്ക് കിഴക്ക് - മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് തെക്ക് - പന്മന ഗ്രാമപഞ്ചായത്ത് പടിഞ്ഞാറ് - കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് വടക്കു പടിഞ്ഞാറ് - കുലശേഖരപുരം ഗ്രാമപഞ്ചായത്ത്
ജനസംഖ്യ	-	40378 (1991 സെൻസസ്)
സാക്ഷരത	-	94.1
വാർഡുകൾ	-	14
പ്രസിഡന്റ്	-	തൊടിയൂർ വസന്തകുമാരി
വൈസ് പ്രസിഡന്റ്	-	കുമാരി. എൽ. സീമ
സ്റ്റാന്റിംഗ് കമ്മിറ്റി ചെ ിമാൻ	-	എ. റഷീദ്കുഞ്ഞ്

ഭരണസമിതി അംഗങ്ങൾ

1. സി. ജനാർദ്ദനൻ പിള്ള
2. എൽ. സീമ.
3. എ. ഹൈദ്രോസ്കുഞ്ഞ്
4. പി.കെ. ജയപ്രകാശ്
5. ആർ. ലതികാകുമാരി
6. എ.എ. അസീസ്
7. എ. റഷീദ്കുഞ്ഞ്

8. തൊടിയൂർ വസന്തകുമാരി
9. ഫാത്തിമാ കുഞ്ഞ്
10. ടി. സൈനുദ്ദീൻകുഞ്ഞ്
11. സി. നാണു
12. ബി. സത്യദേവൻപിള്ള
13. കെ.ഒ. സരോജിനി
14. ടി.കെ. അബ്ദുൽ നിസ്സാർ

മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ

1. പി.കെ. ഗോപാലൻനായർ, കാട്ടൂർ
2. ചെട്ടിയത്ത് വി. കൃഷ്ണപിള്ള (ആക്ടിംഗ് പ്രസിഡന്റ്)
3. പി. ഉണ്ണികൃഷ്ണപിള്ള, നെടുമ്പ്രത്ത് (മുൻ എം.എൽ.എ.)
4. കെ. ഓമന, കാട്ടിൽ തെക്കതിൽ
5. എൻ. ഗോപാലൻ, ചെട്ടിശ്ശേരിൽ

മുൻ പഞ്ചായത്ത് വൈസ് പ്രസിഡന്റുമാർ

1. കെ. ചെല്ലപ്പൻപിള്ള, മാരാരിത്തോട്ടത്ത് ബംഗ്ലാവ്
2. പി. എ. മുഹമ്മദ്കുഞ്ഞ്, പല്ലിയിൽ
3. ചരുവിള സദാനന്ദൻ
4. ജി. രാജൻ, തുണ്ടുതറയിൽ

തൊടിയൂർ പഞ്ചായത്തിലെ പ്രധാന സ്ഥാപനങ്ങൾ

1 തൊടിയൂർ ഗ്രാമപഞ്ചായത്ത് ആഫീസ്

2 തൊടിയൂർ വില്ലേജാഫീസ്

3 കല്ലേലിഭാഗം വില്ലേജാഫീസ്

4 സാംസ്ക്കാരിക നിലയം

5 കരുനാഗപ്പള്ളി റെയിൽവേ സ്റ്റേഷൻ

6 ബ്ലോക്ക് ഡവലപ്മെന്റ് ആഫീസ്

7 ഫുഡ്കോർപ്പറേഷൻ ഓഫ് ഇന്ത്യ

8 വെയർഹൗസിംഗ് കോർപ്പറേഷൻ ഡിപ്പോ

9 താലൂക്ക് മൃഗാശുപത്രി

10 കോക്കനട്ട് നഴ്സറി

11 കൃഷിഭവൻ

12 ഹോമിയോ ഡിസ്പൻസറി

13 പ്രാഥമിക ആരോഗ്യകേന്ദ്രം, ഉപകേന്ദ്രങ്ങൾ

14 ഇ.എസ്.ഐ. ഡിസ്പൻസറി

15 തൊടിയൂർ സർവ്വീസ് സഹകരണ ബാങ്ക്

16 ഫെഡറൽ ബാങ്ക്, തൊടിയൂർ

17 തൊടിയൂർ ഗവൺമെന്റ് ഹൈസ്ക്കൂൾ

18 S.N.T.T.I, കല്ലേലിഭാഗം

19 ആർ.എസ്.എം. ഐ.ടി.സി. കല്ലേലിഭാഗം

20 എസ്.എൻ.വി. എൽ.പി.എസ്., കല്ലേലിഭാഗം

21 തൊടിയൂർ എൽ.പി.എസ്. (പളിക്കക്കോട്ട)

22 എൽ.വി. യൂ.പി.എസ്., മുഴങ്ങോടി

23 ഗവൺമെന്റ് എൽ.പി.എസ്., തൊടിയൂർ

24 എസ്.പി.എസ്.എസ്. യു.പി.എസ്., മുഴങ്ങോടി

25 ഗവൺമെന്റ് എൽ.പി.എസ്., വേങ്ങറ

26 ഹരിജൻ വെൽഫയർ എൽ.പി.എസ്., വേങ്ങറ

27 എ.വി.കെ.എം.എം. എൽ.പി.എസ്., ഇടക്കുളങ്ങര

28 ഇന്റസ്ട്രിയൽ എസ്റ്റേറ്റ്

29 റൂബി ഫ്ളവർമിൽ

30 ഹോട്ട് പോയിന്റ്

31 വിജയലക്ഷമി ക്യാഷു ഫാക്ടറി

32 മൈട്രോ ടൈൽസ്

33 കരുനാഗപ്പള്ളി ടൈൽസ്

34 ആസാദ് ടൈൽസ്

35 കൈത്തറി സഹകരണസംഘം, ഇടക്കുളങ്ങര

36 മൈത്തപ്പാ സഹകരണസംഘം, മുഴങ്ങോടി

37 മൈത്തപ്പാ സഹകരണസംഘം, വേങ്ങറ

38 ഖാദി സഹകരണസംഘം, തൊടിയൂർ

39 ഹരിജൻ ഖാദി മൈത്തപ്പാ സഹകരണസംഘം

40 ഖാദി സഹകരണസംഘം, പുലിയൂർവഞ്ചി

41 ഹരിജൻ മൈത്തപ്പാ സഹകരണസംഘം

42 ക്ഷീരോല്പാദക സഹകരണസംഘം, പുലിയൂർ വഞ്ചി തെക്ക്

43 ക്ഷീരോല്പാദക സഹകരണസംഘം, പുലിയൂർ വഞ്ചി വടക്ക്

44 ക്ഷീരോല്പാദക സഹകരണസംഘം, മാരാരിത്തോട്ടം

45 ക്ഷീരോല്പാദക സഹകരണസംഘം, മുഴങ്ങോടി


46 ക്ഷീരോല്പാദന സഹകരണസംഘം, തൊടിയൂർ

47 കെ.എസ്.ഇ.ബി. സബ്സെന്റർ, വെളുത്തമണൽ

48 കെൽട്രോൺ ടി.വി. അസംബ്ലിംഗ് യൂണിറ്റ്.

49 മാവേലിസ്റ്റോർ, പ്ലാവിളയിൽ ചന്ത

50 ഖാദി നൂൽനൂൽപ്പ് കേന്ദ്രം



ചരിത്ര പശ്ചാത്തലം

"ഭൂമുഖത്തുള്ള മനുഷ്യന്റെ ആധിപത്യത്തിന്റെ പ്രശ്നമാകെത്തന്നെ അവന്റെ സാമർഥ്യത്തെ ആശ്രയിച്ചാണിരുന്നത്. സ്വന്തം ഭക്ഷണം ഉല്പാദിപിക്കുന്നതിൽ പരിപൂർണ്ണമായ നിയന്ത്രണം നേടിക്കഴിഞ്ഞെന്നു പറയാവുന്ന ഒരേയൊരു ജീവി മനുഷ്യൻ മാത്രമാണ്. ജീവസന്ധാരണോപാധികളുടെ വ്യാപ്തിയുമായി ഏറെക്കുറെ ബന്ധപെടുത്തിക്കൊണ്ടാണ് മാനവപുരോഗതിയുടെ മഹായുഗങ്ങൾ നിർണ്ണയിക്കപെട്ടിട്ടുള്ളത്"

- ലൂയിസ് എച്ച്. മോർഗൻ.

ഭരണഘടനയുടെ 46-ാം വകുപ്പ് പറയുന്നു:-

"ദുർബല വിഭാഗങ്ങളുടെ, പ്രത്യേകിച്ച് പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ വിദ്യാഭ്യാസപരവും സാമ്പത്തികവുമായ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി രാഷ്ട്രം പ്രത്യേകം ശ്രദ്ധിക്കേണ്ടതും, എല്ലാവിധ സാമൂഹ്യ അനീതികളിൽ നിന്നും ചൂഷണത്തിൽ നിന്നും അവരെ രക്ഷിക്കേണ്ടതുമാണ്."

"The state shall promote with special care the educational and economic interest of the weaker section of the people and in particular of the Scheduled caste and Scheduled Tribes and shall project them from social injustice and all forms of exploitation"

ഇന്ത്യ കിഴക്കോട്ടോ, പടിഞ്ഞാറോട്ടോ അല്ല നോക്കുന്നത്.
ഇന്ത്യ, ഇന്ത്യയിലേക്കുതന്നെയാണ് നോക്കുന്നത്!!

"ഇന്ദിരാ ഗാന്ധി"

"ഭാരതസ്ത്രീ ഒരടി മുന്നോട്ടുപോയാൽ രാഷ്ട്രം രണ്ടടി മുന്നോട്ടുപോകും"
-ഗാന്ധിജി

"സത്യമേവ ജയതേ"

മുണ്ഡകോപനിഷത്

"Indian women are not "Abalas" They are famous for their heroics deeds of the past, Which they didn't achieve with the help of the sword but of character. Even today they can help the nation in many ways. They can do some useful works by which they can not only help themselves but also the nation as a whole, there by taking the country nearer her goal."

- Gandhiji

Women in India have played an important role in our social life and in our history. They have played this part in every branch of national activity field. But it is their unobstructive work in the household in the village or in the larger community that has moulded the nation.

- Jawaharlal Nehru

പ്രകൃതി രമണീയവും ശാന്തസുന്ദരവുമായ ഒരു കാർഷിക ഗ്രാമമാണ് തൊടിയൂർ. തിരുവിതാംകൂറിൽ കാർഷിക പ്രസിദ്ധമായ ഓണാട്ടുകര പ്രദേശത്തിന്റെ ഭാഗമായിരുന്ന തൊടിയൂർ, ഇന്ന് കരുനാഗപ്പള്ളി താലൂക്കിൽ സ്ഥിതി ചെയ്യുന്നു. ഈ ഗ്രാമത്തിന്റെ കാർഷിക വളർച്ച നമ്മുടെ ഗ്രാമത്തിന്റെ വടക്ക്, കിഴക്ക്, തെക്ക്, അതിർത്തികളിലൂടെ കടന്നുപോകുന്ന പള്ളിക്കലാറുമായി ബന്ധപ്പെട്ടിരിക്കുന്നു. തിരുവിതാംകൂർ രാജ്യം രൂപപ്പെടുന്നതിന് മുമ്പ് കായംകുളം രാജാവിന്റെ അധീനതയിലായിരുന്നു ഈ പ്രദേശം. കായംകുളം രാജാവിന്റെ വിശ്വസ്ത സേനാനായകൻ ആയിരുന്ന പുളിയ്ക്കൽ മേനവന്റെ നേതൃത്വത്തിലുള്ള 'പുളിയ്ക്കൽ കോട്ട' ഈ ഗ്രാമത്തിന്റെ ഐതിഹാസിക ചരിത്ര സ്മാരകമായി നിലകൊണ്ടിരുന്നു. ഈ സ്മരണകൾ നമ്മിൽ ഉണർത്തിക്കൊണ്ട് പുളിയ്ക്കൽ കോട്ട സ്കൂൾ (തൊടിയൂർ ഗവൺമെന്റ് എൽ.പി.എസ്സ്.) ഈ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവ് കായംകുളം പിടിച്ചടക്കുന്നതിനു വേണ്ടി നടത്തിയ ഐതിഹാസിക പോരാട്ടത്തിന്റെ വീരകഥകൾ ഇന്നും പഴമക്കാർ പറയുന്നുണ്ട്. പുളിയ്ക്കൽ മേനവൻമാരുടെ സന്തതി പരമ്പരകളിൽ ചിലർ ഇന്നും ഈ ഗ്രാമത്തിൽ ജീവിക്കുന്നു.

തൊടിയൂർ വട്ടക്കായലിനും, മാലുമേൽ പുഞ്ചയ്ക്കും ഇടയ്ക്ക് പള്ളിയ്ക്കലാറിന്റെ തീരത്തോട് ചേർന്ന് കിടന്നിരുന്ന സ്ഥലം 'തൊടുക' പോലെ കിടന്നിരുന്നു. കൃഷിയുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ 'തൊടുക' ഉണ്ടാക്കിയതാണെന്നും, ആ സ്ഥലത്തിനെ തൊടി എന്നു വിളിച്ചുവെന്നും, കാലക്രമത്തിൽ 'തൊടിയൂർ' എന്ന് ആ സ്ഥലത്തിന് പേര് വന്നു എന്നും ഒരു ഐതിഹ്യം നിലനിൽക്കുന്നു. തൊടിയൂർ എന്ന ഈ പ്രദേശത്തോടൊപ്പം കല്ലേലിഭാഗം, മുഴങ്ങോടി, പുലിയൂർവഞ്ചി, വേങ്ങറ, തുടങ്ങിയ ഭാഗങ്ങളും കൂടി ചേർന്നതാണ് നമ്മുടെ ഗ്രാമമായ തൊടിയൂർ. തൊടിയൂർ, കല്ലേലിഭാഗം എന്നീ രണ്ടു വില്ലേജുകൾ ചേർന്നതാണ് നമ്മുടെ പഞ്ചായത്ത്. (തൊടി = കൃഷിസ്ഥലം)

ഈ പ്രദേശത്തിന്റെ ചരിത്രത്തിൽ നിറഞ്ഞുനിൽക്കുന്ന വളരെ പ്രസിദ്ധമായ ക്ഷേത്രമാണ് മാരാരിത്തോട്ടം ക്ഷേത്രം. മാരദഹനം കഴിഞ്ഞ് ശിവൻ കുടികൊണ്ട സ്ഥലമാണ് മാരാരിത്തോട്ടം എന്ന് ഐതീഹ്യം. വടക്കുനിന്നും ശിവനെ ഭയന്ന് കാമദേവൻ വലിയ ശബ്ദം മുഴക്കിക്കൊണ്ട് ഓടിവന്ന സ്ഥലത്തെ മുഴങ്ങോടി എന്നും, കാമന്റെ പട്ടട ഒരുക്കിയ സ്ഥലത്തെ പട്ടകടവ് എന്നും പട്ടടയിൽ നിന്നും ചാമ്പൽ വാരി ഒഴുക്കിയ സ്ഥലത്തെ ചാമ്പക്കടവ് എന്നും അറിയപ്പെടുന്നു എന്നാണ് പഴമക്കാർ പറയുന്നത്. പില്ക്കാലത്ത് മാരാരിത്തോട്ടം ക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിന് നേതൃത്വം കൊടുത്തത് സാമൂഹിക പരിഷ്കർത്താവും സ്വാതന്ത്ര്യസമരസേനാനിയും, ദേശീയനേതാവും ആയിരുന്ന കുമ്പളത്ത് ശങ്കുപ്പിള്ളയാണ്.

ചെങ്ങന്നൂർ അടുത്തുള്ള പുലിയൂർ എന്ന സ്ഥലത്തു നിന്നും വഞ്ചിയിൽ കയറിവന്ന ബ്രാഹ്മണർ അധിവസിച്ചിരുന്ന സ്ഥലത്തെ പിൽക്കാലത്ത് പുലിയൂർവഞ്ചി എന്ന് അറിയപ്പെട്ടിരുന്നു എന്നും, അവരുടെ കുടുംബക്ഷേത്രമായിരുന്നു ഇടക്കുളങ്ങര ദേവീക്ഷേത്രം എന്നും വിശ്വസിക്കുന്നു.

'മാല' എന്ന പേരുകാരിയായ ഒരു അവർണ്ണസ്ത്രീയ്ക്ക് പുഞ്ചവയലിൽ നിന്നും ലഭിച്ച ദേവീവിഗ്രഹം അതിനടുത്തുള്ള

പുരയിടത്തിൽ സ്ഥാപിച്ചെന്നും, അതുവഴി ആ പ്രദേശത്തെ മാലുമേൽ എന്നും അറിയപ്പെടാൻ കാരണമായതായി പറയപ്പെടുന്നു. വിഗ്രഹം കണ്ടെടുത്ത പുഞ്ചവയലിനെ 'ഭഗവതിക്കണ്ടം' എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്നു. ആല പ്പാട്ട് നിവാസികളായ അരയ സമുദായത്തിൽപ്പെട്ട ജന വിഭാഗത്തിന്റെ വിശ്വസ്ത ആരാധനാകേന്ദ്രം കൂടിയാണ് മാലുമേൽ ക്ഷേത്രം.

എ.ഡി. എട്ടാം ശതകത്തിൽ കേരളത്തിൽ എത്തിച്ചേർന്ന ഇസ്ളാംമതവിശ്വാസികളുടെ സ്വാധീനം ക്രമേണ തൊടിയൂരിലും എത്തിച്ചേർന്നു. ഈ ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ പള്ളികളും മതപാഠശാലകളും സ്ഥാപിച്ച് നമ്മുടെ ഗ്രാമത്തിന്റെ സാമൂഹിക സാംസ്ക്കാരിക സാമ്പത്തിക ചരിത്രത്തിൽ അവഗണിക്കാനാവാത്ത സ്ഥാനം നേടിയെടുത്ത് സമൂഹത്തിന്റെ മുഖ്യധാരയിൽ ഇഴുകിച്ചേർന്നു നിൽക്കുന്ന ഒരു സമുദായമായി ഇസ്ളാം മത വിശ്വാസികൾ മാറിയിരിക്കുന്നു.

ക്രിസ്തുമത വ്യാപനത്തിനുവേണ്ടി ക്രിസ്തുവർഷാരംഭത്തിൽ കേരളത്തിൽ എത്തിച്ചേർന്ന തോമാസ്ലീഹ കൊല്ലത്ത് ഒരു ക്രിസ്തീയ പള്ളി സ്ഥാപിക്കുകയും ക്രിസ്തുമത പ്രചരണം കൊല്ലത്തുനിന്നും മറ്റുപ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തു. ഇത് തൊടിയൂരിലും ക്രിസ്തുമതവിശ്വാസം വേരൂപിടിയ്ക്കുവാൻ ഇടയാക്കി. എണ്ണപ്പെട്ട പള്ളികൾ മാത്രമുള്ള ഈ സമുദായം, സൗഹാർദ്ദപരമായ ഇടപെടലും, കഠിനാധ്വാനശീലവും കൊണ്ട് നമ്മുടെ ഗ്രാമസംസ്കാരത്തിന്റെ ഭാഗമായി മാറുന്നതിന് അധികകാലം വേണ്ടിവന്നില്ല. നാല് നൂറ്റാണ്ടുകൾക്ക് മുമ്പ് പോർച്ചുഗൽ, ഡച്ച് എന്നീ രാജ്യങ്ങളിൽനിന്നും നമ്മുടെ നാട്ടിൽ വരികയും സ്ഥിരതാമസം ഉറപ്പിക്കുകയും ചെയ്തിരുന്ന വിദേശീയരായ ആളുകളുടെ പിൻതലമുറക്കാർ ഇന്നും നമ്മുടെ ഗ്രാമത്തിൽ അധിവസിക്കുന്നു. ബുദ്ധമതത്തിനും ഈ പ്രദേശത്ത് വേരോട്ടം ഉണ്ടായിരുന്നതായി കരുതപ്പെടുന്നു. വിവിധമത സ്ഥരുടെ ആവാസകേന്ദ്രമായ ഈ ഗ്രാമത്തിൽ മതവൈരമോ, മതസംഘട്ടനങ്ങളോ നടന്നിട്ടില്ല എന്ന് മാത്രമല്ല മതസൗഹാർദ്ദവും, സാഹോദര്യവും ഈ പരിശുദ്ധഗ്രാമത്തിൽ പുലരുന്നു എന്നത് എടുത്ത് പറയേണ്ട കാര്യമാണ്.

ഉൽക്കടമായ ദേശാഭിമാനത്താൽ ദേശീയ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ധീരദേശാഭിമാനികൾ ഈ പഞ്ചായത്തിലുണ്ടായിരുന്നു. അവരിൽ പലരും ഇന്ന് നമ്മോടൊപ്പമില്ല. സർ സി.പി. രാമസ്വാമി അയ്യരുടെ ഭരണത്തിനെതിരെ ശക്തമായ പോരാട്ടം നയിച്ച് ജയിൽ വാസമനുഭവിയ്ക്കുകയും, ജയിലിൽ കിടക്കവേ ജനപ്രതിനിധിയാവുകയും ചെയ്ത ധീരദേശാഭിമാനി ആയിരുന്നു മാരാരിത്തോട്ടത്ത് ശ്രീമാൻ രാഘവൻപിള്ള. കോൺഗ്രസ്സ് പരമുപിള്ള എന്നറിയപ്പെട്ടിരുന്ന നീലമ്പേത്ത് ശ്രീമാൻ പരമേശ്വരൻപിള്ള, തച്ചയിൽ കൃഷ്ണൻ, എ.കെ. ആശാൻ, ചെട്ടിയത്ത് ചെല്ലപ്പൻപിള്ള, ശ്രീകണ്ഠശ്ശേരിൽ ശേഖരപ്പണിയ്ക്കർ, മാരാരിത്തോട്ടത്ത് ചെല്ലപ്പൻപിള്ള തുടങ്ങിയവർ ഈ പഞ്ചായത്തിന്റെ ചരിത്രത്തിൽ അഭിമാനഭാജനങ്ങളായി കടന്നു പോയവരാണ്.

വള്ളിക്കുന്നത്ത് നടന്ന കർഷകസമരത്തിൽ നേതൃത്വപരമായ പങ്ക് വഹിച്ച് ജന്മിമാരുടെ മർദ്ദനങ്ങൾക്ക് വിധേയരായ സമരസേനാനികളായിരുന്നു കതിരിന്റെ മുറിയിൽ ഗംഗാധരൻ, കൊറ്റിനാക്കാല കരുണാകരൻ, പരമു; കുറ്റിപ്പുറത്ത് കൃഷ്ണൻ എന്നിവർ. രാജവാഴ്ചക്കാലത്ത് വളരെയധികം അധികാരങ്ങളുണ്ടായിരുന്ന രാജകീയ ഉദ്യോഗസ്ഥനായിരുന്നു സമ്പ്രതിപിള്ള. അദ്ദേഹത്തിനു വസ്തുവകകൾ നേരിട്ട് പതിച്ചു കൊടുക്കുവാനുള്ള അധികാരമുണ്ടായിരുന്നു. അങ്ങനെ അധികാരമുള്ളയാളായിരുന്നു മാരാരിത്തോട്ടത്ത് ജനാർദ്ദനൻപിള്ള.

കായംകുളം രാജാവിന്റെ തെക്കേയറ്റത്തുള്ള കോട്ടയാണ് പുലിയ്ക്കൽ കോട്ട എന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. അദ്ദേഹത്തിന്റെ പടയാളികൾ പലരും ഈ പഞ്ചായത്തിലെ നായർ തറവാട്ടിൽ നിന്നും ഉള്ളവരായിരുന്നു. കായംകുളം രാജാവിന്റെ പതനത്തിനുശേഷം

മാർത്താണ്ഡവർമ്മ തിരുവിതാംകൂറിന്റെ ഭരണാധിപത്യം ഏറ്റെടുത്തതോടെ ഈ പടയാളികൾ അദ്ദേഹത്തിന്റെ സൈനികരായി മാറുകയും കാലക്രമേണ യുദ്ധമുറയുടെ ഓർമ്മ എന്ന നിലയിൽ പത്മനാഭസ്വാമി ക്ഷേത്രത്തിലെ ഉത്സവവുമായി ബന്ധപ്പെട്ട് ഇവരുടെ പരമ്പരകൾ "വേലകളി" എന്ന ആയോധനകലയിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. പൂരാതന യുദ്ധമുറകളുടെ ഓർമ്മ പുതുക്കുന്നതാണു ഈ വേലകളി. ഇവർക്ക് ധാരാളം വസ്തുവകകൾ കൊട്ടാരത്തിൽ നിന്നും ലഭിച്ചിരുന്നു. ആ വസ്തുവകകൾ വേലവിരുത്തി എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ജനകീയ വ്യവസ്ഥയുടെ ഭാഗമായി ഈ വസ്തുക്കൾ കൈവശക്കാർക്ക് പതിച്ചു കിട്ടുകയും ഈ ആചാരം ഇല്ലാതാവുകയും ചെയ്തിട്ടുണ്ട്. നാടുവാഴികളുമായി ഈ പ്രദേശത്തിന് അടുത്തബന്ധം ഉണ്ടായിരുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

പ്രസിദ്ധമായ ഓച്ചിറ കളിയിൽ കളി ആശാന്മാരുടെ നേതൃത്വത്തിൽ ആയോധന ഉപകരണങ്ങളുമായി പോകുന്ന നിരവധി സംഘങ്ങൾ ഇന്നും ഈ പഞ്ചായത്തിൽ ഉണ്ട്. കൃഷിയുമായി ബന്ധപ്പെട്ട് ഒട്ടേറെ സാമൂഹിക ആചാരങ്ങളും ഉത്സവങ്ങളും ഇവിടെ കൊണ്ടാടിയിരുന്നു. സാമൂഹിക പരിഷ്കർത്താവുകൂടിയായിരുന്ന സന്യാസി വര്യൻ ശ്രീ നാരായണഗുരുദേവൻ കല്ലേലിഭാഗം കുളങ്ങരയ്ക്കൽ മുളമൂട്ടിൽ കുടുംബത്തിൽ വന്നതിനാൽ ഈ പ്രദേശം വിദ്യാധന്യമായി. നമ്മുടെ പഞ്ചായത്തിന്റെ സാമൂഹ്യ സാംസ്ക്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ ഒരു നവോത്ഥാന ചൈതന്യത്തിന്റെ കതിരൊളി വീശാൻ ഗുരുദേവന്റെ ദിവ്യ സ്പർശനം കാരണമായി.

നവോത്ഥാന കാലഘട്ടത്തിലെ ശ്രദ്ധേയനായ സാമൂഹ്യ പരിഷ്കർത്താവായിരുന്ന ശ്രീ അയ്യൻകാളി തൊടിയൂർ ഗ്രാമത്തിൽ എത്തുകയും ഇവിടുത്തെ ഹരിജനങ്ങളുടെ പിന്നോക്കാവസ്ഥ ബോധ്യപ്പെട്ട്. അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ ഒരു വിദ്യാലയം തുടങ്ങണമെന്ന ആവശ്യത്തിന്റെ ഫലമായി പില്ക്കാലത്ത് "പുലപ്പള്ളിക്കൂടം" എന്ന് നാട്ടുകാർ വിളിച്ചിരുന്ന ഇന്നത്തെ തൊടിയൂർ ഗവൺമെന്റ് എൽ.പി. സ്കൂൾ സ്ഥാപിക്കുകയും ചെയ്തു. ഈ പഞ്ചായത്തിലെ സാമൂഹിക പരിഷ്ക്കർത്താവും ഉല്പതിഷ്ണവുമായിരുന്ന നെടുമ്പ്രത്ത് ശ്രീമാൻ രാമൻപിള്ളയും അന്നത്തെ സ്കൂൾ ഇൻസ്പെക്ടർ ആയിരുന്ന സി.എസ്. സുബ്രഹ്മണ്യൻ പോറ്റിയും ശ്രീ അയ്യൻകാളിയും ഒരുമിച്ചിരുന്ന് ആലോചിച്ച് തീരുമാനമെടുത്തതിന്റെ ഫലമായുണ്ടായതാണ് ഈ സ്കൂൾ. തിരുവിതാംകൂറിലെ ആദ്യത്തെ ഹരിജൻ സ്കൂളാണിത്.

തൊടിയൂർ ഗ്രാമപഞ്ചാത്ത് ആഫീസ് ഇന്ന് സ്ഥിതിചെയ്യുന്ന സ്ഥലം യശഃശരീരനായ ശ്രീമാൻ കൊട്ടയ്ക്കാട്ട് ഗോപാലൻനായർ അവർകൾ കുറഞ്ഞ വിലയ്ക്ക് നല്കിയതാണ്. തൊടിയൂർ ഗവൺമെന്റ് എൽ.പി.സ്ക്കൂൾ (മുഴങ്ങോടി) തൊടിയൂർ വില്ലേജ് ആഫീസ്, തൊടിയൂർ സർവ്വീസ് സഹകരണ ബാങ്ക് ഇവ സ്ഥാപിക്കുന്നതിന് സൗജന്യമായി സ്ഥലം കൊടുത്ത് ഈ പ്രദേശത്തിന്റെ സാംസ്ക്കാരിക മഹിമയ്ക്ക് മാറ്റ് കൂട്ടിയ യശഃശരീരനായ തട്ടാരേത്തു തെക്കേ ബംഗ്ലാവിൽ ശ്രീമാൻ എസ്. ശ്രീധരൻപിള്ളയെ ഈ ഗ്രാമം എന്നും നന്ദിപൂർവ്വം സ്മരിക്കും. വെളുത്തമണൽ പുത്തൻചന്തയുടെ സ്ഥാപകനും മുകളിൽ പറഞ്ഞ മാന്യദേഹമാണ്.


വിവിധ ജാതിമതസ്ഥരായ കർഷകജനതയുടെ ഐക്യമത്യവും സാഹോദര്യവും മൂലമാണ് ഈ പഞ്ചായത്ത് അഭിവൃദ്ധിയുടെ പടവുകൾ ചവിട്ടിക്കയറിയത്. തൊടിയൂർ എന്ന കൊച്ചു ഗ്രാമത്തിന് പുരാതന ചരിത്രത്തിന്റെയും ഐതീഹ്യങ്ങളുടേയും ഒരു കുമ്പാരം തന്നെ ഉണ്ടെന്ന് അനുമാനിക്കാം. അതിന്റെ ചെപ്പുകൾ മുഴുവനും തുറന്നുകാട്ടുന്നത് ഇവിടെ അനുചിതമായിരിക്കും എന്നു മാത്രമല്ല വസ്തുതകൾ മുഴുവനായി ശേഖരിക്കുക എന്നത് അപ്രാപ്യവുമാകയാൽ ഇങ്ങനെ സമാപിപ്പിക്കട്ടെ.

വിസ്തീർണ്ണം

കല്ലേലിഭാഗം വില്ലേജ്				
നിലം	-	132 ഹെക്ടർ	54 ആർ	49 ച.മി.
പുരയിടം	-	656 ഹെക്ടർ	60 ആർ	70 ച.മി.
തരിശ്	-	0 ഹെക്ടർ	8 ആർ	0 ച.മി.
പുറംപോക്ക്	-	105 ഹെക്ടർ	81 ആർ	31 ച.മി.
ആകെ		895 ഹെക്ടർ	4 ആർ	49 ച.മി.
തൊടിയൂർ വില്ലേജ്				
ആകെ	-	1158 ഹെക്ടർ	17 ആർ	60 ച.മി.
തൊടിയൂർ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം	-	2053 ഹെക്ടർ	21 ആർ	109 ച.മി.

ജനസംഖ്യ (1991 സെൻസസ്)

കല്ലേലിഭാഗം വില്ലേജ്		
പുരുഷന്മാർ	-	9429
സ്ത്രീകൾ	-	9349
ആകെ	-	18778
സാക്ഷരതയുള്ളവർ		
പുരുഷന്മാർ	-	7809
സ്ത്രീകൾ	-	7250
ആകെ	-	15059
തൊടിയൂർ വില്ലേജ്		
പുരുഷന്മാർ	-	10702
സ്ത്രീകൾ	-	10892
ആകെ	-	21600
സാക്ഷരതയുള്ളവർ		
പുരുഷന്മാർ	-	8669
സ്ത്രീകൾ	-	7910
ആകെ	-	16579
തൊടിയൂർ പഞ്ചായത്തിലെ ആകെ ജനസംഖ്യ	-	40378



തൊടിയൂർ ഗ്രാമപഞ്ചായത്ത് ഭരണ ചരിത്രം

നമ്മുടെ പഞ്ചായത്ത് രൂപം കൊണ്ടത് 1953 – ആഗസ്റ്റ് 15–ാം തീയതിയാണ്. 1880 കളിൽ നടന്ന സെറ്റിൽമെന്റ് സർവ്വേയ്ക്ക് ശേഷമാണ് തൊടിയൂർ പ്രവർത്തിരൂപം കൊണ്ടത്. അതിന് മുമ്പ് തഴവാ പ്രവർത്തിയിൽ ഉൾപ്പെട്ട പ്രദേശമായിരുന്നു തൊടിയൂർ.

1953–ൽ നിലവിൽ വന്ന തൊടിയൂർ പഞ്ചായത്തിലെ ആദ്യത്തെ പ്രസിഡന്റ് യശഃശരീരനായ ശ്രീ. കാട്ടൂർ പി.കെ. ഗോപാലൻ നായർ ആയിരുന്നു. മുൻ നോട്ടീസ് അനുസരിച്ച് കൊല്ലം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഭൂരിപക്ഷ തീരുമാന പ്രകാരം പ്രസിഡന്റിനെ തെരഞ്ഞെടുത്തു. ഏഴു വാർഡുകളും ഒരു സംവരണ സീറ്റും ഉൾപ്പെടെ എട്ട് മെമ്പറന്മാരായിരുന്നു ഉണ്ടായിരുന്നത്.

1953 ആഗസ്റ്റ് 15ന് പ്രസിഡന്റ് ഭദ്രദീപം കൊളുത്തി പഞ്ചായത്തിന്റെ പ്രവർത്തനം ഔപചാരികമായി ആരംഭിച്ചു. പഞ്ചായത്തിന്റെ പ്രഥമ ആഫീസ് പ്രവർത്തിച്ചിരുന്നത് മുഴങ്ങോടി, കാരൂവിളയിലെ പുരയിടത്തിലെ കെട്ടിടത്തിലായിരുന്നു. തുടർന്ന് ഇന്നത്തെ പഞ്ചായത്ത് ആഫീസ് സ്ഥിതി ചെയ്യുന്നതിന് തൊട്ടു വടക്കുവശമുള്ള കരിഞ്ഞട്ടയ്ത്ത് ഉണ്ടായിരുന്ന കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിപ്പിച്ചു. പിന്നീട് പുളിയ്ക്കൽ പുരയിടത്തിൽ ഉണ്ടായിരുന്ന തട്ടാരേത്ത് തെക്കതിൽ ബംഗ്ലാവ് വക കെട്ടിടത്തിൽ ആഫീസ് പ്രവർത്തനം നടന്നു. പിൽക്കാലത്ത് ഇന്നത്തെ പഞ്ചായത്താഫീസ് നിൽക്കുന്ന സ്ഥലം യശഃശരീരനായ കൊട്ടയ്ക്കാട്ട് ശ്രീ. ഗോപാലൻ നായരുടെ പക്കൽ നിന്നും ഭൂമി വിലയ്ക്ക് വാങ്ങി കെട്ടിടം പണിഞ്ഞ് ആഫീസ് അതിൽ പ്രവർത്തനം ആരംഭിച്ചു.

പഞ്ചായത്തിലെ പ്രഥമ ഭരണസമിതി അംഗങ്ങൾ

1. പി.കെ. ഗോപാലൻ നായർ കാട്ടൂർ, മുഴങ്ങോടി (പ്രസിഡന്റ്)
2. ചെല്ലപ്പൻപിള്ള, മാരാരിത്തോട്ടത്ത് ബംഗ്ലാവ്, കല്ലേലിഭാഗം, (വൈസ് പ്രസിഡന്റ്)
3. ജനാർദ്ദനൻപിള്ള, തോപ്പിൽ, കല്ലേലിഭാഗം, (മെമ്പർ)
4. വി. കൃഷ്ണപിള്ള, ചെട്ടിയത്ത് കിഴക്കതിൽ വീട്, പുലി.തെക്ക്. (മെമ്പർ)
5. എൻ. കുഞ്ഞിരാമൻ, ഭസ്മത്ത്. പുലി. വടക്ക് (മെമ്പർ)
6. ഭാസ്ക്കരൻ പിള്ള, കൊച്ചുവീട്ടിൽ, വേങ്ങറ, (മെമ്പർ)
7. മുഹമ്മദ് കുഞ്ഞ്, കൊല്ലശ്ശേരിൽ, തൊടിയൂർ, (മെമ്പർ)
8. ടി. അണിഞ്ചൻ, പാതാണിയിൽ തൊടിയൂർ, (മെമ്പർ റിസർവേഷൻ)

1958 - ലെ ഇടക്കാല തെരഞ്ഞെടുപ്പിൽക്കൂടി മെമ്പറന്മാരായവർ

1. കെ. നാരായണ പിള്ള, ശാസ്താവിന്റെ കിഴക്കതിൽ, മുഴങ്ങോടി
2. കെ. സദാനന്ദൻ കരയന്നാത്തിൽ, കല്ലേലിഭാഗം.
3. പി. ഉണ്ണികൃഷ്ണപിള്ള, നെടുമ്പ്രത്ത്.

1964 മുതൽ 1979 വരെ

1.	പി. ഉണ്ണികൃഷ്ണപിള്ള	നെടുമ്പ്രത്ത്	തൊടിയൂർ
2.	എസ്. സദാശിവൻ പിള്ള	മാരാരിത്തോട്ടത്ത്	കല്ലേലിഭാഗം
3.	പി.എ. മുഹമ്മദ് കുഞ്ഞ്	പല്ലിയിൽ	പുലിയൂർവഞ്ചി
4.	കെ. അണിഞ്ചൻ	പാതാണിയിൽ	തൊടിയൂർ
5.	ടി. ശാമുവൽ പീറ്റർ	വിളയിൽ കിഴക്കതിൽ	കല്ലേലിഭാഗം.
6.	എൽ. ഭാർഗ്ഗവി	മുക്കോടിയിൽ	പുലിയൂർവഞ്ചി (നോമിനേറ്റഡ്)
7.	എൻ. ഭാസ്ക്കരൻ പിള്ള	മുടിയിൽ	മുഴങ്ങോടി
8.	പി. ഭാസ്ക്കരൻ പിള്ള	കൊറ്റിനാട്ട്	വേങ്ങറ
9.	ജി. കുഞ്ഞിരാമൻ	ഭസ്മത്ത്	പുലിയൂർവഞ്ചി
10.	എ. കൊച്ചുകൃഷ്ണനാശാൻ	ശ്രീവിലാസത്ത്	കല്ലേലിഭാഗം
11.	എസ്. ഗോപിനാഥൻ പിള്ള	തട്ടാരേഴത്ത് തെക്കെബംഗ്ലാവ്	മുഴങ്ങോടി
12.	പി. ദിവാകരൻ	ഭക്തിവിലാസം ബംഗ്ലാവ്	മുഴങ്ങോടി
13.	നളിനി	താച്ചയിൽ	കല്ലേലിഭാഗം (നോമിനേറ്റഡ് മെമ്പർ)

1979 മുതൽ 1984 വരെ

1.	കെ. ഓമന	കാട്ടിൽ തെക്കതിൽ	കല്ലേലിഭാഗം
2.	സി. സദാനന്ദൻ	ചരുവിളയിൽ	കല്ലേലിഭാഗം
3.	പി. ലൂക്കോസ്	പാലവിളയിൽ	കല്ലേലിഭാഗം
4.	എൽ. രാമകൃഷ്ണപിള്ള	പാർവ്വതിവിലാസം	മുഴങ്ങോടി

5.	കെ. വിജയൻ	പട്ടകടവിൽ	കല്ലേലിഭാഗം
6.	ടി.എൻ. ശിവരാമപിള്ള	തച്ചിരേത്ത്	പുലിയൂർവഞ്ചി
7.	പി.എ. മുഹമ്മദ്കുഞ്ഞ്	പല്ലിയിൽ	പുലിയൂർവഞ്ചി
8.	എം. ഷാഹുദീൻ	പുത്തൻ വീട്ടിൽ	പുലിയൂർവഞ്ചി
9.	സി. നാണു	ചോതിവിളയിൽ	തൊടിയൂർ
10.	എം. പി. ശിവരാമക്കുറുപ്പ്	മഠത്തിൽ	പുലി. കിഴക്ക്
11.	എൻ. ശ്രീനിവാസൻ പിള്ള	വഴുതാനത്ത്	വേങ്ങറ
12.	എം. തങ്കപ്പൻ	തെങ്ങുംതറയിൽ	തൊടിയൂർ

1987 മുതൽ 1995 വരെ

1	ഡി. വിജയൻ	ശാന്താലയം	കല്ലേലിഭാഗം
2.	എ. ഹൈദ്രോസ്കുഞ്ഞ്	വേങ്ങയിൽ പുത്തൻവീട്	കല്ലേലിഭാഗം
3.	എൻ. ശിവശങ്കരപ്പിള്ള	കിഴക്കേവീട്ടിൽ	കല്ലേലിഭാഗം
4.	എസ്. രമണിക്കുട്ടിയമ്മ	വാഴാലിൽ കിഴക്കതിൽ	കല്ലേലിഭാഗം
5.	വി. രാജൻ പിള്ള	വാഴപ്പള്ളിവടക്കതിൽ	മുഴങ്ങോടി
6.	എ. റഷീദ്കുഞ്ഞ്	മണ്ണേൽ	പുലിയൂർവഞ്ചി
7.	ഷറഫുദീൻ ലബ്ബ	പൊന്നാലയം	പുലി.വടക്ക്
8.	സുബൈദാബീവി	കാഞ്ഞിയ്ക്കൽ കിഴക്കതിൽ	പുലി.കിഴക്ക്
9.	കെ.സി. പ്രഭാകരൻ	കാരുവിളയിൽ	മുഴങ്ങോടി
10.	രാമചന്ദ്രൻ	ചക്കാലയിൽ	തൊടിയൂർ
11.	അഹമ്മദ്കുഞ്ഞ്	പുത്തേഴത്ത്തെക്കതിൽ	തൊടിയൂർ
12.	ജി. രാജൻ	കതിരന്റെ മുറി	വേങ്ങറ
13.	എൻ. ഗോപാലൻ	ചെട്ടിശ്ശേരിൽ	പുലിയൂർവഞ്ചി

നിലവിലുള്ള ഭരണസമിതി

1.	തൊടിയൂർ വസന്തകുമാരി	(പ്രസിഡന്റ്)
2.	എൽ. സീമ.	മഠത്തിൽകിഴക്കതിൽ (വൈസ് പ്രസിഡന്റ്)
3.	എ. റഷീദ്കുഞ്ഞ്	മണ്ണേൽ (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)
4.	സി. ജനാർദ്ദനൻപിള്ള	മാരാരിത്തോട്ടം ബംഗ്ലാവ്
5.	എ. ഹൈദ്രോസ്കുഞ്ഞ്	വേങ്ങയിൽ പുത്തൻവീട്
6.	പി.കെ. ജയപ്രകാശ്	പള്ളത്തേരിൽ
7.	ആർ. ലതികാകുമാരി	പണ്ടാരത്തിന്റെ കിഴക്കതിൽ
8.	എ.എ. അസീസ്	മുസ്ലിയാർ ഹൗസ്
9.	ഫാത്തിമാ കുഞ്ഞ്	കൊട്ടയ്ക്കാട്ട് കെടാപ്പള്ളിൽ
10.	ടി. സൈനുദ്ദീൻകുഞ്ഞ്	പള്ളിയുടെ പടീറ്റതിൽ
11.	സി. നാണു	കലാഭവനം
12.	ബി. സത്യദേവൻപിള്ള	മീനത്തേതിൽ
13.	കെ.ഒ. സരോജിനി	കന്നേൽവീട്
14.	ടി.കെ. അബ്ദുൽ നിസ്സാർ	കൂട്ടുങ്ങൽ കിഴക്കതിൽ (കൊല്ലശ്ശേരിൽ)



ഭൂപ്രകൃതിയും വിഭവങ്ങളും

കൊല്ലം ജില്ലയുടെ വടക്കുപടിഞ്ഞാറ് ഭാഗത്തായി കാണപ്പെടുന്ന ഒരു ഗ്രാമപഞ്ചായത്താണ് തൊടിയൂർ. ഇത് കരുനാഗപ്പള്ളി ബ്ലോക്കിൽ ഉൾപ്പെട്ടിരിക്കുന്നു. ഇതിന്റെ ആകെ വിസ്തീർണ്ണം 20.61 ച.കി. ആണ്. സർവ്വേ ഓഫ് ഇന്ത്യയുടെ ടോപോഷീറ്റിൽ 58C/12 എന്ന ഭാഗത്താണ് ഇത് ഉൾപ്പെട്ടിരിക്കുന്നത്. ഇതിന്റെ വടക്കു ഭാഗത്ത് തഴവാ പഞ്ചായത്തും കിഴക്ക് ശൂരനാട്, മൈനാഗപ്പള്ളി പഞ്ചായത്തുകളും തെക്ക് ഭാഗത്ത് പന്മന പഞ്ചായത്തും പടിഞ്ഞാറ് കരുനാഗപ്പള്ളി പഞ്ചായത്തും സ്ഥിതിചെയ്യുന്നു. ഈ പഞ്ചായത്തിൽ ആകെ 14 വാർഡുകൾ ഉള്ളതിൽ 5 വനിതാ വാർഡുകളാണ്. ഒരു തീരദേശ പഞ്ചായത്തായ ഇത് ഉത്തര അക്ഷാംശം 9^0 2'N നും $9^0$5'N നും പൂർവ്വരേഖാംശം 76^0 33'E നും 76^0 37'E നു ഇടയിൽ വ്യാപിച്ചു കിടക്കുന്നു.

ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് കേരളത്തെ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്ന് മേഖലകളിലായി തരം തിരിച്ചിരിക്കുന്നു. തൊടിയൂർ ഗ്രാമപഞ്ചായത്ത് തീരദേശമേഖലയിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇത് സമുദ്രനിരപ്പിൽ നിന്ന് 15 - 20 മീ: വരെ ഉയരത്തിലാണ്. (MSL). തൊടിയൂർ പഞ്ചായത്തിനെ മുഖ്യമായും രണ്ടു മേഖലകളായി തരംതിരിക്കാം.

1. തീര സമതലം (Coastal plane) (< 7m)

2. പരന്ന ഭൂപ്രദേശം (Flat ridges) (7 - 20m)

വിസ്തൃതിയിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്നത് തീര സമതലമാണ്. ഈ പ്രദേശത്ത് സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 20 [illegible] ഉയരമുണ്ട്. ഇവിടെ മിശ്രിത കൃഷിയാണ് [illegible]പ്പെടുന്നത് എങ്കിലും ഇവിടങ്ങളിൽ തെങ്ങും വയലുകളിൽ നെല്ലുമാണ് പ്രാധാന്യമർഹിക്കുന്നത്. ഈ പ്രദേശങ്ങളിൽ സ്ഥിരമായിട്ടോ താൽക്കാലികമായിട്ടോ നീർകെട്ടി കിടക്കുന്ന പ്രദേശങ്ങളുണ്ട്. ഉദാഹരണമായി മാലുമേൽ പുഞ്ച (100H) പണയിൽ പാടം (20 H) പുതുശ്ശേരിവയൽ (1.5H) ഉളിയാട്ട് പാടശേഖരം (100 H) എന്നിവ മഴക്കാലത്ത് സ്ഥിരമായി വെള്ളക്കെട്ട് ഉള്ളവയാണ്.

ഇത് ഗതാഗത ബുദ്ധിമുട്ട് ഉണ്ടാക്കുന്നതോടോപ്പം കൊതുക് ശല്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

കേരളത്തെ പൊതുവായി പതിമൂന്ന് കാർഷിക മേഖലകളായി തരംതിരിച്ചിട്ടുള്ളതിൽ തൊടിയൂർ പഞ്ചായത്ത് "ഓണാട്ടുകര" മേഖലയിലാണ് സ്ഥിതിചെയ്യുന്നത്. തീരദേശത്ത് എക്കൽ മണ്ണ് അടിഞ്ഞുണ്ടായ അവസാദങ്ങളാണ് പ്രാചീനകാലം മുതലെ ഓണാട്ടുകര എന്നറിയപ്പെട്ടിരുന്നത്. ഈ പ്രദേശം താരതമ്യേന മഞ്ഞ നിറം കലർന്ന എക്കൽമണ്ണായി കാണപ്പെടുന്നു. ഇത് തെങ്ങ്കൃഷിയ്ക്ക് ഉപയുക്തമാണ്.


നിമ്നോന്നതാവസ്ഥ:

പഞ്ചായത്തിന്റെ കിഴക്കോട്ട് പോകും തോറും താരതമ്യേന ഉയരക്കൂടുതൽ അനുഭവപ്പെടുന്നു. ഇവിടുത്തെ പ്രദേശങ്ങൾക്ക് 0 മുതൽ 5 ഡിഗ്രി ചരുവ് (S1) കാണപ്പെടുന്നു. ഉദാഹരണമായി മോളുംപുറത്ത് പ്രദേശങ്ങൾ പഞ്ചായത്തിലെ കിഴക്കൻ റിഡ്ജുകളായി കാണപ്പെടുന്നു. ഇവിടെയാണ് ഒരു ശുദ്ധജല സംഭരണി സ്ഥിതി ചെയ്യുന്നത്. ചിത്രം 5 ലെ നീർമറിരേഖകൾ, താഴ്വര പ്രദേശങ്ങൾ (V) എന്നിവ ഈ പ്രദേശത്തിന്റെ നിമ്നോന്നതാവസ്ഥ കാണിക്കുന്നു. താഴ്വരകൾ അധികവും നെൽപ്പാടങ്ങളും ചരിവുകൾ മിശ്രിതകൃഷി ചെയ്യുന്ന സ്ഥലങ്ങളുമാണ്.


കാലാവസ്ഥ.

ഒരു സ്ഥലത്തെ ദിനാന്തരീക്ഷ സ്ഥിതിയുടെ ശരാശരി ആണ് കാലാവസ്ഥയായി മാറ്റപ്പെടുന്നത്. കാറ്റ്, താപനില, മഴയുടെ അളവ്,


1990 അന്തരീക്ഷ താപനില 0^0C (S. H)




1991 അന്തരീക്ഷ താപനില 0^0C (S. H)



1992 അന്തരീക്ഷ താപനില 0^0C (S. H)




1993 അന്തരീക്ഷ താപനില 0^0C (S. H)



1994 അന്തരീക്ഷ താപനില 0^0C (S. H)



1995 അന്തരീക്ഷ താപനില 0^0C (S. H)



പട്ടിക 4–1

അന്തരീക്ഷ താപനില (1990–95) ($0^{0}C$ൽ)

അവലംബം C.P.C.R.I. കൃഷ്ണപുരം

കൂടിയ താപനില

വർഷം	ജ	ഫെ	മാ	ഏ	മെ	ജൂ	ജൂ	ആ	സെ	ഒ	ന	ഡി
1990	32.8	34.3	34.7	39.3	31.4	31.3	30.1	30.8	31.4	41.4	32.4	33.3
1991	33.4	34.3	34.9	32.5	34.4	29.6	30.5	30.1	32.3	31.2	32.4	33.0
1992	33.2	32.9	34.1	32.5	32.1	30.6	29.4	30.0	30.5	30.9	31.3	32.9
1993	32.6	32.9	34.1	34.0	32.5	30.4	29.6	30.1	30.9	30.9	31.0	31.0
1994	33.0	31.9	33.7	33.4	32.0	30.6	29.9	30.4	31.3	30.9	32.4	33.7
1995	33.6	33.9	34.1	33.9	32.7	31.1	30.3	30.2	31.1	31.6	31.5	33.6

കുറഞ്ഞ താപനില

വർഷം	ജ	ഫെ	മാ	ഏ	മെ	ജൂ	ജൂ	ആ	സെ	ഒ	ന	ഡി
1990	13.4	15.3	17.6	18.9	17.7	17.2	16.1	16.3	16.4	16.2	15.6	13.8
1991	16.5	20.7	24.0	24.1	24.4	23.0	21.8	22.2	22.3	21.8	20.4	18.6
1992	16.6	19.8	20.1	21.6	21.4	20.9	19.3	23.2	19.6	19.4	18.9	10.0
1993	14.1	16.5	18.4	19.7	19.3	18.6	16.1	18.0	22.8	22.9	22.9	20.2
1994	20.4	22.6	23.1	24.0	23.8	23.4	22.7	23.4	23.5	23.1	22.9	20.2
1995	21.4	224	23.4	23.8	25.0	25.2	23.5	235	23.5	23.7	22.5	19.3

അന്തരീക്ഷത്തിലെ ആപേക്ഷിക ആർദ്രത എന്നീഘടകങ്ങൾ ഒരു സ്ഥലത്തെ ദിനാന്തര സ്ഥിതിയെ സ്വാധീനിക്കുന്നു. ഒരു പ്രദേശത്ത് ഒരു പ്രത്യേക കാലയളവിൽ അനുഭവപ്പെടുന്ന ശരാശരി ദീനാന്തരസ്ഥിതിയാണ് അവിടുത്തെ കാലാവസ്ഥ.. കാലാവസ്ഥയിൽ ഉണ്ടാകുന്ന ഏറ്റ ക്കുറച്ചിലുകൾ ആ പ്രദേശത്തെ സസ്യജാലക ങ്ങൾ, കൃഷിരീതി, കന്നുകാലികൾ, മനുഷ്യൻ എന്നിവരുടെ സ്വഭാവ സവിശേഷതകളിൽ ഏറെ സ്വാധീനം ചെലുത്തുന്നുണ്ട്. മനുഷ്യന്റെ പാർപ്പിടം, വസ്ത്രധാരണം എന്നിവയൊക്കെ തന്നെ കാലാവസ്ഥയുമായി ബന്ധപ്പെട്ട് കിടക്കു ന്നവയാണ്.

പട്ടിക 4-1 തൊടിയൂർ പഞ്ചായത്തിൽ ഉൾപ്പെടുന്ന ശരാശരി താപനില (കൂടിയതും കുറ ഞ്ഞതും) വ്യക്തമാക്കിയിട്ടുണ്ട്. 1990 മുതൽ 1995 കാലയളവിൽ കൂടിയ താപനില അനുഭവപ്പെട്ടി രുന്നത് മാർച്ച്, ഏപ്രിൽ മാസങ്ങളിലാണ്. വരൾച്ചയും ജലദൗർലഭ്യതയും ഈ മാസങ്ങ ളുടെ പ്രത്യേകതയാണ്. ഡിസംബർ, ജനുവരി മാസങ്ങൾ താരതമ്യേന ചൂട് കുറഞ്ഞവയാണ്. ഇവയെ തണുപ്പുള്ള മാസങ്ങൾ എന്നറിയപ്പെ ടുന്നു. കാലാവസ്ഥയിൽ ഉണ്ടാകുന്ന താപവ്യതി യാനത്തെ അടിസ്ഥാനമാക്കി തൊടിയൂർ ഗ്രാമ പഞ്ചായത്തിനെ താഴെ കാണിക്കും വിധം തരം തിരിക്കാവുന്നതാണ്.

വേനൽക്കാലം - മാർച്ച്, ഏപ്രിൽ മാസം

മഞ്ഞുകാലം - ഡിസംബർ, ജനുവരി, ഫെബ്രുവരി

മഴക്കാലം - ജൂൺ മുതൽ സെപ്റ്റംബർ വരെ.

മണ്ണ്

കരുനാഗപ്പള്ളി പ്രദേശത്തിൽ ഉൾപ്പെടുന്ന തൊടിയൂർ ഗ്രാമപഞ്ചായത്ത് 'ഓണാട്ടുകര' വിഭാ ഗത്തിൽപ്പെട്ട മണ്ണിനമായാണ് അറിയപ്പെടുന്നത്. മണ്ണിനം അനുസരിച്ച് KOI യൂണിറ്റിൽപ്പെടുന്ന (അവലംബം ലാന്റ് റിസോഴ്സ് ഓഫ് കേരളാ പേജ് 128 B) ഈ മണ്ണിന്റെ PH മൂല്യം 5.0 മുതൽ 6.0 വരെയാണ്. ഈ മണ്ണിനകത്ത് വളരെ അമ്ലം കൂടിയവയും ഘടനയിൽ മണലിന്റെ അംശം കൂടി യവയുമാണ്. ഇത് ഉൾപ്പെടുന്ന പ്രദേശത്തിന് വളരെ ലഘുവായ ചരിവ് മാത്രമെ കാണുന്നു ള്ളൂ. ജല ലഭ്യതയുടെ കാര്യത്തിൽ ഈ മണ്ണിന ങ്ങൾ ശരാശരി

മണ്ണിനം	യൂണിറ്റ്	PH മൂല്യം	ജലലഭ്യത	ഘടന
ഓണാട്ടു കര	KOI	5.0 - 6.0	ശരാശരി	മണൽ കൂടിയ

ജലലഭ്യത

മൺസൂൺ വർഷപാതമാണ് ഈ പ്രദേ ശത്തെ ജലലഭ്യതയുടെ മൂലകാരണം. ഇതിനെ രണ്ടായി തരംതിരിക്കുന്നു. ആദ്യത്തേത് ഇടവ പ്പാതി അഥാവാ തെക്ക് പടിഞ്ഞാറൻ മൺസൂൺ. ഇത് ജൂൺ മാസത്തിലാരംഭിച്ച് ആഗസ്റ്റ് മാസം വരെ നീണ്ട് നിൽക്കുന്നു. രണ്ടാമത്തേത് തുലാ വർഷം അഥവാ വടക്കു വടക്കുകിഴക്കൻ മൺസൂൺ. ഇത് സെപ്റ്റംബർ മുതൽ നവംബർ വരെ വ്യാപിക്കുന്നു. (പട്ടിക 4-3 ൽ) കൊല്ലം ജില്ലയുടെ വർഷപാത നിരക്ക് വ്യക്തമാക്കിയി ട്ടുണ്ട്. പട്ടിക വ്യക്തമാക്കുന്നത് മഴയുടെ വൻതോ തിലുള്ള ഏറ്റക്കുറച്ചിലാണ്. 1980-ൽ ഇടവപ്പാതി യിൽ 2180 മി.മി. മഴ രേഖപ്പെടുത്തി 10 വർഷം കഴിഞ്ഞ് 1990-ൽ 814 മി.മി. ആയി കുറഞ്ഞിരി ക്കുന്നു. വൻ തോതിലുള്ള വനനശീകരണം അന്തരീക്ഷമലിനീകരണം എന്നിവയൊക്കെ ഈ കുറവിന് കാരണമാകുന്നു.

മഴയുടെ അളവ് ശരാശരി ഉയർന്ന് കാണ പ്പെടുന്നത് ജൂൺ മുതൽ ആഗസ്റ്റ് വരെയാണ്. വർഷം തോറും വാർഷിക അനുപാതത്തിന് കുറവ് അനുഭവപ്പെടുന്നു. പട്ടിക 4-4 ൽ 1995 മുതൽ 1996 കാലയളവിൽ ലഭിച്ച മഴയുടെ അളവ് കുറയുന്നതായി വ്യക്തമാക്കുന്നു. ഇത്തരം കുറവ് കൃഷി നാശത്തിനും പ്രത്യേകിച്ച് നെൽകൃ ഷിയുടെ ഉൽപാദനത്തിൽ വളരെ സ്വാധീനം ചെലുത്തുന്നുണ്ട്. മിക്ക വയലുകളും ഒരുപ്പൂകൃ ഷിമാത്രം ചെയ്യാവുന്ന പാടങ്ങളായി മാറി ക്കഴിഞ്ഞു.

പട്ടിക 4-3

തെക്ക് - കിഴക്ക് മൺസൂൺ കാറ്റിലൂടെ ലഭിക്കുന്ന മഴയുടെ അളവ്

കൊല്ലം ജില്ല

വർഷം	76	77	78	79	80	81	82	83	84	85	86	87	88	89	90	91	92	93
മി.മീ	768	900	1152	1796	2180	2502	637	821	1050	797			1019	1307	814	1879	1435	1363

വടക്ക് - പടിഞ്ഞാറൻ മൺസൂൺ കാറ്റിലൂടെ ലഭിക്കുന്ന മഴയുടെ അളവ്

കൊല്ലം ജില്ല


വർഷം	76	77	78	79	80	81	82	83	84	85	86	87	88	89	90	91	92	93
മി.മീ	796	1014	1020	2053	783	841	377	345	396	275								

പട്ടിക 4-4

മഴയുടെ അളവ് (മി.മീ.)

അവലംബം C.P.C.R.I കൃഷ്ണപുരം

വർഷം	ജ	ഫെ	മാ	ഏ	മെ	ജൂ	ജൂ	ആ	സെ	ഒ	ന	ഡി
1990-91	32.8	35	83	4.4	356	356	585	89.4	742	350.5	42.7	12.9
1992-92		20	88.9	7.2	289	1214	527	297	12.9	248	11.5	1.0
1993-93		140.1	313.2	2.6	651.6	580	680.8	280	34.5	289		
1994-94		13.5	63	2.0	251.6	599	747.6	137	96.4	502	347	61
1995-95	6.5	4.6	111.4	64.9	392.3	365	737.4	262	123.4	123	768	110
1995-96	24.2	96.1	301.5	4.4	191.7	455	372	317	221.1	22	170	142.3


മഴയുടെ അളവ് (മി.മീ)
സൂചിക
1990-91
1991-92
1992-93
1993-94
1994-95
1995-96
Y
800
750
700
650
600
550
500
450
400
350
300
250
200
150
100
50
മഴയുടെ അളവ് (മി.മീ.)
X
മാസങ്ങൾ (അവലംബം: CPCRI.)

ജലലഭ്യതയെ അനുസരിച്ച് പഞ്ചായത്തിലെ ജലവിഭവങ്ങളെ എഴായി തരം തിരിക്കാം.

പട്ടിക 4–5

ക്രമ നമ്പർ	ജല സ്രോതസ്സ്	എണ്ണം
1	കുളങ്ങൾ	13 എണ്ണം
2	തോടുകൾ	13 എണ്ണം
3	കിണറുകൾ	4534 എണ്ണം
4	ജലാശയങ്ങൾ	—
5	ചാലുകൾ	—
6	ചതിപ്പു പ്രദേശങ്ങൾ	ഒന്ന് (കാരൂർ ഉളിയനാട്)
7	ശുദ്ധജല സംഭരണി	2 എണ്ണം

അവലംബം വിഭവഭൂപടം

കുളങ്ങൾ

വളരെ സംപുഷ്ടമായ ജലസമ്പത്താണ് തൊടിയൂർ ഗ്രാമപഞ്ചയത്തിനുള്ളത്. ഏകദേശം 13 ഓളം പ്രധാന കുളങ്ങൾ ഇവിടെ കാണപ്പെടുന്നു. (പട്ടിക 4–6) ഇവയിൽ ഏറ്റവും വലുത് ഇടവഴി തലയ്ക്കൽ കുളം (50 സെന്റ്) ചെറുത് പട്ടകടവ്, കരിങ്ങാട്ട് കുളം (10 സെന്റ്) എന്നിവയാകുന്നു. കാർഷികാവിശ്യത്തിനാണ് കുളങ്ങൾ പ്രധാനമായും ഉപയോഗിക്കുന്നത്. വേനൽക്കാലത്ത് ആളുകൾ കുളിക്കുന്നതിനുവേണ്ടി കുളങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

പട്ടിക 4–6 കുളങ്ങളുടെ വിവരം

ക്രമ നമ്പർ	പ്രാദേശിക നാമം	വിസ്തീർണ്ണം (സെന്റ്)	ഉൾപ്പെട്ട വാർഡ്
1	പുതുശ്ശേരി കുളം	25	10
2	പുത്തൻ കുളം	12	6
3	പൂവണ്ണാൻ കുളം	17	8
4	പോണാൽ കിഴക്കേ കുളം	15	11
5	ഇടവഴി തലയ്ക്കൽ കുളം	50	11
6	പനാട്ട് കുളം	15	1
7	പട്ടകടവ് കുളം	10	2
8	വടിക്കേത്തും കുളം	10	12
9	അരമത്തുമഠം കുളം	30	13
10	വേങ്ങറ ഊറ്റുകുഴി	20	12
11	പാലമുറ്റത്ത് കുളം	15	8
12	കരിങ്ങാട്ടുകുളം	10	2
13	കാട്ടിൽ കുളം	15	3

തോടുകൾ

പഞ്ചായത്തിലെ ആകെ തോടുകളുടെ നീളം 24 കി.മീ. ഏകദേശം 13 പ്രധാന തോടുകൾ ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു. (പട്ടിക 4-7) അവയിൽ ഏറ്റവും വലിയ തോട് മാലുമേൽ ആണ് (5കി.മീ.). എന്നാൽ ഏറ്റവും വീതിയുള്ളത് പാറ്റോലി തോടാണ് (8മീ.).

പട്ടിക 4-7 തോടുകളുടെ വിവരം

ക്രമ നമ്പർ	പ്രാദേശിക നാമം	ദൈർഘ്യം (കി.മീ.)	ഉൾപ്പെടുന്ന വാർഡുകൾ
1	തൊടിയൂർ വട്ടത്തിൽ കിഴക്കുള്ള തോട്	1.5	14
2	മാണിശ്ശേരി തോട്	1.5	1, 11, 5
3	നാട്ടുവാതുക്കൽ മാലുമേൽ തോട്	5	10, 12, 13, 14
4	പൈറ്റുകാല തോട്	1	13
5	ചെളിക്കാട്ട് തോട്	1.5	2
6	കരയന്നാത്തിൽ കടവ് തോട്	1.5	2
7	പാറ്റോലി തോട്	3	4, 7
8	മുട്ടുമുഴിക്കൽ തോട്	1.5	5, 11
9	കാരിക്കൽ തോട്	5	4, 6, 8
10	പാലപ്പള്ളിൽ തോട്	0.5	8
11	കളീക്കൽ തോട്	0.5	8
12	പാലോലിക്കുളങ്ങര തോട്	0.5	8
13	കൈതോലി തോട്	1	9

അവലംബം – വിഭവഭൂപടം

കിണറുകൾ

ഈ പഞ്ചായത്തിലെ കിണറുകളുടെ പൊതുസ്വഭാവങ്ങൾ ഇപ്രകാരമാണ്. അവയുടെ അടിവശത്തെ മണ്ണ് മണലാണ്. കൂടുതൽ വീട്ടാവശ്യത്തിനായി ഉപയോഗിക്കുന്നവയും നല്ല വെള്ളം പ്രദാനം ചെയ്യുന്നവയുമാണ്. ഇവയുടെ ശരാശരി ജലനിരപ്പ് 2 മുതൽ 3 മീറ്റർ വരെ ആണ്. അപൂർവ്വം ചില കിണറുകളിൽ ഓരുവെള്ളം അനുഭവപ്പെടുന്നു. (ചിത്രം 4-5)

ഈ പഞ്ചായത്തിലെ പ്രധാന ജലാശയം പള്ളിക്കൽ ആറാണ്. ഇത് ഈ പഞ്ചായത്തിന്റെ കിഴക്ക്, തെക്ക് പടിഞ്ഞാറ് ഭാഗങ്ങളിലായി 11 കി.മി. ഓളം വ്യാപിച്ചു കിടക്കുന്നു. പള്ളിക്കലാറിന്റെ കിഴക്കുഭാഗങ്ങളായ മൈനാഗപ്പള്ളി ശാസ്താംകോട്ട എന്നീ സ്ഥലങ്ങളുമായി ഈ പഞ്ചായത്തിനെ ബന്ധിപ്പിക്കുന്നതിന് കല്ലുകടവ്, കാരൂർക്കടവ് എന്നീ പാലങ്ങളാണ്. ഈ പാലങ്ങൾ ഉണ്ടായതിനുശേഷം ഈ ഭാഗങ്ങളിലെ ഗതാഗതം പുരോഗമിച്ചിരിക്കുകയാണ്. പള്ളിക്കലാറിന്റെ തെക്ക് ഭാഗത്തായി ചാമ്പക്കടവ് പാലത്തിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇവിടുത്തെ പ്രധാന കടത്തുകളാണ് ചാമ്പക്കടവ്, മാലുമേൽക്കടവ്, വലിയതറക്കടവ്, പണ്ടകശാലക്കടവ് എന്നിവ. മാലുമേൽ പുഞ്ച പഞ്ചായത്തിന്റെ വടക്ക് കിഴക്കായി കാണുന്നു. ഇതൊരു പ്രധാന കൃഷിസ്ഥലമാണ്. അതുപോലെ ആര്യൻപാടം, തൊടിയൂർ പുഞ്ച, പള്ളിക്കലാറിന്റെ തീരത്ത് കാണപ്പെടുന്ന മുണ്ടകപാടങ്ങൾ എന്നിവ ഇവിടുത്തെ പ്രധാന കൃഷിസ്ഥലങ്ങളാണ്.


പട്ടിക 4-8

കിണറുകൾ


വാർഡുകൾ	വറ്റിയ കിണറുകൾ	വറ്റാത്ത കിണറുകൾ	ആകെ കിണറുകൾ
I	71	369	440
II	29	349	368
III	0	116	116
IV	8	352	360
V	33	274	307
VI	1	603	604
VII	47	238	285
VIII	40	307	347
IX	16	344	360
X	80	157	237
XI	239	4	243
XII	11	197	208
XIII	18	190	208
XIV	16	222	238

കിണറുകളും ഉൾപ്പെടുന്ന വാർഡുകളും

(അവലംബം - വിഭവഭൂപടം)



നീർത്തടങ്ങളും നിർമ്മാണ സാധ്യതയും
തൊടിയൂർ പഞ്ചായത്ത്




ഭൂവിനിയോഗം

തൊടിയൂർ പഞ്ചായത്തിന്റെ ആകെ വിസ്തൃതി 20.61 ച.കി.മീ. ആണ്. ഇവിടുത്തെ പ്രധാന ഭൂവിനിയോഗങ്ങൾ മിശ്രിതകൃഷി, നെൽ കൃഷി, തെങ്ങ്, മിശ്രിതമരങ്ങൾ, നികത്തിയ വയ ലുകൾ, ഉപയുക്തമായ തരിശുഭൂമി, ഉൾഭാഗ ജലാശയം എന്നിവ ആണ്. പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും മിശ്രിതകൃഷി കാണ പ്പെടുന്നു. (15.71 ച.കി.മീ.) ഇത് ആകെയുള്ള ഭൂഭാ ഗത്തിന്റെ 76% വ്യാപിക്കുന്നു. രണ്ടാമതായി നെൽകൃഷി (11%), മൂന്നാമതായി നികത്തിയ നില ങ്ങൾ (4.3%) എന്നിവ കാണപ്പെടുന്നു.(പട്ടിക 4-5). ഇവിടുത്തെ ഉപയുക്തമായ തരിശുഭൂമി ഏകദേശം 0.11% ആണ്. ഇത് ഫലപ്രദമായി ഉപ യോഗിച്ചാൽ ചെമ്മീൻ കൃഷി, ഞണ്ട് കൃഷി എന്നിവ ചെയ്യാവുന്നതാണ്. മിശ്രിത മരങ്ങളിൽ ഭൂരിഭാഗവും തെങ്ങ്, പ്ലാവ്, മാവ്, ആഞ്ഞിലി, പുളി, എന്നിവയാണ്. നികത്തിയ വയലുകളിൽ മിക്കവാറും എല്ലായിടത്തും തെങ്ങ് കൃഷിയാണ് കാണപ്പെടുന്നത്.

പട്ടിക : ഭൂവിനിയോഗം

അവലംബം വിഭവഭൂപടം

ക്രമ നമ്പർ	ഇനം	വിസ്തൃതി ച.കി.മീ.	ശതമാനം
1	മിശ്രിത കൃഷി	15.7	76.2
2	നെൽകൃഷി	2.3	11.15
3	ചതുപ്പുനിലം	0.32	1.5
4	നികത്തിയ നിലം	0.89	4.3
5	തെങ്ങ്കൃഷി	0.15	0.72
6	മിശ്രിതകൃഷി	0.11	0.53
7	ഉൾഭാഗ ജലാശയം	1.08	5.2
8	ഉപയുക്തമായ തരിശുഭൂമി	0.024	0.11
ആകെ		20.61	



സൂചിക

1. മിശ്രിത കൃഷി
2. നെൽകൃഷി
3. ചതുപ്പുനിലം
4. നികത്തിയ നിലം
5. തെങ്ങ്കൃഷി
6. മിശ്രിതമരങ്ങൾ
7. ഉൾഭാഗ ജലാശയം
8. ഉപയുക്തമായ തരിശുഭൂമി

കൃഷിയും ജലസേചനവും

കാർഷിക പ്രധാനമായ ഒരു പഞ്ചായത്താണ് തൊടിയൂർ. നമ്മുടെ പഞ്ചായത്ത് സമുദ്രനിരപ്പിൽ നിന്നും 20 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നു. പൊതുവേ നിരന്ന സമതലമാണെങ്കിലും നാമമാത്രമായി, കുന്നുകളും വട്ടക്കായലും ചതുപ്പുപ്രദേശങ്ങളും ചേർന്ന പ്രകൃതിയാണ് തൊടിയൂരിനുള്ളത്. ഈ പഞ്ചായത്തിന്റെ കിഴക്കും തെക്കും, തെക്കുപടിഞ്ഞാറും ഭാഗത്തുകൂടി പള്ളിക്കൽ ആറ് ഒഴുകുന്നു. അര നൂറ്റാണ്ടു മുമ്പ് സസ്യസമ്പത്ത്, ജലവിഭവം, ഉല്പാദനക്ഷമത എന്നിവയാൽ സമ്പന്നമായിരുന്നു നമ്മുടെ പഞ്ചായത്ത്. നമ്മുടെ തെങ്ങിൻതോപ്പുകളും നെൽപ്പാടങ്ങളും വിളവിന്റെ കാര്യത്തിൽ മുമ്പിലായിരുന്നു. 'മുണ്ടകൻ മുതൽ അതിക്കിരാഴി' വരെയുള്ള വിവിധയിനം നെൽവിത്തുകൾ നമ്മുടെ പാടങ്ങളിൽ കൃഷിചെയ്തിരുന്നു. അവയുടെ ചോറിന്റെ സ്വാദും ഗുണവും പഴമക്കാർ ഇന്നും അയവിറക്കാറുണ്ട്. നമ്മുടെ പാടശേഖരങ്ങളിൽ 'കരിമ്പിൻ' കൃഷി നടത്തിയിരുന്നത് ഇന്നൊരു പഴങ്കഥയായി മാറിയിരിക്കുന്നു. ഒരാൾ പൊക്കത്തിൽ വളരുന്ന എള്ളിൻ ചെടികൾ നമ്മുടെ പാടങ്ങളുടെ ഒരു പ്രത്യേകതയായിരുന്നു.

നമ്മുടെ പറമ്പിൽ വിളയാത്ത കിഴങ്ങുവർഗ്ഗങ്ങളും ധാന്യങ്ങളുമില്ല. മരച്ചീനി മുതൽ നേന്ത്രവാഴവരെ ഇവിടെ കൃഷി ചെയ്തിരുന്നു. ചേന, ചേമ്പ്, കാച്ചിൽ, കിഴങ്ങ്, മധുരക്കിഴങ്ങ്, മരച്ചീനി തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും പയർ, മുതിര, ഉഴുന്ന്, കൂവരക് തുടങ്ങിയ ധാന്യങ്ങളും, കുരുമുളക്, ഇഞ്ചി തുടങ്ങിയ സുഗന്ധ വിളകളും ഇവിടെ സമൃദ്ധിയായി കൃഷിചെയ്തിരുന്നു. വിവിധയിനം വാഴകളായ, ഞാലിപ്പൂവൻ, കണ്ണൻ, തോടൻ, നേന്ത്രവാഴ, പടറ്റി, മൊന്തൻ എന്നിവയും വെറ്റിലക്കൊടിയും വ്യാപകമായി ഇവിടെ കൃഷിചെയ്തിരുന്നു. ഇതിനു പുറമെ നാനാതരത്തിലുള്ള ഫലവൃക്ഷങ്ങൾ പടർന്ന് പന്തലിച്ച് ായ്കളും ഫലങ്ങളും കൊണ്ട് നിറഞ്ഞുന് നിരുന്നു. വേനൽക്കാലങ്ങളിൽ മാവിൻ ചുവട്ടിൽ കുട്ടികൾ ഉത്സാഹത്തോടെ ഓടി നടന്ന് മാമ്പഴങ്ങൾ പെറുക്കിക്കൂട്ടുന്നത് ഇന്നലെയുടെ കഥകളായി മാറി. സ്വാദിഷ്ടങ്ങളും പോഷകപ്രധാനങ്ങളുമായ മാങ്ങകൾ കൊണ്ട് നിറഞ്ഞു നിന്നിരുന്ന എത്രയെത്ര മാവിനങ്ങളായിരുന്നു നമുക്കുണ്ടായിരുന്നത്! ഇന്നത്തെ കുട്ടികൾ കുത്തക കമ്പനിക്കാരുടെ മാംഗോ ജ്യൂസുകൊണ്ട് തൃപ്തിപ്പെടേണ്ടിയിരിക്കുന്നു. നറുതേൻ പോലെ മധുരതരങ്ങളായ ചക്കപ്പഴങ്ങൾ നൽകിയിരുന്ന പ്ലാവുകൾ നമ്മുടെ പറമ്പിന്റെ സവിശേഷതയായിരുന്നു. ആഞ്ഞിലി, പുന്ന, കൊന്ന, ഇലഞ്ഞി, കാഞ്ഞിരം തുടങ്ങിയ പലതരം വൃക്ഷങ്ങൾ നമ്മുടെ സമ്പത്തുകൾ ആയിരുന്നു. പാതിരി, ശതാവേലി, കുറുന്തോട്ടി, ആടലോടകം തുടങ്ങിയ ഔഷധ ചെടികളാൽ അനുഗ്രഹീതമായിരുന്നു നമ്മുടെ പഞ്ചായത്ത്. മുല്ല, പിച്ചി, കൂവളം, തുളസി, തുടങ്ങിയ സസ്യങ്ങൾ നമ്മുടെ തൊടികൾക്ക് അലങ്കാരങ്ങൾ ആയിരുന്നു. കാവുകളും, കുളങ്ങളും വള്ളിത്തട്ടുകളും അടുത്തകാലം വരെ നമ്മുടെ പഞ്ചായത്തിൽ വ്യാപകമായിരുന്നു.... പച്ചക്കറി കൃഷികൾക്കും നഷ്ടപ്രതാപത്തിന്റെ കഥയാണ് പറയാനുള്ളത്.

കാലത്തിന്റെ അതിശക്തമായ കുത്തൊഴുക്കിൽ പെട്ട് മാറ്റങ്ങൾക്ക് വിധേയമായ നമ്മുടെ കാർഷിക മേഖലയ്ക്കും തകർച്ചയുടെ കഥയാണ് പറയാനുള്ളത്. നമ്മുടെ ദൈനംദിനാവശ്യങ്ങൾക്കുള്ള എല്ലാ ഭക്ഷണ പദാർത്ഥങ്ങൾക്കും അന്യ സംസ്ഥാനങ്ങളെയാണ് നാം മുഖ്യമായും ആശ്രയിക്കുന്നത്. അരി, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ മറ്റു ധാന്യങ്ങൾ തുടങ്ങി ഉണ്ണുവാനുള്ള വാഴയില വരെ അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യേണ്ട അവസ്ഥയാണ് നമുക്കുള്ളത്. നമ്മുടെ വയലുകൾ – സിമിന്റ് ചട്ടികളിലും, ടെറസുകളിലും, ഷോക്കേസുകളിലും, പാഠപുസ്തതാളുകളിലും ഒതുങ്ങി നിൽക്കുന്നു. നമ്മുടെ കന്നുകാലികൾക്കാവശ്യമായ വൈക്കോൽ, കാലിത്തീറ്റ എന്നിവ മറുനാടുകളിൽ നിന്നും വാങ്ങേണ്ട അവസ്ഥയാണുള്ളത്. ചുരുക്കത്തിൽ കേരളീയർ കേവലം ഉപഭോക്താക്കളായി മാറുന്ന അവസ്ഥയാണിന്നുള്ളത്. നമ്മുടെ നാടിന്റെ പാരമ്പര്യത്തിനിണങ്ങാത്ത വിദ്യാഭ്യാസ സമ്പ്രദായം, വിദേശ പണത്തിന്റെ അമിതമായ ഒഴുക്ക്, ജീവിതചര്യയിൽ വന്ന മാറ്റം മറ്റ് മേഖലകളുടെ ആകർഷണീയത, എന്നിവ കാർഷിക വൃത്തിയോട് ഒരു തരം ചിറ്റമ്മനയം തുടരാൻ ഇടയാക്കി. ഇതോടെ ബഹു ഭൂരിപക്ഷം ജനങ്ങളും കാർഷിക മേഖലകളിൽ നിന്നും

അകലാൻ തുടങ്ങി. കൃഷി ഉപജീവന മാർഗ്ഗമ ല്ലാതായിത്തീർന്നു. കൃഷിക്കാരനാവുക എന്നത് അവഗണനയുടേയും അപമാനത്തിന്റെയും കഷ്ട നഷ്ടങ്ങളുടെയും ഉടമയാവുക എന്ന അവസ്ഥ യിലേക്ക് കാർഷിക രംഗം അധഃപതിച്ചു. വിദേ ശങ്ങളിൽ നിന്നും ഒഴുകിയെത്തുന്ന പൊന്നും പണവും എക്കാലവും നമ്മുടെ സമ്പത്ഘടനയെ താങ്ങിനിർത്തുമെന്ന ധാരണ മാറ്റുന്നില്ലെങ്കിൽ ആത് നമ്മുടെ സാമൂഹ്യ സാമ്പത്തിക രംഗത്തു ളവാകുന്ന പൊട്ടിത്തെറി എന്തെന്നറിയാൻ കാല ത്തിനുമാത്രമേ കഴിയൂ. മറിച്ച് നമ്മുടെ നാടിന്റെ നട്ടെല്ല് കൃഷിയാണെന്നും ആ മേഖലയിലുണ്ടാ കുന്ന തളർച്ച ഭാവിയിൽ സൃഷ്ടിക്കപ്പെടുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണെന്നും നാം ബോധവാന്മാരാകേണ്ടതാണ്. കാർഷിക മേഖല മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങൾക്ക് ആഹാര പദാർത്ഥങ്ങൾ നൽകി നിലനിർത്തുന്നു എന്നു മാത്രമല്ല വ്യവസായ മേഖലയ്ക്കാവശ്യ മായ അസംസ്കൃത വസ്തുക്കൾ നൽകുന്നു എന്ന യാഥാർത്ഥ്യവും മറക്കാവുന്നതല്ല. സർവ്വോ പരി മനുഷ്യനുൾപ്പെടെയുള്ള ജീവരാശിയുടെ നിലനിൽപ്പിനാധാരമായ ഔഷധം പ്രദാനം ചെയ്യുന്നതും സസ്യങ്ങളാണ്.

1930 മുതൽ സ്വാതന്ത്ര്യം നേടുന്നതുവരെ ഇന്ത്യയിലെ മഹാഭൂരിപക്ഷം വരുന്ന സാധാരണ കൃഷിക്കാരന്റെയും കർഷകതൊഴിലാളികളു ടെയും ജീവിതം ദുഃസ്സഹമായിരുന്നു. സ്വാതന്ത്ര്യാ നന്തരം ഒന്നാം പഞ്ചവത്സര പദ്ധതി മുതൽ കാർഷിക മേഖല ഉയർത്തെഴുന്നേൽപ്പിന്റെ ആരംഭം കുറിച്ചു. ഹരിത വിപ്ലവം എന്ന മഹ ത്തായ സംരംഭത്തിലൂടെ ഭാരതം ഭക്ഷ്യോല്പാ ദനരംഗത്ത് വളരെ മുൻപോട്ട് പോയി. കേരള മൊഴിച്ചുള്ള മിക്ക ഇന്ത്യൻ സംസ്ഥാനങ്ങളിലും വൻ പുരോഗതി നേടുന്നതിനും മിച്ചമുണ്ടാക്കു ന്നതിനും കഴിഞ്ഞു. അന്യ സംസ്ഥാനങ്ങളിൽ നിന്നും അരി സുലഭമായി ലഭിക്കാൻ തുടങ്ങിയ തോടുകൂടി നെൽകൃഷി പ്രധാനമായി കരുതിയി രുന്ന കേരളീയർ ഈ രംഗത്ത് അലസത കാട്ടി ത്തുടങ്ങി. എന്നാൽ 1960 ലും 1970 കളുടെ ആദ്യ പകുതിയിലും കാർഷിക രംഗത്ത്, പ്രത്യേകിച്ച് നെൽകൃഷി രംഗത്ത് കേരളത്തിന് പുരോഗതി കൈവരിക്കാൻ കഴിഞ്ഞു എന്ന കഥ മറക്കുന്നില്ല. ഭൂ പരിഷ്ക്കരണ നിയമം, അനുകൂലമായ കാലാവസ്ഥ രാസ വളപ്രയോഗങ്ങൾ, പുത്തൻ സാങ്കേതിക വിദ്യ തൊഴിലാളികളുടെ ലഭ്യത ഇവ യൊക്കെ അതിനനുകൂലങ്ങളായ ഘടകങ്ങളിൽ ചിലതു മാത്രം. എന്നാൽ ഈ പുരോഗതി സ്ഥിര മായി നിലനിർത്താൻ കഴിഞ്ഞില്ല. അതിവൃഷ്ടി, അനാവൃഷ്ടി, തൊഴിലാളികളുടെ അലഭ്യത, സേവന നിർമ്മാണ രംഗങ്ങളിലുണ്ടായ പുരോഗ തി, വിദേശപണത്തിന്റെ അമിതമായ സ്വാധീനം അശാസ്ത്രീയമായ കൃഷി സമ്പ്രദായം, കൃഷി സ്ഥലങ്ങളുടെ വാണിജ്യ വൽക്കരണം, ജൈവ വളങ്ങളുടെ അപര്യാപ്തത, ആവർത്തിച്ചാവർത്തി ച്ചുള്ള രാസവള പ്രയോഗം കൊണ്ടുള്ള മണ്ണിന്റെ വീര്യക്കുറവ്, ഉല്പാദന ചിലവിന് അനുസരണ മായി വില ലഭിക്കായ്ക, തുടങ്ങിയ ..)ണ്ണമറ്റ കാര ണങ്ങളാൽ കൃഷി അനാകർഷകമായി. ഇന്ന് പാട ങ്ങൾ വിശേഷിച്ച് പുഞ്ചപ്പാടങ്ങൾ, കായൽ നില ങ്ങൾ എന്നിവ ചെളിയെടുത്തതിന്റെ ഫലമായി കൃഷിയോഗ്യമല്ലാതായി തീർന്നിരിക്കുന്നു. ഫല ഭൂയിഷ്ഠമായ എക്കൽ മണ്ണ് നിറഞ്ഞ പടശേഖര ങ്ങൾ ഒരു കാലത്ത് കർഷകന്റെ ആശാകേന്ദ്ര ങ്ങൾ ആയിരുന്നു. കാൽ നൂറ്റാണ്ടിനുള്ളിൽ നമ്മുടെ ഗ്രാമ പ്രദേശങ്ങളിൽ ഗതാഗത രംഗത്തു ണ്ടായ വികസനം മൂലം പാടങ്ങളുടെ തലങ്ങും വിലങ്ങും നിർമ്മിക്കപ്പെട്ട പഞ്ചായത്ത് റോഡു കൾ നമ്മുടെ ഭൂപ്രകൃതിയെ ആകെ മാറ്റിമറിച്ചു. വിസ്തൃതങ്ങളായ നെൽപ്പാടങ്ങൾ വീടുകളും വ്യാപാരസ്ഥാപനങ്ങളും കൊണ്ട് നിറഞ്ഞു. തെങ്ങിൻ തോപ്പുകളായി ചില നിലങ്ങൾ രൂപ പ്പെടുകയുണ്ടായി. അങ്ങനെ വയലിന്റെ അസ്തിത്വം ഇല്ലാതായി. വയലുകളിലെ മണ്ണെ ടുത്ത കുഴികളിൽ താറാവു കൃഷി വ്യാപകമായത് നെൽകൃഷിയ്ക്ക് ഭീഷണിയായി. വിസ്തൃതങ്ങ ളായ തോടുകൾ നികത്തപ്പെട്ടതോടുകൂടി ജല നിർഗ്ഗമന മാർഗ്ഗം എന്നന്നേക്കുമായി അടയു കയും ചെയ്തു. പാടശേഖരങ്ങൾക്ക് സമീപം ജല സേചനത്തിനുവേണ്ടിയുണ്ടായിരുന്ന കുളങ്ങൾ നികത്തപ്പെട്ടതോടുകൂടി വേനൽക്കാലത്ത് ജലം ലഭിക്കാതെയായി. പാടങ്ങൾ അശാസ്ത്രിയമായി നികത്തിയതു കാരണം നിരവധി പരിസ്ഥിതി പ്രശ്നങ്ങൾക്കിടയായി. ജനസംഖ്യാ വർദ്ധനവ് ഭൂപരിഷ്ക്കരണ നിയമം, കൂട്ടുകുടുംബ സംവിധാ നത്തിൽ വന്ന മാറ്റം വിദേശപണത്തിന്റെ അമിത മായ സ്വാധീനം എന്നിവ പുതിയ താമസ

സ്ഥലങ്ങൾ തേടുന്നതിന് ജനങ്ങളെ നിർബന്ധി തരാക്കി. ഇതോടുകൂടി വയലുകൾ നികത്താൻ തുടങ്ങി.

എഴുപതുകളിൽ 8.8 ലക്ഷം ഹെക്ടറിൽ നിന്നും 13.5 ലക്ഷം ടൺ അരി കേരളത്തിൽ ഉല്പാദിപ്പിച്ചിരുന്നു. അത്രയും തന്നെ വൈക്കോലും കിട്ടിയിരുന്നു. ഇപ്പോൾ നാലര ലക്ഷം ഹെക്ടറായി നിലം കുറഞ്ഞിരിക്കുന്നു. ഉല്പാദനമാകട്ടെ 9 ലക്ഷം ടൺ ആയി താഴ്ന്നു. നമ്മുടെ ആവശ്യമാകട്ടെ 36 ലക്ഷം ടൺ അരി യാണ്. ആവശ്യത്തിന്റെ 1/4 മാത്രമേ ഉല്പാദി പ്പിക്കുന്നുള്ളു. ആഗോളാടിസ്ഥാനത്തിൽ അരി യുടെ ദൗർലഭ്യം കണക്കിലെടുക്കുമ്പോൾ സംസ്ഥാനത്തിനു പുറത്തു നിന്നുവരുന്ന അരി യുടെ വരവ് ആശ്രയിച്ചാൽ ആപത്ത് ഉണ്ട്. ഇന്ത്യ യിലെ മറ്റ് അരി ഉല്പാദിപ്പിക്കുന്ന സംസ്ഥാന ങ്ങളും അടുത്തകാലത്തായി നാണ്യ വിളകളി ലേക്ക് അതിവേഗം തിരിയുന്നുണ്ട്. ആഭ്യന്തര രംഗത്തെ ഉല്പാദനത്തെക്കാൾ പ്രാധാന്യം നൽകി കയറ്റുമതി രംഗത്തേക്ക് ആവശ്യമായ അരി വൻതോതിൽ ഉല്പാദിപ്പിക്കുന്ന പ്രവണ തയും അടുത്ത കാലത്തായി വർദ്ധിച്ചു വരുന്നു. ഇതിനു പുറമേ ബഹുരാഷ്ട്ര കുത്തക കമ്പനി ക്കാർ കണ്ടമാനം കൃഷി ഭൂമി വാങ്ങിക്കൂട്ടി അവ രുടെ കമ്പനിയ്ക്ക് ആവശ്യമായ വിളകൾ ഉല്പാ ദിപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്. ഈ പ്രവണതക ളെല്ലാം ഭക്ഷ്യരംഗത്തെ ആപത് സൂചനകളാണ് നൽകുന്നത്. മനുഷ്യന്റെ കാര്യം മാത്രമല്ല, മിണ്ടാ പ്രാണികളുടേയും സ്ഥിതി അവതാളത്തിലാകും. കാലിത്തീറ്റ എന്ന കമ്പോള തീറ്റ കൊണ്ട് മാത്രം നമ്മുടെ കാലി സമ്പത്ത് അതിജീവിക്കുകയില്ല, മേച്ചിൽ സ്ഥലങ്ങൾ അപ്രത്യക്ഷമായ ഇക്കാലത്ത് പ്രത്യേകിച്ചും

നെൽവയലുകൾ അപ്രത്യക്ഷമാകുന്നതു മൂലം ഉളവാകുന്ന പരിസ്ഥിതി പ്രശ്നം വന നശീ കരണം പോലെ അപകടകരമാണ്. മഴവെള്ളം കുത്തിയൊഴുകി അറബിക്കടലിൽ ചേരുന്നതിനിട യിൽ കുറെയൊക്കെ കെട്ടിനിന്ന് ഭൂഗർഭജലം സംഭരിക്കുന്നതിന് ഈ പാടങ്ങൾക്കും, കുള ങ്ങൾക്കും, തോടുകൾക്കും ചില പങ്കുണ്ട്. വയ ലുകൾ, തെങ്ങിൻ തോപ്പും വീടുകളും, വാണിജ്യ കേന്ദ്രങ്ങളും ഇഷ്ടിക കളങ്ങളും മറ്റുമായി മാറി കഴിഞ്ഞാൽ കൃഷി ചെയ്യണമെന്ന് ആഗ്രഹിക്കു ന്നവർക്കുപോലും കഴിയാത്ത അവസ്ഥവരും. അവശേഷിക്കുന്ന നിലങ്ങൾ നികത്താതെയും കുഴിക്കാതെയും ഇരിക്കുന്നതിന് 1966-ലെ കേരള ഭൂവിനയോഗ നിയമ പ്രകാരം കർശന നടപടികൾ എടുപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾ മുന്നോട്ടു വരേണ്ടതാണ്.

തകർന്നു കൊണ്ടിരിക്കുന്ന കാർഷിക രംഗം പുനഃരുദ്ധരിക്കാതെ നമ്മുടെ സംസ്ഥാനം നേരിടുന്ന വിവിധങ്ങളായ വെല്ലുവിളികളെ നേരി ടാൻ കഴിയുകയില്ല. ആയതിനാൽ കൃഷി ആദാ യകരവും അന്തസ്സുള്ള ഒരു തൊഴിലുമായി മാറ്റേ ണ്ടിയിരിക്കുന്നു. കഴിഞ്ഞ കാലത്ത് പരീക്ഷിച്ചു നോക്കിയ ഗ്രൂപ്പ് ഫാമിംഗ് ഈ രംഗത്ത് കാര്യ മായ ചലനം സൃഷ്ടിക്കാൻ കഴിഞ്ഞ ഒന്നാണ്. ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും ഉല്പാദനചി ലവ് കുറയ്ക്കുന്നതിനും ഒരു പരിധിവരെ ഗ്രൂപ്പ് ഫാമിംഗിന് കഴിഞ്ഞു. ഒരു ഹെക്ടർ സ്ഥലത്ത് 1700 കിലോ അരി ഉല്പാദിപ്പിച്ച സ്ഥാനത്ത് ഗ്രൂപ്പ് ഫാമിംഗിലൂടെ 2050 കിലോ അരി ഉല്പാദിപ്പി ക്കാൻ കഴിഞ്ഞു.

കൂട്ടായ്മയിലൂടെ കൂടുതൽ ശ്രദ്ധിച്ചാൽ 3000 കിലോ അരിവരെ ഉല്പാദിപ്പിക്കാൻ കഴി യും. ആധുനിക കൃഷിരീതി അവലംബിച്ച് മെച്ച പ്പെട്ട വിത്ത്, ജലസേചന സൗകര്യം, ആവശ്യ മായ ജൈവ വളം ഉയർന്ന സാങ്കേതികവിദ്യ, ആവശ്യമായ വായ്പാ സൗകര്യം, മെച്ചപ്പെട്ട തൊഴിലാളികൾ ഇവയെല്ലാം ഉല്പാദനക്ഷമതയെ വർദ്ധിപ്പിക്കാൻ കഴിയുന്ന ഘടകങ്ങളാണ്. കൊയ്ത്ത് യന്ത്രം, മെതി യന്ത്രം, ഉഴവ് യന്ത്രം, മെച്ചപ്പെട്ട വിപണന രംഗം, സർക്കാർ സംവിധാ നത്തിന്റെ കാര്യക്ഷമത, അനുകൂലമായ കാലാ വസ്ഥ ഇവയെല്ലാം കൃഷി ലാഭകരമാക്കുന്നതിന് ബന്ധപ്പെട്ട ഘടകങ്ങളാണ്. മറ്റ് എല്ലാ രംഗത്തേ ക്കാൾ കൂടുതൽ തൊഴിൽ അവസരങ്ങൾ നൽകു ന്നതിനു കാർഷിക രംഗത്തിന് കഴിയും.

ചേറിലും മണ്ണിലും പണിയെടുക്കുന്നതിൽ അഭിമാനം കൊള്ളുന്നതിനും കൃഷിയുമായി

വിദ്യാഭ്യാസ കാലം മുതൽ ആഭിമുഖ്യം ജനിക്കുന്നതിനും ബന്ധപ്പെടുന്നതിനും കഴിയത്തക്ക വിധം ഉള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായം ഉണ്ടാകാതെ കാർഷിക രംഗത്തേക്ക് യുവതലമുറയെ ആകർഷിക്കാൻ കഴിയുകയില്ല. കൃഷിയും അനുബന്ധ മേഖലകളും വികസിപ്പിച്ചെടുക്കുന്നതിന് സഹായകരമായ ജനകീയാസൂത്രണം ആണ് ഉണ്ടാകേണ്ടത്.

മറ്റ് കേരളീയ ഗ്രാമങ്ങളെപ്പോലെ നമ്മുടെ പഞ്ചായത്തും കാർഷിക പ്രാധാന്യമുള്ള ഒന്നാണെന്ന് മുകളിൽ സൂചിപ്പിച്ചുവല്ലോ. നമ്മുടെ പഞ്ചായത്തിന്റെ പേര് തന്നെ കൃഷിയുമായി ബന്ധപ്പെട്ട് ഉണ്ടായതാണന്ന് പഴമക്കാർ പറയുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ നാടുവാഴിത്ത്വത്തിന്റെയും ജന്മിത്ത്വത്തിന്റെയും സ്വാധീനം കാർഷിക മേഖലയിൽ പ്രകടമായിരുന്നു. ജനങ്ങളിൽ ഒരു നല്ല ശതമാനവും ഒരു തുണ്ടു ഭൂമിക്കു പോലും അവകാശികളായിരുന്നില്ല. ഭൂഉടമ ബന്ധത്തിൽ ഗുണപരമായ മാറ്റമുണ്ടായത് കഴിഞ്ഞ ദശകങ്ങളിൽ നടപ്പിലാക്കിയ സമ്പൂർണ്ണ ഭൂപരിഷ്ക്കരണ നിയമങ്ങളിലൂടെയാണ്. ഈ പരിഷ്ക്കരണങ്ങൾ തലമുറകളായി നിലനിന്നിരുന്ന ഭൂ ഉടമാ ബന്ധത്തിൽ ഗുണപരമായ മാറ്റം ഉണ്ടാക്കി. സാധാരണ കൃഷിക്കാരും കർഷക തൊഴിലാളികളും ഭൂ ഉടമകളായി മാറി. അതോടെ ഉല്പാദന രംഗത്ത് വർദ്ധനവുണ്ടായി. ഭൂ പരിഷ്ക്കരണ നിയമത്തിനു മുമ്പ് അടിമ ഉടമ സമ്പ്രദായം നിലനിന്നിരുന്നു. സാധാരണ കൃഷിക്കാരും കർഷക തൊഴിലാളികളും ജന്മിമാരുടെ മർദ്ദനത്തിനും ചൂഷണത്തിനും വ്യാപകമായ ഒഴിപ്പിക്കലിനും വിധേയരായിരുന്നു. ജന്മിമാരുടെ വീടുകളിൽ വിശേഷ അവസരങ്ങളിലും ഓണത്തിനും മറ്റും കുടിയാനും പാട്ടക്കാരനും മറ്റും കാഴ്ച വസ്തുക്കൾ കാണിയ്ക്ക വെക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു. മറ്റ് പ്രദേശങ്ങളിലെപ്പോലെ വൻകിട ജന്മിമാർ എണ്ണത്തിൽ കുറവായിരുന്നതിനാൽ ജന്മിത്ത്വത്തിന്റെ രൂക്ഷത നമ്മുടെ പഞ്ചയത്തിൽ കുറവായിരുന്നു. ആയതിനാൽ താരതമ്യേന മെച്ചപ്പെട്ട ജന്മി കുടിയാൻ ബന്ധം നിലനിന്നിരുന്നു. മറ്റ് പ്രദേശങ്ങളിലെപ്പോലെ കൃഷിയുമായി ബന്ധപ്പെട്ട ആചാരാനുഷ്ഠാനങ്ങളാണ് ഇവിടെ നിലനിന്നിരുന്നത്. കാർഷിക പ്രധാനമായ ഓണാട്ടുകരയിൽ ഉൾപ്പെടുന്നതാണ് നമ്മുടെ പഞ്ചായത്ത് തൊടിയൂർ, ആര്യൻപടം, മാലുമേൽ പുഞ്ച, പള്ളിക്കലാറിന്റെ തീരപ്രദേശങ്ങളിലെ മുണ്ടകപ്പാടങ്ങളും നമ്മുടെ പ്രധാനപ്പെട്ട നെല്ലറകളായിരുന്നു. നമ്മുടെ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നായി പേരുകേട്ട വിരിപ്പു നിലങ്ങളും മൂന്നാം വിളയായി എള്ളും പയറും കൃഷിചെയ്തിരുന്ന പാടശേഖരങ്ങളുണ്ടായിരുന്നു.

കന്നുകാലികളെ ഉപയോഗിച്ച് ഉഴുതുമറിച്ചും മനുഷ്യധ്വാനം ഉപയോഗിച്ചും പാടശേഖരങ്ങൾ കൃഷിയോഗ്യമാക്കിയിരുന്നു. നാടൻ ചക്രവും, അറയും, തേക്കൊട്ടയും ഉപയോഗിച്ച് ജലം വറ്റിച്ച് കൃഷിയിറക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു. കൊയ്ത്തുപാട്ടും, ഞാറ്റുവേലപ്പാട്ടുകളും മരമടി ആഘോഷങ്ങളും നമ്മുടെ കാർഷിക സംസ്ക്കാരത്തിന്റെ ഭാഗങ്ങളായിരുന്നു. പ്രധാനപ്പെട്ട നെൽവിത്തുകളായ മുണ്ടകൻ, മുണ്ടകക്കുറുവ, അതിക്കിരാഴി, കുളപ്പാല, കൊച്ചുവിത്ത്, വലിയവെള്ള, ചേറാടി, തുടങ്ങിയവയും ഔഷധമൂല്യമുള്ള ഞവര വിത്തും ഇവിടെ കൃഷി ചെയ്തിരുന്നു. ചാണകം, പച്ചില, ചാരം, കൊഞ്ചുപൊടി, ചിലയിനം പിണ്ണാക്കുകൾ എന്നിവ വളമായി ഉപയോഗിച്ചിരുന്നു.

ഹരിത വിപ്ലവത്തിന്റെ ഭാഗമായി വിത്ത്, വളപ്രയോഗം, കാർഷികോപകരണങ്ങൾ, എന്നിവ കാർഷിക രംഗത്ത് പുതിയ ചലനങ്ങൾ സൃഷ്ടിച്ചു. IR 8, ത്രിവേണി, ജയ, പത്തൊൻപത്, ഇരുപത്, എന്നിവ പ്രധാനപ്പെട്ട വിത്തിനങ്ങളിൽ ഉൾപ്പെടുന്നു.

നമ്മുടെ പഞ്ചായത്തിലെ പുഞ്ചപ്പാടങ്ങളും, മുണ്ടകപ്പാടങ്ങളും ചെളിയെടുത്ത് കുഴിക്കുന്നത് കാർഷിക രംഗത്ത് ഉൽപ്പാദനം കുറയ്ക്കുക മാത്രമല്ല പരിസ്ഥിതി പ്രശ്നങ്ങളും സൃഷ്ടിക്കുന്നു. അപൂർവ്വമായ ഔഷധ സസ്യങ്ങൾ കണ്ടെത്തി നിലനിർത്തേണ്ടതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. സമീകൃത ആഹാരത്തിൽ പച്ചക്കറികൾക്കുള്ള പങ്ക് വളരെ വലുതാണ്. 250 ഗ്രാം

പച്ചക്കറിയെങ്കിലും ഒരാൾ ഒരു ദിവസം കഴിക്കേണ്ടതാണ്. പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് നമ്മുടെ പഞ്ചായത്തിൽ വളരെയേറെ സാധ്യതയുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഇടവിള കൃഷിയ്ക്കുണ്ടായ തകർച്ചയേക്കുറിച്ച് പരിശോധിക്കേണ്ടതാണ്. സുഗന്ധ വിളകൾ, വിവിധയിനം പുഷ്പകൃഷികൾ തുടങ്ങിയവയും വൻ തോതിൽ കൃഷിചെയ്യേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്.

ഭൂ വിനിയോഗം, ജലലഭ്യത, പ്രധാന വിളകൾ തുടങ്ങിയവയെപ്പറ്റി അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്.

പഞ്ചായത്തിലെ പതിനാല് ഗ്രാമസഭകളിൽ ഉയർന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

തെങ്ങ് കൃഷി

കേര വൃക്ഷത്തിന്റെ നാടായ കേരളത്തിന് ഇന്ന് നാളീകേരത്തിന്റെ കുത്തക നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അന്യ സംസ്ഥാനങ്ങൾ നാളികേരത്തിന്റെ ഉൽപ്പാദനത്തിൽ റിക്കാർഡ് നേട്ടം ഉണ്ടാക്കുന്ന ഇക്കാലത്ത് കേരളം ഈ രംഗത്ത് പിൻതള്ളപ്പെടുകയാണ്. ഒരു കാലത്ത് തെങ്ങിൻതോപ്പുകൾ നമ്മുടെ പഞ്ചായത്തിന്റെ സമൃദ്ധിയെ വിളിച്ചറിയിക്കുന്നതായിരുന്നു. ആകാശം മുട്ടെ നിറകുലകളുമായി നിൽക്കുന്ന തെങ്ങുകൾ അക്ഷരാർത്ഥത്തിൽ നമ്മെ സംബന്ധിച്ചടത്തോളം കല്പവൃക്ഷമായിരുന്നു. നമ്മുടെ സംസ്ഥാനത്ത് 500 കോടി നാളികേരമാണ് പ്രതിവർഷം ഉല്പാദിപ്പിക്കുന്നത്. 30 - ല കേര കർഷകർ കേരളത്തിലുണ്ടെന്നാണ് ദ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത്. ഒരുകാലത്ത് നമ്മുടെ സമ്പദ്ഘടനയെ നിയന്ത്രിച്ചിരുന്നതും ഗ്രാമീണജനതയുടെ ജീവരക്തമായി നിലനിന്നിരുന്നതും നമ്മുടെ തെങ്ങിൻതോപ്പുകളായിരുന്നു. കൂടുതൽ പ്രദേശങ്ങളിലേക്ക് തെങ്ങുകൃഷി വ്യാപകമായിട്ടുണ്ടെങ്കിലും നഷ്ടപ്രതാപത്തിന്റെ കഥയാണ് അവർക്ക് പറയാനുള്ളത്. മണ്ടചീയൽ, ചെന്നീരോലിപ്പ്, മഞ്ഞളിപ്പ്, കൂമ്പ് ചീയൽ, കാറ്റുവീഴ്ച,മച്ചിങ്ങപൊഴിച്ചിൽ, എന്നീ രോഗങ്ങളാൽ ഉല്പാദനം വളരെ കുറഞ്ഞുകൊണ്ടിരിക്കുന്നു. രോഗപ്രധിരോധശേഷി ദിനം പ്രതി കുറഞ്ഞുകൊണ്ടിരിക്കുന്നു. നല്ലയിനം തെങ്ങിൻതൈകൾ, സമീകൃതമായ വളപ്രയോഗം, മരുന്നുതളിക്കൽ, ജൈവ വളപ്രയോഗം, കാലാകാലങ്ങളിലുള്ള ഇടയിളക്കൽ, ജലസേചനം, നീർവാഴ്ച, ശാസ്ത്രീയമായ കൃഷിസമ്പ്രദായം എന്നിവയിലൂടെ പരമാവധി ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയും. ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾ, കൃഷിഭവൻ തുടങ്ങിയവയുടെ സംയുക്ത നേതൃത്വത്തിൽ നാളീകേരകൃഷിയും അനുബന്ധ വിളകൾക്കും പ്രാധാന്യം നൽകി പുതിയ പദ്ധതികൾക്ക് ആസൂത്രണം നൽകേണ്ടതാണ്. കിണർ കുഴിക്കുന്നതിനും പമ്പ്സെറ്റുകൾ സ്ഥാപിക്കുന്നതിനും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനും ധനകാര്യസാഥാപനങ്ങൾ കാർഷികാവശ്യത്തിന് യഥാ സമയം കുറഞ്ഞ പലിശയ്ക്ക് ധനസഹായം ലഭിക്കുന്നതിനും രോഗപ്രതിരോധ ശേഷിയുള്ള വിത്തുകളും നടീൽ വസ്തുക്കളും ലഭ്യമാക്കുന്നതിനും, പച്ചില കമ്പോസ്റ്റ് വളം ലഭ്യമാക്കുന്നതി ാ സഹായകമായ പദ്ധതികൾ നടപ്പിലാക്കി സഹായിക്കാൻ കഴിയും. കാർഷികോല്പന്നങ്ങൾ ഉല്പാദനച്ചിലവുമായി ബന്ധപ്പെടുത്തി മതിയായ വിലകൾ ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും സഹകരണ സ്ഥാപനങ്ങൾക്കും മുൻകൈയെടുത്ത് വിപണന സംസ്ക്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ കഴിയുന്നതാണ്. നാളീകേരോൽപ്പന്നങ്ങൾ കൊണ്ട് പലതരം സംസ്കൃത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് കഴിയേണ്ടതാണ്. കുത്തക വ്യവസായികളും അവരുടെ ഏജന്റുമാരും കേരോല്പന്നത്തിനെതിരെ പ്രത്യേകിച്ച് വെളിച്ചെണ്ണയ്ക്കെതിരെ നടത്തുന്ന കുപ്രചാരണത്തെ എതിർത്ത് തോൽപ്പിക്കാനുള്ള സംഘടിത ശ്രമവും ഗ്രാമതലത്തിൽ തന്നെ ആദ്യമായി ഉണ്ടാകണം. ഒരു ഹെക്ടർ തെങ്ങിൻതോപ്പിൽ നിന്നും 5730 നാളീകേരം വർഷത്തിൽ ലഭിക്കുമെന്നാണ് കണക്ക്.

ഒന്നു മുതൽ പതിനാലു വരെ വാർഡുകളിലുള്ള പ്രത്യേക കാർഷികാവശ്യങ്ങൾ

വാർഡ് 1

1. കാരൂർ പാടം തോട് കൃഷിയ്ക്ക് ഉപയുക്ത മാക്കുക
2. കല്ലുകടവ് മുതൽ കാരൂർക്കടവ് വരെ പള്ളി ക്കലാറിന്റെ പടിഞ്ഞാറെക്കരയിൽ ബണ്ട് നിർമ്മിക്കുക.
3. മൂത്താംവാതുക്കൽ പാടത്തും, ഇടയാണി പാടത്തും ജലസേചനത്തിനുള്ള തോടുകൾ നിർമ്മിക്കുക.
4. ബംഗ്ലാവിന് വടക്കുവശത്തുള്ള നിലത്തിൽ നിന്നും വെള്ളക്കെട്ട് ഓട നിർമ്മിച്ച് മുല്ലശ്ശേ രിൽ തോട്ടിലെത്തിക്കുക.
5. ആറാട്ടു ചിറയിൽ അവസാനിക്കുന്ന ഓട തുടർച്ചയായി നിർമ്മിച്ച് ചാങ്ങര വടക്കുവശ ത്തുകൂടി കിഴക്കോട്ട് പള്ളിക്കലാറിലെത്തിക്കു ക.
6. കൊപ്പാറ വടക്കുവശത്തുകൂടിയുള്ള തോട് കാട്ടൂർ തെക്കുവശത്തുകൂടി പള്ളിക്കലാറിലെ ത്തിക്കുക.

വാർഡ് 2

1. പള്ളിക്കലാറിൽ ബണ്ട് നിർമ്മിച്ച് ഉപ്പുവെള്ളം കയറാതെ കൃഷി സംരക്ഷിക്കുക
2. കരിങ്ങാട്ടുകുളം, പട്ടക്കടവ്കുളം എന്നിവ ആഴംകൂട്ടി നെൽകൃഷിയ്ക്ക് ജലസേചനസൗ കര്യമുണ്ടാക്കുക.
3. മാരാരിത്തോട്ടം ക്ഷേത്രത്തിന്റെ കിഴക്കുവശ ത്തുകൂടി പള്ളിക്കലാറിൽ അവസാനിക്കുന്ന തോട് ആഴംകൂട്ടി നെൽകൃഷിക്ക് ജലസേചന സൗകര്യമുണ്ടാക്കുക
4. കാർഷികോല്പന്നങ്ങളുടെ ക്രയവിക്രയത്തിന് ഗ്രാമത്തിന്റെ വടക്കൻ മേഖലയിൽ ഒരു പഞ്ചാ യത്ത് മാർക്കറ്റ് സ്ഥാപിക്കുക.
5. പട്ടക്കടവ് കുളത്തിന്റെ സൈഡ് ഓട നിർമ്മിച്ച് കൃഷിയ്ക്ക് ഉപയുക്തമാക്കുക
6. താച്ചയിൽക്കടവ് ഭാഗത്തെ നിലത്തിൽ ഓട നിർമ്മിച്ച് കൃഷിക്കാരെ സഹായിക്കുക.
7. തൊടിയിലേഴത്ത് കിഴക്കുവശത്തുള്ള തോട് സൈഡ്വാൾ കെട്ടി റോഡു നിർമ്മിച്ച് കൃഷി ക്കാരെ സഹായിക്കുക.

വാർഡ് 3.

1. ഓരുവെള്ളത്തിന്റെ ശല്യം ഒഴിവാക്കുന്നതിന് വട്ടക്കായലിൽ ബണ്ട് നിർമ്മിക്കുക.
2. കുമ്പിള്ളാക്കാവ് മുതൽ തെക്കോട്ട് ചാമ്പക്കടവ് വരെ പള്ളിക്കലാറിന്റെ സൈഡ് വാൾ കെട്ടി ഓരുവെള്ളം കയറാതെ കൃഷിക്കാരെ സഹാ യിക്കുക.
3. ശംഭുവള്ളിക്കാവിന്റെ പടിഞ്ഞാറു വശത്ത് പള്ളിക്കലാറിലേക്ക് ഓടകെട്ടി കൃഷി സംര ക്ഷിക്കുക
4. പാട്ടത്തിൽ തെക്കുവശം മുതൽ പടിഞ്ഞാറോട്ട് ഓടകെട്ടുക.
5. പുത്തൻ വീട്ടിൽ മുക്ക് നിലത്തിൽ കുറുകെ സൈഡ്വാൾ കെട്ടി റോഡ് നിർമ്മിക്കുക.

വാർഡ് 4

1. കാരിക്കൽ തോടിന്റെ പാർശ്വഭിത്തികളുടെ പണി പൂർത്തീകരിക്കുക.
2. പാട്ടുപുരയ്ക്കൽ ക്ഷേത്രത്തിന് പടിഞ്ഞാറു വശമുള്ള തോടിന് ഇരുവശവും സൈഡ്വാൾ കെട്ടുക.
3. പാപ്പാളി പാടത്തിൽ കൃഷിചെയ്യുന്നതിനാവ ശ്യമായ ജലസേചന സൗകര്യം ചെയ്യുക.

4. കുമ്പില്ലാക്കാവിന്റെ പടിഞ്ഞാറു വശത്തും വാഴാലി കിഴക്കുവശത്തും, തെക്കുവശത്തും ഉള്ള നിലത്തിൽ ഓരു ശല്യം ഇല്ലാതാക്കാൻ കായലിൽ കിഴക്കു പടിഞ്ഞാറ് ബണ്ട് നിർമ്മിക്കുക.

5. കൃഷിക്കാരിൽ നിന്നും ഈടാക്കി വരുന്ന വെള്ളക്കരം നിർത്തലാക്കുക.

6. പാറ്റോലിത്തോട്, ശാസ്താംകോട്ട റോഡുമായി ബന്ധിക്കുന്ന ഭാഗത്ത് ഷട്ടർ പുനഃസ്ഥാപിക്കുകയും തോടിന്റെ കിഴക്കേക്കര ഭാഗം സൈഡ്വാൾ കെട്ടി സംരക്ഷിക്കുകയും ചെയ്യുക.

വാർഡ് 5

1. വല്ലൂരേത്ത് പാടത്ത് ജലം ഒഴുകുന്നതിന് ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തി കൃഷിയെ സംരക്ഷിക്കുക.

2. തരിശായി കിടക്കുന്ന കുഞ്ഞിരിപ്പിള്ളിപ്പാടം കൃഷിയോഗ്യമാക്കുക.

3. മുല്ലശ്ശേരിൽ വടക്ക്, കിഴക്ക്, കട്ടൂർ വടക്ക് തോടിന്റെ ബാക്കിയുള്ള 500 മീ. ഭാഗം തോടിന്റെ സംരക്ഷണവും, അപ്രോച്ച് റോഡിന്റെ നിർമ്മാണവും നടത്തി കൃഷിയോഗ്യമാക്കുക.

4. പറശ്ശേരി വയൽ ഭാഗത്ത് പുതിയ റോഡിന്റെ വികസനവും, ഡ്രെയിനേജ് സംവിധാനവും ഏർപ്പെടുത്തുക.

5. ചേമത്ത് തെക്കേ വയലിൽ നിലവിലുള്ള ഓടയും സൈഡ്വാളും കുഞ്ഞിരിപ്പിള്ളി പാടത്തിനു സൈഡിൽക്കൂടി കോളകത്ത് പടിഞ്ഞാറ് കണ്ണംകുളത്ത് റോഡിൽ എത്തിക്കുക.

6. കാക്കര വയലിൽ വെള്ളം ഒഴുകുന്ന തോട് കൃഷിയ്ക്ക് ഉപയുക്തമാക്കുക.

7. പറശ്ശേരിൽ വയൽഭാഗം, വല്ലൂരേത്ത് ഭാഗം, കടവൂർ വടക്ക് ഭാഗം എന്നിവയും മറ്റ് കുളങ്ങളും മത്സ്യം വളർത്തുന്നതിന് ഉപയുക്തമാക്കുക.

8. കോഴി, താറാവ്, എന്നിവ വളർത്തുന്നതിന് ധനസഹായം നൽകി പ്രോത്സാഹിപ്പിക്കുക.

9. നാളീകേരത്തിന്റെ തറവില 4000 മായി ഉയർത്തുക.

10. തൊടിയൂർ സർവ്വീസ് സഹകരണ ബാങ്കിൽ എല്ലാ കർഷകരെയും അംഗമാക്കി യഥാസമയം വായ്പകൾ അനുവദിച്ച് നൽകുക.

11. കാർഷിക വിളകൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തുക.

12. ഔഷധ ചെടികൾ നട്ടുവളർത്തുന്നതിന് ധനസഹായം നൽകുക.

13. തേനീച്ച വളർത്തൽ വ്യാപകമായി പ്രോത്സാഹിപ്പിക്കുക.

14. പുഷ്പ കൃഷി യൂണിറ്റടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ധനസഹായം നൽകുക.

15. കാർഷികോല്പന്നങ്ങളുടെ ശേഖരണ വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുക.

വാർഡ് 6.

1. അടുക്കള തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുക.

2. കാരിക്കൽ തോടിന്റെ സൈഡ്വാൾ കെട്ടി റോഡ് സംരക്ഷിക്കുക.

3. അയ്യങ്കാളി കോളനി റോഡിന്റെ ഇരുവശവും സൈഡ്വാൾ കെട്ടി മണ്ണാലിപ്പ് തടയുക.

4. താച്ചയിൽ പുത്തൻ കുളം തോട്ടിൽക്കൂടി വെള്ളം ഒഴുകുന്നതിന് സൗകര്യമുണ്ടാക്കുക.

5. ചൂളൂർ കാവിന്റെ വടക്കോട്ട് തറയിൽ വീടിന്റെ തെക്കുവശത്തുനിന്നും തുടങ്ങുന്ന തോട്, തെക്കോട്ട് മൈതാനത്ത് വീടിന്റെ മുമ്പിൽ ചെന്നെത്തുന്ന തോടിന്റെയും സൈഡ്വാൾ കെട്ടി സംരക്ഷിക്കുക.

6. പുത്തൻകുളങ്ങര കുളത്തിന്റെ ഇരുവശവും സൈഡ്വാൾ കെട്ടുക

7. കൊങ്ങിണി അയ്യത്ത് കിഴക്കുവശത്തെ തോട് സൈഡ്വാൾ കെട്ടി സംരക്ഷിക്കുക.

വാർഡ് 7

1. ചിറ്റുമൂല പാലം മുതൽ തെക്കോട്ട് കറുകയിൽ ജംഗ്ഷൻ വരെ പാറ്റോലിത്തോടിന്റെ സൈഡ്വാൾ കെട്ടി സംരക്ഷിക്കുക.

2. ഏഴാം വാർഡിൽ റെയിൽവേ ലൈനിന് പടിഞ്ഞാറുവശം അമ്ലാംശം കൂടിയ മണ്ണാണ്. അതിനാൽ ഈ ഭാഗത്ത് അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

3. കായംകുളം കായലിൽനിന്നും കരുനാഗപ്പള്ളി പള്ളിക്കലാറിൽ എത്തിച്ചേരുന്ന പാറ്റോലി തോടിൽ ഏഴാം വാർഡിൽ ചിറ്റുമൂല പാലം മുതൽ മാടൻകാവ് ക്ഷേത്രം വരെയുള്ള ഭാഗത്ത് തോടിന്റെ സൈഡ്വാൾ കെട്ടി ഉളിയനാട് പാടശേഖരങ്ങളിലെ കൃഷിനാശം തടയുക.

4. ഉളിയനാട് പാടശേഖരങ്ങളിൽ ചിറക്കടമുക്ക് മുതൽ എഫ്.സി.ഐ. ജംഗ്ഷൻ വരെ ഓടകെട്ടി ഒരുപ്പൂ കൃഷി, ഇരുപ്പൂ കൃഷി ആക്കത്തക്ക നിലയിൽ ജനസേചന സൗകര്യം വർദ്ധിപ്പിക്കുക.

5. മുണ്ടപ്പള്ളി കിഴക്കുഭാഗത്ത് ഉള്ള വെള്ളം മുതലശ്ശേരിക്ഷേത്രത്തിന് വടക്ക് വശം മുതൽ പല്ലിയിൽപ്പാടം വരെ ഓടകെട്ടി കൃഷിനാശം ഒഴിവാക്കുക.

6. പറമ്പിൽ മുക്കിൽ നിന്നും തെക്കോട്ട് വട്ടക്കാട്ട് കിഴക്കുവശത്തുകൂടി കാരിക്കൽത്തോട് വരെ ഓടകെട്ടി കൃഷിക്കാരെ സംരക്ഷിക്കുക.

7. ഉളിയനാട് പാടശേഖരം ഗ്രൂപ്പ്ഫാമിങ്ങിലുൾപ്പെടുത്തി കർഷകരെ സഹായിക്കുക.

8. എഴാം വാർഡിന്റെ പടിഞ്ഞാറുഭാഗം കുളം, കിണർ എന്നിവ നിർമ്മിച്ചാൽ ശുദ്ധജലം ലഭിക്കാത്ത അവസ്ഥയുണ്ട്. ഇത് പരിഹരിക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുക.

9. കിണറും പമ്പുസെറ്റും കൃഷിക്കാർക്ക് നൽകുക.

വാർഡ് 8

1. കിഴക്കടത്ത്, വട്ടക്കാട്ട് വയൽ, വേണാട്ട് വയൽ എന്നിവിടങ്ങളിൽ നിന്നും ജലം ഒഴുകുന്നതിനുവേണ്ടി പഞ്ചായത്ത് സമിതി തുടങ്ങിവച്ച ഓടയുടെ പണി പൂർത്തീകരിക്കുക.

2. പുന്തലപ്പാടം മുതൽ പടിഞ്ഞാറോട്ട് ആലും താഴത്ത് ഭാഗം വരെയുള്ള പാടശേഖരം, കളീക്കൽ വടക്കേഭാഗം, കോട്ടൂർ ചാൽപ്പാടം, കൊട്ടയ്ക്കാട്ട്, കിഴക്കടുത്ത് പാടം, കടുവിനാൽ കുറ്റിപ്പാലം എന്നിവയിലെ ജലം ഒഴുകിപ്പോകുന്നതിന് ഓട നിർമ്മിക്കുക.

3. അയണിക്കാട്ട് തെക്കേവശം മുതൽ പടിഞ്ഞാറോട്ട് കാരിക്കൽ തോടുവരെ ഓടകെട്ടി സംരക്ഷിക്കുക.

4. കളത്തൂർ തെക്കേ തോട് ഓടകെട്ടി സംരക്ഷിക്കുക.

5. പാലപ്പള്ളി കിഴക്കേവശംമുതൽ ആലംതാഴത്തുവരെ ഓടകെട്ടി സംരക്ഷിക്കുക

6. തെക്കാവ് മുതൽ തെക്കോട്ട് [illegible]ർ കിഴക്കതിൽ ചെന്നെത്തുന്ന ഓട സൈഡ്വാൾ കെട്ടി സംരക്ഷിക്കുക.

7. പുന്തല പടിഞ്ഞാറെ പാടത്തിലെ വെള്ളം ഒഴുകിപ്പോകുന്നതിന് കളത്തൂർ തെക്ക് വശം ഓടകെട്ടി സംരക്ഷിക്കുക.

8. ചക്കിട്ടയിൽ കിഴക്കുവശത്തു നിന്നും ഒഴുകിവരുന്ന ജലം മാരൂർ തെക്ക് വശത്തുള്ള കലുങ്കിലെത്തുന്നതിനുള്ള ഓട നിർമ്മിക്കുക.

വാർഡ് 9

1. കാവുംകട പടിഞ്ഞാറെ വശം, കൊച്ചുപത്തിയിൽ വടക്കു തടത്തിൽ ഏലാ, പോണാൽ കിഴക്കുവശമുള്ള ഏലാ, കുമ്പഴ വയൽ, മുണ്ടപ്പള്ളിൽ ഏലാ, കള്ളാട്ട് ഏലാ, എന്നിവിടങ്ങളിലെ വെള്ളം കാവുംകട വടക്കുവശം മുതൽ ഓടകെട്ടിയും കൈത്തോടു നിർമ്മിച്ചും എ.വി.എച്ച്.എസ്. മുക്കിലുള്ള വലിയ ഓടയിൽക്കൂടി തഴവയലിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

2. ക്ടാപ്പള്ളി. വയലിൽ നിന്നും ഒഴുകി വരുന്ന ജലം ഒഴിച്ചു വിടുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

3. കാക്കോട്ടു തെക്കുവശത്തുകൂടി ആവിശ്യമായ ഓടയും കൈത്തോടും നിർമ്മിച്ച് കൈതോലിപ്പാടം കൃഷിയ്ക്ക് ഉപയുക്തമാക്കുക.

4. കൈതോലി പാടം മുതൽ ചിറ്റുമൂല വരെയുള്ള തോട് സൈഡ്വാൾ കെട്ടി തോടുസംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

5. കുറ്റീലത്ത് വീട് മുതൽ ആരംഭിക്കുന്ന തോടിന്റെ വടക്കുവശത്ത് കുളം കുഴിച്ചിട്ടിരിക്കുന്ന ഭാഗം സൈഡ്‌വാൾ കെട്ടി റോഡ് സഞ്ചാരയോഗ്യമാക്കണം.
6. കൊട്ടക്കാട്ട് മുതൽ പുതുപ്പരയ്ക്കൽ വരെയുള്ള വയൽ കൃഷിയ്ക്ക് ഉപയുക്തമാക്കുക.
7. കൊറ്റിനാട്ട് വയൽ കൃഷിയ്ക്ക് ഉപയുക്തമാക്കത്തക്ക രീതിയിൽ സൈഡ്‌വാൾ കെട്ടി സംരക്ഷിക്കുക.

വാർഡ് 10

1. നാട്ടുവാതുക്കൽ പാലം മുതൽ മൈപ്ര പാലം വരെയുള്ള തോടിന്റെ സൈഡ്‌വാൾ കെട്ടി ഗതാഗതയോഗ്യമാക്കുക.
2. കവറാട്ട് കിഴക്കുവശമുള്ള വയലിൽ നിന്നും വെങ്ങാട്ടൂർ ഏലായിലേക്ക് പൈപ്പിട്ട് ഓടയുമായി ബന്ധിപ്പിക്കുക.
3. പ്ലാവിള ചന്തയ്ക്ക് പടിഞ്ഞാറ് വശം പാലപ്പള്ളി വയലിൽ നിന്നും വെള്ളംമൊഴുകിപ്പോകുന്നതിന് നിലവിലുള്ള ഓട ആഴവും വീതിയും കൂട്ടി മൈപ്ര കലിങ്കിലെത്തിക്കുക.
4. മഠത്തിൽ ക്ഷേത്രത്തിന് തെക്ക് വശത്തുള്ള ഓട പുതുക്കിപ്പണിഞ്ഞ് നാട്ടുവാതുക്കൽ മൈപ്രത്തോട്ടിലേക്ക് വെള്ളം ഒഴുകിപ്പോകാൻ സൗകര്യമുണ്ടാക്കണം.

വാർഡ് 11.

1. പണയിൽ പാടത്തിന്റെ വടക്കേ അറ്റത്തുള്ള ഓടയിൽ കൂടി ഒഴുകി വരുന്ന വെള്ളം നെൽകൃഷിക്ക് ദോഷം ചെയ്യാത്ത വിധത്തിൽ കായലിലേക്ക് തിരിച്ച് വിടുക.
2. പെരുവയൽ ഭാഗത്തുനിന്നും തെക്കോട്ട് ഒഴുകുന്ന തോടിന്റെ സൈഡ്‌വാൾ കെട്ടുക.
3. കാരൂർപാടം തോടിന്റെ നിലവിലുള്ള തടസ്സം ഒഴിവാക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
4. കാരൂർകടവ് പാലത്തിനു സമീപം പള്ളിക്കൽ ആറിന്റെ പടിഞ്ഞാറ് വശം ബണ്ട് കെട്ടുക.
5. കുറ്റിനക്കാല ക്ഷേത്രത്തിന് കിഴക്കുവശത്തുകൂടിയുള്ള വെള്ളമൊഴുക്ക് ചിറയുടെ കിഴക്കുവശത്തുകൂടി തെക്കോട്ട് മുട്ടുമുഴക്കൽ തോട്ടിൽ എത്തിക്കുക.
6. മുട്ടുമുഴക്കൽ തോടിന്റെ ഇരുവശവും സൈഡ് കെട്ടി സംരക്ഷിക്കുകയും വശങ്ങളിൽ റോഡ് സംരക്ഷിക്കുകയും ചെയ്യുക.
7. കണ്ണാർക്കാവിന്റെ താഴ്ന്ന പ്രദേശത്തുനിന്നും വെള്ളമൊഴുക്കി മുട്ടുമുഴക്കൽ തോട്ടിലെത്തിക്കുക.
8. കണ്ണാണിക്കൽ വയലിലെ വെള്ളം നിലവിലുള്ള തോടുവെട്ടി അംബേദ്ക്കർ ഗ്രാമത്തിലെ തോട്ടിലെത്തിക്കുക.
9. ഇടവഴിത്തലയ്ക്കൽ കുളവും പുത്തൻ കുളങ്ങര കുളവും കൃഷിയ്ക്ക് ഉപയുക്തമാക്കുക.
10. കാരൂർക്കടവ് മുതൽ വല്യതറക്കടവ് വരെ പള്ളിക്കലാറിന്റെ പടിഞ്ഞാറു വശം ബണ്ടു കെട്ടി മുണ്ടക നിലങ്ങളെ സംരക്ഷിക്കുക.
11. കൃഷ്ണക്കാല കലുങ്കു മുതൽ കൊല്ലക്കരകായൽ റോഡും തോടും നിർമ്മിക്കുക.

വാർഡ് 12.

1. 250 ഏക്കറോളം വരുന്ന മാലുമേൽ പുഞ്ചയുടെ ബണ്ട് ബലപ്പെടുത്തി ഉയരം കൂട്ടുക.
2. ബണ്ടിന്റെ മുകൾ ഭാഗത്ത് കൃഷിയാവശ്യങ്ങൾക്കായി ടെമ്പോ ഓടത്തക്ക നിലയിൽ വീതി കൂട്ടുക.
3. ബണ്ടിന്റെ വടക്കു കിഴക്ക് സ്ലൂയിസ് നിർമ്മിച്ച് ഷട്ടർ ഇടുക. നിലവിലുള്ള സ്ലൂയിസ് പൊളിച്ച് ഷട്ടർ ഇടുക.
4. ജലസേചനത്തിനായി കരത്തോട് നിർമ്മിക്കുക.
5. അതിർത്തിയില്ലാതെ കിടക്കുന്ന പുഞ്ച സർവ്വേ നടത്തി അതിർത്തി നിർണ്ണയിക്കുക.
6. മൈപ്ര കലുങ്ക് മുതൽ തെക്കുംപ്ടാകത്ത് കലുങ്ക് വരെ ഉള്ള തോടിന്റെ സൈഡ് കെട്ടി വെള്ളമൊഴുകാൻ സൗകര്യമുണ്ടാക്കുക.
7. മാലുമേൽ ക്ഷേത്രത്തിന്റെ വടക്കുവശത്തെ കുളത്തിൽ നിന്നും മാലുമേൽ പുഞ്ച കൃഷിക്ക് വെള്ളം കിട്ടുന്നതിന് ഓട കെട്ടുക.
8. പെരുവയലിൽ പാടം കൃഷിയോഗ്യമാക്കുക.
9. കോട്ടൂർമുക്ക് മുതൽ ചിറത്താഴ വരെ ഓട കെട്ടുക.

10. കല്ലട ഇറിഗേഷൻ പദ്ധതി തൊടിയൂർ പഞ്ചായത്തിൽ കൂടി ഉൾപ്പെടുത്തുക.
11. മങ്കുഴി മുക്കു മുതൽ മാലുമേൽ പുഞ്ചയിലേക്ക് റോഡ് നിർമ്മിക്കുക.
12. വെട്ടുവയലിൽ പാടത്തിന്റെ കൃഷിയ്ക്ക് കാർഷിക സമിതി ഏർപ്പെടുത്തുക.
13. ഗ്രൂപ്പ്ഫാം സമിതികൾക്ക് ട്രില്ലർ ലഭ്യമാക്കുക.
14. കണിക ജലസേചന സംവിധാനം ഏർപ്പെടുത്തുക.
15. ഗവേഷണ കേന്ദ്രങ്ങളിൽ കർഷകർക്ക് സൗജന്യ പഠനകേന്ദ്രങ്ങൾ ഏർപ്പെടുത്തുക.
16. അരീക്കര, ഊറ്റുകുഴി ആഴംകൂട്ടി സൈഡ്വാൾ കെട്ടി സംരക്ഷിക്കുക.
17. കാർഷിക രംഗത്ത് എല്ലാ നല്ലയിനം തൈകളും വിതരണം ചെയ്യുക.

വാർഡ് 13

1. കാപ്പിത്തറ ഭാഗത്തുനിന്നും ചേനാത്ത് മുക്കിൽ അവസാനിക്കുന്ന തോട്ടിൽ കളീക്കൽ തെക്കേ മുക്കിൽ നിന്നും കിഴക്കോട്ട് സൈഡ്വാൾ കെട്ടി സംരക്ഷിക്കുക. പെരുന്തഴ കലുങ്കിൽ ക്രോസ്ബാർ ഉപയോഗിച്ച് വെള്ളം തിരിച്ചു വിട്ടാൽ 20 ഹെക്ടർ സ്ഥലം നെൽകൃഷ്യ്ക്ക് ഉപയുക്തമാക്കാൻ കഴിയും.
2. കോട്ടയ്ക്കകത്ത് വടക്കേ ജംഗ്ഷനിൽ നിന്നുള്ള കൈത്തോടിന്റെ വീതികൂട്ടി സൈഡ്വാൾ നിർമ്മിക്കുക.
3. കല്ലൂരേത്ത് മുക്കിൽക്കൂടി എഴുവിൽ തോട്ടിൽ വന്നു ചേരുന്ന തോടിന് സൈഡ്വാൾ കെട്ടി കൃഷിയ്ക്ക് ഉപയുക്തമാക്കുക.
4. അരമത്തുമഠം ജംഗ്ഷനിലെ കുളത്തിനു കിഴക്കു നിന്നും തെക്കോട്ടുള്ള റോഡ് അവസാനിക്കുന്നിടത്തുനിന്നും കിഴക്കോട്ടുള്ള തോടിന് സൈഡ്വാൾ കെട്ടുകയും, അതോടൊപ്പം ഒരു സൈഡിൽക്കൂടി റോഡ് നിർമ്മിക്കുകയും വേണം.

വാർഡ് 14

1. ആര്യൻ പാടം ബണ്ടിന്റെ അറ്റകുറ്റപ്പണികൾ തീർത്തു ഷട്ടർ ഇടുക
2. നടച്ചാൽ മാടൻ കല്ലൂ, അയണിക്കപ്പുര എന്നിവിടങ്ങളിൽ 20 എച്ച്. പി. പമ്പുസെറ്റുകൾ സ്ഥാപിക്കുകയും നടച്ചാൽ ചീപ്പിലും മാടൻ കല്ല് ചീപ്പിലും ഷട്ടർ ഇടുകയും വേണം. പനത്തറയിൽ നിന്നും പടിഞ്ഞാറോട്ടുള്ള കരത്തോട് നടച്ചാൽ ബണ്ടുവരെ ഏത്തിക്കുകയും കരത്തോടിന്റെ ഒരു വശത്തുകൂടി റോഡ് നിർമ്മിക്കയും ചെയ്യുക.
3. സൈക്കിൽ മുക്ക് മാടൻ കല്ല് ബണ്ടുറോഡും, നടച്ചാൽ റോഡും നിലവിൽ ഉള്ളവയിൽ നിന്നും 4 അടി പൊക്കി സൈഡ്വാൾ കെട്ടി ടാർ ചെയ്തു പാടശേഖരത്തെ വെള്ളപ്പൊക്കത്തിൽ ഒന്നായി മുങ്ങാതിരിക്കാൻ ചെറു ബണ്ടുകളാക്കണം. റോഡിന്റെ വശത്തുകൂടി വെള്ള മൊഴുകുന്നതിന് ഓടനിർമ്മിക്കുകയും വേണം.
4. കോത്തറ തെക്കേ വലിയ കലിങ്കു മുതൽ തൊടിയൂർപാലം മുതലുള്ള ബണ്ടിന്റെ സൈഡിൽ ഒരു റോഡ് നിർമ്മിക്കണം.
5. നടച്ചാൽ മാടൻ കല്ല് റോഡിന്റെ അവസാന ഭാഗത്ത് ഒരു ചീപ്പ് നിർമ്മിക്കുകയും അതിനെ ഷട്ടർ ഇട്ട് ബലപ്പെടുത്തുകയും വേണം.
6. കോത്തറ തെക്ക് ചെറിയ കലുങ്കിൽ നിന്നും കിഴക്കോട്ട് ഒഴുകുന്ന ചാൽ അടച്ച് വെള്ളം വലിയ തോട്ടിലേക്ക് ഇറക്കത്തക്ക രീതിയിൽ റോഡിന്റെ സൈഡിൽക്കൂടി ഓട നിർമ്മിക്കണം.
7. കപ്പിത്തറ പാടത്തു നിന്നും വരുന്ന ചെറിയ തോടിന്റെ രണ്ടു വശത്തും ബണ്ട് നിർമ്മിക്കണം.
8. കളീക്കൽ തെക്കേ വയലിൽ കെട്ടിക്കിടക്കുന്ന വെള്ളം തൊടിയൂർ വട്ടക്കായലിലേക്ക് ഒഴിച്ചു വിടുന്നതിനുള്ള ഓട നിർമ്മിക്കണം.
9. തൊടിയൂർ തോണിച്ചാലിന്റെ സൈഡുകൾ കെട്ടി ഒരു ജലസംഭരണി ആക്കുകയും ഒരു പമ്പ് സെറ്റ് സ്ഥാപിക്കുയും വേണം.
10. തൊടിയൂർ കോണത്തു റോഡിന്റെ സൈഡ് കെട്ടി ബണ്ട് നിർമ്മിക്കണം.
11. തൊടിയൂർ ആര്യമ്പാടം പ്രോജക്റ്റ് എത്രയും വേഗം നടപ്പിലാക്കണം.
12. കരത്തോടും പമ്പുഹൗസും സംരക്ഷിക്കുന്നതിനുവേണ്ടി ആര്യമ്പാടത്തിന്റെ പടിഞ്ഞാറു വശത്തുകൂടി വാച്ചുമാനെ നിയമിക്കണം.
13. ബണ്ടിന്റെ കിഴക്കു മുതൽ പടിഞ്ഞാറെ അറ്റം വരെ കൃഷിയ്ക്കനുയോജ്യമായ രീതിയിൽ സൈഡിൽക്കൂടി റോഡ് നിർമ്മിക്കണം.

കാർഷിക മേഖലയിലെ പ്രശ്നങ്ങൾ

1. കൃഷി വിപുലപ്പെടുത്താൻ ആവശ്യമായ വായ്പകൾ യഥാസമയം ലഭിക്കുന്നില്ല.
2. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത.
3. ഉല്പാദന ചെലവുകൾക്ക് അനുസൃതമായി കാർഷികോൽപ്പന്നങ്ങൾക്ക് വില ലഭിക്കുന്നില്ല.
4. ജൈവ വളങ്ങളുടെ ലഭ്യതക്കുറവ്
5. തൊഴിലാളികളെ ആവശ്യത്തിന് ലഭിക്കുന്നില്ല.
6. കീടനാശിനികൾ, രാസ വളങ്ങൾ എന്നിവയുടെ വിലവർദ്ധനവ്
7. കീടബാധ, കൂമ്പ് ചീയൽ, കാറ്റുവീഴ്ച, കവുങ്ങിനെ ബാധിക്കുന്ന മഹാളി, കുരുമുളകിനെ ബാധിക്കുന്ന ദ്രുതവാട്ടം, വാഴയുടെ കൂമ്പടപ്പ് എന്നീ രോഗങ്ങൾ
8. അശാസ്ത്രീയമായ കൃഷി സമ്പ്രദായങ്ങൾ
9. മണ്ണ് പരിശോധന നടത്താനുള്ള സൗകര്യമില്ലായ്മ.
10. അത്യുത്പാദനശേഷിയുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും ആവശ്യത്തിന് ലഭിക്കുന്നില്ല.
11. കാർഷികവൃത്തിയോടുള്ള താല്പര്യക്കുറവ്.
12. കാർഷികോല്പന്നങ്ങൾ വിറ്റഴിക്കാനുള്ള കമ്പോളങ്ങളുടെ അപര്യാപ്തത.
13. കൂലി വർദ്ധനവ്
14. ഉല്പന്നങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സൗകര്യക്കുറവ്
15. വയൽ നികത്തൽ, അശാസ്ത്രീയമായ ചെളിയെടുപ്പ്.
16. വയലും പറമ്പും തരിശിടുന്നു.
17. പരിസ്ഥിതി പ്രശ്നങ്ങൾ
18. എലിശല്യം.
19. കൂട്ടുകൃഷിയിൽ താല്പര്യക്കുറവ്.

നിർദ്ദേശങ്ങൾ

1. കുറഞ്ഞ പലിശ നിരക്കിൽ വിവിധതരത്തിലുള്ള വായ്പകൾ ലഭ്യമാക്കുക.
2. നിലവിലുള്ള തോടുകളിൽ ജലസേചന നിർഗമന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക

   കല്ലട ഇറിഗേഷൻ പ്രവർത്തനം ഈ പഞ്ചായത്തിൽ നടപ്പാക്കുക.

   ജലസേചനത്തിനുവേണ്ടി കുഴൽ കിണർ, കിണർ, കുളം എന്നിവ സ്ഥാപിക്കുക.
3. ഓണാട്ടുകര പദ്ധതി അനുസരിച്ചുള്ള വികസന പ്രവർത്തനം ത്വരിതപ്പെടുത്തുക.
4. പാടങ്ങൾ നികത്തലും കുഴിക്കലും സംബന്ധിച്ച നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കുക.
5. പുതിയ നഴ്സറികൾ സ്ഥാപിക്കുക.
6. അഗ്രോക്ലിനിക്കുകൾ സ്ഥാപിക്കുക.
7. പള്ളിക്കലാറിന്റെ തീരങ്ങളിൽ ബണ്ട് നിർമ്മിക്കുക.
8. കല്ലേലിഭാഗം വില്ലേജിൽ ഒരു പുതിയ കൃഷിഭവൻ സ്ഥാപിക്കുക.
9. എലി നശീകരണം ഊർജ്ജിതപ്പെടുത്തുക.
10. കാർഷിക രോഗങ്ങളെ കുറിച്ച് ബോധവല്ക്കരണം വിപുലപ്പെടുത്തുക.
11. പാടശേഖരകമ്മിറ്റികൾ, കേര കർഷക സമിതികൾ എന്നിവ കാര്യക്ഷമമാക്കുക.
12. ഇടവിള കൃഷികൾ പ്രോത്സാഹിപ്പിക്കുക. ഔഷധച്ചെടികൾ പ്രചരിപ്പിക്കുക.
13. പച്ചക്കറികൃഷി വ്യാപിപ്പിക്കുക.
14. സാമൂഹ്യ വനവൽക്കരണം ത്വരിതപ്പെടുത്തുക.
15. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടങ്ങളും, ഉദ്യാനങ്ങളും, വ്യാപകമായി നടപ്പിൽ വരുത്തുക.
16. യുവതലമുറയ്ക്ക് കൃഷിയിൽ താല്പര്യം ജനിപ്പിക്കത്തക്കവിധത്തിൽ പാഠ്യപദ്ധതിയിൽ കൃഷിയ്ക്ക് ആവശ്യമായ പ്രധാന്യം കൊടുക്കുക.
17. അത്യുത്പാദനശേഷിയുള്ള നല്ലയിനം കറവമാടുകളെ കൃഷിക്കാർക്ക് കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുക. പച്ചപ്പുൽകൃഷി വ്യാപകമാക്കുക.
18. വിള ഇൻഷുറൻസ് പദ്ധതി എല്ലാ വിളകൾക്കും വ്യാപകമാക്കുക.
19. കൃഷ്ക്കാർക്ക് ആവശ്യമായ ക്ഷേമനിധിയും പെൻഷനും അനുവദിക്കുക.
20. കാർഷികാവശ്യത്തിനും വിപണനത്തിനുമായി ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക.
21. തൊടിയൂർ പുഞ്ച, മാലുമേൽ പുഞ്ച, ആര്യൻപാടം, പള്ളിക്കലാറിന്റെ തീരപ്രദേശത്തുള്ള മുണ്ടകപ്പാടങ്ങൾ എന്നിവയിലെ കൃഷി വിപുലപ്പെടുത്തുന്നതിനുള്ള സ്കീമുകൾ നടപ്പിൽ വരുത്തുക..

പട്ടിക.1

തൊടിയൂർ ഗ്രാമപഞ്ചായത്ത്

ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

ജനം	വിസ്തീർണ്ണം
നിലം	265.00
പുരയിടം	1544.72
പുറംപോക്ക്	185.50
കൃഷിയോഗ്യ തരിശ്	42.00
കൃഷിയോഗ്യമല്ലാത്ത തരിശ്	4.00

പട്ടിക.2

തൊടിയൂർ ഗ്രാമപഞ്ചായത്ത്

വിള വിസ്തീർണ്ണവും ഉല്പാദനവും (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

വിള	വിസ്തീർണ്ണം	മൊത്തം ഉല്പാദനം	ഉല്പാദനക്ഷമത (H.S)
നെല്ല് (ഒന്നാം വിള)	260 H.S	420 MTS	3 MTS
നെല്ല് (രണ്ടാം വിള)	265 H.S	560 MTS	2.9 MTS
നെല്ല് (മൂന്നാം വിള)	—	—	—
പയർ	10 H.S	5.2 MTS	1.1 MTS
എള്ള്	80 H.S	24 MTS	0.75 MTS
പച്ചക്കറികൾ	15 H.S	18.75 MTS	3.75 MTS
തെങ്ങ്	1342 H.S	4160200 MTS	700 MTS /H.S
വാഴ	41 H.S	164 MTS	8 MTS/H.S
മരച്ചീനി	41 H.S	12 MTS	8 MTS
കുരുമുളക്	45 H.S	14 MTS	7.6 MTS/H.S
പ്ലാവ്	50 H.S	48100 MTS	15000 MTS/H.S
കശുമാവ്	5 H.S	1.56 MTS	0.8 MTS/H.S
മാവ്	52 H.S	12.45 MTS	1 MTS/H.S
റബ്ബർ	2.5 H.S	—	—
കമുക്	43 H.S	1500000 MTS	225000 MTS/H.S
ഇഞ്ചി	8 H.S	8.1 MTS	4 MTS /H.S
മഞ്ഞൾ	4 H.S	2.8 MTS	1 MTS/H.S

തൊടിയൂർ ഗ്രാമപഞ്ചായത്ത്
രാസവളം – കീടനാശിനി വിപണനം

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	1993–94			1994–95			1995–96		
		രാസവളം കിലോഗ്രാം	കീടനാശിനി		രാസവളം കിലോഗ്രാം	കീടനാശിനി		രാസവളം കിലോഗ്രാം	കീടനാശിനി	
			ദ്രവം	ഖരം		ദ്രവം	ഖരം		ദ്രവം	ഖരം
1	2	3	4	5	6	7	8	9	10	11
1	സഹകരണം 2406Thodiyoor Service Co-Bank	17.528 MT	20 LM	.425 MTS	19.665 MTS	22 LTS	.5MT	21.068 MT	25.1 L	0.550 MT
2	സ്വകാര്യം	9.1 MT	13L	.205 MT	10.914 MT	14L	0.3 MT	12.12 MT	14.1 L	0.315 MT

തൊടിയൂർ ഗ്രാമപഞ്ചായത്ത്
ജലസേചന സംവിധാനങ്ങൾ

വാർഡ് നമ്പർ	പൊതു ജല സേചന കിണർ	കുഴൽ കിണർ	കുളം	ക്രോസ് ബാർ	അണക്കെട്ട്
1	2	3	4	5	6
1	—	—	2	—	—
2	—	—	3	—	—
3	—	—	1	—	—
4	—	1	1	—	—
5	1	3	1	—	—
6	—	—	1	—	—
7	—	—	1	—	—
8	1	–	1	—	—
9	—	—	2	—	—
10	—	2	1	—	—
11	—	1	1	—	—
12	—	1	1	—	—
13	—	—	1	—	—
14	—	—	1	—	—
15	—	—	1	—	—

തൊടിയൂർ ഗ്രാമപഞ്ചായത്ത്
പതിച്ചുകൊടുക്കാവുന്ന ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref: രജിസ്റ്റർ നമ്പർ 5)

വില്ലേജിന്റെ പേര്	വിസ്തീർണ്ണം (ഏക്കറിൽ)					സ്ഥാവര വസ്തുക്കളുടെ വിവരം
1	2	3	4	5	6	7
കല്ലേലിഭാഗം	1H 88R	2H 49R	NIL	NIL	4H 37R	NIL
തൊടിയൂർ	NIL	NIL	NIL	NIL	NIL	NIL

തൊടിയൂർ ഗ്രാമപഞ്ചായത്ത്
സംരക്ഷിത വൃക്ഷങ്ങളുടെ വിവരങ്ങൾ (Ref: രജിസ്റ്റർ നമ്പർ 5)

വില്ലേജിന്റെ പേര്	വൃക്ഷങ്ങളുടെ എണ്ണം						ആകെ
	ഈട്ടി	തേക്ക്	മരുത്	തേമ്പാവ്	ആഞ്ഞിലി	ചന്ദനം	
1	2	3	4	5	6	7	8
കല്ലേലിഭാഗം	NIL	NIL	NIL	NIL	NIL	NIL	NIL
തൊടിയൂർ	NIL	NIL	NIL	NIL	NIL	NIL	NIL

തൊടിയൂർ ഗ്രാമപഞ്ചായത്ത്
ദുരിതാശ്വാസ വിവരണം

വർഷം	പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം				ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾ പൊട്ടൽ		
1	2	3	4	5	6	7
1993-94	—	—	—	—	—	—
1994-95	—	—	—	—	518	Rs: 71317/-
1995-96	—	—	—	—	—	—

തൊടിയൂർ ഗ്രാമപഞ്ചായത്ത്
തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	തെങ്ങ് എണ്ണം				തെങ്ങ് എണ്ണം					ആകെ
	തെങ്ങ്കൃഷി വിസ്തീർണ്ണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലീഫ് റൂട്ട്	ബഡ് റൂട്ട്	സ്റ്റെം ബ്ലീഡിംഗ്	മറ്റുള്ളവ	
1	98	5120	12030	17150	4468	6014	343	22	70	10897
2	92	4508	11592	16100	4025	5796	298	5	63	10187
3	89	4516	11059	15575	4049	5918	176	3	58	10204
4	113	5933	13842	19775	5339	7316	411	7	67	13140
5	96	5040	11760	16800	4872	6216	241	3	56	11388
6	106	5565	12985	18550	5008	6678	322	4	96	12108
7	94	5429	11021	16450	4441	5428	189	2	47	10107
8	94	5487	11138	16625	4987	5985	258	6	87	11323
9	114	5586	14364	19980	5785	7980	320	4	118	14207
10	101	4949	12726	17675	5302	6893	261	6	116	12578
11	95	4489	12136	16625	4987	6650	367	4	51	12059
12	98	51456	12005	17150	5145	6860	341	2	52	12400
13	79	3899	9926	13825	4316	5570	94	2	42	10024
14	72	3780	8820	12600	3906	5040	127	3	37	9113
	1342			234850						159735

തൊടിയൂർ ഗ്രാമപഞ്ചായത്ത്
കാർഷികോപകരണങ്ങൾ


വാർഡ് നമ്പർ	ഉഴവുപകരണങ്ങൾ			മരുന്നു തളിക്കുന്ന ഉപകരണങ്ങൾ				തെങ്ങുകയറ്റ യന്ത്രം	പോർട്ടബിൾ പമ്പ്സെറ്റ്
	ട്രാക്ടർ	ഡ്രില്ലർ	നാടൻ കലപ്പ	റോക്ക് സ്പെയർ	നാവസ്സാക്ക് സ്പെയർ	മറ്റുള്ളവ	മെതിയന്ത്രം		
1	2	3	4	5	6	7	8	9	10
1			4	2	2			1	3
2			2	2					2
3			4	1	1			1	2
4			3	2					2
5			3	2					2
6		1	3	2	2		1		2
7			2	1					3
8			4	2	2				2
9			2	2	2			1	2
10		1	6	2	2		1		2
11	1		4	5	2		1		2
12			4	4	4				3
13			3	1					2
14	2		6	1	1	2		1	3

തൊടിയൂർ ഗ്രാമപഞ്ചായത്ത്
കൈവശ ഭൂമി വിസ്തീർണ്ണം

വാർഡ് നമ്പർ	നാമമാത്രകർഷകർ (1 ഹെക്ടറിൽ താഴെ)	ചെറുകിട കർഷകർ (1-2 വരെ ഹെക്ടർ)	വൻകിട കർഷകർ (2 ഹെക്ടറിനുമുകളിൽ)
1	2	3	4
1	91	48	1 -2.2 Hs
2	103	33	
3	87	36	
4	102	45	
5	88	30	
6	96	49	
7	90	39	
8	106	45	
9	90	39	
10	94	38	
11	85	36	
12	93	35	
13	88	41	
14	91	44	

തൊടിയൂർ ഗ്രാമപഞ്ചായത്ത്
നടീൽ വസ്തു വിതരണം

	ഇനം	എണ്ണം		
		1993 - 94	1994 - 95	1995 - 96
1	തെങ്ങ് NCT, TXD	710	805	1080
2	പച്ചക്കറി വിത്ത്	7800 പായ്ക്കറ്റ്	750 പായ്ക്കറ്റ്	500 പായ്ക്കറ്റ്
3	കുരുമുളക് (കരിമുണ്ട)	3000	12500	3000
4	നെൽവിത്ത് (ജ്യോതി)	1500 കി.ഗ്രാം.	5400 കി.ഗ്രാം.	1600 കി.ഗ്രാം.
5	ഉഴുന്നുവിത്ത്	320 കി.ഗ്രാം.	240 കി.ഗ്രാം.	
6	എള്ളുവിത്ത്	20 കി.ഗ്രാം.	88 കി.ഗ്രാം.	90 കി.ഗ്രാം.
7	മാവ് ഗ്രാഫ്റ്റ്		100	60
8	പേര, പയർ		130	
9	പ്ലാവ് ഗ്രാഫ്റ്റ്		50	30
10	നാരകം		20	
11	കുറ്റിമുല്ല		400	
12	ഗ്രാമ്പൂ തൈ		25	400
13	ജാതി തൈ		25	400
14	C.152 പയർ വിത്ത്		168 കി.ഗ്രാം.	164 കി.ഗ്രാം.
15	കമുക്			180
16	ഏത്തവാഴവിത്ത്			310



മൃഗസംരക്ഷണവും മത്സ്യബന്ധനവും

ഭാരത ജനതയുടെ മുഖ്യതൊഴിൽ കൃഷിയും മൃഗസംരക്ഷണവുമാണ്. ഇത് പരസ്പരപൂരകങ്ങളാണ് നമ്മുടെ പഞ്ചായത്തിലെ സ്ഥിതിയും ഇതിൽ നിന്ന് വ്യത്യസ്തമല്ല. കന്നുകാലിവളർത്തൽ മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവർ ഇന്ന് വളരെക്കുടുതലാണ്. കാള, പശു, പോത്ത്, എരുമ, ആട് എന്നീ വളർത്തുമൃഗങ്ങളും കോഴി, താറാവ് തുടങ്ങിയ വളർത്തുപക്ഷികളുമാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന പക്ഷിമൃഗാദികൾ. കൃഷിഭൂമി ഉഴുതുമറിക്കുന്നതിനും, വളത്തിനും നമ്മുടെ പഞ്ചായത്തിൽ മുൻകാലങ്ങളിൽ പ്രധാനമായും വളർത്തുമൃഗങ്ങളെ ആശ്രയിച്ചിരുന്നു. ആധുനിക കൃഷി സമ്പ്രദായങ്ങൾ കടന്നുവന്ന ഇക്കാലത്തും ഉഴവുമാടുകളെ ഉപയോഗിച്ച് കാർഷികാവശ്യങ്ങൾ നടത്തുന്ന ധാരാളം കൃഷിക്കാർ പഞ്ചായത്തിലുണ്ട്. ചരക്കുകടത്തിനും, ഗതാഗതത്തിനും മുൻകാലങ്ങളിൽ പ്രധാനമായും കാളവണ്ടികളെ ആശ്രയിച്ചിരുന്നു. യന്ത്രവല്കൃതമായ ഈ കാലയളവിൽപ്പോലും പരമ്പരാഗത സമ്പ്രദായമായ കാളവണ്ടികൾ നാമമാത്രമായി ഇവിടെ ഉപയോഗിക്കുന്നുണ്ട്. ഈ പഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലും 'മരമടി' മഹോത്സവമായി കൊണ്ടാടിയിരുന്നു. ഇന്നും സമീപപ്രദേശങ്ങളിൽ ഇതു തുടർന്നുവരുന്നു, കന്നുകാലി സമ്പത്ത് ഒരു പ്രദേശത്തിന്റെ പുരോഗതിയുടെ മുഖ്യഘടകംതന്നെയാണ്

ഉല്പാദനക്ഷമത കുറഞ്ഞ നാടൻകന്നുകാലികളാണ് നമ്മുടെ പ്രദേശത്ത് പഴയകാലങ്ങളിൽ ഉണ്ടായിരുന്നത്. എന്നാൽ ഉല്പാദനക്ഷമതകൂടിയ സങ്കരയിനങ്ങളുടെ കടന്നുവരവ് ഈ മേഖലയിൽ വൻപുരോഗതിയ്ക്ക് കാരണമായി. അതിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിലും വൻപുരോഗതി ഉണ്ടായിട്ടുണ്ട് ഇതോടൊപ്പം പരമ്പരാഗത ജനുസുകൾ അപ്രത്യക്ഷമായ മട്ടാണ്. ആടുമാടുകളെ കൂട്ടമായി വളർത്തുന്ന സമ്പ്രദായമുണ്ടായിരുന്നു. ഇത് ഇന്ന് നിലച്ചുവരികയാണ്. ധവളവിപ്ലവത്തിന്റെ ഭാഗമായി പാലുല്പാദനരംഗത്തു വന്ന മാറ്റം ഈ പഞ്ചായത്തിലും പ്രതിഫലിക്കുന്നുണ്ട്. ക്ഷീരോല്പാദകർ നമ്മുടെ പഞ്ചായത്തിൽ വളരെകൂടുതലുണ്ട്. ഈ പ്രദേശത്തെ അഞ്ച് മിൽമാ സഹകരണസംഘങ്ങൾ വഴി പ്രതിദിനം 2500 ലിറ്റർ പാൽ വിതരണം ചെയ്യപ്പെടുന്നു. കൂടാതെ സ്വയംതൊഴിൽ എന്ന നിലയിൽ 500 ലിറ്റർ പാൽ വിതരണംചെയ്യപ്പെടുന്നുണ്ട്. ഗാർഹിക ഉപയോഗത്തിന് 2000 ലിറ്റർ പാൽ പ്രതിദിനം ഉപയോഗിക്കുന്നുണ്ട് കടകളിലും ഹോട്ടലുകളിലുമായി 500 ലിറ്റർ പാൽ ഉപയോഗിക്കുന്നു. സാമൂഹ്യക്ഷേമപദ്ധതി പ്രകാരം മിൽമാ സഹകരണസംഘങ്ങൾ വഴിയും പശുവിനെവാങ്ങുവാനുള്ള ധനസഹായം കർഷകർക്ക് ലഭിക്കുന്നുണ്ട്.

കാലിത്തീറ്റകളുടെ വിലവർദ്ധനയും വൈക്കോലിന്റെ അഭാവവും കന്നുകാലിവളർത്തൽ ദുഷ്ക്കരമാക്കിമാറ്റിയിരിക്കുന്നു.

കുളമ്പുരോഗം, അകിടുവീക്കം, ഉദരരോഗം എന്നിവ കന്നുകാലികൾക്കിടയിൽ സർവ്വസാധാരണമാണ്. ഈ രംഗത്ത് കന്നുകാലികളുടെ വർദ്ധനവ് അനുസരിച്ച് രോഗപ്രതിരോധസൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്. മാംസഉപയോഗത്തിനുവേണ്ടി ദൈനംദിനം അനേകം ആടുമാടുകൾ കശാപ്പുചെയ്യപ്പെടുന്നുണ്ട്. ആടുമാടുകളുടെ തോൽവ്യാപാരം ഇവിടെ നിലനിൽക്കുന്നു.

വളർത്തു പക്ഷികൾ

നമ്മുടെ പഞ്ചായത്തിലെ 75% വീടുകളിലും കോഴിവളർത്തൽ ഉണ്ട്. ഇത് ഗ്രാമീണരുടെ പ്രധാനവരുമാന മാർഗ്ഗമാണ്. താറാവുകൃഷി ഇവിടെ അത്രവ്യാപകമല്ല. ചെറിയതോതിൽ വളർത്തുപക്ഷി വില്പനയും വളർത്തലുമുണ്ട്. ഇറച്ചിക്കോഴി വളർത്തൽ ചില മേഖലകളിലുണ്ട്. കോഴിക്കുഞ്ഞുങ്ങളെ വിരിയിപ്പിച്ചുകൊടുക്കുകയും ഇറച്ചിക്കോഴികളെ വളർത്തുകയും ചെയ്യുന്ന ഒരു കേന്ദ്രം പഞ്ചായത്തിലെ ഏഴാം വാർഡിലുണ്ട്. നാടനും സങ്കരയിനങ്ങളും ചേർന്ന കൃഷിരീതിയാണ് ഇവിടെയുള്ളത്. ഒരു സ്വയം തൊഴിലായി

എല്ലാവീട്ടമ്മമാരും ഇത് സ്വീകരിച്ചാൽ നമ്മുടെ പഞ്ചായത്തിലെ കുടുംബങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാനും കഴിയും. കോഴിവസന്ത എന്ന രോഗം ഇവിടുത്തെ കോഴികളെ ബാധിക്കുന്ന പ്രധാന രോഗമാണ്. കോഴികൃഷി വൻതോതിൽ വ്യാപിപ്പിക്കാൻ കഴിയണം.

കോഴിവളർത്തൽ ലാഭകരം

ഒരു കോഴിക്കുഞ്ഞിന്റെ സാധാരണവില 12 രൂപാ. എട്ട് ആഴ്ച കഴിയുമ്പോൾ 2 കിലോ ഇറച്ചി ലഭിക്കുന്നു. ഒരുകിലോ ഇറച്ചിക്ക് 50 രൂപാക്രമത്തിൽ വിറ്റാൽ 100 രൂപാ ലഭിക്കും. എട്ട് ആഴ്ചത്തെ പരിചരണം, തീറ്റ, കോഴിക്കുഞ്ഞിന്റെ വില ഇവയ്ക്ക് 45 രൂപാ വേണ്ടിവരും. ഒരു കോഴിയിൽ നിന്നും ലാഭം 55 രൂപാ. കോഴിവളർത്തൽ ലാഭകരവും സ്ത്രീകൾക്ക് പ്രത്യേകം ചെയ്യാവുന്ന ഒരു കുടിൽ വ്യവസായവുമാണ്.

മുട്ടക്കോഴിവളർത്തലും ആദായകരമാണ്. ഒരു കോഴിയിൽ നിന്നും ഒരു വർഷത്തിൽ ശരാശരി 200 മുട്ട ലഭിക്കും. ഒരു മുട്ടയ്ക്ക് 1 രൂപാ 50 പൈസാക്രമത്തിൽ വിലകിട്ടുമ്പോൾ ഒരാണ്ടിൽ 300 രൂപാ ലഭിക്കും. കോഴിക്കുഞ്ഞിന്റെ വിലയും പരിചരണചിലവും 150 രൂപാ ആയാൽപോലും കോഴി ഒന്നിൽ നിന്ന് 150 രൂപയുടെ ആദായം ആണ്ടിൽ ലഭിക്കും.

ഡീപ്പ്‌ലിറ്റർ സിസ്റ്റപ്രകാരം ആയിരക്കണക്കിന് കോഴിക്കുഞ്ഞുങ്ങളെ വളർത്തി വൻതോതിൽ കോഴികൃഷി നടത്തി ആദായമുണ്ടാക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ കോഴികൃഷി വ്യാപകമായി നടപ്പാക്കിയാൽ ഗ്രാമീണജനങ്ങളുടെ സാമ്പത്തികസ്ഥിതി ഉയർത്തുന്നതിനും തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിനും കഴിയും. കോഴികാഷ്ഠം ഒരു പ്രധാനപ്പെട്ട ജൈവവളമാണ്.

താലൂക്ക് നിലവാരത്തിലുള്ള ഒരു മൃഗാശുപത്രി ഇടക്കുളങ്ങരയിൽ സ്ഥിതിചെയ്യുന്നുണ്ടെങ്കിലും വർദ്ധിച്ചുവരുന്ന ഈ രംഗത്തെ ആവിശ്യങ്ങൾ നിറവേറ്റാൻ ഇത് പര്യാപ്തമല്ല.

മത്സ്യബന്ധനം

തീരപ്രദേശത്തോടടുത്ത് കിടക്കുന്ന ഗ്രാമമാണെങ്കിലും മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ഇവിടെനാമമാത്രമാണ്. പഞ്ചായത്തിന്റെ കിഴക്ക്, തെക്ക് പടിഞ്ഞാറ് ഭാഗങ്ങളിലൂടെ ഒഴുകിപ്പോകുന്ന പള്ളിക്കലാറിൽ നിന്നും മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന ഏതാനുംകുടുംബങ്ങൾ ഇവിടെയുണ്ട്. ഓരുവെള്ളം കയറുമ്പോഴും പുതുമഴ ലഭിക്കുമ്പോഴുമാണ് ഇവിടെ മീൻപിടിത്തം നടക്കുന്നത്. പഞ്ചായത്തിലെ നാലാം വാർഡിൽ വ: ിക്കടവിന് പടിഞ്ഞാറുവശം ഒരു സ്വകാര്യ മീറവളർത്തൽ കേന്ദ്രം ഉണ്ട്. മീൻവളർത്തലിന് അനുയോജ്യമായ ഭൂപ്രകൃതിയാണ് ഈ പ്രദേശത്തുള്ളത്. പരമ്പരാഗതകുളങ്ങളിൽ നിന്നും ചാലുകളിൽ നിന്നും പോഷകമൂല്യമുള്ള ശുദ്ധജല മത്സ്യങ്ങളായ വരാൽ, മുശി, കൈതക്കോര, കുറുവാ, കരിമീൻ എന്നിവ മുൻകാലങ്ങളിൽ ലഭിച്ചിരുന്നുവെങ്കിലും അശാസ്ത്രീയമായ ഭൂമിനികത്തൽ കാരണം ഇവയെല്ലാം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇവയിൽ പലതിനും വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു. പരമ്പരാഗതമായി ലഭിച്ചുകൊണ്ടിരുന്ന കടൽമത്സ്യങ്ങൾ പലതും ഇന്ന് ലഭിക്കുന്നില്ല. ആവശ്യമുള്ള മത്സ്യത്തിനായി നമുക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. കടൽമത്സ്യത്തിന്റെ ഗുണനിലവാരം കുറഞ്ഞുകൊണ്ടിരിക്കുന്നു.

തലമുറകളായി മത്സ്യബന്ധന വിപണന രംഗങ്ങളിൽ ഏർപ്പെട്ട് ഉപജീവനം കഴിക്കുന്ന നിരവധി തൊഴിലാളികൾ ഇവിടെയുണ്ട്. അതുപോലെതന്നെ ചെറുകിട മത്സ്യവ്യാപാരരംഗത്തിലേർപ്പെട്ട് ഉപജീവനം നയിക്കുന്നവരുടെ എണ്ണവും കുറവല്ല. മത്സ്യസംസ്ക്കരണമേഖലയിൽ പണിയെടുക്കുന്ന പുരുഷന്മാരും സ്ത്രീകളും ഈ പ്രദേശത്തുണ്ട്. മത്സ്യസംസ്ക്കരണശാലകളോ മത്സ്യവളം നിർമ്മാണകേന്ദ്രങ്ങളെ ഈ പഞ്ചായത്തിൽ നിലവിലില്ല.

നമ്മുടെ പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെയും പക്ഷികളുടെയും സ്ഥിതിവിവരക്കണക്കുകൾ കൊടുത്തിട്ടുണ്ട്.

മൃഗസംരക്ഷണം

പ്രശ്നങ്ങൾ

കാലിത്തീറ്റയുടെ വിലവർദ്ധനവ് ഗുണക്കുറവ് എന്നിവയും വൈക്കോൽ പച്ചിലകൾ, പുല്ല്, എന്നിവയുടെ ദൗർലഭ്യം, വർദ്ധിച്ചുവരുന്ന രോഗങ്ങൾ രോഗനിവാരണത്തിനുള്ള ചികിത്സാസമ്പ്രദായങ്ങളുടെ അപര്യാപ്തത, വമ്പിച്ച സാമ്പത്തിക ബാദ്ധ്യത മുതലായവ ഈ രംഗത്തെ പ്രധാന പ്രശ്നമാണ്. ഉല്പാദനക്ഷമതകൂടിയ പക്ഷികളേയും കന്നുകാലികളേയും ലഭിക്കാതിരിക്കലും അവയുടെ വർദ്ധിച്ചവിലയും ഈ രംഗം നേരിടുന്ന മറ്റുവെല്ലുവിളികളാണ്. ക്ഷീരവികസന കേന്ദ്രങ്ങളുടെ അഭാവംമുണ്ട്. വർദ്ധിച്ച ഉല്പാദനചിലവ് വായ്പാസഹായങ്ങൾ യഥാസമയം അർഹരായവർക്ക് കിട്ടാതിരിക്കുന്ന പ്രശ്നവും നിലനിൽക്കുന്നു. വളർത്തുപക്ഷി ചികിത്സാ സൗകര്യങ്ങൾ ഇല്ലാതെയിരിക്കുന്നതും മൃഗാശുപത്രികളിലെ ചികിത്സാ സൗകര്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുകയും ചെയ്യുക. ഗുണനിലവാരമുള്ള കോഴി, താറാവ് എന്നിവയുടെ കുഞ്ഞുങ്ങളെ ലഭിക്കാതിരിക്കുന്ന പ്രശ്നമുണ്ട്. മുട്ടകൾ ഉപയോഗത്തിനനുസരിച്ച് ഉൽപാദിപ്പിക്കിപ്പെടുന്നില്ല.

നിർദ്ദേശങ്ങൾ

ക്ഷീരസഹകരണ സംഘങ്ങൾ മുഖേന കാലിത്തീറ്റ ആവശ്യാനുസരണം വിതരണം ചെയ്യാനുള്ള സമ്പ്രദായം ഏർപ്പെടുത്തുക. കന്നുകാലികൾക്ക് തിന്നുവാനുള്ള പുൽകൃഷി കൃഷിഭവനുകളിലൂടെ വ്യാപകമാക്കുക. കൂടുതൽ ഉൽപാദനശേഷിയുള്ള കറവമാടുകളെയും വളർത്തു പക്ഷികളെയും വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുക. കന്നുകാലിവളർത്തുവാൻ ലഭ്യമാക്കുന്ന സഹായധനത്തിന്റെ തോത് വർദ്ധിപ്പിക്കുകയും യഥാർത്ഥ ഉപഭോക്താവിന് ലഭ്യമാക്കുകയും ചെയ്യുക. ഉല്പാദനച്ചിലവ് നികത്തുവാൻ പര്യാപ്തമായ രീതിയിൽ പാലുല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുക. ശാസ്ത്രീയമായ കന്നുകാലിവളർത്തലിനെപ്പറ്റി സാധാരണ കർഷകനെ ബോധവൽക്കരിക്കുക. വാർഡിന് ഒന്ന് എന്ന നിലയിൽ ക്ഷീരോല്പാദക സഹകരണസംഘങ്ങൾ സ്ഥാപിക്കുക. പാൽ സംസ്ക്കരണയൂണിറ്റ് പഞ്ചായത്തിൽ സ്ഥാപിക്കുക. പാൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി തൊഴിലില്ലായ്മ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക. വാർഡോരോന്നിലും 25 ആടുവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക. കന്നുകാലിത്തോൽ സംസ്ക്കരിക്കാനുള്ള നടപടി സ്വീകരിക്കുക. പൊതു അറവുശാല പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്ഥാപിക്കുക. പഞ്ചായത്ത് മുൻകൈയെടുത്ത് ഓരോ വാർഡിലും പൗൾട്രിഫാമുകൾ സ്ഥാപിക്കുക. താറാവ്, കോഴി കൃഷി കാര്യക്ഷമമാക്കുവാൻ അത്യുല്പാദനശേഷിയുള്ള കുഞ്ഞുങ്ങളെ ലഭ്യമാക്കാൻ ഉള്ള നടപടി സ്വീകരിക്കണം. വാർഡുതോറും ഇറച്ചിക്കോഴിവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക. ഉല്പന്നങ്ങൾ വിപണനം ചെയ്യുവാനാവശ്യമായ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

മത്സ്യബന്ധനം

പ്രശ്നങ്ങൾ

ഭക്ഷ്യാവശ്യത്തിന് ആവശ്യമായ മത്സ്യം ലഭിക്കുന്നില്ല. ഉള്ള മത്സ്യങ്ങൾ ജീർണ്ണിച്ച അവസ്ഥയിലാണ് കിട്ടുന്നത്. ഉൾനാടൻ മത്സ്യസമ്പത്ത് നശിച്ചുകൊണ്ടിരിക്കുന്നു. മത്സ്യത്തിന് അമിത വിലകൊടുത്ത് വാങ്ങേണ്ടിവരുന്നു. മത്സ്യക്കച്ചവടം ചെയ്യുന്ന സ്ഥലങ്ങൾ വൃത്തിഹീനമാണ്. ജലമലിനീകരണം തടയുക. പരമ്പരാഗത ജലാശയങ്ങളുടെയും വെള്ളക്കെട്ടുകളുടേയും മലിനീകരണവും നികത്തലും ഒഴിവാക്കുക.

നിർദ്ദേശങ്ങൾ

ഉൾനാടൻ മത്സ്യകൃഷി നമ്മുടെ പഞ്ചായത്തിൽ വ്യാപകമാക്കുക. മത്സ്യക്കച്ചവടക്കാർക്ക് വാഹനം ലഭ്യമാക്കുക. മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുക. മത്സ്യവ്യാപാരി സഹകരണസംഘ

ങ്ങൾ രൂപികരിക്കുക. പഞ്ചായത്ത് – സ്വകാര്യ കുളങ്ങളിൽ മത്സ്യക്കൃഷി വ്യാപകമായി നടത്തുക. മത്സ്യസംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുക. മത്സ്യവളം നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക. മത്സ്യവ്യാപാരികൾക്ക് അതിനാവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്യുക.

കല്ലേലിഭാഗം വാഴാലിക്കടവിൽ പതിനൊന്നേക്കർ സ്ഥലത്ത് കൊട്ടയ്ക്കാട്ട് ശ്രീ രാമകൃഷ്ണപിള്ളയുടെ ഒരു സ്വകാര്യ മീൻവളർത്തൽ കേന്ദ്രം ഉണ്ട്. ഈ കേന്ദ്രത്തിൽ ചെമ്മീനും മറ്റ് മത്സ്യങ്ങളും വൻതോതിൽ കൃഷിചെയ്തുവരുന്നു. ഇതിനോടനുബന്ധിച്ച് മത്സ്യത്തീറ്റ ഉൽപ്പാദനകേന്ദ്രം തുടങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

മത്സ്യവളർത്തലിനും മത്സ്യബന്ധനത്തിനുമായി ഒരു വിദ്യാഭ്യാസ കേന്ദ്രം ഇവിടെ തുടങ്ങാൻ ശ്രീമാൻ രാമകൃഷ്ണപിള്ള സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ആയിതിലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധയും സഹായവും അടിയന്തിരമായി ലഭിക്കേണ്ടതാണ്.

തൊടിയൂർ ഗ്രാമപഞ്ചായത്ത്
വളർത്തുമൃഗ സംഖ്യ

വാർഡ്	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ					
	ഗർഭധാരണം നടത്തിയവ	മറ്റുള്ളവ	ഗർഭധാരണം നടത്തിയവ	മറ്റുള്ളവ	കറവയുള്ളവ	കറവയില്ലാത്തവ	കറവയുള്ളവ	കറവയില്ലാത്തവ	കറവയുള്ളവ	കറവയില്ലാത്തവ	പോത്ത്	ആട്	പന്നി	മുയൽ
1	2	3	4	5	6	7	8	9	10	11	12	13	14	15
I		2		92	8	3	122	118	10	2	8	125	412	
II	–	3		79	12	2	132	127	8	1	5	148	427	–
III		1		81	16	3	118	107	7	1	4	162	286	
IV	–			75	13	4	130	119	12	3	9	141	331	
V	–	2		87	7	8	127	114	8	1	8	137	372	–
VI		2		83	11	2	121	106	9	2	4	149	391	
VII				128	14	4	146	129	10	2	7	167	325	
VIII	–		–	130	9	5	154	138	12	1	4	147	387	–
IX		2		142	7	3	143	136	8	1	3	153	271	
X		3	–	157	10	2	17	132	12	2	4	14	297	–
XI	–	2	–	87	12	3	142	135	7	–	5	143	409	
XII				120	13	2	160	152	14	2	9	163	439	–
XIII		2	–	90	8	4	132	126	11	1	17	170	401	
XIV	–	1		102	10	5	147	131	12	2	21	181	407	

തൊടിയൂർ ഗ്രാമപഞ്ചായത്ത്
വളർത്തുപക്ഷി സംഖ്യ

വാർഡ് നമ്പർ	പുവൻ കോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
1	2	3	4	5	6	7
I	270	1718	633	27	563	15
II	290	1637	763	14	317	20
III	287	1484	837	16	223	17
IV	313	1593	812	29	309	27
V	227	1918	607	40	287	30
VI	230	1632	728	21	312	43
VII	890	1581	2327	62	791	91
VIII	387	1374	813	26	320	27
IX	412	1872	610	27	325	33
X	393	1719	781	41	412	27
XI	409	1800	800	49	469	63
XII	419	1906	621	27	260	27
XIII	438	1647	810	159	3016	19
XIV	486	1853	713	67	587	27

തൊടിയൂർ ഗ്രാമപഞ്ചായത്ത്
4.3 രോഗവിവരങ്ങൾ

നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1	2	3	4	5	6	7	8	9	10	11	12
1	ദഹനസംബന്ധമായ	1080	43	687							
2	ശ്വാസകോശ സംബന്ധം	240	21	68							
3	ഉപാപചയ സംബന്ധം	240	27	74							
4	തൊക്ക് രോഗങ്ങൾ	300	14	80							
5	ധാതുലവണങ്ങളുടെ അഭാവം	120	18	47							
6	പരാദരോഗങ്ങൾ	720	46	413							
7	പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	300	9	206							
8	വന്ധ്യത	480	89	197							
9	അകിടുവീക്കം	120	43	39							
10	മുടന്തൻ പനി	4800	187	367							
11	പകർച്ചവ്യാധികൾ	3600	314	993							

തൊടിയൂർ ഗ്രാമപഞ്ചായത്ത്
4.4 പേവിഷബാധ - പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവെയ്പ് നൽകിയവയുടെ എണ്ണം	—	—	—	875	22	—
കടിയേറ്റതിനുശേഷം കുത്തിവെയ്പ് നടത്തിയവയുടെ എണ്ണം	409	10	630	547	39	185

തൊടിയൂർ ഗ്രാമപഞ്ചായത്ത്
4.4 കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തു മൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജ സങ്കലനം വേണ്ടിവന്നവ
പശു	2123	2067	1684
കിടാരി	1412	483	434
എരുമ	185	170	147



നിർവ്വാണം

ഗുരുകുലവിദ്യാഭ്യാസത്തിൽ ആരംഭിക്കുന്ന സമ്പന്നമായൊരു വിദ്യാഭ്യാസ പാരമ്പര്യമുള്ള നാടാണ് നമ്മുടെ ഭാരതം. പുരാതനകാലത്തെ ഇന്ത്യയിൽ നിലനിന്നിരുന്ന നളന്ദ, തക്ഷശില തുടങ്ങിയ സർവ്വകലാശാലകളിൽ വിദേശരാജ്യങ്ങളിൽ നിന്നുപോലും ധാരാളം വിദ്യാർത്ഥികൾ അറിവ് തേടി എത്തിയിരുന്നു എന്നുള്ള വസ്തുത വിദ്യാഭ്യാസരംഗത്തെ ഭാരതം നേടിയിരുന്ന പ്രശസ്തിക്ക് ഉദാഹരണമാണ്. ആയൂർവേദത്തിന് അസ്ഥിത്വം നല്കിയ ധന്വന്തരിയും ഗണിതജ്യോതിശാസ്ത്രങ്ങൾക്ക് ആമുഖമെഴുതിയ ആര്യഭട്ടനും പകർന്നുതന്ന ഉജ്ജ്വലമായ ഒരു വിദ്യാഭ്യാസപാരമ്പര്യത്തിന് ഉടമകളാണ് നമ്മൾ. രവീന്ദ്രനാഥടാഗോറിന്റെ ശാന്തിനികേതനും, വിശ്വഭാരതിയും ഇന്ത്യൻ വിദ്യാഭ്യാസചരിത്രത്തിൽ രജതരേഖകളായി നില്ക്കുന്നു. എന്നാൽ ഇവയെന്നും വിദ്യാഭ്യാസത്തെ ജനകീയവത്ക്കരിക്കുവാൻ കഴിയാതെ പോയിയെന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കണം.

ഉന്നതകുലജാതരായ ഏതാനും പേരിൽ മാത്രം തുടങ്ങിനിന്നിരുന്ന സംസ്കൃതവിദ്യാഭ്യാസം പ്രദേശിക ഭാഷയിലുള്ള വിദ്യാഭ്യാസത്തിനു വഴിമാറിക്കൊടുത്തുവെങ്കിലും സമൂഹത്തിലെ വ്യത്യസ്തജനവിഭാഗങ്ങളിൽ അതിന്റെ ഗുണം എത്തിച്ചേരുവാൻ അന്നത്തെ സാമൂഹിക വ്യവസ്ഥിതി അനുവദിച്ചിരുന്നില്ല. ബ്രിട്ടീഷ് ആധിപത്യം നിലനിർത്തുന്നതിനുവേണ്ടി സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി മെക്കാളെ പ്രഭുവിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഇംഗ്ലീഷ് വിദ്യാഭ്യാസവും ഉന്നതങ്ങളിൽ ഒതുങ്ങിനിന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ കരുത്തിനെക്കൂടി കരുവാക്കിയാണ് നാം സ്വാതന്ത്ര്യം നേടിയതെങ്കിലും സ്വതന്ത്രഭാരതത്തെ മുന്നോട്ടുനയിച്ചവർക്കും വിദ്യാഭ്യാസകാര്യത്തിൽ ജനങ്ങളെ ഉത്സുകരാക്കുവാൻ കഴിഞ്ഞില്ലയെന്നത് ദുഃഖസത്യമാണ്. സ്വാതന്ത്ര്യത്തിന്റെ അമ്പതാം വാർഷികം നാം ആഘോഷിക്കുന്ന ഈ വേളയിലും ഇന്ത്യയിലെ പകുതിയോളം ആളുകൾ നിരക്ഷരരായി കഴിയുകയാണ് എന്ന യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ടുവേണം വിദ്യാഭ്യാസരംഗത്തെക്കുറിച്ച് നാം ചിന്തിക്കുക.

ഇന്ത്യയുടെ ഭാഗമായ കേരളത്തിലെയും വിദ്യാഭ്യാസരംഗം മുകളിൽ പറഞ്ഞതരത്തിൽ നിന്നും വിഭിന്നമായിരുന്നില്ല. ജനകീയ സർക്കാർ നിലവിൽ വരുന്നതിനുമുമ്പുവരെ വിദ്യാഭ്യാസം വരേണ്യവർഗ്ഗത്തിന്റെ കൈകളിൽ മാത്രം ഒതുങ്ങിയിരുന്നു. മറ്റു മേഖലകളിലെപ്പോലെ വിദ്യാഭ്യാസരംഗം സവർണാധിപത്യം നിലനിന്നിരുന്നു. എന്നാൽ കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനവേളകളിലും ഈ നൂറ്റാണ്ടിന്റെ അവസാനവേളകളിലും ഈ നൂറ്റാണ്ടിന്റെ ആദ്യവേളകളിലും ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു, അയ്യൻകാളി തുടങ്ങിയ സാമൂഹിക പരിഷ്കർത്താക്കളുടെ അശ്രാന്തപരിശ്രമത്തിന്റെ ഫലമായി കേരളത്തിലെ എല്ലാവിഭാഗം ജനങ്ങളിലും വിദ്യാഭ്യാസം എത്തിക്കുന്നതിന് ആരംഭം കുറിക്കുവാൻ കഴിഞ്ഞു.

വൈദേശിക മിഷണറിമാർ കേരളത്തിൽ അങ്ങോളമിങ്ങോളം സ്ഥാപിച്ച വിദ്യാഭ്യാസസ്ഥാപനങ്ങൾ കേരളത്തിലെ വ്യവസ്ഥാപിത വിദ്യാഭ്യാസത്തിന് കരുത്തേകി, ഈ നൂറ്റാണ്ടിന്റെ മധ്യദശകങ്ങളിൽ വിവിധ സമുദായസംഘടന മാനേജുമെന്റുകൾ ആരംഭിച്ച വിദ്യാഭ്യാസസ്ഥാപനങ്ങൾ വിദ്യാഭ്യാസഗുണലഭ്യതയുടെ വ്യാപ്തി വർദ്ധിപ്പിച്ചു. ഇന്ന് കേരളത്തിന്റെ വിദ്യാഭ്യാസമേഖലയെ പുഷ്ടിപ്പെടുത്തുന്നതിന് പൊതുമേഖലയിലും സ്വകാര്യമേഖലയിലും വിദ്യാഭ്യാസസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇങ്ങനെയൊക്കെയുള്ള പ്രവർത്തനങ്ങൾ ഉണ്ടായിരുന്നിട്ടും കേരളത്തിലെ നല്ലൊരു ശതമാനം ജനങ്ങളും ഏതാനും വർഷങ്ങൾക്കുമുമ്പുവരെ നിരക്ഷരരായി കഴിഞ്ഞിരുന്നുവെന്ന യാഥാർത്ഥ്യം നാം മറക്കുന്നില്ല. സാക്ഷരതാപ്രസ്ഥാനത്തിന്റെ പ്രവർത്തനഫലമായി കേരളത്തെ സമ്പൂർണ്ണ സാക്ഷരതസംസ്ഥാനം ആക്കുവാൻ കഴിഞ്ഞു എന്ന കാര്യത്തിൽ നമുക്ക് അഭിമാനിക്കാം. എന്നാൽ തുടർസാക്ഷരതാപ്രവർത്തനങ്ങളുടെ പോരായ്മയിൽ മുങ്ങി നവസാക്ഷരർ തിരികെ നിരക്ഷരതയിലേക്ക് പോകുന്ന കാഴ്ച നമ്മുടെ അഭിമാനത്തിന് മങ്ങലേല്പിക്കുന്നു.

അഭിമാനപൂരിതമല്ലാത്ത ഒരു വിദ്യാഭ്യാസചരിത്രമാണ് തൊടിയൂരിനുള്ളത്. വിദ്യാഭ്യാസമേഖലകളിൽ എടുത്തുപറയത്തക്കനേട്ടങ്ങൾ ഒന്നും

തന്നെയില്ലാത്ത ഒരു ഗ്രാമമാണ് നമ്മുടേത്. ഓർക്കുവാൻ അധികമില്ലാത്ത ഒരു ഭൂതകാലമാണ് നമ്മുടെ വിദ്യാഭ്യാസ മണ്ഡലത്തിനുള്ളത്. നമ്മുടെ പഞ്ചായത്തിൽ നിന്ന് ആദ്യമായി ബിരുദം നേടിയ കോതേരിൽ പത്മനാഭപിള്ള യേയും ആദ്യത്തെ അഭിഭാഷകനായ കന്നി മേൽവിള വാസുദേവൻപിള്ളയുടെയും പേരുകൾ ഇത്തരുണത്തിൽ എടുത്തുപറയേണ്ടതാണ്.

ഫ്യൂഡൽ വ്യവസ്ഥിതി നിലനിന്നിരുന്ന നമ്മുടെ ഗ്രാമത്തിൽ ആദ്യകാല വിദ്യാഭ്യാസം ഏതാനും പേരിൽ ഒതുങ്ങിയിരുന്നു. നാട്ടുപ്രമാണിമാരുടേയും സവർണ്ണരുടേയും മക്കൾക്ക് മാത്രം വിദ്യാഭ്യാസസൗഭാഗ്യം ലഭിച്ചിരുന്നപ്പോൾ ബഹുഭൂരിപക്ഷം സാധാരണക്കാരന്റേയും അവർണ്ണന്റേയും മക്കൾക്ക് വിദ്യാഭ്യാസം അന്യമായിരുന്നു. എന്നാൽ കാലത്തിന്റെ മാറ്റങ്ങൾ ഏറ്റുവാങ്ങിയ നമ്മുടെ ഗ്രാമത്തിലും വിദ്യാഭ്യാസം വ്യാപകമാകാൻ തുടങ്ങി. എല്ലാ ജനങ്ങളിലും അറിവ് നേടുവാനുള്ള തൃഷ്ണ സംജാതമായി.

അരനൂറ്റാണ്ടിന് മുമ്പ് നമ്മുടെ ഗ്രാമത്തിലെ കുട്ടികൾ വിദ്യതേടി അയൽഗ്രാമങ്ങളിലെ സ്കൂളുകളിലേക്ക് പോയിരുന്നു. അഥവാ ആദിത്യവിലാസം ഗവൺമെന്റ് സ്കൂൾ വളരെ കൂടുതൽ കുട്ടികൾ ആശ്രയിച്ചിരുന്ന സ്കൂളാണ്. അക്കാലത്ത് സംസ്കൃതപഠനത്തിനുവേണ്ടി പുന്നക്കുളം സംസ്കൃതസ്കൂളിലേക്കും ചങ്ങൻകുളങ്ങര സംസ്കൃത വൈദ്യസ്കൂളിലേക്കും കൂടുതൽ കുട്ടികൾപോയിരുന്നു. സംസ്കൃതവിദ്യാഭ്യാസത്തിന്റെ മേന്മയിൽ ജോലികിട്ടിയ ധാരാളം ആളുകൾ നമ്മുടെ ഗ്രാമത്തിലുണ്ടായിരുന്നു. കുട്ടികൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുവേണ്ടി കരുനാഗപ്പള്ളി, ചവറ, കായംകുളം എന്നിവിടങ്ങളിലേക്ക് പോയിരുന്നു. തട്ടാരേത്തെ കുടുംബക്കാർ തട്ടാരേത്തെ സ്കൂൾ ആരംഭിച്ചതോടുകൂടിയാണ് തൊടിയൂരിൽ ഔപചാരികവിദ്യാഭ്യാസത്തിന് അടിത്തറ പാകിയതെന്നു വിശ്വസിക്കുന്നു. ഈ സ്കൂളിന് നമ്മുടെ ഗ്രാമത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസകേന്ദ്രമായി പരിഗണിക്കാം. അന്നത്തെ സാമൂഹിക വ്യവസ്ഥിതിമൂലം സവർണ്ണരായ കുട്ടികൾക്കുമാത്രമേ ഈ സ്കൂളിൽ പ്രവേശനം ലഭിച്ചിരുന്നുള്ളൂ. എന്നാൽ ഈ സ്കൂളിന് കൂടുതൽ കാലം പ്രവർത്തിക്കുവാൻ കഴിഞ്ഞില്ല. ഗ്രാമത്തിലെ മിക്ക പ്രദേശങ്ങളിലുമുണ്ടായിരുന്ന വിദ്യാഭ്യാസകേന്ദ്രങ്ങൾ വീടുകൾ കേന്ദ്രീകരിച്ച് നടത്തിയിരുന്ന കുടിപ്പള്ളിക്കൂടങ്ങളായിരുന്നു. വിദ്യാഭ്യാസമേഖലയിലെ വിഭാഗീയത അവസാനിച്ചത് അയ്യൻകാളിയുടെ കൂടി സഹകരണത്തോടെ മറക്കാൻ കഴിയാത്ത വ്യക്തിത്വത്തിന് ഉടമയായിരുന്ന സി.എസ്. സുബ്രഹ്മണ്യൻ പോറ്റി പുലപ്പള്ളിക്കൂടം എന്ന് അറിയപ്പെട്ടിരുന്ന ഒരു എൽ.പി. സ്കൂൾ സ്ഥാപിച്ചതോടുകൂടിയാണ്. ആ സ്കൂളാണ് ഇന്ന് തൊടിയൂർ ഹൈസ്കൂളിന് കിഴക്കുവശം സ്ഥിതിചെയ്യുന്ന എൽ.പി.സ്കൂൾ.

മാലുമേൽ ക്ഷേത്രത്തിന് തെക്കുവശത്തായി പ്രവർത്തനം ആരംഭിച്ച വേങ്ങറ എൽ. പി.എസ്. ആണ് നമ്മുടെ ഗ്രാമത്തിലെ രണ്ടാമത്തെ സ്കൂൾ. ഇന്ന് ഈ സ്കൂൾ ചേലക്കോട്ട് ജംഗ്ഷനിൽ പ്രവർത്തിക്കുന്നു. ഈ സ്കൂളിലാണ് മലയാളഭാഷയുടെ ആഴങ്ങളിൽ ഊളിയിട്ട് പ്രശസ്തനായിത്തീർന്ന ഭാഷാപണ്ഡിതൻ ശൂരനാട് കുഞ്ഞൻപിള്ള പ്രാഥമികവിദ്യാഭ്യാസം നടത്തിയത് എന്ന് നമുക്ക് അഭിമാനപൂർവ്വം ഓർമ്മിക്കാം.

തൊടിയൂർ ഇന്ന് വളരെ കുറച്ച് വിദ്യാഭ്യാസസൗകര്യങ്ങൾ മാത്രമുള്ള ഒരു പഞ്ചായത്താണ്. അറിവ് സമ്പാദനത്തിന് വളരെക്കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

തൊടിയൂർ ഗവർൺമെന്റ് ഹൈസ്കൂളാണ് നമ്മുടെ പഞ്ചായത്തിലെ ഏക ഹൈസ്കൂൾ. എന്നാൽ മൂന്ന് ഹൈസ്കൂളുകളിലെങ്കിലും പഠിക്കുവാൻ ആവശ്യമായ വിദ്യാർത്ഥികൾ നമ്മുടെ ഗ്രാമത്തിലുണ്ട്. ബാക്കി കുട്ടികൾ നാല് കിലോമീറ്ററിലധികം സഞ്ചരിച്ച് കരുനാഗപ്പള്ളി, തഴവാ, പന്മന, മൈനാഗപ്പള്ളി തുടങ്ങിയ അയൽ പഞ്ചായത്തുകളിൽ പോയാണ് വിദ്യാഭ്യാസം നടത്തുന്നത്. ആകയാൽ ആവശ്യത്തിന് ഹൈസ്കൂളുകൾ അനിവാര്യമായ സ്ഥലത്ത് സ്ഥാപിക്കുന്നതിനെക്കുറിച്ച് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

ഉപരിപഠനത്തിന് ആവശ്യമായ യാതൊരു സ്ഥാപനങ്ങളും ഇല്ലാത്ത പഞ്ചായത്താണ് നമ്മുടേതെന്നത് ദുഃഖകരമായ അവസ്ഥയാണ്. കലാശാലാ വിദ്യാഭ്യാസത്തിനാവശ്യമായ കോളേജു

കളോ തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിനു വേണ്ട മറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങളോ ഈ പഞ്ചായത്തിൽ ഇല്ല. കോളേജ് വിദ്യാഭ്യാസത്തിനുവേണ്ടി ഇവിടെയുള്ള വിദ്യാർത്ഥികൾ കൊല്ലം, ചവറ, കായംകുളം, ശാസ്താംകോട്ട തുടങ്ങിയ വളരെ ദൂരെയുള്ള പ്രദേശങ്ങളിലേക്കു പോകേണ്ടിവരുന്നു. തൊഴിലധിഷ്ഠിതവിദ്യാഭ്യാസ കേന്ദ്രമായി ആകെ ഈ പഞ്ചായത്തിലുള്ളത് കല്ലേലി ഭാഗം വില്ലേജിൽ സ്ഥിതിചെയ്യുന്ന എസ്.എൻ. ഡി.പി. മാനേജുമെന്റിലുള്ള ആർ. എസ്. എം. ഐ.റ്റി.സി. യും, റ്റി.റ്റി.ഐ. യും ആണ്. നമ്മുടെ ഗ്രാമത്തിലെ വിദ്യാലയങ്ങളുടെ പൊതുവിവരം ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നു.

നമ്മുടെ ഗ്രാമത്തിൽ ആകെ പത്തു സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഒരെണ്ണം ഹൈസ്കൂളും മൂന്നെണ്ണം യു.പി.സ്കൂളും, ആറെണ്ണം എൽ.പി. സ്കൂളുകളും ആണ്. ഇത് കൂടാതെ സി.ബി.എസ്. ഇ. സിലബസിൽ പ്രവർത്തിക്കുന്ന ഒരു അൺ എയ്ഡഡ് സെൻട്രൽ സ്കൂളും തൊടിയൂർ ആശാൻമുക്കിൽ സ്ഥിതിചെയ്യുന്നു. മുകളിൽ സൂചിപ്പിച്ച പല സ്കൂളിന്റെയും സ്ഥിതി വളരെ ശോചനീയമാണ്. വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പൊതുസ്ഥിതിയെക്കുറിച്ച് താഴെ ചേർത്തിരിക്കുന്ന പട്ടികകൾ കൂടുതലായി മനസ്സിലാക്കാൻ സഹായിക്കും.

പ്രീപ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളും നമ്മുടെ പഞ്ചായത്തിൽ പ്രായേണ കുറവാണ്. മൂന്ന് നഴ്സറി സ്കൂളുകളും ഏകദേശം നാല്പതോളം കുടിപ്പള്ളിക്കൂടങ്ങളും പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി പ്രവർത്തിക്കുന്നു. ഇവയും പ്രവർത്തനത്തിൽ കാര്യക്ഷമമല്ല. കൊച്ചുകുട്ടികളെ പരിശീലിപ്പിക്കുന്നതിനാവശ്യമായ അംഗൻവാടികളോ, ബാലവാടികളോ നമ്മുടെ പഞ്ചായത്തിൽ ഇല്ല. തൊഴിൽ പരിശീലനം നൽകുന്ന 5 അംഗീകൃത തയ്യൽ സ്കൂളുകളും 10 അംഗീകൃതമല്ലാത്ത തയ്യൽ പരിശീലന കേന്ദ്രങ്ങളും നമ്മുടെ ഗ്രാമത്തിൽ ഉണ്ട്. ഇതിൽ 4-ാം വാർഡിൽ പട്ടികജാതിക്കാർക്കുള്ള ഒരു തയ്യൽ പരിശീലന കേന്ദ്രം ഉണ്ട്.

വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്ക് നടത്തിയ സർവ്വേറിപ്പോർട്ടിലെ വിവരങ്ങളും ഗ്രാമസഭകളിൽ നിന്നും വന്ന റിപ്പോർട്ടുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിവരങ്ങളും കൂടി വായിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിന്റെ വിദ്യാഭ്യാസപ്രശ്നങ്ങൾ പൂർണ്ണമായും നമുക്ക് മനസ്സിലാക്കുവാൻ കഴിയും. നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസപ്രശ്നങ്ങളും അതിനുള്ള പരിഹാരനിർദ്ദേശങ്ങശും വിശദമായി ചുവടെ വിവരിക്കുന്നു.

പ്രശ്നങ്ങൾ

1. ആവശ്യത്തിന് ഹൈസ്കൂളുകൾ ഇല്ല. ഇതു കാരണം പഠിതാക്കൾ നാലുകിലോമീറ്ററിൽ അധികം യാത്രചെയ്തുമറ്റു പ്രദേശങ്ങളിലേക്കു പോകേണ്ടിവരുന്നു.

2. ഗവൺമെന്റ് സ്കൂളുകളിൽ ആവശ്യത്തിന് അദ്ധ്യാപകരില്ല ഇത് വിദ്യാർത്ഥികളുടെ പഠനനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു.

3. കോളേജുകളോ, മറ്റ് സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളോ ഇല്ല. ആകയാൽ ഉപരിപഠനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് കുറഞ്ഞത് മുപ്പത് കിലോ മീറ്റർ എങ്കിലും സഞ്ചരിക്കേണ്ടതായി വരുന്നു.

4. സ്കൂളുകളിൽ ആവശ്യത്തിന് പഠനോപാധികൾ ഇല്ല. പല സ്കൂളുകളും ഇക്കാര്യത്തിൽ വളരെ പിന്നിലാണ്. ചില സ്കൂളുകളിൽ മതിയായ ഇരിപ്പിടങ്ങൾ ഇല്ലാത്തത് മൂലം കുട്ടികൾ തറയിലിരുന്നു പഠിക്കേണ്ടതായി വരുന്നു.

5. ഗവൺമെന്റ് സ്കൂളുകളിലെ ഷെഡ്ഡുകളിൽ പലതും ചോർന്നൊലിച്ച് തകർച്ചയുടെ ഭീഷണിയിലാണ്.

6. മുതിർന്ന പെൺകുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ പോലും പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യങ്ങളില്ല. ഇതിന്റെ സ്ഥിതി സ്കൂളുകളിലെ ഭൗതികസൗകര്യങ്ങളുടെ വിവരങ്ങൾ ചേർത്തിരിക്കുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

7. വിദ്യാർത്ഥികളുടെ മാനസികവും, കായികവുമായ വളർച്ചയ്ക്കുതകുന്ന സൗകര്യങ്ങളുടെ അഭാവം പല സ്കൂളുകളിലും ഉണ്ട്. മിക്ക സ്ക്കൂളുകളിലും കളിസ്ഥലങ്ങൾ പോലും ഇല്ല.

8. കുടിവെള്ളം ലഭ്യമല്ലാത്ത സാഹചര്യം മിക്ക സ്കൂളുകളിലും നിലനിൽക്കുന്നു.

9. ഉച്ചഭക്ഷണവിതരണം മിക്കസ്കൂളുകളിലും നാമമാത്രമാണ്.

10. അർത്ഥവത്തായ ലൈബ്രറി സമ്പ്രദായം ഒരു സ്കൂളുകളിലും ലഭ്യമല്ല.

11. മിക്ക സ്കൂളുകളിലും ലബോറട്ടറി സൗകര്യങ്ങൾ ഇല്ല.

12. അദ്ധ്യാപക രക്ഷകർത്തൃസമിതി, മാതൃസംഗമം എന്നിവ എല്ലാ സ്കൂളുകളിലും ഉണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല.

13. ഗതാഗതിരക്കുള്ള റോഡുകളുടെ ഓരത്ത് സ്ഥിതിചെയ്യുന്ന സ്കൂളുകൾക്ക് പോലും ചുറ്റുമതിലുകൾ ഇല്ലാത്ത അവസ്ഥ രക്ഷകർത്താക്കളിൽ ഭീതിയുളവാക്കുന്നു.

നിർദ്ദേശങ്ങളും സാധ്യതകളും

1. എല്ലാ പ്രൈമറി സ്കൂളുകളോടും അനുബന്ധിച്ച് മാതൃഭാഷയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് പ്രീ- പ്രൈമറിസ്കൂളുകൾ ആരംഭിക്കണം. സർക്കാരിന്റേയോ പി.ടി.എയുടേയോ സഹായത്തോടെ ആകാം ഇത്. അംഗൻവാടികൾ എല്ലാ വാർഡുകളിലും നിർബന്ധമായും തുടങ്ങുക.

2. തൊടിയൂർ പഞ്ചായത്തിന്റെ മദ്ധ്യ-തെക്ക് ഭാഗം കേന്ദ്രീകരിച്ച് നിലവിലുള്ള ഏതെങ്കിലും ഒരു യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂൾ ആക്കുകയോ പുതുതായി ഒരു ഹൈസ്കൂൾ ആരംഭിക്കുകയോ ചെയ്യണം.

3. സാങ്കേതിക വിദ്യാഭ്യാസത്തിനുതകുന്ന തരത്തിൽ ഒരു പോളിടെക്നിക്ക് സ്ഥാപിക്കണം. കൂടാതെ കല്ലേലിഭാഗത്ത് പ്രവർത്തിക്കുന്ന ഐ.റ്റി.ഐയിൽ പുതിയ ട്രേഡുകൾ ആരംഭിക്കുവാൻ മാനേജുമെന്റിനെ പ്രേരിപ്പിക്കണം.

4. നമ്മുടെ ഏക ഹൈസ്കൂളായ തൊടിയൂർ ഗവൺമെന്റ് ഹൈസ്കൂളിൽ പ്ലസ്ടു കോഴ്സും, വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സും ആരംഭിയ്ക്കണം.

5. ആവശ്യത്തിനുള്ള പഠനോപാധികൾ എല്ലാ സ്കൂളുകളിലും ഉറപ്പുവരുത്തി പഠനനിലവാരം മെച്ചപ്പെടുത്തണം. ഇങ്ങനെയായാൽ നിലവാരമുള്ള സ്കൂളുകൾ തേടിയുള്ള രക്ഷാകർത്താക്കളുടെ പരക്കം പാച്ചിൽ അവസാനിപ്പിക്കുവാൻ കഴിയും.

6. പാഠ്യേതരപ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കി കുട്ടികളുടെ മാനസികവും ശാരീരികവും ആയ വളർച്ചയ്ക്ക് ആക്കം കൂട്ടണം.

7. കുടിവെള്ളം ഇല്ലാത്ത സ്കൂളുകളിൽ കുടിവെള്ളം എത്തിക്കുവാനും പ്രാഥമികആവശ്യങ്ങൾ നിറവേറ്റുവാനുള്ള സൗകര്യം ഇല്ലാത്ത വിദ്യാലയങ്ങളിൽ അതു നിർമ്മിക്കുവാനും രക്ഷകർത്തൃസമിതിയുടെ സഹകരണത്തോടെ നടപടി സ്വീകരിക്കണം.

8. ലൈബ്രറി, ലാബോറട്ടറി പ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യങ്ങൾ വേണ്ട രീതിയിൽ ചിട്ടപ്പെടുത്തുവാൻ സ്കൂൾ അധികൃതർ പി.ടി.എ.യുമായി സഹകരിച്ച് പ്രവർത്തിക്കുകയും ഇവയുടെ ഉപയോഗം മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുകയും വേണം.

9. സ്കൂൾ കോമ്പൗണ്ടുകൾ മതിലുകെട്ടി സംരക്ഷിക്കുക.

10. ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു കോളേജ് ആരംഭിക്കുക.

11. നിലവിലുള്ള സ്കൂകളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് തല സ്കൂൾ കോംപ്ലക്സ് പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുക. അതിന്റെ പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തുക.

12. ആവശ്യത്തിന് അംഗൻവാടികൾ തുടങ്ങുകയോ, അതിന് കഴിയാത്തിടത്ത് പ്രീ-പ്രൈമറി സ്കൂളുകൾ ആരംഭിക്കുകയോ ചെയ്യുക.

13. എല്ലാ തലത്തിലുമുള്ള വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് വേണ്ടി കാലാനുസൃതമായ ഓറിയന്റൽ കോഴ്സുകൾ നടത്തുക.

14. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ദൂഷ്യഫലങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ, മാതാപിതാക്കൾക്ക് ബോധവത്ക്കരണക്ലാസ്സുകൾ, പി.റ്റി.എ., മാതൃസംഗമം എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുതകുന്ന പ്രവർത്തനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.

15. അഞ്ചാംവാഡിലെ മഹാത്മാഗാന്ധി വായനശാലയും ഒൻപതാം വാർഡിലെ ശ്രീ മഹാദേവദേശായി വായനശാലയും പുനഃരുദ്ധരിച്ച് പ്രവർത്തനക്ഷമമാക്കുക.

16. വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ വായനശാലകൾ സ്ഥാപിച്ച് ജനങ്ങളിൽ വായനാശീലം വളർത്തുവാൻ ശ്രമിക്കണം. പഞ്ചായത്ത് അധീനതയിലുള്ള സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന വായനശാലയുടെ പ്രവർത്തനം പഞ്ചായത്തിലുടനീളം വ്യാപിപ്പിക്കുക, പുസ്തകസമാഹരണം നടത്തി പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം.

17. രണ്ടാം വാർഡിൽ കല്ലുകടവിന് സമീപം വായനശാലയ്ക്കുവേണ്ടി എടുത്തിട്ടുള്ള മുറിയിൽ വായനശാല ആരംഭിക്കുക.

18. പഞ്ചായത്ത് അതിർത്തിയിലുള്ള വായനശാലകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു വായനശാല ഉപദേശകസമിതി രൂപീകരിക്കുക.

19. ഏഴാം വാർഡിൽ ശിശുമന്ദിരം പണിയുന്നതിന് അക്വയർ ചെയ്ത ഭൂമിയിൽ ശിശുമന്ദിരം പണിയണം.

20. ഒന്ന്, എട്ട്, പത്ത്, പതിനൊന്ന് എന്നീ വാർഡുകളിൽ ഓരോ പ്രൈമറിസ്കൂളുകൾ സ്ഥാപിക്കണം.

21. പതിമൂന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന വേങ്ങറ എൽ.പി.സ്കൂൾ അപ്ഗ്രേഡുചെയ്ത് യു.പി.സ്കൂൾ ആക്കുകയും അതിനോടനുബന്ധിച്ച് ഒരു ശിശുമന്ദിരം സ്ഥാപിക്കുകയും വേണം.

22. ഒൻപതാം വാർഡിൽ ഒരു നഴ്സറിസ്കൂളും പ്രൈമറിസ്കൂളും സ്ഥാപിക്കണം.

23. സ്ത്രീകളിൽ വായനാശീലം വളർത്തുന്നതിലേക്ക് സഞ്ചരിക്കുന്ന വായനശാലകൾ ആരംഭിക്കുന്നത് നന്നായിരിക്കും.

24. സാക്ഷരതാ പ്രവർത്തനത്തിൽകൂടി സാക്ഷരർ ആക്കിയവരിൽ തുടർ സാക്ഷരാപ്രവർത്തനത്തിൽകൂടി സാക്ഷരത നിലനിർത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

25. ഗവൺമെന്റ് സ്കൂളുകളിൽ കുറവുള്ള അദ്ധ്യാപകരെ നിയമിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

26. പല സ്കൂളുകളും രാത്രികാലങ്ങളിൽ സാമൂഹ്യ വിരുദ്ധന്മാർ അനാശാസ്യപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതായി വ്യാപകമായ പരാതി ഉയർന്നിരിക്കുന്നു. ഇതിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ച് സ്കൂളുകളുടെ പരിപാവനത കാത്തുസൂക്ഷിക്കുക.

27. പ്രധാന റോഡുകളുടെ വശങ്ങളിൽ സ്ഥിതിചെയ്യുന്ന സ്കൂളുകളെക്കുറിച്ച് വാഹനം ഓടിക്കുന്നവരെ ഓർമ്മപ്പെടുത്തുവാൻ ആവശ്യമായ സൈൻബോർഡുകൾ ആവശ്യമുള്ളസ്ഥലങ്ങളിൽ സ്ഥാപിക്കണം.

28. സ്കൂളുകളിൽ പച്ചക്കറിത്തോട്ടങ്ങൾ നിർമ്മിച്ച് കുട്ടികളെ അതിന്റെ മേൽനോട്ടം ഏല്പിച്ച് അവരിൽ ഉത്തരവാദിത്വബോധം വളർത്താൻ ശ്രമിക്കണം.

29. പാരലൽ കോളേജുകൾക്കും ട്യൂട്ടോറിയൽ കോളേജുകൾക്കും ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തി ഈ രംഗത്ത നിയന്ത്രണം ഉണ്ടാക്കുക.

തൊടിയൂർ ഗ്രാമപഞ്ചായത്ത്

കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

LPS

സ്ക്കൂളിന്റെ പേര്	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ *						
							SC/ST കുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			പഠനം നിർത്തിയവരുടെ എണ്ണം
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
ഗവ. H.S. തൊടിയൂർ	466	475	941	69	66	135	11	6	17	47	33	80				7	7	14	14
വേങ്ങറ ഗവ. L.P.S.	136	135	271	17	28	45	1	2	3	10	6	16							
ഗവ L.P.S. തൊടിയൂർ വടക്ക്	98	93	191	18	10	28				6	5	11							
വേങ്ങറ വെൽഫെയർ L.P.S	95	97	192	12	19	31	1	1	2	3	7	10							
L.V.U.P.S. മുഴങ്ങോടി	509	459	968	37	39	76	1	2	3	52	23	75							
S.P.S.S. U.P.S. തൊടിയൂർ	93	71	164	16	14	30													
ഗവ. L.P.S. തൊടിയൂർ	113	19	232	19	14	33				8	4	12							
S.N.V.L.P.S. കലയ്യലിഭാഗം	357	331	688	46	37	83	1	3	4	21	16	37				8	8	16	16
തൊടിയൂർ U.P.S.	120	230	350	40	39	79	12	1	13	39	12	51							
A.V.K.M.M. L.P.S.	250	219	469	13	9	22				19	14	33							

തൊടിയൂർ ഗ്രാമപഞ്ചായത്ത്

സ്ക്കൂളുകളുടെ ഭൗതിക സൗകര്യങ്ങളുടെ വിവരം


സ്കൂളിന്റെ പേര്	ആകെ ഡിവിഷനുകളുടെ എണ്ണം	കെട്ടിടങ്ങൾ			മുറികളുടെ എണ്ണം			ഇനി മുറികൾ ആവശ്യമുള്ളതിന്റെ എണ്ണം	ഇനി ആവശ്യമുള്ള കെട്ടിടങ്ങളുടെ എണ്ണം	നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം	ഇനി ആവശ്യമുള്ളതിന്റെ എണ്ണം	നിലവിലുള്ള കക്കൂസിന്റെ എണ്ണം	ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം	കുടിവെള്ള സൗകര്യം ഉണ്ട്/ഇല്ല - കിണർ/കൈപ്പു	വൈദ്യുതീകരണം ഉണ്ട്/ഇല്ല	ഫാക്കൽറ്റി	സ്റ്റാഫ് റൂം	സ്കൂൾ പാചകത്തിനുള്ള പാചകപ്പുര ഉണ്ട്/ഇല്ല	ഇനി ആവശ്യമായവയുടെ എണ്ണം				
		സ്വന്തം	അർദ്ധസ്വന്തം	താൽക്കാലികം	സ്വന്തം	അർദ്ധസ്വന്തം	താൽക്കാലികം												ഡസ്ക്	ബഞ്ച്	ശൗ	കസേര	ഓപ്പീസ് ഫർണിച്ചർ
	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
ഗവ. H.S. തൊടിയൂർ	24	1	2		12	6		6	ഉണ്ട്	2	25	1	1		ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	50	50	10	10	അലമാര-2 റാക്ക് -2
ഗവ. L.P.S. തൊടിയൂർ	8	2			8					1	10	1	1		ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	20	10	2	2	അലമാര 1
A.V.K.M.M. L.P.S.	12	4	-		14		-			1	15	2	1		ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	25	25	5	4	അലമാര-2
S.N.V.L.P.S. കല്ലേലിഭാഗം	17	4	-		11		-			2	15	1	1		ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	21	25	15	5	അലമാര-2
തൊടിയൂർ U.P.S.	14	3	1		12		-	10		2	10		1		ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	40	40	14	15	
L.V.U.P.S. മുഴങ്ങോടി	24	7			26		-			2	15		1		ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	25	30	4	7	അലമാര 1
വേങ്ങറ ഗവ. L.P.S.	8	2			8					1	4	1	-		ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	10	25	4	7	അലമാര 1
ഗവ. L.P.S. തൊടിയൂർ വടക്ക്	6	1			8		-	1		1	6		1		ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	15	20	3	4	അലമാര -2
വേങ്ങറ വെൽഫെയർ L.P.S	6		-		8		-			-					ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	50	20	6	6	അലമാര -2
S.P.S.S. U.P.S. തൊടിയൂർ	6	-	-		12		-			1	16	1	-		ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	30	25	6	6	അലമാര -2

തൊടിയൂർ ഗ്രാമപഞ്ചായത്ത്

നമ്പർ	സ്ക്കൂളിന്റെ പേര്	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			പട്ടികജാതി			അദ്ധ്യാപകർ		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ			ഒഴിവ്
1	ഗവ. H.S. തൊടിയൂർ	ഗവ.	466	475	941	69	66	135	37	35	2
2	ഗവ. L.P.S. തൊടിയൂർ	ഗവ.	113	119	232	19	14	33	9	8	1
3	A.V.K.M.M. L.P.S.	പ്രൈ.	250	219	469	13	9	22	14	14	—
4	S.N.V.L.P.S. കല്ലേലിഭാഗം	പ്രൈ	357	331	688	46	37	83	15	15	—
5	തൊടിയൂർ U.P.S.	പ്രൈ.	310	230	540	12	1	13	21	21	—
6	L.V.U.P.S. മുഴങ്ങോടി	പ്രൈ	509	459	969	37	39	76	31	31	—
7	വേങ്ങറ ഗവ L.P.S.	ഗവ.	135	136	271	17	28	45	10	10	—
8	ഗവ L.P.S. തൊടിയൂർ വടക്ക്	ഗവ.	93	98	191	18	10	28	8	8	—
9	വേങ്ങറ വെൽഫെയർ L.P.S	ഗവ	95	9	192	12	1	3	8	7	1
10	S.P.S.S. U.P.S. തൊടിയൂർ	പ്രൈ	9	71	164	6	14	30	10	10	—

എസ്.എസ്.എൽ.സി. വിജയശതമാനം.

സ്ക്കൂൾ	91-92	92-93	93-94	94-95	95-96
ഗവൺമെന്റ് ഹൈസ്ക്കൂൾ തൊടിയൂർ	44.5	47.5	30	37	42.1



പൊതുജനാരോഗ്യവും കുടിവെള്ളവും

പൊതുജനാരോഗ്യം

ആരോഗദൃഢഗാത്രരായ ജനങ്ങളാണ് ഒരു രാഷ്ട്രത്തിന്റെ സമ്പത്ത്. ആരോഗ്യം സംരക്ഷിക്കേണ്ടതിന്റെ പ്രധാന്യം ഇതിൽ നിന്നും മനസ്സിലാകുന്നു. ശുദ്ധവായു, ശുദ്ധജലം, വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ ആരോഗ്യപരിപാലനത്തിന് അനുപേക്ഷണീയമായ ഘടകങ്ങളാണ്. ആരോഗ്യപരിപാലന രംഗത്ത് വലുതായ നേട്ടങ്ങളൊന്നും ഉണ്ടായിട്ടില്ലാത്ത പഞ്ചായത്താണ് നമ്മുടേത്. നമ്മുടെ പഞ്ചായത്തിന്റെ അധീനതയിൽ ഒരു അലോപ്പതി ഡിസ്പൻസറിയും ഒരു ആയുർവേദ ഡിസ്പൻസറിയും ഒരു ഹോമിയോ ഡിസ്പൻസറിയും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ നമ്മുടെ ജനസംഖ്യയുടെ മൊത്തത്തിലുള്ള ആവശ്യങ്ങൾ നിറവേറ്റുവാൻ ഇതിനു സാധിക്കുന്നില്ല. ക്ഷയം, കുഷ്ഠം, കോളറ തുടങ്ങിയ മാരകരോഗങ്ങൾ നമ്മുടെ പഞ്ചായത്തിലുള്ളതായി പി.എച്ച്. സെന്ററിന്റെ റിപ്പോർട്ടുകളിൽ കാണുന്നു ഇമ്മാതിരി അസുഖങ്ങൾ നമ്മുടെ പ്രദേശത്തുനിന്നും നിർമ്മാർജ്ജനം ചെയ്യുവാൻ ശ്രമിക്കുന്നതോടൊപ്പം സർവ്വസാധാരണമായി കാണുന്ന മറ്റ് ആരോഗ്യ പ്രശ്നങ്ങൾക്കും ശാശ്വതമായ പരിഹാരം കാണാൻ നമുക്ക് കഴിയണം.

പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. ഒന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന ഹോമിയോ ഡിസ്പൻസറി, പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങൾക്കും ഉപകാരപ്രദമല്ല. പഞ്ചായത്തിന്റെ തെക്ക്കിഴക്കേ അതിർത്തിയിലാണ് ആ ആതുരാലയം സ്ഥിതിചെയ്യുന്നത്. ഹോമിയോ ചികിത്സയ്ക്ക് പ്രാധാന്യം കൈവന്നുകൊണ്ടിരിക്കുന്ന ഈ കാലത്ത്, ഈ ചികിത്സാസമ്പ്രദായത്തിന്റെ ഗുണം പഞ്ചായത്തിലെ മൂഴുവൻ ജനങ്ങൾക്കും ലഭ്യമാക്കുന്ന രീതിയിൽ ഇതിന്റെ പ്രവർത്തന മേഖല വികസിപ്പിക്കുകയും, പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യണം. ഹോമിയോ ആശുപത്രിയിൽ വൈദ്യുതിയോ സാനിറ്റേഷൻ സൗകര്യങ്ങളോ നിലവിലില്ല. ശുദ്ധജലവും ഇവിടെ ലഭിക്കുന്നില്ല. ഇവ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

2. പഞ്ചായത്ത് ആയുർവേദ ഡിസ്പൻസറി തൊടിയൂർ ഹൈസ്ക്കൂളിന് സമീപത്തായി പ്രവർത്തിക്കുന്നു. വാഹന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഈ കേന്ദ്രത്തിൽ നിന്നും തൊടിയൂരിലെ ബഹുഭൂരിപക്ഷം ആളുകൾക്കും എത്തിച്ചേരാൻ കഴിയുന്നില്ല. ഈ കാരണങ്ങളാൽ ആയിരിക്കാം, നമ്മുടെ പഞ്ചായത്തിലെ മിക്ക വാർഡുകളിലേയും ജനങ്ങൾ ഈ ആതുരശുശ്രൂഷാകേന്ദ്രത്തെക്കുറിച്ച് അജ്ഞരായിരിക്കുന്നത്. ഈ സൂചനകൾ മനസ്സിലാക്കി തൊടിയൂരിലെ മുഴുവൻ ജനസഞ്ചയത്തിനും ആയുർവേദ ചികിത്സയുടെ ഗുണം ലഭിക്കുന്ന രീതിയിലേക്ക് ഇതിന്റെ പഞ്ചായത്തിന്റെ ഇതരഭാഗങ്ങളിലേക്കുകൂടി വ്യാപിപ്പിക്കണം.

3. പഞ്ചായത്ത് പ്രൈമറി ഹെൽത്ത് സെന്റർ ആശാൻമുക്കിൽ സ്ഥിതിചെയ്യുന്നു. പഞ്ചായത്തിലെ മൂഴുവൻ വാർഡുകളിലേയും ആളുകൾക്ക് ഇവിടെ എത്തിച്ചേരാൻ കഴിയുകയില്ലാ എങ്കിലും, കൂടുതൽ വാർഡുകളിലേയും രോഗികൾക്ക് ഉപകാരപ്രദമാണ്. സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങളോ ആവശ്യത്തിന് മരുന്നുകളോ ലഭ്യമല്ല. വാടകകെട്ടിടത്തിലാണ് പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം നടക്കുന്നത്. കെട്ടിടം പണിയുന്നതിനാവശ്യമായ സ്ഥലം സ്വന്തമായി ഉണ്ടെങ്കിലും എങ്കിലും, കെട്ടിടം പണിയാൻ നാളിതുവരെയും കഴിഞ്ഞിട്ടില്ല. ബഹു: മന്ത്രിയായിരുന്ന പി.എസ്. ശ്രീനിവാസൻ ആശുപത്രികെട്ടട നിർമ്മാണത്തിനുള്ള ശിലാസ്ഥാപനം നടത്തിയിരുന്നുവെങ്കിലും ഇതുവരെയും കെട്ടിടം പണിയുവാൻ നമുക്ക് സാധിച്ചിട്ടില്ല. അതിനാൽ എത്രയും വേഗം പ്രസ്തുത പി.എച്ച്. സെന്ററിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കണം. അവിടെ 25 കിടക്കകളുള്ള ഒരു ഐ.പി.

വിഭാഗം ആരംഭിക്കുകയും, 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുകയും വേണം. ഈ സെന്ററിന്റെ കീഴിൽ 5 സബ്സെന്ററുകൾ മാത്രമേ വിവിധ വാർഡുകളിലായി പ്രവർത്തിക്കുന്നുള്ളു. എല്ലാ വർഡുകളിലും, സബ്സെന്ററുകൾ സ്ഥാപിക്കുകയും, അവയുടെ സേവനം എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാകത്തക്ക രീതിയിൽ കാര്യക്ഷമമാക്കുകയും വേണം.

4. പാരമ്പര്യചികിത്സകളായ, വിഷചികിത്സ, മർമ്മാണിചികിത്സ, ഒറ്റമൂലിപ്രയോഗങ്ങൾ തുടങ്ങിയവയിൽ വ്യാപൃതരായ പാരമ്പര്യ വൈദ്യന്മാർ നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. എന്നാൽ ഈ ചികിത്സാസമ്പ്രദായങ്ങളോട് ജനങ്ങൾക്ക് താല്പര്യം കുറഞ്ഞുവരികയാണ്. കൂടാതെ ഈ രംഗത്തെ വൈദ്യൻമാരുടെ അവസ്ഥയും വളരെ ശോചനീയമാണ്. പാരമ്പര്യചികിത്സാസമ്പ്രദായങ്ങൾ അന്യംനിന്ന് പോകാതിരിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കുകയും, പ്രസ്തുത ചികിത്സയിൽ ഏർപ്പെട്ടിരിക്കുന്ന വൈദ്യന്മാർക്ക് മതിയായ പ്രോത്സാഹനം നൽകുകയും വേണം. പ്രകൃതിചികിത്സയ്ക്ക് പ്രാധാന്യം നൽകികൊണ്ടുള്ള ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കുക.

5. കോളറ, ടൈഫോയിഡ്, ചിക്കൻപോക്സ് തുടങ്ങിയ പകർച്ചവ്യാധികൾ നമ്മുടെ പഞ്ചായത്തിൽ നിന്നും പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇതിനെതിരെ വ്യാപകമായ ആരോഗ്യരക്ഷാ നടപടികൾ സ്വീകരിക്കുക. എയ്ഡ്സ് പോലുള്ള മാരക രോഗങ്ങൾ നമ്മുടെ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ലാ എങ്കിലും, അത്തരം രോഗങ്ങൾ പിടിപെടാനുള്ള സാധ്യത ഏറെയുണ്ട്. അതിനാൽ നമ്മുടെ പഞ്ചായത്തിൽ ഉടനീളം ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ വച്ച് എയിഡ്സ് ബോധവൽക്കരണ പരിപാടികൾ നടത്തിയത് ശ്രദ്ധേയമാണ്.

പഞ്ചായത്തുടനീളം അലഞ്ഞുനടക്കുന്ന നായ്ക്കൾ ജനങ്ങൾക്ക് ഭീക്ഷണിയാണ്. പേവിഷം ബാധിച്ച നായ്ക്കളുടെ ഉപദ്രവം ജനങ്ങൾക്കുണ്ടാകാറുള്ളത് ഒരു സാധാരണ സംഭവമായിരിക്കുന്നു. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുവാൻ പഞ്ചായത്തുതലത്തിൽ കർശനമായ നടപടികൾ സ്വീകരിക്കുക. പേവിഷം ബാധിച്ചവർക്ക് വാക്സിനേഷൻ നടത്തുവാനുള്ള വാക്സിനുകൾ സർക്കാർ ആശുപത്രിയിൽ നിന്നും ലഭിക്കുന്നില്ല. ഭീമമായ തുക മുടക്കി സ്വകാര്യ ആശുപത്രികളെ ആശ്രയിച്ചാൽ മാത്രമേ വാക്സിനേഷൻ എടുക്കാൻ കഴിയൂ. ഇത് സാധാരണക്കാരന് താങ്ങാൻ കഴിയുകയില്ല. ആകയാൽ പഞ്ചായത്തിലെ ഹെൽത്ത് സെന്ററുകൾ വഴി വാക്സിനുകൾ സൗജന്യമായി നൽകുക. സ്വകാര്യ ആശുപത്രികളെ ആശ്രയിച്ച് വാക്സിനേഷൻ നടത്തേണ്ട അവസ്ഥ വന്നാൽ അത്തരം ആളുകൾക്ക് മതിയായ സാമ്പത്തിക സഹായം നൽകുക. വളർത്തുനായ്ക്കൾക്ക് മൃഗാശുപത്രിവഴി സൗജന്യമായി വാക്സിനേഷൻ നടത്തുക. ലൈസൻസില്ലാതെ നായ്ക്കളെ വളർത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുക.

പഞ്ചായത്തു നിയന്ത്രണത്തിൽ അറവുശാലകൾ നിലവില്ലാത്തതിനാൽ, സ്വകാര്യവ്യക്തികൾ മൃഗങ്ങളെ വെട്ടുന്നതിന് ലൈസൻസ് ഏർപ്പെടുത്തുവാൻ കഴിയുന്നില്ല. അതിനാൽ പഞ്ചായത്തിലെ എല്ലാവാർഡുകളിലും സ്വകാര്യ വ്യക്തികൾ അനധികൃതമായി മൃഗങ്ങളെ കശാപ്പുചെയ്യുന്നു. ഇത് വളരെയേറെ പരിസരമലിനീകരണത്തിന് കാരണമാകുന്നു. രോഗം പിടിപെട്ട കാലികളെ വെട്ടുന്നതുമൂലം അത് ഭക്ഷിക്കുന്നവർക്ക് പലത്തിലുള്ള രോഗങ്ങൾ പിടിപെടുന്നു. പഞ്ചായത്തിൽ അറവുശാലകൾ സ്ഥാപിക്കുകയും, മൃഗങ്ങളെ വെട്ടുന്നതിനും, ഇറച്ചി കച്ചവടം നടത്തുന്നതിനും ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്. പരിസരമലിനീകരണം ഉണ്ടാകാത്ത രീതിയിൽ ജനങ്ങളുടെ താല്പര്യങ്ങൾക്കനുസരണമായി അറവുശാലകൾ സ്ഥാപിക്കുക. അറവുമൃഗങ്ങളെ അറക്കുന്നതിനുമുമ്പും അറക്കുന്നതിനുശേഷവും വൈദ്യപരിശോധയ്ക്ക് വിധേയമാക്കുക.

രോഗവാഹികളായ ഈച്ച, കൊതുക്, തുടങ്ങിയ ഷട്പദങ്ങൾ പെരുകത്തക്കരീതിയിലുള്ള മലിനീകരണങ്ങൾ പഞ്ചായത്തിൽ സർവ്വത്ര ദൃശ്യമാണ്. ഇത്തരം ഷഡ്പദങ്ങളെ നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അവപരത്തുന്ന രോഗങ്ങളെക്കുറിച്ചും അതിനിടയാക്കുന്ന സാഹചര്യങ്ങളെക്കുറിച്ചും ജനങ്ങളെ ബോധ

വൽക്കരിക്കുക.

തുറസ്സായ സ്ഥലത്തുള്ള മലമൂത്രവിസർജ്ജനം പരിസര മലിനീകരണത്തിനും വിരബാധ, കൊക്കൊപ്പുഴു, കോളറ, ഡിസൻട്രി തുടങ്ങിയ രോഗങ്ങൾ ഉണ്ടാക്കുന്നതിനും കാരണമാകുന്നു. അതിനാൽ ആധുനിക സജ്ജീകരണത്തോടുകൂടിയ ശുചിത്വമുള്ള കക്കൂസുകൾ പഞ്ചായത്തിലെ എല്ലാകുടുംബങ്ങൾക്കും ഉണ്ടാകത്തക്കരീതിയിലുള്ള നടപടികൾ സ്വീകരിക്കുക.

നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി, പൊതുജനാരോഗ്യവകുപ്പ്, സാമൂഹ്യസാംസ്ക്കാരിക സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവല്ക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നത് സ്വാഗതാർഹമാണ്. എന്നാൽ മദ്യവും മയക്കുമരുന്നും ഇന്ന് സമൂഹത്തെ നാശത്തിലേക്കു നയിക്കുന്ന വിപത്തുകളായി മാറിയിരിക്കുന്നു. ഇങ്ങനെ ബുദ്ധിയ്ക്ക് മാന്ദ്യവും വിഭ്രാന്തിയും ബാധിച്ച് കർമ്മവിമുഖതയുടെ പര്യായമായി ഇഞ്ചിഞ്ചായി മരിക്കുന്ന ആധുനിക തലമുറ ആരോഗ്യരംഗത്തെ ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളിയാണ്. ദേശീയസമ്പത്തായ യുവജനങ്ങളെ ലഹരിവിമുക്തമായ മാർഗ്ഗത്തിലൂടെ നയിക്കാൻ സ്ക്കൂൾ കലാലയതലങ്ങളിലും വീടുവീടാന്തരവും സമഗ്രമായ ബോധവൽക്കരണം നടത്തണം. അതിനായി അധികാരകേന്ദ്രങ്ങൾ ശക്തവും വ്യക്തവുമായ നയപരിപാടികൾ ആവിഷ്ക്കരിക്കണം.

ഔഷധസസ്യങ്ങൾ വെച്ചുപിടിപ്പിക്കുന്നതിന് സമഗ്രമായ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

തൊടിയൂർ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും കരുനാഗപ്പള്ളി താലൂക്കാശുപത്രിയെയാണ് ചികിത്സയ്ക്കായി ആശ്രയിക്കുന്നത്. ടി ആശുപത്രിയിൽ മതിയായ ചികിത്സാസൗകര്യങ്ങളില്ല. പരിഹാരം കാണേണ്ടതാണ്.

കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ക്യാൻസർ ചികിത്സയ്ക്കുവേണ്ട സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

സ്ക്കൂളുകളിൽ ഹെൽത്ത് കാർഡുകൾ ഏർപ്പെടുത്തേണ്ടതാണ്.

കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ബ്ലഡ്ബാങ്ക് ഏർപ്പെടുത്തേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ ഒരു സഹകരണ ആശുപത്രി സ്ഥാപിക്കേണ്ടതാണ്.

തൊടിയൂർ ഗ്രാമപഞ്ചായത്ത്
കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധകുത്തിവെയ്പ്പ്

കുട്ടികൾ	ബി.സി.ജി	ഡി.പി.റ്റി				പോളിയോ				ഡി. റ്റി				മിസിൽസ്
		1D	2D	3D	8D	1D	2D	3D	8D	1D	2D	3D	8D	
1വയസ്സിൽ താഴെ	604	418	405	461	–	604	418	405	–	–	–	–	–	426
1-3 വയസ്സ്	–	–	–	–	312	–	–	–	312	–	–	–	–	–
3-6 വയസ്സ്														886

ടെറ്റനസ് ടോക്സോയിഡ് (T.T)

	1D	2D	8D
ഗർഭിണികൾ	717	715	18

- ◆ ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം 743
- ◆ ഇരുമ്പ് ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം 2896
- ◆ വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം 2659
- ◆ ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം 565
- ◆ വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം 4

തൊടിയൂർ ഗ്രാമപഞ്ചായത്ത്
ആരോഗ്യ സ്ഥാപങ്ങളിൽ നിന്നുള്ളവിവരങ്ങൾ

		1992- 93					1993- 94					1994- 95					1995- 96				
		ഇൻപേഷ്യന്റ്	ഔട്ട്പേഷ്യന്റ്	ഡെലിവറി	മറ്റുള്ളവ	ആകെ	ഇൻപേഷ്യന്റ്	ഔട്ട്പേഷ്യന്റ്	ഡെലിവറി	മറ്റുള്ളവ	ആകെ	ഇൻപേഷ്യന്റ്	ഔട്ട്പേഷ്യന്റ്	ഡെലിവറി	മറ്റുള്ളവ	ആകെ	ഇൻപേഷ്യന്റ്	ഔട്ട്പേഷ്യന്റ്	ഡെലിവറി	മറ്റുള്ളവ	ആകെ
1	ചൈതന്യ ഹോസ്പിറ്റൽ പ്ലാവിള ജംഗ്ഷൻ	950	1296	900	50	2246	879	1309	801	78	2188	780	1516	698	82	2296	1115	3318	985	130	4433
2	S.D. ഹോസ്പിറ്റൽ മാരാരിത്തോട്ടം	150	16115	–	–	16265	189	17136	–	–	17325	120	14713	–	–	14833	98	6500	–	–	6598
3	ഉഷ നഴ്സിംഗ് ഹോം ഡ്രൈവർ ജംഗ്ഷൻ	201	13288	–	–	13489	157	14115	–	–	14275	135	13315	–	–	13450	80	5895	–	–	597
4	E.S.I ഡിസ്പൻസറി	NIL	21613	–	–	21613	NIL	20718	–	–	29718	NIL	22013	–	–	22013	NIL	12698	–	–	12698
5	S.B. ഹോസ്പിറ്റൽ വെളുത്തമണൽ	NIL	–	–	–	–	–	–	–	–	–	NIL	950	–	–	950	NIL	800	–	–	800
6	P.H. സെന്റർ തൊടിയൂർ	NIL	24600	3200	21400	24600	NIL	30750	2800	27950	30750	NIL	41800	4210	37590	41800	NIL	55900	5380	50220	111500

തൊടിയൂർ ഗ്രാമപഞ്ചായത്ത്

III ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ (1995 – 96) Ref. AVIGF

ഏതു വിഭാഗം ചികിൽസാ സംവിധാനം	ആശുപത്രി		ഡിസ്പൻസറി		മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ		മൊത്തം ജീവനക്കാരുടെ എണ്ണം
	സർക്കാർ	സ്വകാര്യം	സർക്കാർ	സ്വകാര്യം	സർക്കാർ	സ്വകാര്യം	
1	2	3	4	5	6	7	8
തൊടിയൂർ ആയൂർവേദം വാർഡ് XIII			Do		തൊടിയൂർ പുലിയൂർവഞ്ചി(S) പുലിയൂർവഞ്ചി (N) കല്ലേലിഭാഗം	സർക്കാർ കെട്ടിടം തൊടിയൂരിനും, കല്ലേലിഭാഗത്തിനും മാത്രമേയുള്ള	4 പേർ
പി.എച്ച്. സെന്റർ തൊടിയൂർ			Do				14 പേർ
ഹോമിയോ ഡിസ്പൻസറി			Do				8 പേർ

തൊടിയൂർ ഗ്രാമപഞ്ചായത്ത്

7.5 മറ്റ് ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും വിവരം ശേഖരിക്കാൻ

	വർഷം	ഇൻ പേഷ്യന്റ് എണ്ണം	ഔട്ട് പേഷ്യന്റ് എണ്ണം	രോഗങ്ങൾ സംബന്ധിച്ച വിവരം -പ്രതിവർഷം (എണ്ണം)					
				തക്ക് രോഗം	വാത രോഗം	പകർച്ച വ്യാധികൾ	വിഷചികിത്സ (പാമ്പുകടി)	മറ്റുള്ള രോഗങ്ങൾ	ആകെ
1	1992-93 പി.എച്ച് സെന്റർ തൊടിയൂർ	NIL	29600	NIL	NIL	NIL	NIL	NIL	29600
2	ഗവൺമെന്റ് ആയുർവേദാശുപത്രി	NIL	22312	—	—	—	—	—	22312
3	ഹോമിയോ ഡിസ്പൻസറി	NIL	33558	—	—	—	—	—	33558
	1993-94 പി.എച്ച് സെന്റർ തൊടിയൂർ	NIL	30750	—	—	—	—	—	30750
4	ഗവൺമെന്റ് ആയുർവേദാശുപത്രി	NIL	29312	—	—	—	—	—	2931
1	ഹോമിയോ ഡിസ്പൻസറി	NIL	30819	—	—	—	—	—	30819
1	1994-95 പി.എച്ച് സെന്റർ തൊടിയൂർ	NIL	41800	—	—	—	—	—	41800
1	ഗവൺമെന്റ് ആയുർവേദാശുപത്രി	NIL	28614	—	—	—	—	—	28614
1	ഹോമിയോ ഡിസ്പൻസറി	NIL	27519	—	—	—	—	—	27519
1	1995-96 പി.എച്ച് സെന്റർ തൊടിയൂർ	NIL	55900	—	—	—	—	—	55900
1	ഗവൺമെന്റ് ആയുർവേദാശുപത്രി	NIL	29712	—	—	—	—	—	29712
	ഹോമിയോ ഡിസ്പൻസറി	NIL	11283	—	—	—	—	—	11283
1	1995-96 പി.എച്ച് സെന്റർ തൊടിയൂർ	NIL	158050	—	—	—	—	—	
1	ഗവൺമെന്റ് ആയുർവേദാശുപത്രി	NIL	109950	—	—	—	—	—	
1	ഹോമിയോ ഡിസ്പൻസറി	NIL	103179	—	—	—	—	—	

കുടിവെള്ളം.

വായുകഴിഞ്ഞാൽ മനുഷ്യന്റെ ജീവൻ നില നിർത്തുന്നതിന് അത്യന്താപേക്ഷിതമായഘടക മാണ് ശുദ്ധജലം. അതുകൊണ്ടുതന്നെ ജീവിക ളുടെ ജീവരക്തമാണ് ജലം എന്നുപറയാം. ഒരു കാലത്ത് മനുഷ്യന്റെ ഗാർഹിക, കാർഷിക, വൈയക്തികാവശ്യങ്ങൾ നിറവേറ്റുവാൻ പര്യാപ്തമായ നിലയിൽ ജലസ്രോതസുകളാൽ സമ്പന്ന മായിരുന്നു നമ്മുടെ പഞ്ചായത്ത്. എന്നാൽ ഇന്ന് കുളങ്ങൾ, ചതുപ്പുനിലങ്ങൾ, വയലുകൾ എന്നിവ ക്രമാതീതമായി നികത്തുന്നതിന്റെ ഫലമായും ഉപയോഗം വർദ്ധിച്ചതുമൂലവും നമ്മുടെ പഞ്ചാ യത്തിലെ മിക്കഭാഗങ്ങളിലും രൂക്ഷമായ ജല ക്ഷാമം അനുഭവപ്പെടുന്നു. നമുക്ക് ഒൻപതുമാസ ങ്ങളിലായി ശരാശരി 300 സെ.മി. മഴ ലഭിക്കുന്നു. ഇതിൽ 70% ജലവും പുഴകൾ വഴി ഒഴുകി കടലി ലെത്തുകയാണ്. 30% ജലം മാത്രമേ നമ്മുടെ ആവശ്യങ്ങൾക്കുപകരിക്കുന്നുള്ളു. പാഴായിപ്പോ കുന്ന ജലം വർദ്ധിച്ചുവരുന്ന ഉപയോഗത്തിനനു സൃതമായി സംഭരിച്ചുനിർത്തുവാൻ പ്രാദേശിക മായി പദ്ധതികൾക്ക് രൂപം നൽകിയേമതിയാകൂ. ഇന്ന് നമ്മുടെ പഞ്ചായത്തിൽ 95% ജനങ്ങളും കുടിവെള്ളത്താനായി ആശ്രയിക്കുന്നത് കിണറു കളെ ആണ്. ബാക്കിയുള്ളവർ വാട്ടർസപ്ലേസ്ക്കീ മിനേയും നാമമാത്രമായി കുളങ്ങളേയും ആശ്ര യിക്കുന്നു. പഞ്ചായത്തിന്റെ തെക്കും കിഴക്കും മേഖലകളിൽ വേനൽക്കാലത്ത് രൂക്ഷമായ കുടി വെള്ളക്ഷാമം അനുഭവപ്പെടുന്നു. തെക്ക്പടിഞ്ഞാ റൻ മേഖലകളിൽ ഓരിന്റെ അതിപ്രസരമുള്ളതി നാൽ ശുദ്ധജലം ലഭിക്കുന്നില്ല. ഈ പ്രദേശത്ത് പൂർണ്ണമായ വാട്ടർസപ്ലേ പദ്ധതി നടപ്പിലാക്കാൻ അടിയന്തിര നടപടിസ്വീകരിക്കേണ്ടതാണ്. മുഴ ങ്ങോടി മഞ്ഞാടിമുക്കിൽ ഒരു ചെറിയ ജലവിത രണ പദ്ധതി പ്രവർത്തിക്കുന്നുണ്ട്. 4 എന്നീ വാർഡുകളിൽ രണ്ട് വൻകിട ജലവിതരണ പദ്ധതി നിർമ്മാണത്തിലുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെ ടുന്നു.
2. വേനൽക്കാലത്ത് 1, 2, 3, 4, 7 എന്നീ വാർഡു കളിൽ ഓരിന്റെ അതിപ്രസരമുണ്ടാകുന്നു.
3. മലിനജലം കെട്ടിക്കിടക്കുന്നതിന്റെ ഫലമായി ജലജന്യരോഗങ്ങൾ ഉണ്ടാകുന്നു.
4. കെട്ടിനിൽക്കുന്ന ജലം രോഗാണുവാഹിക ളായ കൊതുകുകൾ പെരുകുന്നതിനിടയാ ക്കുന്നു.
5. ഭൂഗർഭ ജലസമ്പത്ത് നാൾതോറും കുറഞ്ഞു വരുന്നു.
6. തടാകങ്ങൾ, കുളങ്ങൾ, വയലുകൾ എന്നിവ നികത്തുന്നത് ഭൂഗർഭ ജലസമ്പത്തിനെ പ്രതി കൂലമായി ബാധിക്കുകയും പാരിസ്ഥിതികപ്ര ശ്നങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു.
7. വാട്ടർഷെഡ് പദ്ധതി നടപ്പാക്കിയിട്ടില്ല.
8. യഥാസമയം ക്ലോറിനേഷൻ നടത്തുന്നില്ല.
9. കീടനാശിനികളുടെ അമിതമായ ഉപയോഗം, മനുഷ്യജന്തുജന്യങ്ങളായ വിസർജ്ജ്യങ്ങൾ, അശാസ്ത്രീയമായ രാസവസ്തു പ്രയോഗ ങ്ങൾ എന്നിവമൂലം ജലമലിനീകരണമുണ്ടാ കുന്നു.
10. ഗാർഹിക, കാർഷികാവശ്യങ്ങൾ നിറവേറ്റുന്ന തിനുവേണ്ടത്ര എല്ലാകാലങ്ങളിലും നമ്മുടെ പഞ്ചായത്തിൽ ജലം ലഭിക്കുന്നില്ല. പൊതു കിണറുകൾ, കുളങ്ങൾ ഇവ മലീമസമാക്കപ്പെ ട്ടിരിക്കുന്നു.
11. നാലാം വാർഡിൽ ഡ്രൈവർജംഗ്ഷനിലുള്ള കുഴൽകിണർ പ്രവർത്തനരഹിതമായിരി ക്കുന്നു.
12. വാട്ടർ അതോറിറ്റി സ്ഥാപിച്ചിരിക്കുന്ന പൈപ്പു ലൈനുകൾ പൊട്ടി ജലം നഷ്ടപ്പെട്ടുകൊണ്ടി രിക്കുന്നു.

പരിഹാരങ്ങൾ

1. പഞ്ചായത്തിലെ എല്ലാജനങ്ങൾക്കും എല്ലാ കാലങ്ങളിലും ശുദ്ധജലം ലഭ്യമാക്കുന്നതി നുള്ള നടപടികൾ സ്വീകരിക്കുക.
2. ഓരിന്റെ അതിപ്രസരം തടയുന്നതിനുള്ള നട പടികൾക്ക് രൂപം നൽകുക.

3. അമിതമായ രാസവള പ്രയോഗം, കീടനാശിനികളുടെ ഉപയോഗം ഇവ നിയന്ത്രിക്കുക.

4. മലിനവസ്തുക്കൾ ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്നത് തടയുക.

5. മലിനജലം പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാത്തരത്തിൽ നിർമ്മാർജ്ജനം ചെയ്യുക.

6. ജലജന്യരോഗങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുക

7. ഭൂഗർഭജലസമ്പത്ത് സംരക്ഷിക്കുന്നതിനായി ജലാശയങ്ങൾ നികത്തുന്നതിനെതിരെ നടപടികൾ സ്വീകരിക്കുക.

8. വാട്ടർഷെഡ് പദ്ധതി പഞ്ചായത്തിലുടനീളം നടപ്പിലാക്കുക.

9. പൊതുകിണറുകളുടെ അറ്റകുറ്റപ്പണി നടത്തുകയും അവശുദ്ധീകരിക്കുകയും കൂടുതൽ പൊതുകിണറുകൾ സ്ഥാപിക്കുകയും ചെയ്യുക.

10. ഫിൽട്ടർപോയിന്റ് കിണറുകൾ കൂടുതൽ സ്ഥാപിക്കുക

11. കിണറുകൾ, കുളങ്ങൾ ഇവയിൽ വർഷത്തിൽ മൂന്നുപ്രാവശ്യമെങ്കിലും ക്ലോറിനൈസേഷൻ നടത്തുക.

12. മലിനജലം ഉപയോഗിക്കുന്നതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും ശുദ്ധജലം ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയേക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കുക.


13. മഴക്കാലത്ത് ലഭിക്കുന്ന അധികജലം സംഭരിച്ചുനിർത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.

14. നാലാം വാർഡിൽ ഡ്രൈവർമുക്കിലുള്ള കുഴൽകിണർ അടിയന്തിരമായി റിപ്പയർ ചെയ്ത് ശുദ്ധജലവിതരണം ആരംഭിക്കുക.

അഞ്ചാം വാർഡിലും പന്ത്രണ്ടാം വാർഡിലും നിർമ്മിച്ചുകൊണ്ടിരിക്കുന്ന വാട്ടർടാങ്കുകളുടെ പണി എത്രയുംവേഗം പൂർത്തീകരിച്ച് ജനങ്ങൾക്ക് ഉപയോഗപ്രദമാക്കണം. മണ്ണിനടിയിൽ ഉപയോഗശൂന്യമായികിടക്കുന്ന പൈപ്പുകൾ ഉപയോഗപ്രദമാക്കുകയും പൈപ്പ്ലൈനിലെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക. പഞ്ചായത്തിലെ മുഴുവൻ വാർഡുകളേയും ബന്ധിപ്പിച്ചുകൊണ്ട് പൈപ്പ്ലൈൻ സ്ഥാപിക്കുക

കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ

വാർഡ് I	വലിയവിള, കാട്ടൂർകുന്നിൻപുറം, ഇടയിലവിളഭാഗം
വാർഡ് II	കല്ലുകടവ് കരയാനത്തിൽ ഭാഗം
വാർഡ് III	മിടുക്കൻമുക്കു മുതൽ ചാമ്പക്കടവ് വരെ
വാർഡ് IV	ആർ.എസ്.എം. ഐ.റ്റി.സി. മുതൽ കോട്ടവീട്ടിൽ ജംഗ്ഷൻ വരെ
വാർഡ് V	മുഴങ്ങോടി ഭാഗം
വാർഡ് VI	ഇടക്കുളങ്ങര ഭാഗം
വാർഡ് VII	പാറ്റോലിൽ തോടിന്റെ വശം മുതൽ ചിറ്റുമൂലവരെയുള്ള പ്രദേശം
വാർഡ് VIII	വലിയവീട്ടിൽഭാഗം, പുത്തനേത്തുഭാഗം പട്ടിരേത്തുഭാഗം, കോട്ടൂർചാൽ
വാർഡ് IX	ഭസ്മത്തുഭാഗം
വാർഡ് X	മഠത്തിൽ കോളനി തൊട്ട് കിഴക്കോട്ട് കല്ലുംപുറത്തുവിള
വാർഡ് XI	കാരൂർപ്പാടം കോളനി, കാരൂർക്കടവിനു വടക്കുവശം, അംബേദ്ക്കർ ഗ്രാമം
വാർഡ് XII	മുകളുംപുറത്ത്ഭാഗം, പട്ടോളിഭാഗം, മാലുമേൽഭാഗം
വാർഡ് XIII	ഹൈസ്ക്കൂളിനുവടക്കുവശം, തണ്ണിക്കരമുക്ക് എം.ജി. കോളനി പരിസരം, വേങ്ങറ എൽ.പി. സ്ക്കൂൾ പരിസരം
വാർഡ് XIV	ചേലക്കോട്ടുകുളങ്ങര, സൈക്കിൾമുക്ക്, പനന്തോളിൽ കോളനി കോട്ടയ്ക്കകംഭാഗം


വ്യവസായം

വ്യവസായമേഖലയിൽ തൊടിയൂർ ഗ്രാമ പഞ്ചായത്ത് വളരെ പിന്നോക്കാവസ്ഥയിലാണ്. പഞ്ചായത്തിൽ സ്വകാര്യമേഖലയിലും സഹകരണമേഖലയിലും വൻകിട വ്യവസായങ്ങൾ ഇല്ല. എന്നാൽ മൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സ്ഥാപിതമായ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഈ പഞ്ചായത്തിലെ ഒരു വ്യവസായ കേന്ദ്രമാണ്. കരുനാഗപ്പള്ളി താലൂക്കിലെ ഏക വ്യവസായ സംരംഭകേന്ദ്രമായ ഇത് നമ്മുടെ പഞ്ചായത്തിലെ ഏഴാം വാർഡിൽ കരുനാഗപ്പള്ളി റെയിൽവേ സ്റ്റേഷന് കിഴക്കുവശത്തായി സ്ഥിതി ചെയ്യുന്നു. വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന തെർമോചിൽ യൂണിറ്റ്, വയർ നെറ്റ് യൂണിറ്റ്, റബ്ബർ യൂണിറ്റ്, ഔഷധ നിർമ്മാണയൂണിറ്റ്, ഫർണീച്ചർ യൂണിറ്റ് എന്നിവ ഇവിടെ പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിൽ തന്നെ പ്രവർത്തനരഹിതമായികിടക്കുന്ന പല യൂണിറ്റുകളും ഉണ്ട്. ഇതെല്ലാം തന്നെ സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന റൂബി ഫ്ളവർമിൽ എടുത്തു പറയത്തക്ക ഒരു സ്ഥാപനമാണ്. സഹകരണ മേഖലയിൽ ഒരു നെയ്ത്ത് വ്യവസായ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ധനസഹായത്തിന്റെ അപര്യാപ്തത നിമിത്തം ഈ സ്ഥാപനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. സഹകരണ മേഖലയിൽ ഖാദി ബോർഡിന്റെ കീഴിൽ ഒരു കെൽട്രോൺ യൂണിറ്റും (ടി.വി. അസംബ്ളിംഗ് കേന്ദ്രം) തൊടിയൂരിൽ ഒരു വനിതാ നൂൽനൂൽപ്പ് കേന്ദ്രവും മാലുമേൽകടവിൽ ഒരു നൂൽനൂൽപ്പ് കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. അരനൂറ്റാണ്ടിലേറെ പഴക്കമുള്ളതും ആയിരത്തിലേറെ തൊഴിലാളികൾ ജോലിയെടുക്കുന്നതുമായ വിജയലക്ഷ്മി കശുവണ്ടി ഫാക്ടറി നമ്മുടെ പഞ്ചായത്തിൽ കല്ലുകടവിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനം സ്വകാര്യ ഉടമസ്ഥതയിലാണ്. സ്വകാര്യ മേഖലയിൽ കരുനാഗപ്പള്ളി ടൈൽസ് ആസാദ് ടൈൽസ് മെട്രോ ടൈൽസ് എന്നീ മൂന്ന് ഓട് നിർമ്മാണഫാക്ടറികൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ പത്തുവർഷക്കാലമായി കരുനാഗപ്പള്ളി ടൈൽസ് ഫാക്ടറി പ്രവർത്തനരഹിതമായി കിടക്കുകയാണ്. ഈ ഫാക്ടറിയിൽ ഒരു സിറാമിക്സ് യൂണിറ്റ് തുടങ്ങുന്നതിന് ആവശ്യമായ അസംസ്കൃതവസ്തുക്കൾ പരിസര പ്രദേശങ്ങളിൽ നിന്നും ലഭ്യമാണ്. ഈ പഞ്ചായത്തിന്റെ "തനത്" പരമ്പരാഗത വ്യവസായമാണ് ഇഷ്ടികനിർമ്മാണം. മാലുമേൽ ഇഷ്ടിക വളരെ പ്രസിദ്ധമാണ്. പരമ്പരാഗത ഇഷ്ടിക നിർമ്മാണയൂണിറ്റ് 75 എണ്ണവും യന്ത്രവൽകൃത ഇഷ്ടികനിർമ്മാണയൂണിറ്റ് 15 എണ്ണവും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. സിമന്റ്, മണൽ, കരിങ്കൽ ചിപ്സ് എന്നിവ ഉപയോഗിച്ച് ഹോളോബ്രിക്സ് നിർമ്മിക്കുന്ന മൂന്ന് സ്വകാര്യയൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നു. ഖാദിബോർഡിന്റെ ധനസഹായത്തോടുകൂടി നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ച അലൂമിനിയം ഉപകരണ നിർമ്മാണ ഫാക്ടറി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിലായി ഏഴ് സാമിൽ പ്രവർത്തിക്കുന്നുണ്ട്. സഹകരണമേഖലയിൽ വളരെ പഴക്കമുള്ള ഒരു കയർ വ്യവസായയൂണിറ്റ് ഉണ്ടെങ്കിലും ഇപ്പോൾ പ്രവർത്തന ക്ഷമമല്ല. എന്നാൽ സ്വകാര്യമേഖലയിലുള്ള കയർപിരിവ് യൂണിറ്റുകളിലായി 400 സ്ത്രീകളും 40 പുരുഷൻമാരും പണിയെടുക്കുന്നുണ്ട്.

ഈ പഞ്ചായത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ എടുത്ത് പറയത്തക്ക മറ്റൊന്നാണ് പായ് നെയ്ത്ത് വ്യവസായം. ഈ മേഖലയിൽ ഖാദി ബോർഡിന്റെ കീഴിൽ നാല് തഴപ്പായനെയ്ത്ത് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിലെ ആയിരക്കണക്കിന് കുടുംബങ്ങളിലായി അനേകായിരം തൊഴിലാളികളുടെ ഉപജീവനമാർഗ്ഗമാണ് പായ്നെയ്ത്ത്. എന്നാൽ ഈ പരമ്പരാഗതവ്യവസായം ഇപ്പോൾ തകർച്ചയുടെ വക്കിലാണ്. അസംകൃതവസ്തുവായ തഴയുടെ ലഭ്യതക്കുറവും ആധുനിക പ്ലാസ്റ്റിക്ക് നാരുകളുടെ കടന്നുവരവും ഈ തകർച്ചയ്ക്ക് ആക്കം കൂട്ടുന്നു. ഖാദി ബോർഡിന്റെ ധനസഹായത്തോടുകൂടി പ്രവർത്തിക്കുന്ന രണ്ട് തീപ്പെട്ടി നിർമ്മാണയൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിലായി ഏതാണ്ട് 25 വനിതകളും 6 പുരുഷൻമാരും പണിയെടുക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന നാല് തീപ്പെട്ടി നിർമ്മാണ യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. സഹകരണമേഖലയിൽ ഇവിടെ ഒരു ബീഡിനിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ബീഡി തെറുപ്പുകാർ നമ്മുടെ പഞ്ചായത്തിലുണ്ട്. അടുത്തകാലത്തായി വനിതകൾ ഈ രംഗത്ത് വ്യാപകമായി കടന്നുവരുന്നുണ്ട്. ഈ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ ആറ് ഓയിൽ മില്ലുകൾ പ്രവർത്തിക്കുന്നു. ചിപ്സ്, ഹൽവാ, മിക്സ്ചർ എന്നിവ നിർമ്മിക്കുന്ന ഏതാനും യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. നാല് അച്ചടിശാലകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഫർണിച്ചർ നിർമ്മാണശാലകളും കൊപ്ര സംഭരണശാലകളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതുകൂടാതെ ഹോട്ട് പോയന്റ് സ്റ്റൗനിർമ്മാണയൂണിറ്റ് ഇടക്കുളങ്ങരയിൽ പ്രവർത്തിക്കുന്നു.

വനിതാവ്യവസായം

ചെറുകിടവ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും വൻതോതിൽ ഗ്രാമങ്ങൾ തോറും ആരംഭിച്ചാൽ മാത്രമെ തൊഴിലില്ലായ്മ ഒരളവു വരെ പരിഹരിക്കാൻ കഴിയൂ. വനിതകൾ ജോലി ചെയ്യാതെ ഇനി കുടുംബം പുലർത്തിക്കൊണ്ടു പോകാൻ കഴിയുകയില്ല എന്നുള്ളത് തീർച്ചയാണ്. പഴയകാലത്തെപ്പോലെ കൊച്ചമ്മ ചമഞ്ഞ് അന്തഃപുരത്തിലിരിക്കാൻ ഇനി സ്ത്രീകൾക്ക് കഴിയുകയില്ല. കുടുംബവും, നാടും നന്നാക്കണമെങ്കിൽ ഇനി സ്ത്രീകൾ ഉണരണം ഒരുമിക്കണം. ആഭരണവും, പട്ടുസാരികളും, വാങ്ങാൻ ചെലവഴിക്കുന്നതിന്റെ ഒരംശമെങ്കിലും വ്യവസായം തുടങ്ങാനുള്ള ഷെയറുകളാക്കണം. സ്ത്രീകൾ പ്രയാസപ്പെട്ട് വ്യവസായശാലകൾ ആരംഭിച്ച് ലോണിനും, ഗ്രാന്റിനും സമീപിക്കുമ്പോൾ ഉദ്യോഗസ്ഥന്മാർ അവരെ നിരാശപ്പെടുത്താതെ പ്രോത്സാഹിപ്പിക്കാൻ സന്നദ്ധരാക്കണം. നൂറവട്ടം ബാങ്കിലും അതിലിരട്ടി വ്യവസായആഫീസിലും കയറിയിറങ്ങി, പ്രയോജനം ലഭിക്കാതെ തുടങ്ങിയ വ്യവസായം നഷ്ടത്തിലും മുടക്കിയപണം 'വെള്ളത്തിലും' വീട് പട്ടിണിയാക്കുകയും ചെയ്താൽ സ്ത്രീകൾ എങ്ങനെ വ്യവസായം തുടങ്ങും. വനിതാവ്യവസായം എന്നത് സഫലീകൃതമാകാൻ സർക്കാരും ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതാക്കൻമാരും നിസ്വാർത്ഥഭാവനയോടെ ത്യാഗബുദ്ധിയോടെ നാട്ടിലെ പാവപ്പെട്ട പെൺകുട്ടികളുടെ കണ്ണീരൊപ്പാൻ ദൃഢപ്രതിജ്ഞയോടുകൂടി പ്രവർത്തിച്ചാൽ സ്ത്രീകൾ ഈ രംഗത്ത് മുന്നേറും.


പ്രശ്നങ്ങൾ


വ്യവസായശാലകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമല്ലഎന്നുള്ളത് ഈ രംഗം നേരിടുന്ന ഒരു പ്രധാനപ്പെട്ട ഭീഷണിയാണ്. മൂലധനത്തിന്റെ അഭാവം രൂക്ഷമായ വൈദ്യുതപ്രതിസന്ധി; അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, ബാങ്ക് വായ്പ മതിയായ രീതിയിൽ കിട്ടാതെയിരിക്കൽ, തൊഴിൽ പ്രശ്നങ്ങൾ, വർദ്ധിച്ച കൂലിനിരക്ക്, വിപണന സൗകര്യക്കുറവ്, പരിസ്ഥിതി പ്രശ്നങ്ങൾ, ഉദ്യോഗസ്ഥൻമാരുടെ നിസ്സഹകരണം, ലൈസൻസ് ലഭിക്കാനുള്ള കാലതാമസം എന്നിവ ഈ രംഗത്തെ എടുത്തുപറയത്തക്ക പ്രശ്നങ്ങളാണ്. പരമ്പരാഗത കുടിൽ വ്യവസായങ്ങളിലെ ഉൽപന്നങ്ങൾക്ക് ഉൽപാദന ചെലവിനനുസരിച്ച് വില ലഭിക്കാതെയിരിക്കുന്നത് ഈ മേഖലയിലെ പുരോഗതിയെ തടസ്സപ്പെടുത്തുന്ന ഒന്നാണ്. വ്യവസായങ്ങൾ തുടങ്ങുന്നതിന് അഭ്യസ്തവിദ്യരായ യുവാക്കൾക്കുള്ള വൈമുഖ്യം, വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെ ലഭിക്കാതെയിരിക്കൽ, സാങ്കേതികവിദ്യാഭ്യാസത്തിന്റെ അഭാവം മുതലായവ ഈ രംഗത്തെ വെല്ലുവിളികളാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഏത് തൊഴിലും മഹത്തരമാണ് എന്ന സന്ദേശം ഉൾക്കൊള്ളാൻ യുവാക്കൾ തയ്യാറാകണം.

നിർദ്ദേശങ്ങൾ

1. വ്യവസായ സംരഭങ്ങൾക്ക് ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുക.
2. ചെറുകിട വ്യവസായസംരംഭങ്ങൾക്ക് ലൈസൻസ് ഉദാരവൽക്കരിക്കുക.
3. വനിതകൾക്ക് വ്യവസായ വികസനകോർപ്പറേഷനിൽ നിന്നും വേണ്ട സാമ്പത്തിക സഹായങ്ങൾ നൽകുക.
4. പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, പാനെയ്ത്ത് എന്നിവ ആധുനിക വൽക്കരിക്കുകയും വൈവിദ്ധ്യവൽക്കരിക്കുകയും ചെയ്യുക.
5. സഹകരണ മേഖലയിലുള്ള വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുക.
6. ചിരട്ട, ചകിരി, തഴ, കച്ചി എന്നിവ ഉപയോഗിച്ച് കരകൗശലനിർമ്മാണ വസ്തുക്കൾ നിർമ്മിക്കാനുള്ള യൂണിറ്റുകൾ ആരംഭിക്കുക.
7. നാളീകേരത്തിൽ നിന്നും വൈവിദ്ധ്യമാർന്ന ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുക.
8. പഴവർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി ജ്യൂസ്, ജാം എന്നിവയും നെല്ലിക്ക, നാരങ്ങ, മാങ്ങ എന്നിവ ഉപയോഗിച്ച് അച്ചാറുകളും നിർമ്മിക്കാനുള്ള സ്ഥാപനങ്ങൾക്ക് രൂപം നൽകുക.
9. കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയ ചെടികൾ വ്യാവസായിക അടിസ്ഥാനത്തിൽ വളർത്തുക.
10. പട്ടുനൂൽ ഉല്പാദനം പുനരുജ്ജീവിപ്പിക്കുക.
11. കോഴി, ആട്, പന്നി എന്നിവയെ വളർത്തുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
12. പഞ്ചായത്തിൽ സിറാമിക്സ് യൂണിറ്റുകൾ സ്ഥാപിക്കുക.
13. തേനീച്ച വളർത്തൽ വ്യാപകമാക്കുക.
14. പച്ചക്കറി തോട്ടങ്ങൾ സ്ഥാപിക്കുക.

അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ വളരെക്കൂടുതലുള്ളതും, മെച്ചപ്പെട്ട ഗതാഗതസൗകര്യങ്ങളുള്ളതുമായ നാദാപുരത്തിന്റെ പഞ്ചായത്തിൽ വ്യവസായ സംരംഭങ്ങൾക്ക് വളരാൻ പറ്റിയ വളക്കൂറുള്ള മണ്ണാണ് ഉള്ളത്.





ഗതാഗതം ഊർജ്ജം മാർക്കറ്റ്

ഒരു പ്രദേശത്തിന്റെ സമഗ്രവികസനത്തിന് അത്യന്താപേക്ഷിതമായ ഘടകമത്രെ ഗതാഗത സൗകര്യങ്ങൾ. റോഡ്, റെയിൽവേ, ജലഗതാഗതം എന്നിവയാണ് നമ്മുടെ പഞ്ചായത്തിന്റെ പ്രധാന ഗതാഗതമാർഗ്ഗങ്ങൾ. കാർഷികവും, കാർഷികേതരവുമായ ഉല്പന്നങ്ങളും, അസംസ്കൃതവസ്തുക്കളും ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്ത് എത്തിച്ചിരിക്കുന്നത് ഗതാഗതസൗകര്യങ്ങൾ ഇത്രയേറെ പുരോഗമിക്കുന്നതിന് മുമ്പ് ജലമാർഗ്ഗമായിരുന്നു. മുന്നുവശവും തോടുകകളാലും പുഴകളാലും ജലഗതാഗതത്തിന് ഇപ്പോഴത്തെ ഇവിടുത്തെ പ്രധാന ഗതാഗതമാർഗ്ഗം റോഡാണ്. നമ്മുടെ പഞ്ചായത്തിലെ പരമ്പരാഗതവ്യവസായങ്ങളിൽ പ്രധാനപ്പെട്ടതാണ് ഇഷ്ടികവ്യവസായം. അസംസ്കൃതവസ്തുക്കൾ കൊണ്ടുവരുന്നതിനും ഉല്പന്നങ്ങൾ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനും ഇന്നും ഒരു പരിധിവരെ ജലഗതാഗതത്തെയാണ് ആശ്രയിക്കുന്നത്. നമ്മുടെ കാർഷിക ഉല്പന്നങ്ങളായ കൊപ്രാ, അടയ്ക്കാ എന്നിവ പ്രധാന മാർക്കറ്റുകളിൽ എത്തിച്ചിരുന്നത് ജലമാർഗ്ഗമായിരുന്നു. കൊല്ലത്തെ ഓട് വ്യവസായത്തിന് മാറ്റ്കൂട്ടിയിരുന്ന മാലൂമേൽ ചെളി ജലമാർഗ്ഗമായിരുന്നു, ഉല്പന്നകേന്ദ്രങ്ങളിൽ എത്തിച്ചിരുന്നത്. വേണാടിന്റെ ആസ്ഥാനം കൊല്ലത്ത് സ്ഥിതിചെയ്തിരുന്നപ്പോഴും തിരുവനന്തപുരത്തേക്ക് മാറ്റം ഉണ്ടായതിനുശേഷവും സർക്കാരുമായി ബന്ധപ്പെടുന്നതിനും വ്യവഹാരകാര്യങ്ങൾക്കും, നമ്മുടെ പൂർവ്വികർ ജലഗതാഗതത്തെയാണ് ആശ്രയിച്ചിരുന്നത്. ഇത് ജലഗതാഗതത്തിന് ഇവിടെ ഉണ്ടായിരുന്ന പ്രസക്തിയാണ് കാണിക്കുന്നത്.

1957-ൽ ഗതാഗതയോഗ്യമായ [illegible]കൊല്ലം -എറണാകുളം തീവണ്ടിപ്പാത നമ്മുടെ പഞ്ചായത്തിലെ 1,2,4,7,9 എന്നീ വാർഡുകളിൽകൂടി 5 km ദൂരത്തിൽ കടന്നു പോകുന്ന കരുനാഗപ്പള്ളി റെയിൽവേസ്റ്റേഷന്റെ ആസ്ഥാനമായ നമ്മുടെ പഞ്ചായത്തിലെ ഏഴാം വാർഡിൽ ഇടക്കുളങ്ങരയിൽ സ്ഥിതി ചെയ്യുന്നു. ആയിരക്കണക്കിന് ബഹുജനങ്ങളും വിദ്യാർത്ഥികളും ഉദ്യോഗസ്ഥരും ഈ യാത്രാസൗകര്യം ദിനം പ്രതി പ്രയോജനപ്പെടുത്തുന്നുണ്ട്. നമ്മുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്ക് അനുസൃതമായി ഇനിയും ഈ രംഗത്ത് ഏറെ വികസനം നടക്കേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്തിലെ തന്നെ ഏറ്റവും വലിയ എഫ്.സി.ഐ ഗോഡൗൺ നമ്മുടെ പഞ്ചായത്തിൽ 7-ാം വാർഡിൽ റെയിൽവേസ്റ്റേഷനോട് ചേർന്ന് സ്ഥിതിചെയ്യുന്നു. അതുപോലെ തന്നെ സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാസ്ഥാപനമായ ടൈറ്റാനിയം ഫാക്ടറിയിലേക്കുള്ള റെയിൽവേപ്പാത നമ്മുടെ പഞ്ചായത്തിൽ നിന്നു മാരംഭിക്കുന്നു.

റോഡ് ഗതാഗതം

കഴിഞ്ഞ അരനൂറ്റാണ്ടിനിടയിൽ വന്വിച്ച പുരോഗതിയാണ് ഈ രംഗത്ത് നമുക്ക് കൈവരിക്കാൻ കഴിഞ്ഞത്. വിവിധങ്ങളായ ദൈനംദിന ആവശ്യങ്ങൾക്ക് ബഹുജനങ്ങൾ മുഖ്യമായി ആശ്രയിക്കുന്നത് റോഡ് ഗതാഗതത്തെയാണ്. ആവിർഭാവകാലത്ത്, ഈ പഞ്ചായത്തിൽ സഞ്ചാരയോഗ്യമായ ഒരു റോഡുപോലും ഇല്ലായിരുന്നു. വെളുത്തമണൽ എന്ന പേര് അന്വർത്ഥമാക്കുന്ന രീതിയിൽ പൂഴിമണലുകൾ നിറഞ്ഞനാട്ടുപാതകളായിരുന്നു, ഈ പഞ്ചായത്തിൽ ഏറെയുണ്ടായിരുന്നത്. ഈ പഞ്ചായത്ത് നിലവിൽ വന്നതിനു ശേഷം ആദ്യം നിർമ്മിച്ച സഞ്ചാരയോഗ്യമായ റോഡ് 2 4/1 മൈൽ ദൈർഘ്യമുള്ള മാരാരിത്തോട്ടം, കുറ്റിപ്പുറം റോഡായിരുന്നു. ജനകീയ ആവശ്യങ്ങളുടെ സമ്മർദ്ദത്തിന്റെ ഫലമായി കാലാകാലങ്ങളിൽ നമ്മുടെ പഞ്ചായത്തിന് ഈ രംഗത്ത് പുരോഗതി കൈവരിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ താലൂക്ക് ആസ്ഥാനമായ കരുനാഗപ്പള്ളിയുമായി ബന്ധപ്പെടുത്തുന്ന കരുനാഗപ്പള്ളി, ശാസ്താംകോട്ട റോഡ്, നമ്മുടെ പഞ്ചായത്തിലെ 1,2,4 വാർഡുകളിലായി കടന്നുപോകുന്നു. സ്വകാര്യ ട്രാൻസ്പോർട്ട് ബസുകൾ ദൈനംദിനം 100 ന് മുകളിൽ ഇതുവഴി സർവ്വീസ്

നടത്തുന്നുണ്ട്. സ്വകാര്യവാഹനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി ഇതുവഴി സർവ്വീസ് നടത്തുന്നു. മലംചരക്കുവ്യാപാരകേന്ദ്രങ്ങളായ പത്തനംതിട്ട, പത്തനാപുരം, അടൂർ, അഞ്ചൽ, പുനലൂർ, കൊട്ടാരക്കര, ശാസ്താംകോട്ട തുടങ്ങിയ പ്രദേശങ്ങളുമായി നമ്മുടെ പ്രദേശത്തെ ബന്ധപ്പെടുത്തുന്നതിനും അയൽ-സംസ്ഥാനമായ തമിഴ്നാടുമായി ബന്ധപ്പെടുത്തുന്നതുമായ വളരെ പ്രധാനപ്പെട്ട റോഡാണ് ഇത്. നമ്മുടെ പഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടി കടന്നുപോകുന്നതും റെയിൽവേസ്റ്റേഷൻ, കുരുനാഗപ്പള്ളി ബ്ലോക്ക് ഓഫീസ്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഫുഡ് കോർപ്പറേഷൻ എന്നിവയുമായി ബന്ധിപ്പിച്ചുകൊണ്ട് കരുനാഗപ്പള്ളിയിലേക്കുപോകുന്ന കാരൂർകടവ്, കരുനാഗപ്പള്ളി റോഡ് നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട പി. ഡബ്ല്യു.ഡി. റോഡാണ്. പഞ്ചായത്ത് വില്ലേജ് ആസ്ഥാനങ്ങളിൽകൂടി കടന്നുപോകുന്ന ഈ റോഡ് നമ്മെ സംബന്ധിച്ച് വിശേഷപ്രാധാന്യമർഹിക്കുന്ന ഒന്നാണ്. നമ്മുടെ പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിൽ കൂടി കടന്നുപോകുന്ന ചിറ്റുമൂല, ചക്കുവള്ളിറോഡ് ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട മറ്റൊരു പി.ഡബ്ല്യു.ഡി. റോഡാണ്. ഭാഗികമായി മാത്രമേ നമ്മുടെ പഞ്ചായത്തിൽ കൂടി കടന്നുപോകുന്നുവെങ്കിലും ഈ റോഡ് നമ്മെ സംബന്ധിച്ച് വളരെ പ്രധാന്യം അർഹിക്കുന്നു. പഞ്ചായത്തിന്റെ വടക്ക് പടിഞ്ഞാറുനിന്ന് ആരംഭിച്ച് കിഴക്കെ അതിർത്തിയായ മാലുമേൽക്കടവിൽ എത്തിച്ചേരുന്ന ചിറ്റുമൂല-മാലുമേൽക്കടവ് റോഡ് നാഷണൽ ഹൈവേയുമായി കൂന്നത്തൂർ താലൂക്കിനേയും നമ്മുടെ പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന പ്രധാന പി. ഡബ്ല്യു. ഡി. റോഡാണ്.

തഴവാ പഞ്ചായത്തുമായി ഈ പഞ്ചായത്തിനെ ബന്ധിപ്പിക്കുന്ന A.V.H.S. ജംഗംഷൻ ചാമ്പക്കടവ് റോഡ് മറ്റൊരു പ്രധാനപ്പെട്ട പി.ഡബ്ല്യു.ഡി. റോഡാണ്. 6 കി. മീറ്റർ ദൈർഘ്യമുള്ള റോഡ് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി തെക്ക് വടക്ക് സ്ഥിതിചെയ്യുന്നു. അരമത്തുമഠം, മാലുമേൽകടവ് റോഡ് നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട റോഡാണ്. 4 കി. മീ. ദൈർഘ്യമുള്ള ഇത് കിഴക്കൻ ഭാഗങ്ങളിലെ പ്രധാനപ്പെട്ട ഒരു ഗതാഗതമാർഗ്ഗമാണ്.

പ്രശ്നങ്ങൾ

മാളീക്കൽ ജംഗ്ഷന്റേയും, റെയിൽവേ സ്റ്റേഷന് തൊട്ട് തെക്കുവശമുള്ള ലെവൽ ക്രോസിലും റെയിൽവേ ഡബിൾ ലൈൻ വന്നതോടുകൂടി ഇപ്പോൾ അസാധാരണമായ ഗതാഗതകുരുക്ക് അനുഭവപ്പെടുന്നു. അധികസമയവും ഈ ക്രോസ്സുകൾ അടഞ്ഞുകിടക്കുകയാണ്.

നമ്മുടെ പഞ്ചായത്തിലെ റോഡുകൾ എല്ലാം തന്നെ മിക്കഭാഗങ്ങളിലും കാലവർഷകാലത്ത് വെള്ളം കെട്ടി നില്ക്കുകയോ, ഗട്ടറുകൾ മൂലം സഞ്ചാരയോഗ്യമല്ലാതെ ആകുകയോ ചെയ്തിരിക്കുന്നു. വേണ്ട സമയങ്ങ ൽ അറ്റകുറ്റപ്പണികൾ നടക്കാതിരിക്കുകയും വെള്ളം ഒഴുകിപോകുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതുമൂലവും നമ്മുടെ റോഡുകൾ സഞ്ചാരയോഗ്യമല്ലാതായി തീർന്നിരിക്കുന്നു.

മിക്ക ഗ്രാമീണ റോഡുകൾക്കും ആവശ്യമായ വീതി ഇല്ലെന്നതാണ് മറ്റൊരു പ്രധാനപ്പെട്ട പോരായ്മ. ഇനി യാതൊരു രീതിയിലും വേണ്ടത്ര വികാസം ഉണ്ടാകാത്ത രീതിയിൽ അശാസ്ത്രീയമായാണു ഇവയിൽ പലതും നിർമ്മിക്കപ്പെട്ടിരിക്കുന്നത്.

നിർദ്ദേശങ്ങൾ

വളരെ കൂടുതൽ ഗതാഗതകുരുക്ക് അനുഭവപ്പെടുന്ന മാളീയ്ക്കൽ എഫ്. സി.ഐ. ജംഗ്ഷൻ തുടങ്ങിയ റെയിൽവേ ക്രോസുകളിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുകവഴി ഇത് ഒഴിവാക്കാൻ കഴിയും. വേണ്ട സമയങ്ങളിൽ അറ്റകുറ്റപണികൾ ചെയ്തു റോഡുകളുടെ നിലവാരം ഉയർത്താൻ കഴിയണം. ആവശ്യമുള്ള സ്ഥലങ്ങളിൽ റോഡുകളിൽ കലുങ്കും, ഓടയും നിർമ്മിക്കുക. ഈ പഞ്ചായത്തിലെ ചുരുക്കം ചില റോഡുകൾ മാത്രമാണ് ടാർ ചെയ്യപ്പെട്ടിട്ടുള്ളത്.പ്രധാനപ്പെട്ട റോഡുകൾ എല്ലാം ടാർ ചെയ്യേണ്ടതാണ്.പുതിയ റോഡുകളിൽ പലതും ഗ്രാവലിങ്ങ് പോലും നടക്കാത്ത വയാണ്. ഈ ദുഃഖസ്ഥിതികൾ എല്ലാം പരിഹരിക്കേണ്ടത് നമ്മുടെ പ്രദേശത്തിന്റെ സമഗ്രവികസനത്തിന് അനിവാര്യമാണ്.

പി.ഡബ്ല്യു.ഡി. റോഡുകളുടെ ഇരുവശവുമുള്ള കടകളുടെ ഇറക്കും, പുതിയ എൻക്രോച്ച്മെന്റും ഒഴിവാക്കേണ്ടതാണ്. പുതിയ കെട്ടിടങ്ങളും, കടകളും നിർമ്മിക്കുമ്പോൾ ആവശ്യമായ ദൂരപരിധിയും റോഡിന്റെ സുരക്ഷിതത്വവും ഉറപ്പുവരുത്തേണ്ടതാണ്.

റോഡ് പുറമ്പോക്കിൽ കുടികെട്ടി താമസിക്കുന്നത് ഒഴിവാക്കേണ്ടതാണ്. പൊതു മരാമത്തു പണികളുടെ അഴിമതിയും കാലതാമസവും ഒഴിവാക്കേണ്ടതാണ്. വർദ്ധിച്ചുവരുന്ന റോഡ് അപകടങ്ങൾ ഒഴിവാക്കേണ്ടതിന് ഡ്രൈവിംഗ് ലൈസൻസിംഗ് സമ്പ്രദായത്തിലെ അപാകതകൾ പരിഹരിക്കുകയും വാഹനങ്ങൾ സഞ്ചാരയോഗ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. സ്തംഭിച്ചു കിടക്കുന്ന ചാമ്പക്കടവ് പാലംപണി എത്രയും വേഗം തുടങ്ങേണ്ടതാണ്. രണ്ട് താലൂക്കുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും തുറക്കുന്നതുമായ മാലുമേൽക്കടവ് പാലം പണി ഒമ്പതാം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. പണ്ടകശാലയിലും വലിയതുറകടവിലുമുള്ള കടത്തുകൾ കാര്യക്ഷമമാക്കുക, മുടങ്ങികിടക്കുന്ന കായംകുളം ശാസ്താംകോട്ട ബസ്സ് സർവ്വീസ് പുനരാരംഭിക്കുക. മാലുമേൽ കടവിൽ നിന്നും തിരുവനന്തപുരത്തേക്ക് ഫാസ്റ്റ് പാസഞ്ചർ ബസ് അനുവദിക്കുക. കൊല്ലം, കായംകുളം, അടൂർ, കൊട്ടാരക്കര തുടങ്ങിയ സ്ഥലങ്ങളിലേക്കു നമ്മുടെ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ കൂടികടന്നുപോകുന്ന കെ.എസ്. ആർ.ടി.സി. ബസ്സ് ആരംഭിക്കുക. വർദ്ധിച്ചുവരുന്ന യാത്രാപ്രശ്നം പരിഹരിക്കുന്നതിനും ഈ പ്രദേശത്തിന്റെ വികസനത്തിന് ഉതകുന്ന രീതിയിൽ കൂടുതൽ ട്രെയിനുകൾക്ക് കരുനാഗപ്പള്ളിയിൽ സ്റ്റോപ്പ് അനുവദിക്കുക.

പഞ്ചായത്തിലെ പ്രധാനപ്പെട്ട പി.ഡബ്ല്യു.ഡി.റോഡുകൾ

	നീളം
1. കരുനാഗപ്പള്ളി– ശാസ്താംകോട്ടം	4 km
2. കരുനാഗപ്പള്ളി– കാരൂർകടവ്	5 km
3. ചിറ്റുമൂല– മാലുമേൽകടവ്	6 km
4. പുതിയകാവ്– ചക്കുവള്ളി	5 km
5. AVHS – ചാമ്പക്കടവ്	5 km
6. അരമത്തുമഠം– വലിയതുറകടവ്	4 km
7. മാരാരിത്തോട്ടം– കുറ്റിപ്പുറം റോഡ്	5 km

തൊടിയൂർപഞ്ചായത്ത് ഗതാഗതം



ഊർജ്ജം

96-97 വർഷത്തിൽ നമ്മുടെ വൈദ്യുതി ആവശ്യം 10816 ദശലക്ഷം യൂണിറ്റാണ്. റെക്കാഡ് ഉല്പാദനം ഉണ്ടായാൽത്തന്നെ 6844 ദശലക്ഷം വൈദ്യുതിയെ ഉൽപാദിപ്പിക്കാൻ കഴിയൂ. കേന്ദ്ര വിഹിതമായി 2849 ദശലക്ഷം യൂണിറ്റ് ലഭിക്കും. ഇത് ലഭിച്ചാൽത്തന്നെ 1147 ദശലക്ഷം യൂണിറ്റ് കുറവുണ്ട്. കൂടാതെ ഓരോ വർഷവും 10% ഉപ ഭോഗം കൂടി വരുന്നുണ്ട്.

മുടങ്ങിക്കിടക്കുന്ന വൈദ്യുതപദ്ധതികൾ ഉടൻ പുനഃരാരംഭിക്കണം. കക്കാട് ജലവൈദ്യു തപദ്ധതി തുടങ്ങിയിട്ട് 18 വർഷമായി. 50 മെഗാ വാട്ട് ഉല്പാദനമുള്ള ഇത് 98 മാർച്ചിൽ പൂർത്തി യാകും. ലോവർപെരിയാർ (180 മെഗാവാട്ട്) ധൃതി യിൽ പണിനടക്കുന്നു. ബ്രഹ്മപുരം (100 മെഗാ വാട്ട്) ധൃതിയിൽ പണിനടക്കുന്നു. ഏതാനും മാസങ്ങൾക്കകം പ്രവർത്തനക്ഷമമാകും. കുറ്റ്യാടി മേഗാവാട്ട് ഉൽപാദനം പ്രതീക്ഷിക്കുന്നു. കായം കുളം 1782 മില്യൻ യൂണിറ്റ് ഉൽപാദനശേഷിയു ണ്ട്. 380 മെഗാവാട്ട് ശേഷിയുള്ള പറമ്പിക്കുളം പദ്ധതിക്ക് 15 ഹെക്ടർ സ്ഥലം എടുക്കുന്നതി നുള്ള നടപടി നടന്നുവരുന്നു.ആതിരപ്പള്ളിപദ്ധ തിക്കാവശ്യമായ നടപടികൾ നടന്നുവരുന്നു. കൊച്ചിയിൽ കൊച്ചിൻ റിഫൈനറീസിന്റെ 50 മെഗാവാട്ട് പദ്ധതിക്ക് കേന്ദ്രാനുമതിക്ക് ശ്രമിക്കു ന്നു. 120 മെഗാവാട്ട് ശക്തിയുള്ള നല്ലാളത്തെ കോഴിക്കോട് ഡീസൽ നിലയം സംബന്ധിച്ച് നട പടികൾ നടന്നുവരുന്നു. താപനിലയങ്ങളെ ആശ്ര യിക്കേണ്ട അവസ്ഥയാണ് ഇന്നുള്ളത്. താപനി ലയങ്ങളിൽ നിന്നും 40% വൈദ്യുതി ഉണ്ടായാൽ മാത്രമെ ഒരു പരിഹാരം ഉണ്ടാകു. 100 മെഗാവാട്ട് ശക്തിയുള്ള രണ്ട് പദ്ധതികൾ ബേപ്പൂരും, വളപ ട്ടണത്തും സ്ഥാപിക്കാൻ ശ്രമം നടന്നുവരുന്നു.

ആധുനിക ജീവിതത്തിന്റെ സമസ്ത മേഖ ലകളുടെയും വികസനത്തിന് അനിവാര്യമായ ഒരു ഘടകമാണ് ഊർജ്ജം. ഊർജ്ജപ്രതിസന്ധി നമ്മുടെ സംസ്ഥാനത്ത് വളരെ രൂക്ഷമായി നില നിൽക്കുന്നു. ഇത് പരിഹരിക്കാതെ നമ്മുടെ നാടിന് ഒരടിപോലും മുന്നേറാൻ കഴിയില്ല. വൈദ്യുത പ്രതിസന്ധിമൂലം നമ്മുടെ സംസ്ഥാ നത്തിന്റെ പുരോഗതി നിലച്ചിരിക്കുകയാണ്. ഈ പ്രതിസന്ധി മുറിച്ചുകടക്കുന്നതിന് പുത്തൻസങ്കേ തങ്ങൾ ആവിഷ്ക്കരിക്കേണ്ടതാണ്. ഒരു പ്രദേശ ത്തിന്റെ പുരോഗതികണക്കാക്കുന്ന പ്രധാന കാര്യം ആ പ്രദേശത്ത് ഉപയോഗിക്കപ്പെടുന്ന ഊർജ്ജത്തെ അടിസ്ഥാനമാക്കിയാണ്. ഊർജ്ജ ഉപയോഗത്തിൽ നമ്മുടെ പഞ്ചായത്ത് വളരെ പിറ കിലാണ്. ഗാർഹികം, കാർഷികം, വ്യാവസായി കം, വാണിജ്യം, സേവനം ഈ രംഗങ്ങളിലാണ് പ്രധാനമായും ഊർജ്ജം ഉപയോഗിക്കപ്പെടുന്ന ത്. നമ്മുടെ പഞ്ചായത്തിൽ ഗാർഹിക ആവശ്യ ങ്ങൾക്കാണ് ഏറ്റവും കൂടുതൽ ഊർജ്ജം ഉപ യോഗിക്കുന്നത്. ബഹുഭൂരിപക്ഷം വരുന്ന സാധാ രണജനങ്ങളും പരമ്പരാഗത ഊർജ്ജങ്ങളായ വിറ ക്, തെങ്ങുൽപന്നങ്ങൾ മുതലായവയാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. വളരെ ചുരുങ്ങിയ ശതമാനം ആൾക്കാർ മണ്ണെണ്ണ,ഗ്യാസ് മുതലായ ഇന്ധനങ്ങളും ഉപയോഗിക്കുന്നു,. ഗോബർഗ്യാസ് ഉപയോഗവും നമ്മുടെ പഞ്ചായത്തിൽ ചുരുങ്ങിയ തോതിലുണ്ട്. വാണിജ്യകാർഷിക ആവശ്യങ്ങൾ ചുരുങ്ങിയ തോതിൽ മാത്രമേ ഇവിടെ വൈദ്യുതി ഉപയോഗിക്കുന്നുള്ളു.

പഞ്ചായത്തിലെ നിലവിലുള്ള വൈദ്യുതി വിതരണം സംബന്ധിച്ച വിവരങ്ങൾ

ഗാർഹികം	–	4590 വീടുകൾ
വ്യാവസായികം	–	58
കാർഷിക	–	47
വാണിജ്യം	–	395
ട്യൂബ് ലൈറ്റ്	–	110
ബൾബ്	–	365

പഞ്ചായത്തിൽ 3 ഹരിജൻ കോളനികൾ വൈദ്യുതികരിച്ചിട്ടുണ്ട്. 11787 രൂപ ഒരു മാസം പഞ്ചായത്ത് ഈ വശത്ത് വിനിയോഗിക്കുന്നു.

പ്രശ്നങ്ങൾ

പഞ്ചായത്തിലെ വിവിധ മേഖലകളിൽ പ്രത്യേകിച്ച് തെക്കൻ പ്രദേശങ്ങളിൽ രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇനിയും വൈദ്യുതി കടന്നുചെല്ലാത്ത ഒട്ടനവധി

ഗ്രാമീണറോഡുകളും പ്രദേശങ്ങളുമുണ്ട്. ഈ ദുഃസ്ഥിതി പരിഹാരിക്കപ്പെടേണ്ടതാണ്. മിക്ക തെരുവുവിളക്കുകൾ കത്തുന്നില്ല എന്നുമാത്രമല്ല ഒരിയ്ക്കൽ ഫ്യൂസായാ ബൾബുകളും ട്യൂബുകളും മാറ്റുന്നതിന് ബന്ധപ്പെട്ടവർ വീഴ്ചവരുത്തുന്നു. നിലവിലുള്ള ലൈനുകൾക്ക് ശേഷിക്കുറവാണ്. അടിയ്ക്കടി ഡിസ്കണക്ഷനുകൾ ഉണ്ടാകുന്നു. പുതിയ കണക്ഷൻ ലഭിക്കുന്നില്ല. പുതിയ വ്യവസായസംഭരങ്ങൾക്ക് വൈദ്യുതി കണക്ഷൻ കിട്ടാതെ വിഷമിക്കുന്നു. വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് പര്യാപ്തമായ നിലയിൽ വൈദ്യുതി ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ

1, 2, 4, 7, 6, 8, 9, 13, 14 വാർഡുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനു ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക. പ്രധാനപ്പെട്ട റോഡുകളിലെ സിംഗിൾ ഫെയിസ് ലൈൻ മാറ്റി ത്രീ ഫെയിസ് ലൈൻ സ്ഥാപിക്കുക പട്ടികജാതികോളനികളും, ലക്ഷംവീടുകളും, പഞ്ചായത്ത് കോളനികളും വൈദ്യുതികരിക്കുക, കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി മുൻഗണനാക്രമത്തിൽ കൊടുക്കുക, പഞ്ചായത്ത് ആഫീസ്, ജംഗ്ഷൻ വില്ലേജ് ഓഫീസ് ജംഗ്ഷൻ, വെളുത്തമണൽപുത്തൻചന്ത, ചെട്ടിയത്ത്മുക്ക്, പ്ലാവിളളചന്ത, അരമത്തുമഠം ജംഗ്ഷൻ കല്ലേലിഭാഗം പുത്തൻചന്ത, മാളീയ്ക്കൽ മുക്ക്, കാരൂർകടവ്, കൂട്ടപ്പൻമുക്ക്, തറയിൽ മുക്ക്, ബ്ലേക്കോഫീസ് ജംഗ്ഷൻ എന്നിവിടങ്ങളിൽ സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കുക. ഊർജ്ജ പ്രതിസന്ധി പരിഹരിക്കുവാൻ പുകയില്ലാത്ത അടുപ്പുകൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് അത്യാവശ്യ ഊർജ്ജകമ്മി പരിഹരിക്കാൻ പ്രോത്സാഹിപ്പിക്കുക. പഞ്ചായത്തിന്റെ വകയായി വയറിംഗ് നടത്തികൊടുത്ത 142 വീടുകൾക്ക് അടിയന്തരമായി വൈദ്യുതി നൽകുക.

യഥാസമയങ്ങൾ പഞ്ചായത്തിലെ എല്ലാ വാർഡുകളുലും സ്ട്രീറ്റ്ലൈറ്റുകൾ കത്തിക്കുക. കോണത്തുഭാഗം തുരുത്തിൽ വൈദ്യുതി നൽകുക. പനന്തറഭാഗം വൈത്യുതീകരിക്കുക.

മാർക്കറ്റ്

തൊടിയൂർ പഞ്ചായത്തിൽ അറിയപ്പെടുന്ന മാർക്കറ്റുകൾ ഒന്നുംതന്നെയില്ല. നമ്മുടെ പഞ്ചായത്തിലെ ഒന്നാം വാർഡിൽ മാരാരിത്തോട്ടത്ത് പ്രസിദ്ധമായ ഒരു കാളച്ചന്ത മാത്രമാണുള്ളത്. കാർഷികവും കാർഷികേതരവുമായ ആവശ്യത്തിന് ജനങ്ങൾ ആശ്രയിച്ചിരുന്ന ഒരു കന്നുകാലിചന്തയാണിത്. വിദൂരദേശങ്ങളിൽ നിന്നുപോലും ആൾക്കാർ എന്നും ഈ മാർക്കറ്റിൽഎത്തിച്ചേരുന്നു. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന മാർക്കറ്റാണിത്. ചെട്ടിയത്തുമുക്ക്, വെളുത്തമണൽ, പ്ലാവിളളചന്ത, കല്ലേലിഭാഗം പുത്തൻചന്ത, എന്നിവിടങ്ങളിൾ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ചെറുമാർക്കറ്റുകളാണുള്ളത്. ഇവ കേവലം ഉപഭോക്തൃമാർക്കറ്റുകളാണു. കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ഒരു മാർക്കറ്റിന്റെ അഭാവം നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവിടെ കാർഷിക ഉല്പന്നങ്ങലും, പരമ്പരാഗത ഉല്പന്നങ്ങളും പ്രധാനമായും വിറ്റഴിയ്ക്കാൻ ബഹുജനങ്ങൾത്ത് കരുനാഗപ്പള്ളി പഞ്ചായത്തിലെ എസ്.ആർ.വി. മാർക്കറ്റിനേയും തഴവാപഞ്ചായത്തിലെ എസ്. ആർ. പി. മാർക്കറ്റിനേയും ആശ്രയിക്കേണ്ടിവരുന്നു.

പ്രശ്നങ്ങൾ

ഉല്പനന്നങ്ങൾ വിറ്റഴിക്കുന്നതിനും അവശ്യസാധനങ്ങൾ വാങ്ങുന്നതിനും നമുക്കു മറ്റു പഞ്ചായത്തുകളിലെ മാർക്കറ്റുകളെ ആശ്രയിക്കേണ്ടിവരുന്നു. കാർഷിക ഉല്പന്നങ്ങളെ വിറ്റഴിക്കുന്നതിനു വിദൂരപ്രദേശങ്ങളിലെ മാർക്കറ്റുകളെ ആശ്രയിക്കേണ്ടിവരുന്നു.

നിർദ്ദേശങ്ങൾ

പഞ്ചായത്ത് മുൻകൈ എടുത്ത് ഒരു മാർക്കറ്റ് സ്ഥാപിക്കുക. നിലവിലുള്ള മാർക്കറ്റുകളുടെ വിപുലീകരണം പ്രോത്സാഹിപ്പിക്കുക. നമ്മുടെ പ്രദേശത്തെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ നമ്മുടെ ഉല്പാദകർക്ക് സഹായം ചെയ്തുകൊടുക്കുകവഴി വിവിധമേഖലകളിലെ ഉല്പാദനശേഷി വർദ്ധിപ്പിക്കുവാനും ബഹുജനങ്ങളുടെ സാമ്പത്തികശേഷി ഉയർത്താനും തന്മൂലം പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാനും കഴിയും.

പഞ്ചായത്തിലെ പ്രധാനറോഡുകൾ ഉദ്ധരിയ്ക്കേണ്ടവ

വാർഡ് 1.

1. ആലുംമുക്ക് ജംഗ്ഷൻ – കല്ലുതുണ്ടിൽ മുക്ക്
2. കല്ലുതുണ്ടിൽമുക്ക്– കാട്ടൂർക്കടവ് റോഡ്
3. കാട്ടൂർലക്ഷംവീട് കോളനി റോഡ്
4. ഗാന്ധിമുക്ക് വേളക്കുമ്പിൽ മുക്ക് റോഡ്
5. കോളകത്തുമുക്ക് – കല്ലുതുണ്ടിൽമുക്കു റോഡ്
6. കല്ലുതുണ്ടിൽമുക്ക്– കാവിൽമുക്ക് റോഡ്
7. തെങ്ങുംവിളമുക്ക് – അമ്പഴവേലിയിൽമുക്ക് റോഡ്
8. വലിയവിളയിൽ റോഡ്
9. യൂക്കാലിമുക്ക് – മംഗലത്തുമുക്ക് റോഡ്

വാർഡ് II

1. കല്ലുകടവ് മുതൽ പട്ടകടവ് കുളം വരെയുള്ള റോഡ്.
2. തടത്തിൽമുക്ക് – കടവിൽ പുത്തൻവീട് മുക്ക് റോഡ്.
3. ഒറ്റത്തെങ്ങിൽമുക്ക് – കരുനാഗപ്പള്ളി ടൈൽസ്റോഡ്.
4. കാട്ടിൽ പ്ലാവിളമുക്ക് – താച്ചയിൽ കടവ് റോഡ്.
5. മാരാരിത്തോട്ടം ക്ഷേത്രത്തിനു കിഴക്കുവശം മുതൽ കരയന്നാത്തിൽ കടവുവരെയുള്ള റോഡ്.
6. മാരാരിത്തോട്ടം ക്ഷേത്രത്തിനു കിഴക്കുവശം മുതൽ ആലുംമുക്ക് ജംഗ്ഷൻ റോഡ്.
7. മാരാരിത്തോട്ടം ക്ഷേത്രത്തിനു തെക്കോട്ട് പണ്ടാരത്തിന്റെ മുക്ക് വരെയുള്ള റോഡ്.
8. കരയന്നാത്തിൽ കടവ് – പട്ടകടവ്കുളം റോഡ്.
9. പുത്തൻചന്ത – കാഞ്ഞിരത്താഴം റോഡ്.
10. പുത്തേഴത്ത് റോഡ്.

വാർഡ് III

1. കറുത്തേരിൽമുക്ക് – മുളമൂട്ടിൽകടവ് റോഡ്.
2. വിളയിൽമൂക്ക് – ദണ്ഡമംഗലം മുക്ക് റോഡ്.
3. പയറ്റുംവിളമുക്ക് – കിഴക്കേ അറ്റത്തുമുക്ക് റോഡ്.
4. ഒറ്റത്തെങ്ങിൽ മുക്ക് – വിളയിൽ മുക്ക് റോഡ്.
5. കുറ്റി അയ്യത്തുമുക്ക് – ചാങ്ങരമുക്ക് റോഡ്.
6. മീനത്തേതിൽമുക്ക് – കറുത്തേടത്ത് മുക്ക് റോഡ്.

വാർഡ് IV

1. കോട്ടവീട്ടിൽ ജംഗ്ഷൻ – കുമ്പില്ലാക്കാവ് റോഡ്
2. കോട്ടവീട്ടിൽ ജംഗ്ഷൻ – മാമൂട് ജംഗ്ഷൻ റോഡ്
3. ചക്കാല തെക്കമുക്ക് – കറുങ്ങാട്ട്, മുക്ക് റോഡ്

4. മാളിയേക്കൽ ജംഗ്ഷൻ – വില്ലേജ് ജംഗ്ഷൻ റോഡ്
5. വിദ്യാധരസ്വാമിയുടെ വീടിന്റെ വടക്കുവശം – പാട്ടുപുരയ്ക്കൽ ക്ഷേത്രത്തിന്റെ പടിഞ്ഞാറുവശം റോഡ്.
6. മാളിയേക്കൽ റെയിൽവേ ക്രോസ് ജംഗ്ഷൻ മുതൽ കളിയിക്കൽ ക്ഷേത്രം വരെയുള്ള റോഡ്.
7. മാളിയേക്കൽ ജംഗ്ഷൻ മുതൽ വിദ്യാധരസ്വാമിയുടെ വീടിന്റെ വടക്കുവശംവരെയുള്ള റോഡ്.
8. തടത്തിൽ കോളനി മുതൽ വാഴാലിൽകടവ് വരെയുള്ള റോഡ്.
9. വെളി അയ്യത്ത് ജംഗ്ഷൻ– ആയിരം തെങ്ങ് ജംഗ്ഷൻ റോഡ്.
10. കാവനാൽത്തറ ജംഗ്ഷൻ – ലക്ഷം വീട് റോഡ്.
11. കളീയ്ക്കൽ കിഴക്കുവശം മുതൽ ചെറുകളീയ്ക്കൽ മുക്കുവരെയുള്ള റോഡ്.

വാർഡ് V

1. കളരിക്ഷേത്രം മുതൽ കാര്യാടി ജംഗ്ഷൻവരെയുള്ള റോഡ്.
2. വാഴപ്പള്ളി വടക്കതിൽ മുക്ക് മുതൽ കിഴക്കോട് കളരിക്ഷേത്രം വരെയുള്ള റോഡ്.
3. പള്ളിയുടെ കിഴക്കുഭാഗം –ആശാൻമുക്ക് റോഡ്
4. മുടിയിൽ മുക്ക് – ചാങ്ങേത്ത് മുക്ക് റോഡ്
5. പറശ്ശേരികോളനി – കൂന്ത്രയത്ത് മുക്ക് റോഡ്
6. മഞ്ഞാടിമുക്ക് –കളരിമുക്ക് റോഡ്.

വാർഡ് VI

1. കാരിക്കൽ മുതൽ തെക്കോട്ട് ഉണ്ണൂലേത്ത് മുക്ക് റോഡ്
2. തീപ്പെട്ടി കമ്പിനി മുക്ക് – പുത്തൻകുളങ്ങര ഹിൽടോപ്പ് റോഡ്.
3. ഉണ്ണൂലോത്ത് മുക്ക് – ഇടക്കുളങ്ങര മുകകുറോഡ്
4. കുറുങ്ങാട്ട് കലുങ്ക് – മൈതാനത്ത് മുക്ക് റോഡ്
5. വിദ്യാധര സ്വാമിമുക്ക് – പുള്ളിയിൽ മുക്ക് റോഡ്
6. എൽ. വി.യു. പി.എസ്. മുക്ക് മുതൽ തെക്കോട്ട് മുസലിയാർ മുക്ക് വരെയുള്ള റോഡ്.
7. കുറ്റിയിൽ മുക്ക് – കോട്ടപ്പുറം മുക്ക് റോഡ്
8. ഇടക്കുളങ്ങരമുക്ക് –കൊങ്ങിണി അയ്യത്ത് മുക്ക്.

വാർഡ് VII

1. ബ്ലോക്കാഫീസ് ജംഗ്ഷൻ – കാട്ടിൽകുളങ്ങര ജംഗ്ഷൻ റോഡ്.
2. കോതേരിൽ മുക്ക് –കൊച്ചുവീട്ടിൽ മുക്ക് റോഡ്.
3. എരുമത്തടത്ത് മുക്ക് – മാളിക്കയ്ക്കകത്ത് മുക്ക് റോഡ്.
4. ബ്ലോക്കാഫീസിന്റെ പടിഞ്ഞാറ ജംഗ്ഷൻ – മീനത്തേൽ ജംഗ്ഷൻ റോഡ്.
5. കരിയിലക്കളങ്ങരമുക്ക് – പുള്ളിയിൽ മുക്ക് റോഡ്.
6. പാറ്റോലിൽ (എഫ്.സി. ഐ) മുക്ക്– റെയിൽവേ ക്രോസ് മുക്ക് റോഡ്.
7. കറുകയിൽ മുക്ക് – മാളിയ്ക്കത്ത് മുക്ക് റോഡ്.
8. ഏരുമത്തടത്തിൽമുക്ക് – അംബേദ്ക്കർ ഹരിജൻ കോളനി വഴി എഫ്.സി.ഐ. ജംഗ്ഷൻ റോഡ്.
9. പാണന്റയ്യത്ത് മുക്ക് – നൂറുൽഹുദാ മസ്ജിദ് റോഡ്.

10. കാക്കോന്റയത്ത് മുക്ക് – മൂതലശ്ശേരിൽ ക്ഷേത്രം വഴി വിളയിൽ മുക്ക് റോഡ്.
11. മൂലംകുഴി– പാറ്റോലിൽ തോട് റോഡ്.
12. പാലപ്പള്ളിയിൽ റോഡ് – പുള്ളിയിൽ പടിഞ്ഞാറ് റോഡ്.
13. പല്ലിയിൽ മുക്ക് – കളത്തിൽ ഹരിജൻ കോളനിവഴി കുന്നേൽ റോഡ്.

വാർഡ് VIII

1. കോട്ടൂർമുക്ക് – ഷാപ്പ് മുക്ക് റോഡ്
2. തീപ്പെട്ടികമ്പനി മുക്ക് – ചെട്ടിയത്ത് മുക്ക് റോഡ്.
3. തീപ്പെട്ടികമ്പനി മുക്ക് – കൊച്ചുപ്ലാവിളമുക്ക് റോഡ്
4. ചൂങ്കുശ്ശേരിൽ മുക്ക് – കാരിയ്ക്കൽ മുക്ക് റോഡ്.
5. പാലപ്പള്ളിൽമുക്ക് – ചൂങ്കുശ്ശേരിൽ മുക്ക് റോഡ്.
6. പുത്തനേത്ത് മുക്ക് – മുടിയിൽ മുക്ക് റോഡ്.
7. കളിയിക്കൽ മുക്ക് – ആയിക്കമത്തു ചുക്കു റോഡ്.
8. ചെട്ടിയത്തുമുക്ക് –വേണാട്ടുമുക്ക് റോഡ് വഴി ഭസ്മത്ത് മുക്ക്.
9. ചെട്ടിശ്ശേരിൽ മുക്ക് റോഡ്– പൂവണ്ണാൻ ജംഗ്ഷനുകിഴക്കുവശം വരെയുള്ള റോഡ്.
10. പട്ടിരയ്യത്ത് – പൂവണ്ണാൽ മുക്ക് റോഡ്.
11. ഇടക്കുളങ്ങര – കൊച്ചുവീട്ടിൽ മുക്കുറോഡ്.

വാർഡ് IX

1. കോക്കനട്ട് നഴ്സറിമുക്ക് –മാമ്പള്ളിമുക്ക് റോഡ്.
2. കാട്ടിൽ കുളങ്ങരമുക്ക് – പുത്തൻ പുരമുക്ക് റോഡ്.
3. നഴ്സറിമുക്ക് – പുള്ളിയിൽ മുക്ക് റോഡ്.
4. കാവും കട മുക്ക് – കളരീക്ഷേത്രം മുക്ക് റോഡ്.
5. വട്ടപറമ്പ് മുക്ക് – കൊച്ചുവീട്ടിൽ മുക്ക് റോഡ്.
6. കൊറ്റ്നാട്ടേത്ത് മുക്ക് – കൊച്ചു കോയിക്കൽ മുക്ക് റോഡ്.
7. മുടിയിലേഴത്ത് മുക്ക് –തെങ്ങും തറമുക്ക് റോഡ്.
8. കുളങ്ങരശ്ശേരി മുക്ക് – ക്ടാക്കോട്ട് റോഡ്.
9. മധുവിലാസം മുക്ക് – കളിയിക്കൻ തറമുക്ക് റോഡ്.
10. കളിയിക്കൽ തറമുക്ക് – കണ്ഠശ്ശേരിൽ മുക്ക് റോഡ്.
11. കൂറ്റിയിലേത്ത് – കൈതോലിപ്പാടം റോഡ്.
12. മുടിയിലേത്ത് മുക്ക് – പണ്ടാരത്ത് മുക്ക് റോഡ്.
13. കാട്ടയ്യത്ത് മുക്ക് – ചിറ്റിയ്ക്കാട്ട് മുക്കു റോഡ്.
14. തടത്തിവയൽമുക്ക് – പുതുക്കാട്ടു മുക്കു റോഡ്.
15. കിടങ്ങപ്പള്ളി – തടത്തിവയൽ മുക്ക റോഡ്.
16. പുത്തൻ പുരമുക്ക് – ആശാരിശേരിമുക്ക റോഡ്.
17. മാളിയേക്കൽ മുക്ക്– തങ്ങാൻ തറമുക്ക് റോഡ്.
18. പേരൂർത്തറമുക്ക് – തണ്ടാന്റെതറമുക്കു റോഡ്

വാർഡ് X

1. ചെറുവേലി ജംഗ്ഷൻ, മഠത്തിൽ അമ്പലംവഴി പുതുക്കാട്ട് മുക്ക്, 10
2. പാലക്കോട്ട് മുക്കു മുതൽ, അംബേദ്കർ ഗ്രാമം റോഡ്. 10

3.	പൊന്നമ്പിഴേത്ത് മുക്ക്, തടത്തിൽ മുക്ക് റോഡ്.		10
4.	കാക്കരമുക്ക് റോഡ്, കുറ്റിനാക്കാല വരെ.		10
5.	പൂതൂക്കാട്ടുമുക്ക്, കാക്കരമുക്ക് റോഡ്.		10
6.	കുന്നേൽമുക്ക്, കുറ്റീൽ റോഡ്		10

വാർഡ് XI

1.	പാലക്കോട്ടു മൂക്ക്, വലിയതറക്കടവ് റോഡ്		11
2.	കുന്നേൽമുക്ക്, ഷാപ്പ് മുക്ക് റോഡ്	(1.500)	11
3.	വിളയിൽമുക്ക്, കാരൂർപാടം റോഡ്	750	11
4.	പുന്തല തെക്കേമുക്ക്, തട്ടാരേഴത്തുമുക്ക് റോഡ്.	0–5000 m	11
5.	കുറ്റിയിൽ മുക്ക് പാമ്പും കാലറോഡ്	1 km	11
6.	കൊച്ചുവീട്ടിൽ മുക്ക് –കണ്ണമ്പള്ളി മുക്ക് റോഡ്	500m	11
7.	പാലശ്ശേരിമുക്ക് – മെട്രോ ഓടുമുക്ക്	750m	11
8.	വെട്ടിത്തറമുക്ക്, തോട്ടുംമുറിറോഡ് (അംബേകർ ഗ്രാമം റോഡ്)	1 km	11
9.	കൊറ്റിനാട്ടേത്തു മുക്ക് മൂത്താന്റേത്തുമുക്ക് റോഡ്	1 km	11
10.	കൊറ്റിനാട്ടേത്തുമുക്ക് കണ്ണാണിയ്ക്കൽ മുക്ക് റോഡ്.		

വാർഡ് 12

1.	പ്ലാവിളചന്തജംഗ്ഷൻ – മാലുമേൽകടവ് റോഡ്.	2 km
2.	കന്നേൽ ജംഗ്ഷൻ – മൈപ്രകലങ്ക് റോഡ്.	1 km
3.	തറയിൽ ജംഗ്ഷൻ – വലിയതറക്കടവ് റോഡ്.	1 km
4.	മാലുമേൽമൈതാനം – ചേലക്കോട്ടുമുളങ്ങര റോഡ്.	1 km
5.	കുറ്റിപ്പുറം – മാലുമേൽ കടവ് റോഡ്.	1
6.	പാറയിൽ ജംഗ്ഷൻ – നട്ടേരികടവ് റോഡ്.	400 m.
1.	പ്ലാവിളജംഗ്ഷൻ – മാലുമേൽമൈതാനം റോഡ്.	1 km
2.	കോട്ടയ്കകത്ത് ജംഗ്ഷൻ – മൈടതെക്ക് ജംഗ്ഷൻ റോഡ്.	50m
3.	കുന്നേൽ ജംഗ്ഷൻ – വേങ്ങേറ വെൽഫയർ എൽ.പി.എസ്. റോഡ്.	1 km
4.	തറയിൽ ജംഗ്ഷൻ – മുകളുംമ്പുറത്ത് ജംഗ്ഷൻ റോഡ്.	1 കി.മീ.
5.	തറയിൽ ജംഗ്ഷൻ – മാലുമേൽ മൈതാനം റോഡ്.	250 മീ.
6.	പാറയിൽ ജംഗ്ഷൻ – മാലുമേൽ മൈതാനം റോഡ്.	250 മീ.
7.	മാലുമേൽക്ഷേത്രം – മാലുമേൽ വടക്കേകടവ് റോഡ്.	300 മീ.
8.	ഭാഗവതികോളനിയുടെ മുൻവശം റോഡ്.	200 മീ.
9.	മങ്കുഴിമുക്ക് – മാലുമേൽ പുഞ്ച റോഡ്.	600 മീ.
10.	മങ്കുഴിമുക്ക് – വാഴപ്പള്ളിമുക്ക് റോഡ്.	1 കി.
11.	തെക്കുവടക്കു മുക്ക് – കളീ ക്കൽ മുക്ക റോഡ്.	800 മീ.
12.	കളീയ്ക്കൽ മുക്ക്–വിഷവറശ്ശേരിൽ മുക്ക്–കണ്ണങ്കരമുക്ക് റോഡ്.	800 മീ.
13.	മോളുംമ്പുറത്ത് മുക്ക് – ഊറ്റുകുഴി റോഡ്.	250 മീ.
14.	മോളുംമ്പുറത്ത് മുക്ക് – പാറയിൽ വയൽകട്ട് കമ്പനി റോഡ്.	350 മീ.
15.	പുത്തൻവീട്ടിൽ മുക്ക് – വേണ്ടറ ഡബ്ല്യു. എൽ. പി.എസ്. മുക്ക് റോഡ്.	1 കി.

വാർഡ് 13

1. ചൂളപ്പുരമുക്ക് – തണ്ണിക്കരമുക്ക് റോഡ്
2. എം.ജി. കോളനി മുക്ക് – മങ്കുഴിമുക്ക് റോഡ്
3. കാട്ടിൽ മുക്ക് – അരമത്തുമഠം മുക്ക് റോഡ്
4. കോട്ടയ്ക്കകത്തു മുക്ക് – എച്ച്. എസ്. ജംഗ്ഷൻ റോഡ്
5. പറങ്കിമാംവിളം മുക്ക് ഹെൽത്ത് സെന്റർ മുക്ക് റോഡ്
6. മങ്കൊമ്പിൽ മുക്ക് – ഊപ്പൻ വിളമുക്ക് റോഡ്
7. ഷാപ്പുമുക്കിനു പടിഞ്ഞാറുവശം തെക്കോട്ട് കുറവൻ തുണ്ടിൽ റോഡ്.
8. അഞ്ചുവനയ്ക്കൽ മുക്കു മുതൽ മേനാത്തു തെക്കുവശം റോഡ്.
9. ഒറ്റത്തെങ്ങിൽ മുക്ക് മുതൽ കിഴക്കോട്ട് തറയിൽ മുക്കു റോഡ്.

വാർഡ് 14

1. സൈക്കിൾമുക്ക്, ആര്യൻപാടം, മാടം കല്ല് വരെ (തോന്നിച്ചാൽ റോഡ്)
2. കോയിപ്പുറം ജംഗ്ഷൻ, ആര്യൻപാടം ബണ്ടുവരെ
3. പാലക്കോട്ട് മുക്ക്, ആര്യൻ പാടം വരെയുള്ള റോഡ്.
4. കൊല്ലന്റെ മുക്ക്, കായൽവാരം വരെയുള്ള റോഡ്.
5. കുന്നിട്ട മുക്ക്, ചൂളപുരയിൽ മുക്ക്യുള്ള റോഡ്.
6. മണ്ണുരേത്ത് മുക്ക്, ആര്യൻ പാടം വരെയുള്ള റോഡ്.
7. ലക്ഷംവീട് മുക്ക് കായൽവാരം ജംഗ്ഷൻ (പറയന്റെയ്യത്ത് മുക്ക്)റോഡ്
8. പടനിലം മുക്ക്, കായൽവാരം ജംഗ്ഷൻ യുള്ള റോഡ്.



ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

A. പാർപ്പിടം

വിദ്യാഭ്യാസപരമായും, സാംസ്കാരികപരമായും വളരെ പിന്നിലല്ലാത്ത ഈ പഞ്ചായത്ത് തൊടിയൂർ, കല്ലേലിഭാഗം എന്നീ വില്ലേജുകൾ ചേർന്നതാണ്. ഇതരപഞ്ചായത്തുകളിലെപ്പോലെ ചെറ്റക്കുടിൽ മുതൽ ബഹുനില രമ്യഹർമ്മ്യങ്ങൾ വരെ ഈ പഞ്ചായത്തിലുണ്ട്. ഗൾഫ് പണത്തിന്റെ സ്വാധീനം വളരെക്കൂടുതൽ ഇവിടെ അനുഭവപ്പെടുന്നുണ്ട്. ഗൾഫ് പണത്തിൽ ഭൂരിഭാഗവും പ്രത്യുത്പാദനപരമല്ലാത്തവിധം വീടുകൾക്കും,ആലങ്കാരികവസ്തുക്കൾക്കും വേണ്ടി വിനിയോഗിക്കുന്നു. കൂലിപ്പണി ചെയ്ത് ഉപജീവനം നടത്തുന്നവരാണ് ജനസംഖ്യയിൽ ഭൂരിഭാഗവും. തന്മൂലം കുടിലുകളും ഇടത്തരം വീടുകളുമാണ് എണ്ണത്തിൽ കൂടുതൽ. ഭൂരഹിതരും ഭവനരഹിതരും ആയിട്ടുള്ള നിരവധി ആളുകൾ ഈ പഞ്ചായത്തിലുണ്ട്. വൈവിധ്യമാർന്ന ജീവിതാവശ്യങ്ങൾ നിറവേറ്റിയിട്ട് സാധാരണക്കാരന് സാമാന്യം ഭേദപ്പെട്ട വീട് വയ്ക്കുവാൻ സാധിക്കാത്ത സാഹചര്യം ആണ് നിലവിലുള്ളത്. ഭവനനിർമ്മാണവസ്തുക്കളുടെ വിലവർദ്ധനവ് കൂലിക്കൂടുതൽ, വൈദഗ്ധ്യം ഉള്ള തൊഴിലാളികളുടെ അഭാവം , ഭൂലഭ്യത ഇല്ലായ്മ ഇവയെല്ലാം ഇതിന് കാരണങ്ങളാണ്. വെള്ളക്കെട്ട്, ചതുപ്പ് പ്രദേശം, പുറംപോക്ക് എന്നിവിടങ്ങളിൽ കുടിൽകെട്ടി പാർക്കുന്നവരും ധാരാളമുണ്ട്. പഞ്ചായത്തിൽ ഉടനീളം 3500 പേരോളം കുടിലിൽ താമസിക്കുന്നവരായുണ്ട്. ഈ പഞ്ചായത്തിൽ 350 പേർ ഭവനരഹിതരാണ്.

ഒൻപതാം പദ്ധതി അവസാനിക്കുന്നതോടെ ഈ പഞ്ചായത്തിൽ ഒറ്റ ഭവനരഹിതൻപോലും ഉണ്ടാകാതിരിക്കത്തക്കനിലയിൽ ആസൂത്രണ പദ്ധതിക്ക് രൂപം നൽകേണ്ടതുണ്ട്.

വീടുകളുടെ തരം തിരിവ് പട്ടിക - വാർഡ് തലത്തിൽ

പട്ടിക നമ്പർ 1

വാർഡ്	കുടിൽ	ഓട്	ടെറസ്	ബഹുനില	ആകെ
1	213	250	93	7	563
2	394	327	136	7	864
3	212	252	91	8	563
4	424	152	255	10	841
5	217	285	258	2	762
6	270	295	268	3	836
7	250	275	271	9	805
8	310	285	279	2	876
9	298	290	280	5	873
10	274	301	211	6	792
11	312	246	178	2	738
12	299	361	217	8	885
13	300	297	179	8	784
14	315	270	223	15	823
ആകെ	4088	3886	2939	92	11005

നിലവിലുള്ള ഭവനനിർമ്മാണ പദ്ധതികൾ

1. മൈത്രി ഭവനനിർമ്മാണ പദ്ധതി.

അപേക്ഷകന് രണ്ടുസെൻറ് ഭൂമിയെങ്കിലും സ്വന്തമായി ഉണ്ടായിരിക്കണം. വായ്പതുക മുപ്പതിനായിരം (30000) രൂപ. 1800 – ൽ താഴെ മാസ വരുമാനമുള്ളവർക്ക് അപേക്ഷിക്കാം. ഒൻപതിനായിരം സബ്സിഡിയായി ലഭിക്കും. തവണ 180 മാസം. 13.5% പലിശ. കൃത്യമായി തവണ അടയ്ക്കുന്നവർക്ക് എട്ട് (8%) പലിശ ഇളവ് ലഭിക്കും. ആവശ്യമായ അപേക്ഷാ ഫാറങ്ങൾ രണ്ടു രൂപാ നിരക്കിൽ കളക്ട്രേറ്റിൽനിന്നും ലഭിക്കും.

2. ഇടത്തരം ഭവനനിർമ്മാണ പദ്ധതി.

വാർഷികവരുമാനം 53400 രൂപയിൽ താഴെ ഉള്ളവർക്ക് ഈ വായ്പയ്ക്ക് അപേക്ഷിക്കാം. സ്വന്തമായി നാലുസെൻറ് ഭൂമിയെങ്കിലും അപേക്ഷകന് ഉണ്ടായിരിക്കണം. 1,75,000 രൂപ വായ്പയായി ലഭിക്കും. 168 മാസ തവണകളായി തിരിച്ചടയ്ക്കണം. പലിശ 17.5 % ഇതിന് സബ്സിഡി ഇല്ല.

3. ഉയർന്ന വരുമാനക്കാർക്ക്.

53401 രൂപ മുതൽ മുകളിലേക്ക് വാർഷിക വരുമാനമുള്ളവർക്ക് 3 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. 17.5 % പലിശയാണ് ഈടാക്കുന്നത്. ഒരു വർഷം 6900 പേർക്ക് സംസ്ഥാന വായ്പ ലഭിക്കും. മുകളിൽ പറഞ്ഞ പദ്ധതികൾക്കു പുറമെ രാജീവ് ദശലക്ഷ ഭവനപദ്ധതിയും, ജെ.ആർ.വൈ. ഭവനപദ്ധതിയും നടപ്പാക്കി വരുന്നു.

നിലവിലുള്ള പദ്ധതി പ്രകാരം ലഭിച്ച വീടുകളുടെ എണ്ണം

പദ്ധതികൾ	വീടുകളുടെ എണ്ണം	പണി പൂർത്തീകരിച്ച വീടുകളുടെ എണ്ണം	പൂർത്തീകരിക്കാത്ത വീടുകളുടെ എണ്ണം
IAY	41	35	6
JRY	35	32	3
MWS	12	11	1
ആകെ	88	78	10

റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്നും പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി പ്രകാരം 1500 രൂപയിൽ താഴെ മാസവരുമാനമുള്ളവർക്ക് 15000 രൂപ ലോൺ ആയി ലഭിക്കും. 9000 രൂപ സബ്സിഡി. പലിശ 13.5 %. 123 മാസ തവണകളായാണ്ഇത് അടയ്ക്കേണ്ടത്. ഇതിനുള്ള അപേക്ഷ വില്ലേജ്ഫീസിൽ നൽകേണ്ടതാണ്.

പട്ടികജാതി പട്ടികവർഗ്ഗം

പ്രത്യേക ഘടകപദ്ധതി അനുസരിച്ച് മത്സ്യത്തൊഴിലാളികളായ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽനിന്നും ഭവനനിർമ്മാണത്തിനുള്ള ധനസഹായം നൽകുന്നു.

പട്ടികജാതി പട്ടികവർഗ്ഗ ഡിപ്പാർട്ടുമെൻറിൽനിന്നും വിവിധ പദ്ധതികളായി ഭവന നിർമ്മാണധനസഹായം നൽകുന്നുണ്ട്. ആവശ്യമായ അപേക്ഷാഫാറവും നിർദ്ദേശങ്ങളും ടി ആഫീസിൽനിന്നും ലഭിക്കുന്നതാണ്.

പ്രശ്നങ്ങൾ

കെട്ടിടനിർമ്മാണ സാമഗ്രികളായ പാറ, കമ്പി, സിമൻറ്, തടി, മണൽ, ഓട്, പെയിൻറ് ഇഷ്ടിക എന്നിവയുടെ ക്രമാതീതമായ വിലവർദ്ധനവ് മൂലം സാധാരണക്കാരന് വീട് ഒരു സ്വപ്നമായി അവശേഷിക്കുന്നു. ഭൂമിയുടെ ദൗർലഭ്യവും അമിതമായ വിലവർദ്ധനവും മൂലം സാമാന്യജനങ്ങൾക്ക് സ്വന്തമായി വീട് വയ്ക്കുവാൻ സാധിക്കുന്നില്ല. ധനകാര്യസ്ഥാപനങ്ങളിൽനിന്നും മതിയായ തോതിൽ വായ്പ ലഭിക്കാതിരിക്കുന്നതും, അവിടുത്തെ കർശനമായ നിയമങ്ങളും പാർപ്പിട നിർമ്മാണത്തെ പ്രതികൂലമായി ബാധിക്കുന്നു.

വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവവും അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലിവർദ്ധനവും കെട്ടിടനിർമ്മാണരംഗത്തെ പ്രതിസന്ധികളാണ്. ചെലവ് കുറഞ്ഞ വീട് നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യകളുടെ അഭാവം ഭവനനിർമ്മാണത്തെ അസാദ്ധ്യമാക്കിത്തീർക്കുന്നു. സർക്കാർ വിവിധ ഏജൻസികൾ വഴി നൽകുന്ന വായ്പാ സഹായങ്ങൾകൊണ്ട് സർക്കാരിൻെറ നിബന്ധനകൾക്ക് വിധേയമായി വീട് പണിയാൻ കഴിയുന്നില്ല. പലപ്പോഴും പൂർത്തീകരിക്കാത്ത വീടും പറമ്പും വിറ്റ് ബാദ്ധ്യതകൾ തീർക്കേണ്ട അവസ്ഥ സംജാതമാകാറുണ്ട്.

പരിഹാരനിർദ്ദേശങ്ങൾ.

കെട്ടിടനിർമ്മാണസാധനങ്ങളുടെ വില കുറയ്ക്കുവാനുള്ള നടപടി സ്വീകരിക്കുക.

പഞ്ചായത്ത് തലത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റി സ്ഥാപിക്കുക.

ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യയും വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളേയും ലഭ്യമാക്കുക.

ഭവനനിർമ്മാണത്തിനുള്ള അമിതമായ ആർഭാട ഭ്രമത്തിനെതിരെ ജനതയെ ബോധവൽക്കരിക്കുക.

ദുർവ്യയ ഭവനനിർമ്മാണത്തെ നിരുൽസാഹപ്പെടുത്താൻ ഉതകുന്ന നികുതി സംവിധാനം ഏർപ്പെടുത്തുക.

പഞ്ചായത്തുതലത്തിൽ ഒരു ഭവനനിർമ്മാണനിധി സ്വരൂപിക്കുക.

ഭൂരഹിതർക്കും നിർധനർക്കും ഉള്ള പ്രത്യേക ഭവനനിർമ്മാണ പരിപാടികൾ നടപ്പിലാക്കുക.

നിലം നികത്തി വീട് വയ്ക്കുന്നതിനെതിരെ ബോധവൽക്കരണം നടത്തുക.

തൊഴിലാളികളുടെ വൈദഗ്ധ്യം ഉയർത്താനുതകുന്ന പരിശീലനപദ്ധതികൾ നടപ്പിലാക്കുക.

പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിന് ഭവനനിർമ്മാണത്തിന് പ്രത്യേക പരിഗണന നൽകുക.

രാസ പ്രക്രിയയിലൂടെ സോഫ്റ്റ് വുഡിനെ ഹാർഡ് വുഡ് ആക്കിമാറ്റി തടിക്ഷാമം പരിഹരിക്കുക.

അഭ്യസ്തവിദ്യരെ ഉൾപ്പെടുത്തിക്കൊണ്ട് കെട്ടിടനിർമ്മാമസാമഗ്രികൾ ഉണ്ടാക്കുന്ന സഹകരണസംഘങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കുക.

B. സാമൂഹ്യ ക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് കേന്ദ്ര സംസ്ഥാനസർക്കാരുകൾ ഏർപ്പെടുത്തിയിരിക്കുന്ന ദാരിദ്രനിർമ്മാർജ്ജന പദ്ധതി റവന്യൂവകുപ്പുവഴി വിതരണം ചെയ്യുന്ന പെൻഷനുകൾ, സാമൂഹ്യക്ഷേമവകുപ്പ് നടപ്പാക്കുന്ന അങ്കണവാടികൾ, തൊഴിലാളി - തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡു വഴി നടപ്പാക്കുന്നതുമായ പദ്ധതികൾ തുടങ്ങിയവ ആണ് ജനങ്ങൾ ആശ്രയിക്കുന്ന പദ്ധതികൾ. കൂടാതെ പട്ടികജാതി വികസനത്തിനായി പട്ടികജാതി വകുപ്പിൽ നിന്നും നേരിയ തോതിലുള്ള സേവനവും ലഭ്യമാണ്.

പ്രശ്നങ്ങൾ

നിലവിലുള്ള പദ്ധതികളുടെ പോരായ്മ വളരെയേറെ പ്രകടമാണ്. ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽക്കരണക്കുറവ്, പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭിക്കാതിരിക്കൽ, സാങ്കേതിക പ്രശ്നങ്ങൾ, ഇടനിലക്കാരുടെ ചൂഷണങ്ങൾ തുടങ്ങിയവ സാമൂഹ്യക്ഷേമരംഗത്തെ പ്രധാന പ്രശ്നങ്ങളാണ്.

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നിട്ടില്ല. ക്ഷേമനിധികൾ ഏർപ്പെടുത്തിയിട്ടുള്ള തൊഴിലുകൾ ചെയ്യുന്നവർ പൂർണ്ണമായും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. പല രംഗത്തേയും തൊഴിലാളികൾക്ക് ക്ഷേമനിധികൾ ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. തൊഴിലാളികൾക്ക് വേണ്ടി തൊഴിലുടമകൾ ക്ഷേമനിധിവിഹിതം അടയ്ക്കുന്നതിൽ വീഴ്ച വരുത്താറുണ്ട്. ഐ.ആർ.ഡി.പി. കുടുംബ സർവ്വേയിൽ അനർഹർ കടന്നുകൂടുകയും അർഹതയുള്ളവർക്ക് ആനുകൂല്യം നിഷേധിക്കപ്പെടുകയും ചെയ്യുന്നുണ്ട്. സാമൂഹ്യ ക്ഷേമരംഗത്ത് റവന്യൂവകുപ്പ്, പെൻഷനുകളും മറ്റ് ആനുകൂല്യങ്ങളും നൽകുന്നുണ്ടെങ്കിലും അർഹതപ്പെട്ട എല്ലാവർക്കും അത് ലഭിക്കുന്നില്ല.

പരിഹാര നിർദ്ദേശങ്ങൾ

ക്ഷേമനിധിബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

എല്ലാ വിഭാഗം തൊഴിലാളികളേയും ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവ ക.

തൊഴിലുടമകൾ ക്ഷേമനിധി വിഹിതം യഥാസമയം അടയ്ക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.

ക്ഷേമനിധിവിഹിതം യഥാസമയം അടയ്ക്കുന്നതിനു തൊഴിലാളികളെ ബോധവൽക്കരിക്കുക.

തൊഴിലാളികളെ ചുമതലാബോധമുള്ളവരാക്കിത്തീർക്കുക.

സാമൂഹ്യക്ഷേമരംഗത്ത് വിതരണം ചെയ്യുന്ന വിവിധതരം പെൻഷനുകൾ യഥാസമയം ലഭ്യമാക്കുക.

അർഹതപ്പെട്ടവർക്കു മാത്രം പെൻഷൻ അനുവദിക്കുക.

പെൻഷൻ അനുവദിച്ചു കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

വർദ്ധിച്ചുവരുന്ന ജീവിതാവശ്യങ്ങൾക്കനുസരണമായി പെൻഷൻ തുക വർദ്ധിപ്പിക്കുക.

ക്ഷേമനിധിയിലേക്ക് തുക അടയ്ക്കുന്നതിനുള്ള സൗകര്യം ബന്ധപ്പെട്ട ആഫീസുമായി ആലോചിച്ച് പഞ്ചായത്ത് ആഫീസിൽ ചില നിശ്ചിത ദിവസങ്ങളിൽ ഏർപ്പെടുത്തിയാൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന മധ്യവർത്തികളെ ഒഴിവാക്കാൻ കഴിയും.

D.W.C.R.A. പ്രകാരം നമ്മുടെ പഞ്ചായത്തിലെ 1,8 എന്നീ വാർഡുകളിൽ ഓരോ കയർ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. 4, 7 വാർഡുകളിൽ

ഓരോ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം ഇതര വാർഡുകളിൽകൂടി പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ടൂൾ കിറ്റ് പദ്ധതി പ്രകാരം പഞ്ചായത്തിലെ മരപ്പണിക്കാർ, ഇരുമ്പു പണിക്കാർ, കൽപ്പണിക്കാർ എന്നിവർക്ക് സൗജന്യമായി ഉപകരണങ്ങൾ വിതരണം ചെയ്യുക. ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സാനിറ്റേഷൻ നടത്തുവാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

പെൻഷനുകൾ

വികലാംഗ പെൻഷൻ ലഭിക്കുന്നതിന് ഇന്ന് നിലവിലുള്ള നിയമങ്ങൾ വളരെ ബുദ്ധിമുട്ടുകൾ ഉളവാക്കുന്നു. പ്രസ്തുത പെൻഷൻ ലഭിക്കുന്നതിന്, ജില്ലാ മെഡിക്കൽ ഓഫീസറാണ് സർട്ടിഫിക്കേറ്റ് നൽകേണ്ടത്. ഈ അധികാരം പഞ്ചായത്ത് മെഡിക്കൽ ഓഫീസർക്ക് നൽകേണ്ടതാണ്.

വിധവാ പെൻഷൻ നൽകുമ്പോൾ ആൺ മക്കൾ ഉള്ള വിധവകൾക്ക് പെൻഷൻ ലഭിക്കാത്ത അവസ്ഥ നിലവിലുണ്ട്. എന്നാൽ ആൺ മക്കളുടെ സംരക്ഷണം ലഭിക്കാത്ത വരുമാനം കുറഞ്ഞവർക്ക് പെൻഷൻ ലഭ്യമാക്കണം.

വാർദ്ധക്യകാല പെൻഷൻ അർഹരായവർക്ക് കാലതാമസം കൂടാതെ ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കുക.

കർഷക തൊഴിലാളി പെൻഷൻ നല്കുന്ന ഇന്നത്തെ രീതിയ്ക്ക് നിരവധി പോരായ്മകൾ ഉണ്ട്. അനർഹരെ ഒഴിവാക്കി അർഹതയുള്ളവർക്ക് മാത്രം കാലതാമസം കൂടാതെ പെൻഷൻ അനുവദിക്കുക.

D.W.C.R.A പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

1	2	3	4	5
	വാർഡ്	തൊഴിൽ സംരഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം
1	7	ധനശ്രീ റഡിമെയ്ഡ് വസ്ത്രനിർമ്മാണം ഇടക്കുളങ്ങര	1993-94	12
2	4	ശ്രീലക്ഷ്മി റെഡിമെയ്ഡ് വസ്ത്രനിർമ്മാണം കല്ലേലിഭാഗം	1994 - 95	10
3	1	കൈരളി കയർ യൂണിറ്റ് കല്ലേലിഭാഗം	1994-95	10
4	8	ശ്രീദുർഗ്ഗ കയർ യൂണിറ്റ് പുലിയൂർവഞ്ചി	1995	10

തൊടിയൂർ ഗ്രാമപഞ്ചായത്ത്
പെൻഷനുകൾ, ധനസഹായം സംബന്ധിച്ച വിവരങ്ങൾ

വില്ലേജ്	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യ കാല പെൻഷൻ	അവശകലാകാര പെൻഷൻ	കായികം	ക്ഷയരോഗം	കാൻസർ	കർഷക തൊഴിലാളി	തൊഴിലില്ലായ്മ വേതനം
തൊടിയൂർ	63	32	37			270	6		229
കല്ലേലിഭാഗം	117	152	150			200	9		

തൊടിയൂർ ഗ്രാമപഞ്ചായത്ത്
IRDP സർവ്വേ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

	1	2	3	4	5	6
	സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതുവഴി ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ എത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
92-93 Survery	3548	234				
January 94	71	8				
July	35	4				
	3654	246	314	133	32	3622

തൊഴിലില്ലായ്മ വേതനം

തൊഴിലില്ലായ്മ വേതനം നല്കുന്നതിൽ നിലവിലുള്ള സംവിധാനത്തിൽ നിരവധി പോരായ്മകൾ ഉണ്ട്. അനർഹരായ നിരവധി ആളുകൾ വേതനം വാങ്ങുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇവരെ ഒഴിവാക്കി, അർഹതയുള്ളവർക്ക് കാലതാമസം കൂടാതെ വേതനം ലഭ്യമാക്കുക. തൊഴിലില്ലായ്മ വേതനത്തിന്റെ തുക വർദ്ധിപ്പിക്കുകയും, വരുമാന പരിധി ഉയർത്തുകയും ചെയ്യുക.

അംഗന വാടികൾ

ഈ പഞ്ചായത്തിൽ അംഗന വാടികൾ ഇല്ല. എല്ലാ വാർഡുകളിലും അംഗന വാടികൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുക. III-ാം വാർഡിൽ ഒരു ഹരിജൻ ബാലവാടി പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ പഞ്ചായത്തിൽ മറ്റു ബാലവാടികൾ ഒന്നും തന്നെയില്ല. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ബാലവാടികൾ സ്ഥാപിക്കുക.

1981 മുതൽ 1991 വരെയുള്ള കാലയളവിൽ ട്രൈസം വഴി വിവിധ തൊഴിലുകളിൽ 100 പേർക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കൂടുതൽ യുവതീ യുവാക്കൾക്ക് പരിശീലനം ലഭ്യമാക്കുക. പരിശീലനം പൂർത്തിയാക്കിയവർക്ക് തൊഴിൽ നൽകുവാനുള്ള നടപടികൾ സ്വീകരിക്കുക.

പൊതുവിവരണം

നമ്മുടെ പഞ്ചായത്തിൽ ഇരുപത്തിമൂന്ന് റേഷൻ കടകളും, ഒരു മാവേലി സ്റ്റോറും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങൾ വഴി ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ എല്ലാ കാർഡ് ഉടമകൾക്കും ആവശ്യമായ അളവിൽ ലഭ്യമാക്കുക.

റേഷൻ കടകളിൽ നിന്നും ലഭിക്കുന്ന സാധനങ്ങളുടെ അളവിലും, തൂക്കത്തിലും കുറവ് വരുക സാധാരണമാണ്. ഇത് പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക. റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന അരി ഗുണമേന്മവളരെ കുറഞ്ഞവയാണ്. പൊതു വിപണിയിലെ അരിയുടെ വിലയിൽ നിന്നും നേരിയ വ്യത്യാസം മാത്രമേ റേഷൻ കടയിൽ നിന്നും വിതരണം ചെയ്യുന്ന അരിയ്ക്കുള്ളു. അതിനാൽ ഗുണമേന്മയുള്ള അരി കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുക. പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ പച്ചക്കറി ശേഖരണ വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുക. പൊതു വിതരണ സമ്പ്രദായം കുറ്റമറ്റതും കാര്യക്ഷമവും ആക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.



സംസ്കാരം

തെക്കുവടക്കു സഞ്ചാരത്തിന്റെ പാരമ്പര്യം ഉൾക്കൊണ്ട് പള്ളിക്കലാറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന പ്രശാന്തസുന്ദരമായ ഗ്രാമമാണ് തൊടിയൂർ. ബുദ്ധജൈനമതങ്ങളുടെ കാലഘട്ടത്തിൽ അതിന്റെ വേരോട്ടമുണ്ടായിരുന്ന നാടാണ് ഇത്. അങ്ങനെ നോക്കുമ്പോൾ ഒരു സങ്കരസംസ്ക്കാരത്തിന്റെ ഉടമകളാണ് തൊടിയൂർ നിവാസികളെന്ന് അനുമാനിക്കാം. കായംകുളം രാജാവിന്റെ അധീനതയിലുള്ള പ്രദേശമായിരുന്നു ഇത്. കായംകുളം രാജാവിന്റെ അധീനപ്രദേശത്തിന്റെ തെക്കേ അറ്റത്തുള്ള സൈനിക സ്ഥാപനമായിരുന്നു ഇപ്പോഴത്തെ പഞ്ചായത്താഫീസിന് മുൻവശമുള്ള പളിക്കൽ കോട്ട എന്ന സ്ഥലം

സംസ്ക്കാരത്തിന്റെ വിവിധമേഖലകളിൽ തനതു വ്യക്തിത്വം നേടിയ ഗ്രാമമാണ് നമ്മുടേത്. പഴയകാല ഗ്രാമീണകലകൾ ഇവിടെ തഴച്ചു വളർന്നിരുന്നുഎന്ന് മനസ്സിലാക്കാം. കാക്കാരിശ്ശി നാടകം, തിരുവാതിര, വേലകളി തുടങ്ങിയ കലാരൂപങ്ങൾ ഈ ഗ്രാമവാസികൾക്ക് ഉല്ലാസം പകർന്നുകൊടുത്തിരുന്ന കലകളിൽപ്പെടുന്നു. കാക്കാരിശ്ശിനാടകരചയിതാവായിരുന്നു ശ്രീമാൻ വാസുക്കണിയാർ. നാടകനടന്മാർ ആയിരുന്ന ടി. പി. ഗോപാലപിള്ള, തെങ്ങുംവിളയിൽ ബാലകൃഷ്ണപിള്ള പൈയ്ങ്ങാക്കുളങ്ങര കേശവനാചാരി, രാമനാചാരി, തറയിൽ സുബ്രഹ്മണ്യനാചാരി, കോയിപ്പുറത്ത് ശങ്കരക്കുറുപ്പ്, തെക്കേവിളയിൽ കൃഷ്ണപിള്ള തുടങ്ങിയ പ്രഗത്ഭമേതികൾ നാടകരംഗത്ത് ഈ ഗ്രാമത്തെ പുളകം കൊള്ളിച്ചവരാണ്. ഹാസ്യ സാഹിത്യരംഗത്ത് പ്രവർത്തിച്ചിരുന്നയാളാണ് മങ്ങാട്ട് രാഘവൻപിള്ള "രസികൻ" എന്ന മാസികയുടെ പത്രാധിപർകൂടിയായിരുന്നു അദ്ദേഹം.

നാടകരംഗത്ത് അഭിരുചിയുള്ള ചെറുപ്പക്കാർ പണ്ടുമുതലേ ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നു. വെളുത്തകൊച്ചരാമൻ പ്രഗത്ഭനായ ഒരു നടൻ ആയിരുന്നു. തിരുവാതിരകളി ഇവിടെ വളരെയധികം പ്രചാരം സിദ്ധിച്ചിരുന്ന ഒരു കലയാണ്. തിരുവാതിരകളി ശാസ്ത്രീയമായി അഭ്യസിപ്പിക്കുന്നതിൽ മികവ് കാട്ടിയ കലാകാരിയാണ് പാലപ്പള്ളിൽ തെക്കതിൽ ശ്രീമതി സരസ്വതിയമ്മ. കാക്കാരിശ്ശി നാടകരംഗത്തും ഇവർ പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്. ഓട്ടംതുള്ളൽ രംഗത്ത് പ്രസിദ്ധനായ ആളാണ് ആലേത്ത് ശ്രീമാൻ കുഞ്ഞുപിള്ള. സംഗീതരംഗത്ത് ഈ പഞ്ചായത്തിൽ പേരുകേട്ടവരായായിരുന്നു ശ്രീമാൻ കൊച്ചുഗോവിന്ദൻ ഭാഗവതരും ശ്രീമാൻ മാണിശ്ശേരിൽ അറുമുഖൻ ഭാഗവതരും. ഹരികഥാരംഗത്ത് ജനശ്രദ്ധയാകർഷിച്ച കലാകാരനായിരുന്നു ശ്രീമാൻ കാളിക്കുട്ടി. തകിൽ വിദ്വാൻ കൈപ്പുള്ളിൽ ശ്രീ. കേശവപ്പണിക്കർ, നാദസ്വരവിദ്വാൻ ശ്രീ. ചിറ്റയ്ക്കാട്ട് പരമേശ്വൻപിള്ള തുടങ്ങിയവർ ജനഹൃദയങ്ങളിൽ സ്ഥാനംപിടിച്ച കലാകാരന്മാരായിരുന്നു.

മുസലിയാർഹൗസിൽ ശ്രീമാൻ സെയ്താലി മുസലിയാർ, മതപണ്ഡിതനും ആരാധ്യനുമായി ഈ ഗ്രാമത്തിൽ ശോഭിച്ചിരുന്ന ആളാണ്. മുസലിയാർഹൗസിൽ ശ്രീമാൻ സി.ബി. കുഞ്ഞ് സാംസ്ക്കാരിക കേരളത്തിന് മറക്കാനാവാത്ത മഹത്തായ സംഭാവനകൾ നൽകിയ ആളായിരുന്നു. ഖുർ-ആൻ മലയാളിത്തിലേക്ക് തർജ്ജിമ ചെയ്തതിന് കേന്ദ്രസർക്കാരിന്റെ ഫെലോഷിപ്പ് നേടി ഈ ഗ്രാമത്തിന്റെ പ്രശസ്തിയ്ക്ക് മാറ്റുകൂട്ടിയ ആളായിരുന്നു അദ്ദേഹം. "ചന്ദ്രിക" ദിനപ്പത്രത്തിന്റെ കൊല്ലം ജില്ലാ ലേഖകൻകൂടിയായിരുന്നു ഈ പണ്ഡിതൻ.

കഥാപ്രസംഗകലയിലൂടെ തൊടിയൂർ പഞ്ചായത്തിന്റെ പ്രശസ്തി ഇതരനാടുകളിലേക്ക് വ്യാപിപ്പിച്ച കലാകാരിയാണ് പഞ്ചായത്ത് പ്രഡിഡന്റ്കൂടിയായ ശ്രീമതി തൊടിയൂർ വസന്തകുമാരി. തഴവാ പഞ്ചായത്തിൽ നിന്നും ഇവിടെ സ്ഥിരതാമസമാക്കിയ ശ്രീമതി കെ.പി. ജാനമ്മയും കഥാപ്രസംഗകലയിലെ പ്രധാനകണ്ണിയാണ്.

കോതേരിൽ വീട്ടിൽ അന്തരിച്ച ശ്രീമാൻ കെ.പി. രവീന്ദ്രനാഥൻപിള്ള ആകാശവാണിയുടെ ഡൽഹി ന്യൂസ് റീഡറായും ഇന്ദിരാഗാന്ധിയുടെ പ്രചാരണ വിഭാഗത്തിന്റെ എഡിറ്ററായും പ്രശസ്തസേവനംചെയ്ത് ഈ ഗ്രാമത്തിന്റെ അന്തസ്സ് ഉയർത്തിയിട്ടുണ്ട്.

പന്തപ്ലാവിൽ ശ്രീ പരമേശ്വൻപിള്ള സംസ്കൃതപണ്ഡിതനും കഥകളി സംഗീത വിദഗ്ദ്ധനുമായിരുന്നു. തിരുവാതിര, ഡാൻസ് തുടങ്ങിയവ ഈ ഗ്രാമത്തിലെ കലാഭിരുചിയുള്ളവരെ പഠിപ്പിക്കുന്നതിനും അദ്ദേഹം സമയം ചെലവഴിച്ചിരുന്നു.

നമ്മുടെ പഞ്ചായത്തിലെ അറിയപ്പെടുന്ന ജ്യോതിഷപണ്ഡിതനായിരുന്നു മഠത്തിനേത്ത് ശ്രീ കേശവനാചാരി. മതപണ്ഡിതനും എഴുത്തുകാരനുമായിരുന്ന ഷിഹാബുദ്ദീൻ മൗലവി ഈ പ്രദേശത്ത് ശ്രദ്ധേയനായിരുന്നു. മണ്ണഞ്ചാലിൽ റവ: ജോസഫ് കശീശ ഈ പഞ്ചായത്തിലെ ക്രിസ്ത്യൻ ദേവാലയങ്ങളിൽ സേവനം നടത്തുകയും ഈ നാട്ടിൽ അറിയപ്പെടുന്ന വാഗ്മിയായി ശോഭിക്കുകയും ചെയ്ത ആളാണ്.

നാടകരംഗത്ത് ഇപ്പോൾ പ്രസിദ്ധിയാർജ്ജിച്ചുവരുന്നവരാണ് ശ്രീ. അഹമ്മദ് മുസ്ലീം, ശ്രീ. ബേബി പ്രതാപൻ, ശ്രീമതി പ്രസന്നകുമാരി തുടങ്ങിയവർ. തൊടിയൂരിന്റെ ഇന്നത്തെ സാംസ്കാരിക വേദികളിലെ വെള്ളിനക്ഷത്രമായി ശോഭിക്കുന്നയാളാണ് ശ്രീ. ടി.എൻ. തൊടിയൂർ. കവിതാരചനയിൽ വളരെക്കാലമായി മികവ് കാട്ടുന്ന ഈ പ്രതിഭാധനൻ ഈ നാടിന്റെ അഭിമാനമാണ്. സാഹിത്യ രംഗത്ത് പ്രവർത്തിക്കുന്ന ഇടക്കുളങ്ങര ഗോപൻ, കരിയർ മാഗസിന്റെ മാനേജിങ്ങ് എഡിറ്ററായി പ്രവർത്തിക്കുന്ന ശ്രീ. രാജൻ.പി. തൊടിയൂർ എന്നിവർ ഈ നാടിന്റെ പ്രശസ്ത നിരകളിലെ പ്രഗൽഭരാണ്.

മോഴുവട്ടത്ത് ഡോക്ടർ രാജൻ സാഹിത്യ രംഗത്ത് സേവനമനുഷ്ടിച്ച് പ്രശസ്തി ആർജ്ജിച്ചുവരുന്നത് ഈ നാടിന് അഭിമാനമാണ്.

സിനിമാരംഗത്ത് പ്രവർത്തിച്ചുവരുന്ന ശ്രീ. തൊടിയൂർ രാജനും നമ്മുടെ ശ്രദ്ധേയരിൽപ്പെടുന്നു. ഇങ്ങനെ നിരവധിപ്പേർ നമ്മുടെ സംസ്ക്കാരത്തിന്റെ പൊൻകിരീടത്തിലെ തിളങ്ങുന്ന രത്നങ്ങളായി ശോഭിക്കുന്നുണ്ടെന്നുള്ളത് നമുക്കഭിമാനാർഹമാണ്.

ഇവിടെ നിരവധി പ്രാചീനകലാരൂപങ്ങൾ ഉണ്ടായിരുന്നതായി പറയപ്പെടുന്നുവെങ്കിലും പലതും ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. ഓണക്കാലത്ത് ഇവിടുത്തെ സ്ത്രീകൾ തിരുവാതിരക്കളി, തുമ്പിതുള്ളൽ, ഊഞ്ഞാൽപ്പാട്ട് ഇവ വളരെ ഭംഗിയായി നടത്തിയിരുന്നു. പുരുഷന്മാർ പന്തുകളി, കബഡ്ഡികളി, കിളിത്തട്ടുകളി, ഓലപ്പന്തുകളി, കുറ്റിയും കുറിഞ്ഞിയും, ഗുസ്തി ഇവ നടത്തിയിരുന്നു. ഇന്നവയൊക്കെ പോയ്മറഞ്ഞിരിക്കുന്നു. ഇന്ന് സ്ത്രീകൾ ഓണക്കാലത്തുപോലും വീട്ടിനകത്തിരുന്ന് ടി.വി. കാണുന്നതിൽ മാത്രം തല്പരരായിരിക്കുന്നു.

ഈ പഞ്ചായത്തിലെ ജനങ്ങളുടെ മനോവികാസത്തിനുവേണ്ടി വായനാശീലം വളർത്തുന്നതിലേക്ക് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽത്തന്നെ ഒരു ലൈബ്രറി തൊടിയൂർ പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിൽ പ്രവർത്തിച്ചുവരുന്നു. ഈ ലൈബ്രറിയിൽ മതിയായ പുസ്തകങ്ങളില്ല. പുലിയൂർവഞ്ചി തെക്ക് ജനകീയ ലൈബ്രറി ആന്റ് ആർട്ട്സ് ക്ലബ്ബ്, കല്ലേലിഭാഗം ജനതാ വായനശാല ഇവ ഈ പഞ്ചായത്തിലെ പഴക്കമുള്ള സാംസ്കാരിക കേന്ദ്രങ്ങളാണ്. ഭാഗികമായി മാത്രം പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളാണ് മഹാത്മാഗാന്ധി സ്മാരക വായനശാല, മാഹാദേശായി സ്മാരക ഗ്രന്ഥശാല, യമുന ഗ്രന്ഥശാല എന്നിവ. കലാകായിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന നിരവധി ക്ലബ്ബുകൾ ഈ പഞ്ചായത്തിലുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം ഇനിയും മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ക്ലബ്ബുകളുടെ പ്രവർത്തനം വർഷംതോറും കലാകായിക മത്സരങ്ങൾ സംഘടിപ്പിച്ചു പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നു എങ്കിലും ആരുംതന്നെ ഉന്നത നിലവാരത്തിലേക്ക് കടന്നുവരുന്നില്ല.

മതസൗഹാർദ്ദവും, സാഹോദര്യവും സ്നേഹവും വളർത്തുന്നതിൽ മുൻപന്തിയിൽ

നിന്ന് പ്രവർത്തിക്കുന്ന ക്ലബ്ബുകളുടെ പ്രവർത്തനം സ്തുത്യർഹമാണ്. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഇവിടുത്തെ സാംസ്ക്കാരിക യുവജന സംഘടനകളിൽ പലതും ശ്രദ്ധേയമായ പങ്കുവഹിക്കുന്നു.

നമ്മുടെ പഞ്ചായത്തിലുള്ള അമ്പലങ്ങളിൽ ഉത്സവങ്ങൾ നടത്താറുണ്ട്. വളരെ ആഘോഷപൂർവ്വം നടത്തുന്നതും ചെറിയതോതിൽ നടത്തുന്നതും ഉണ്ട്. നാട്ടുകാരിൽ നിന്നും പണം പിരിച്ചെടുത്താണ് ഈ ഉത്സവങ്ങൾ നടത്തുന്നത്, നാനാജാതി മതസ്തരും ഉത്സവങ്ങളൊരുപോലെ ആസ്വദിക്കുന്നു. മാരാരിത്തോട്ടം ക്ഷേത്രം, പാട്ടുപുരയ്ക്കൽ ക്ഷേത്രം, ഇടക്കുളങ്ങര ക്ഷേത്രം, മാടൻനട അപ്പിച്ചേത്ത് ക്ഷേത്രം, പട്ടക്കടവ് ക്ഷേത്രം, കല്ലിശ്ശേരി ക്ഷേത്രം, കല്ലുംപുറത്ത് ക്ഷേത്രം, മങ്കൊമ്പിൽ ക്ഷേത്രം, മുതലശ്ശേരിൽ ക്ഷേത്രം, ഭൂതക്കാട്ടുകളരി, മഠത്തിൽ കളരി, കൊറ്റിനാക്കാല ക്ഷേത്രം, കുന്നുംകട ക്ഷേത്രം, മുഴങ്ങോടി കളരിയിൽ ക്ഷേത്രം, ഈരേഴ കളരി, മുളമൂട്ടിൽ ക്ഷേത്രം, ഏണിക്കാട്ട് ക്ഷേത്രം, വട്ടത്തിൽ ക്ഷേത്രം, കളീയ്ക്കൽ ക്ഷേത്രം, ഭസ്മത്ത് ക്ഷേത്രം, മുരുകാലയം, മാടൻനട, മാണിശ്ശേരിക്കാവ്, ചൂളൂർ അമ്പലം ഉണ്ണലേത്ത് കാവ്, കോമാളത്ത് കളരി തെന്നലകളരി തുടങ്ങിയ ഹിന്ദു ആരാധനാലയങ്ങളും വെളുത്തമണൽ പള്ളി, പാലോലിക്കുളങ്ങര പള്ളി, വട്ടപറമ്പ് പള്ളി, ചിറ്റുമൂല പള്ളി, തൊടിയൂർ പള്ളി, എന്നിവയും, ചാമ്പക്കടവ്, കല്ലേലിഭാഗം, പുത്തൻചന്ത, കാരൂർകടവ്, ചെട്ടിയത്ത് മുക്ക്, ഡ്രൈവർമുക്ക്, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിലെ മുസ്ലീം ആരാധനാ കേന്ദ്രങ്ങളും, കല്ലേലി ശാലേം മാർത്തോമാ പള്ളി തഴവാ മർത്തോമാ പള്ളിഎന്നീ ക്രിസ്ത്യൻ ദേവാലയങ്ങളും ഈ ഗ്രാമത്തിന്റെ പരിശുദ്ധിയ്ക്ക് മാറ്റുകൂട്ടുന്നു.

പ്രശ്നങ്ങൾ

നിലവിലുള്ള പഞ്ചായത്ത് സാംസ്ക്കാരിക കേന്ദ്രങ്ങളിൽ വേണ്ടത്ര പുസ്തകങ്ങളോ പ്രസിദ്ധീകരണങ്ങളോ ഇല്ല. വായനശാലകളുടെ ഉദ്ധാരണ പ്രവർത്തനങ്ങളിൽ വേണ്ടത്ര താല്പര്യമില്ല.

ക്ലബ്ബുകളുടെ കൂട്ടായ പ്രവർത്തനം നടക്കുന്നില്ല.

പൊതുവേ വായനാശീലം വളരുന്നില്ല.

കലാപ്രവർത്തന രംഗത്ത് മുന്നേറ്റമുണ്ടാകുന്നില്ല.

കായിക പ്രതിഭകൾ ഉണ്ടാകുന്നില്ല.

ധാർമ്മിക മൂല്യച്യുതിയിലേക്ക് പോകുന്ന സമൂഹത്തെ ബോധവൽക്കരിക്കുവാനുള്ള സമഗ്രമായ പരിപാടികളില്ല.

നിർദ്ദേശങ്ങൾ

കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തിലെ എല്ലാ ലൈബ്രറികളുടേയും, ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബുകളുടേയും സംയുക്തമായ ഒരു കർമ്മസമിതിയ്ക്ക് രൂപം നൽകുക.

കലാകായിക പ്രതിഭകളുടെ വളർച്ചക്കാവശ്യമായ പരിശീലനം നൽകുന്നതിന് സർക്കാർ തലത്തിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുക.

പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കലാകേന്ദ്രം തുടങ്ങുക.

കായിക പ്രതിഭകൾക്ക് പരിശീലനത്തിന് സ്റ്റേഡിയം നിർമ്മിക്കുക.

സ്ത്രീകളിൽ വായനാശീലം വളർത്തുന്നതിന് വീടുകളിൽ പുസ്തകം എത്തിച്ചുകൊടുക്കുന്നതിനും കൂടുതൽ സ്ത്രീകളെ ലൈബ്രറിയിൽ അംഗമാക്കുന്നതിനും യത്നിക്കുക.

ടെലിവിഷന്റെ അതിപ്രസരം കുട്ടികളുടെ വിദ്യാഭ്യാസത്തെ ദോഷകരമായി ബാധിക്കാതിരിക്കാൻ ടെലിവിഷൻ കാണുന്നതിനും പഠിക്കു

ന്നതിനും കുട്ടികൾക്ക് പ്രത്യേകം പ്രത്യേകം സമയം കണ്ടെത്താൻ രക്ഷിതാക്കൾ ശ്രദ്ധിക്കുക.

കുട്ടികളുടെ സ്വഭാവരൂപീകരണത്തെ പ്രതികൂലമായി ബാധിക്കുന്ന വിധത്തിലുള്ള ടെലിവിഷൻ പരിപാടികൾ കുട്ടികളെ കാണിക്കാതിരിക്കുവാൻ രക്ഷിതാക്കൾ ശ്രദ്ധിക്കുക.

ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബുകൾക്ക് സ്പോർട്ട്സ് സാധനങ്ങൾ, ടി.വി. എന്നിവ സൗജന്യമായി നൽകുക.

നാടൻ കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി അവയുടെ പരിശീലനത്തിന് സഹായിക്കുക.

പഞ്ചായത്തിന്റെയും ക്ലബ്ബുകളുടേയും സംയുക്താഭിമുഖ്യത്തിൽ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക.

ദുർബല വിഭാഗത്തിൽപ്പെട്ട കുട്ടികളിലുള്ള കലാബോധം വളർത്തി എടുക്കുന്നതിന് സൗജന്യപരിശീലനം നൽകാനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.



വനിത

ആധുനിക സംസ്കാരത്തിന്റെയും, വനിതാ വിമോചനപ്രസ്ഥാനങ്ങളുടെയും ആവേശകരമായ അലയൊലികൾ തൊടിയൂർ പഞ്ചായത്തിലും മാറ്റത്തിന്റെ ശംഖൊലി ഉയർത്തുകയാണ്. 20 -ാം നൂറ്റാണ്ടിന്റെ ആദ്യ ഘട്ടങ്ങളിൽ സാമൂഹ്യമായും സാംസ്കാരികമായും ഉൾവലിയുവാനാഗ്രഹിച്ചിരുന്ന തൊടിയൂരിലെ വനിതകൾ ഇന്ന് സജീവമായി സാമൂഹ്യ, രാഷ്ട്രീയ രംഗങ്ങളിൽ മുന്നേറ്റം നടത്തുകയാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം വരെ ഈ പഞ്ചായത്തിലെ ഹിന്ദുക്കളുടെ ഇടയിൽ പത്തുവയസിന് താഴെയുള്ള പെൺകുട്ടികൾക്ക് 'താലികെട്ട്' ഏർപ്പെടുത്തിയിരുന്നു. മിക്കവാറും മുറച്ചെറുക്കന്മാരാണ് താലി കെട്ടിയിരുന്നതെങ്കിലും താലി കെട്ടുന്നയാൾ തന്നെ വിവാഹം കഴിക്കുന്ന സമ്പ്രദായം കുറവായിരുന്നു. ഒരു കുടുംബത്തിലെ പത്തും ഇരുപതും പെൺകുട്ടികളെ ഒരുമിച്ചിരുത്തിയാണ് താലികെട്ട് നടത്തിയിരുന്നത്. ശൈശവവിവാഹം ഈ പഞ്ചായത്തിൽ നിലനിന്നിരുന്നു. "താലികെട്ട്", "തിരണ്ടുകുളി", "പുടവകൊടുപ്പ്" തുടങ്ങിയവ ആഘോഷമായി കൊണ്ടാടുന്ന പ്രവണത ഈ നാട്ടിലെ ജനങ്ങൾക്കിടയിൽ നിലനിന്നിരുന്നു. സ്ത്രീകളുടെ ആദ്യത്തെ ഗർഭത്തോടനുബന്ധിച്ച് ഏഴാം മാസത്തിൽ "പുളികുടി" ആഘോഷം വ്യാപകമായി നടത്തിയിരുന്നു. ഇത് ഇപ്പോഴും ചെറിയ തോതിൽ നടന്നുവരുന്നു.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ പുരുഷന്മാരുടെ ഇടയിൽ ബഹുഭാര്യാത്വം നിലനിന്നിരുന്നു. മരുമക്കത്തായ സമ്പ്രദായം പൂർണ്ണമായി നിലനിന്നിരുന്ന കാലഘട്ടത്തിൽ സ്ത്രീക്ക് പിതാവിന്റെയും ഭർത്താവിന്റെയും സംരക്ഷണത്തേക്കാൾ കൂടുതൽ സംരക്ഷണം കാരണവന്മാരിൽനിന്നും ലഭിച്ചിരുന്നുവെങ്കിലും അഭിപ്രായ സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല.

1930 - കളിൽ ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്തേക്ക് ആദ്യമായി ചുവടുവച്ച സ്ത്രീരത്നമായിരുന്നു മാരാരിത്തോട്ടം ബംഗ്ലാവിൽ ശ്രീമതി ഭാർഗ്ഗവിയമ്മ. വിദ്യാഭ്യാസവകുപ്പിൽ ഉന്നതശ്രേണിയിൽ പ്രവർത്തിച്ച് ജില്ലാ വിദ്യാഭ്യാസ ആഫീസറായി വിരമിച്ച ശ്രീമതി ഭാർഗ്ഗവിയമ്മ ഈ പഞ്ചായത്തിലെ ശ്രദ്ധേയയായ വനിതയായിരുന്നു. അതിനുശേഷം നെടിയത്തുവീട്ടിൽ ശ്രീമതി ഓമനയമ്മ, ശ്രീമതി ജമീലാബീവി എന്നിവർ കലാലയവിദ്യാഭ്യാസരംഗത്തേക്ക് കടന്നുവരികയും വിദ്യാഭ്യാസവകുപ്പിൽത്തന്നെ സേവനമനുഷ്ടിക്കുകയും ചെയ്തു. 1960 ആയപ്പോഴേയ്ക്കും വിദ്യാഭ്യാസരംഗത്ത് സ്ത്രീകളുടെ മുന്നേറ്റമുണ്ടായി. ഉന്നത വിദ്യാഭ്യാസരംഗത്തേക്ക് സ്ത്രീകൾ ശ്രദ്ധിക്കുവാൻ തുടങ്ങി. എങ്കിലും സാംസ്കാരികമായി സ്ത്രീകളെ ഉയർത്തുവാൻ ഭൂരിപക്ഷവും തയാറായില്ല. കലാ അഭിരുചിയുള്ള സ്ത്രീകൾ ഉണ്ടായിരുന്നുവെങ്കിലും അവരെ രംഗത്തേക്ക് കൊണ്ടുവരാനും, പ്രോത്സാഹനം നൽകുവാനും എല്ലാവരും വിമുഖത കാട്ടി. 1963 - ൽ കഥാപ്രസംഗകലയിലൂടെ ശ്രീമതി തൊടിയൂർ വസന്തകുമാരിയാണ് ഈ പഞ്ചായത്തിൽ കലാരംഗത്തേക്ക് കടന്നുവന്ന ആദ്യത്തെ വനിത. പ്രൈമറി സ്കൂൾ തലത്തിൽ പഠിക്കുമ്പോൾ ആണ് ശ്രീമതി തൊടിയൂർ വസന്തകുമാരി ഈ രംഗത്തേക്ക് കടന്നുവന്നത്. തൊടിയൂർ പഞ്ചായത്തിന്റെ പേര് അന്യസംസ്ഥാനങ്ങളിലേക്കും ഇതരരാജ്യങ്ങളിലേക്കും വ്യാപിച്ചത് ഈ കലാകാരിയിലൂടെയാണെന്നത് ശ്രദ്ധേയമായ ഒരു വസ്തുതയാണ്. തഴവാ ഗ്രാമ പഞ്ചായത്തിൽ ജനിച്ച് കഥാപ്രസംഗ കലയിൽത്തന്നെ മികവ് തെളിയിച്ച മറ്റൊരു കലാകാരി കൂടി തൊടിയൂർ പഞ്ചായത്തിൽ കഴിഞ്ഞ 30 വർഷമായി താമസിക്കുന്നുണ്ട്. ശ്രീമതി തഴവാ കെ. പി. ജാനമ്മ. കഥാപ്രസംഗകലയിൽനിന്നു വിരമിച്ചെങ്കിലും ഇപ്പോൾ ഭാഗവതപാരായണരംഗത്ത് പ്രവർത്തിക്കുന്നു. വിദ്യാഭ്യാസരംഗത്ത് തൊടിയൂരിന്റെ അഭിമാനഭാജനമായി മാറിയ പെൺകുട്ടിയാണ് കുമാരി മിനിമോൾ. 1995 - ൽ കേരള യൂണിവേഴ്സിറ്റി നടത്തിയ പോളിമർ കെമിസ്ട്രി പരീക്ഷയിൽ സംസ്ഥാനത്തെ ഒന്നാം റാങ്കുകാരിയാണീ പെൺകുട്ടി.

വ്യവസായരംഗത്ത് സ്ത്രീകൾ കുറച്ചൊക്കെ മുന്നിലാണ്. കല്ലുകടവ് കശുവണ്ടി ഫാക്ടറിയിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ നല്ലൊരു പങ്ക് തൊടിയൂരിൽ നിന്നുള്ളവ

രാണ്. കശുവണ്ടിമേഖലയിൽ പണിയെടുക്കുന്ന ഭൂരിഭാഗം സ്ത്രീകളും ദാരിദ്ര്യദുഃഖം അനുഭവിക്കുന്നവരും ദുർബലവിഭാഗക്കാരും ആണ്. പഞ്ചായത്തിൽ ഇഷ്ടികവ്യവസായം താരതമ്യേന കുടുതലായി നടക്കുന്നുവെങ്കിലും സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തം കുറവാണ്. സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്ന മറ്റു തൊഴിലുകൾ തഴപ്പായെയ്ത്ത്, ബീഡി തെറുപ്പ്, കയറു പിരിപ്പ്, കോഴി വളർത്തൽ, തയ്യൽ മുതലായവയാണ്. കാർഷികവൃത്തിയിലും സ്ത്രീകൾ മുൻപന്തിയിലാണ്.

വനിതകളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾ എടുത്തുപറയത്തക്കതായി ഈ പഞ്ചായത്തിൽ ഇല്ല. കല്ലുകടവ്, കല്ലേലിഭാഗം, ഇടക്കുളങ്ങര എന്നിവിടങ്ങളിൽ നാല് ഡി.ഡബ്ല്യു.സി.ആർ.എ യൂണിറ്റുകൾ പ്രവർത്തിക്കുന്നുവെങ്കിലും അവയിൽ ചിലതിൽ സ്ത്രീകൾ തമ്മിൽ അനൈക്യം നിലനിൽക്കുന്നു. ഖാദിബോർഡിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന തുണിനെയ്ത്ത് സ്ഥാപനവും കെൽട്രോണിന്റെ റ്റി.വി. അസംബ്ലിംഗ് യൂണിറ്റും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ സ്കൂൾ വിദ്യാർത്ഥികൾ ഏറിയ പങ്കും പെൺകുട്ടികളാണ്. സ്കൂളിലെ അദ്ധ്യാപകരിലും ഏറിയപങ്കും സ്ത്രീകളാണ്. എങ്കിലും അവർ ഇതരരംഗങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ച് കാണുന്നില്ല.

ആരോഗ്യരംഗത്ത് ഈ പഞ്ചായത്തിൽ ശ്രീമതി തൊടിയൂർ വസന്തകുമാരിയുടെയും ശ്രീമതി പത്മകുമാരിയുടെയും നേതൃത്വത്തിൽ "ആരോഗ്യ വികസനസേന" എന്ന ഒരു സംഘടനക്ക് രൂപം നൽകി പ്രവർത്തിച്ചുവരുന്നു.നൂറ്റിനാൽപത് സ്ത്രീകൾ ഈ സംഘടനയ്ക്കുവേണ്ടി പ്രവർത്തിക്കുന്നു. പൾസ് പോളിയോ പരിപാടിയുടെ പൂർണ വിജയത്തിന് ഈ സംഘടനയുടെ പ്രവർത്തകരായ സ്ത്രീകൾ സജീവപങ്കാളിത്തമാണ് വഹിച്ചിട്ടുള്ളത്. മദ്യവർജ്ജന ബോധവൽക്കരണം, ത്വക്ക്രോഗ ചികിൽസ, ആരോഗ്യ ബോധവൽക്കരണ പരിപാടികൾ ഇവ സംഘടിപ്പിച്ച് ആരോഗ്യമേഖലകളിൽ ഇവർ സജീവമായി പ്രവർത്തിക്കുന്നു. ഇത്തരത്തിൽ സ്ത്രീകൾ മുമ്പോട്ടു വരുന്നത് പഞ്ചായത്തിലെ മറ്റു സ്ത്രീകൾക്ക് മാതൃകയാണ്.

ഈ പഞ്ചായത്തിൽ അംഗൻവാടികളോ മറ്റ് മാതൃശിശു ക്ഷേമകേന്ദ്രങ്ങളോ ഇല്ല. "കുടിപ്പള്ളിക്കൂടം" നടത്തുന്ന രംഗത്ത് സ്ത്രീകൾ മുന്നിലാണ്. ഇവർക്ക് പഞ്ചായത്തിൽ നിന്നും വർഷത്തിൽ 300 രൂപ ഗ്രാൻഡ് നൽകുന്നുണ്ട്.

കുടുംബനാഥന്മാരിൽ ഒരു വിഭാഗത്തിന് മദ്യപാനശീലം വളരെ കൂടുതൽ ഉള്ളതായി കാണുന്നു. ഇതുമൂലം ദുരിതമനുഭവിക്കുന്നവരാണ് വീട്ടമ്മമാരെങ്കിലും ഇതിനെതിരെ പ്രചാരണരംഗത്തേക്ക് കടന്നുവരുവാൻ അവർ വൈമുഖ്യം കാണിക്കുന്നു.

സാക്ഷരതാ പ്രവർത്തനം ഈ പഞ്ചായത്തിൽ ഊർജ്ജിതമായി നടന്നുവന്നിരുന്നതിനാൽ ഗ്രാമം 94.1% സാക്ഷരത കൈവരിച്ചിരിക്കുന്നു.

മുൻകാലങ്ങളിൽ രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ പരിമിതമായിരുന്നു. ഈ പഞ്ചായത്തിലെ ആദ്യത്തെ വനിതാ പഞ്ചായത്ത് മെമ്പർ ശ്രീമതി താച്ചയിൽ എ. നളിനിയാണ്. ആദ്യത്തെ വനിതാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കെ.ഓമനയും. രാഷ്ട്രീയരംഗത്തേക്ക് കടന്നുവരാനുള്ള താൽപര്യം ഇപ്പോൾ സ്ത്രീകളിൽ വർദ്ധിച്ചിരിക്കുകയാണ്. പുരുഷന്മാരുടെ പ്രചോദനം ഇക്കാര്യത്തിൽ ശ്രദ്ധേയമാണ്.

പ്രശ്നങ്ങൾ

വിദ്യാഭ്യാസം നേടിയ സ്ത്രീകൾക്ക് തൊഴിൽ നേടാൻസാധിക്കാതെ വീർപ്പുമുട്ടുന്ന സാഹചര്യമാണ്. കശുവണ്ടിത്തൊഴിലാളികൾക്കും, കയർ,തഴപ്പായ്,ബീഡിതെറുപ്പ് തുടങ്ങിയ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും അടിസ്ഥാന ജീവിതസൗകര്യങ്ങൾ പോലും ലഭ്യമല്ല. വിധവകളായ ധാരാളം സ്ത്രീകൾ ദുരിതമനുഭവിക്കുന്നതായി ഈ പഞ്ചായത്തിലുണ്ട്. അഭ്യസ്തവിദ്യരായ യുവതികൾ സ്വയം തൊഴിൽ പദ്ധതിയിലേർപ്പെടാൻ സന്നദ്ധത പ്രകടിപ്പിക്കുന്നുണ്ടെങ്കിലും അതിനാവശ്യമായ ബാങ്ക് വായ്പ നൽകുവാൻ ബാങ്ക് അധികൃതർ തയാറാവുന്നില്ല. തയ്യൽ മേഖലയിൽ ധാരാളം

സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും വേണ്ട രീതിയിൽ മുന്നോട്ടു വരുവാൻ സാധിക്കുന്നില്ല. കശുവണ്ടി മേഖലയിലെ കൂലി പരിമിതമാണ്. പാനെയ്ത്ത് തൊഴിലാളികൾക്കും അർഹമായ വേതനം ലഭിക്കുന്നില്ല എന്നു മാത്രമല്ല ഇവർ ചൂഷണങ്ങൾക്കും വിധേയരാകുന്നു.

സാധ്യതകൾ

സാമൂഹ്യരംഗത്തും കലാസാംസ്കാരിക രംഗത്തും സ്ത്രീകളെ മുൻപന്തിയിലേക്ക് കൊണ്ടുവരുവാൻ വളരെയധികം സാധ്യതകളുണ്ട്. രാഷ്ട്രീയ സാമൂഹ്യരംഗത്തേക്ക് കടന്നു വരാൻ തയാറാകുന്ന സ്ത്രീകൾക്ക് വേണ്ട പ്രോത്സാഹനം നൽകാൻ പുരുഷന്മാർ തയ്യാറാകണം. ഒരു പുത്തൻ സംസ്കാരത്തിന്റെ വക്താക്കളാകാൻ ആഗ്രഹിക്കുന്ന എല്ലാ പൗരന്മാരും ഒരേ മനസ്സോടെ സ്ത്രീയെ പുരോഗതിയിലേക്ക് നയിക്കുവാൻ തയ്യാറാകണം. പട്ടികജാതി, പട്ടികവർഗ്ഗ ഉന്നമനം നടപ്പിലായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വനിതകൾക്ക് വേണ്ടി പ്രവർത്തിക്കുന്ന ഒരു തയ്യൽ കേന്ദ്രം ഈ പഞ്ചായത്തിലുണ്ട്. ഇതിന്റെ പ്രവർത്തനം വിപുലമാക്കിയാൽ കൂടുതൽ സ്ത്രീകൾക്ക് തയ്യൽ പരിശീലനം നൽകാനുള്ള സാധ്യതകൾ ലഭ്യമാകും.

കലാപ്രവർത്തനങ്ങളിൽ ഇന്ന് സ്കൂൾ തലത്തിൽ വളരെയധികം മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇവിടെയും കൂടുതൽ പെൺകുട്ടികളാണ് ശോഭിച്ചുകാണുന്നത്. ഇവരുടെ അഭിരുചികൾ കണ്ടറിഞ്ഞ് വേണ്ട പ്രോത്സാഹനം നൽകിയാൽ കലാസാഹിത്യരംഗങ്ങളിൽ ധാരാളം വനിതാ പ്രതിഭകളെ കണ്ടെടുക്കുവാൻ നമുക്ക് കഴിയും. വ്യവസായരംഗത്ത് വനിതാ സഹകരണസംഘങ്ങൾ, മെത്തപ്പാ സഹകരണസംഘങ്ങൾ, റെഡിമെയ്ഡ് ഗാർമെൻറ് യൂണിറ്റുകൾ, തീപ്പെട്ടി, സോപ്പ്, മെഴുകുതിരിനിർമ്മാണം, ബുക്ക് ബയൻറിംഗ്, കമ്പോസിംഗ് എന്നിവ സ്ത്രീകൾക്കായി ഉണ്ടെങ്കിൽ ഈ രംഗത്ത് വനിതകൾക്ക് ക്ഷേമം ഉറപ്പു വരുത്തുവാൻ സാധിക്കും.

രാഷ്ട്രീയരംഗത്തേക്ക് സ്ത്രീകൾ കടന്നു വരുവാൻ സാധ്യതയുണ്ട്. പുരുഷന്മാരുടെ ക്രിയാത്മകനിർദ്ദേശങ്ങളും സമഗ്രമായ ബോധവൽക്കരണവുമുണ്ടായാൽ അഭ്യസ്ഥവിദ്യരായ സ്ത്രീകളെ രാഷ്ട്രീയരംഗത്തേക്ക് കൊണ്ടുവരുവാൻ സാധിക്കും.

സ്ത്രീകളുടെ പ്രശ്നപരിഹാരങ്ങൾ

സ്ത്രീകളുടെ ഉന്നമനത്തിനും തൊഴിലിനും വേണ്ടി വനിതാ സഹകരണസംഘങ്ങൾ, മെത്തപ്പാ സഹകരണസംഘങ്ങൾ, റെഡിമെയ്ഡ് ഗാർമെൻറ് യൂണിറ്റുകൾ, മറ്റ് കുടിൽ വ്യവസായങ്ങൾ എന്നിവ സ്ഥാപിക്കുക.

നിലവിലുള്ള മാതൃശിശു ക്ഷേമകേന്ദ്രങ്ങൾക്കു പുറമേ, കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുകയും വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഡി.ഡബ്ല്യു.സി.ആർ.എ യൂണിറ്റുകൾ സ്ഥാപിക്കുക. ഉദ്പാദനവർദ്ധനവും വിപണനസാധ്യതകളും വിലയിരുത്തി തൊഴിൽമേഖല വികസിപ്പിക്കുക.

വനിതാബോധവൽക്കരണപരിപാടികൾ ധാരാളമായി സംഘടിപ്പിക്കുക, മദ്യവർജ്ജനബോധവൽക്കരണപരിപാടികളിലൂടെ മദ്യപാനം കൊണ്ടുണ്ടാകുന്ന ദുഷ്യഫലങ്ങളെക്കുറിച്ച് പ്രചരിപ്പിക്കുക. ഈ പഞ്ചായത്തിനെ മദ്യവിമുക്തമാക്കുന്നതിനുള്ള കൂട്ടായ പ്രയത്നം ചെയ്യുക. സ്ത്രീധനസമ്പ്രദായത്തെയും ആർഭാടമേറിയ വിവാഹത്തെയും നിരുൽസാഹപ്പെടുത്തുക.

ആരോഗ്യമേഖലയിൽ സ്ത്രീകൾക്കുള്ള പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും അവരുടെ സേവനം പൊതുജനത്തിന് ലഭിക്കുന്നതിനുമായി നിലവിലുള്ള ആരോഗ്യവികസനസേനയെ മഹിളാ സ്വസ്ത് സംഘ് ആക്കുക.

സ്ത്രീകൾ മാത്രമുള്ള വീടുകളിൽ ഗവൺമെൻറിന്റെ കൂടുതൽ സഹായം എത്തിക്കുക. നിർധനയുവതികളുടെ വിവാഹം, വിദ്യാഭ്യാസം എന്നിവയ്ക്ക് സഹായം നൽകുക. തൊഴിലവസരങ്ങളെപ്പറ്റിയും തൊഴിൽ നിയമങ്ങളെപ്പറ്റിയും സ്ത്രീകളെ ബോധവതികളാക്കുക.

തൊഴിൽമേഖലകളിൽ പുരുഷനോടൊപ്പം വേതന ഏകീകരണം നടപ്പിലാക്കുക.

കശുവണ്ടിത്തൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

കുടിപ്പള്ളിക്കൂടം ആശാൻമാരുടെ ഗ്രാൻഡ് നൽകുന്നതിന് സർക്കാർ സഹായം ലഭ്യമാക്കുക.

സ്ത്രീപുരുഷ സമത്വം ഉറപ്പുവരുത്തുക.

മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിക്കുക.

വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് അനുവദിക്കുന്ന തുക ഇന്നത്തെ സാഹചര്യത്തിൽ അപര്യാപ്തമാണ്. ആ തുക കാര്യമായി വർദ്ധിപ്പിക്കേണ്ടതാണ്.

മാറിവരുന്ന സാഹചര്യത്തിൽ സ്ത്രീകൊലപാതകവും സ്ത്രീപീഠനവും കൂടിവരുന്നു. അതിനെ നിരുത്സാഹപ്പെടുത്താൻ വേണ്ട നിയമങ്ങൾ കർശനമാക്കുക.

വാർദ്ധക്യകാലപെൻഷൻ, വിധവാ പെൻഷൻ ഇവ ആൺമക്കൾ ഉള്ളവർക്ക് നിഷേധിക്കാതെ ദുർബലവിഭാഗത്തിൽപ്പെട്ട എല്ലാവർക്കും ലഭ്യമാക്കുക. പെൻഷൻതുക വർദ്ധിപ്പിക്കുക. ദുർബലവിഭാഗത്തിലുള്ള സ്ത്രീകൾക്കുള്ള പ്രസവ ആനുകൂല്യം 300 രൂപായിൽനിന്നും 500 രൂപ ആയി വർദ്ധിപ്പിക്കുക.

വന്ധ്യംകരണ ശസ്ത്രക്രിയ നടത്തുന്ന സ്ത്രീകൾക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.

ഇൻഡ്യൻ ഭരണഘടനയുടെ 73 - ാം ഭേദഗതിയിലൂടെ 1994 ഏപ്രിൽ മാസം 23 - ാം തീയതി കേരളനിയമസഭ പാസാക്കിയ പഞ്ചായത്ത് രാജ് നിയമം മൂലം ഗാന്ധിജി വിഭാവനം ചെയ്ത "ഗ്രാമസ്വരാജ്" എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നതിന്റെ ആദ്യപടിയായ ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പുകളിലൂടെ സ്ത്രീകൾക്ക് അധികാരത്തിലുള്ള പ്രാതിനിധ്യം വളരെ വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്. അധികാരസ്ഥാനത്ത് സ്ത്രീകളെ പങ്കാളികൾ ആക്കുന്നതോടൊപ്പം ഔദ്യോഗികരംഗത്തും സ്ത്രീകൾക്ക് സംവരണം ഏർപ്പടുത്തേണ്ടതാണ്. തൊട്ടിലാട്ടുന്ന കൈകൾക്ക് രാജ്യഭരണവും പ്രാപ്തമാണെന്ന വസ്തുത അംഗീകരിച്ചുകൊണ്ടുതന്നെ സ്ത്രീയെ അവഗണിക്കുന്നത് മാറ്റിയെടുക്കണം. സ്ത്രീക്ക് സമൂഹത്തിലുള്ള പദവി മെച്ചപ്പെടുത്താൻ സ്ത്രീ തന്നെ ശ്രമിച്ചാൽ പോരാ, പുരുഷന്മാരുടെ സഹായസഹകരണവും പ്രോത്സാഹനവും അത്യന്താപേക്ഷിതമാണ്. കൂടുതൽ തൊഴിലവസരം കണ്ടെത്തി സാമ്പത്തികം മെച്ചപ്പെടുത്തിയാൽ സ്ത്രീ കൂടുതൽ സുരക്ഷിതയായിത്തീരും.



സഹകരണ മേഖല

ജനസമൂഹത്തിന്റെ സർവ്വസ്പർശിയായ ഒന്നാണ് സഹകരണപ്രസ്ഥാനം. റോബർട്ട് ഓവൻ ആണ് 18-ാം നൂറ്റാണ്ടിൽ സഹകരണ പ്രസ്ഥാനത്തിന് ഇംഗ്ലണ്ടിൽ തുടക്കം കുറിച്ചത്. ഇംഗ്ലണ്ടിലെ റോർച്ച്ഡിൽ പട്ടണത്തിലെ ടൂൾലൈൻ എന്ന സ്ഥലത്ത് 1844ൽ ലോകത്തിലെ ആദ്യത്തെ സഹകരണ സംഘം സ്ഥാപിക്കപ്പെട്ടു. 1904ൽ ഇന്ത്യയിൽ സഹകരണനിയമമുണ്ടായി. 1904ൽ തിരുവിതാംകൂറിൽ അന്നത്തെ ദിവാനായിരുന്ന ശ്രീ. രാജഗോപാലാചാരി ട്രാവൻകൂർ സെൻട്രൽ ബാങ്ക് സ്ഥാപിച്ചു. 1909ൽ പാലക്കാട്ട് കണ്ണമ്പാറ എന്ന സ്ഥലത്ത് ഒരു സംഘം രജിസ്റ്റർ ചെയ്തു. 1949 മുതൽ 1953 വരെ നാമമാത്രമായ സംഘങ്ങൾ മാത്രമേ കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടുള്ളൂ. 1969ൽ കേരള സഹകരണ ആക്ട് നിലവിൽ വന്നു. 1974ൽ 80-ാം വകുപ്പ് കേരളത്തിൽ നടപ്പിലാക്കി. 80-ാം വകുപ്പ് നടപ്പിലാക്കിയതോടുകൂടി ജീവനക്കാരുടെ സേവന-വേതനവ്യവസ്ഥയ്ക്ക് ഉറപ്പുണ്ടായി. 75-76 കാലഘട്ടത്തിൽ കേരളത്തിൽ നിക്ഷേപ സമാഹരണയജ്ഞം തുടങ്ങി. ഇന്ത്യയിൽ 4 ലക്ഷം സഹകരണ സംഘങ്ങൾ ഉണ്ട്. 1966ൽ ഇന്റർ നാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ് (INCA) അടിയിൽ പറയുന്ന സഹകരണ തത്വങ്ങൾ അംഗീകരിച്ചു.

1. സ്വമേധയാ ഉള്ള അംഗത്വം
2. ജനാധിപത്യ ഭരണക്രമം
3. മൂലധനത്തിൻമേലുള്ള പരിമിതമായ താൽപര്യം
4. നീതിപൂർവ്വമായ വിതരണം
5. സഹകരണ വിദ്യാഭ്യാസം
6. സംഘങ്ങൾ തമ്മിലുള്ള സഹകരണം

കേരളത്തിൽ 1583 സഹകരണ സംഘങ്ങളിലായി ഒരു കോടി 40 ലക്ഷം അംഗങ്ങളുണ്ട്. ഒരു സഹകരണബാങ്കിൽ ശരാശരി 1 കോടി 20 ലക്ഷം രൂപ മൂലധനമുള്ളതായി കണക്കാക്കുന്നു. കേരളത്തിലെ മൊത്തം സഹകരണ സംഘങ്ങളിലായി 1891 കോടി രൂപ നിക്ഷേപമുണ്ട്. കേരളത്തിൽ വിവിധ തരത്തിലുള്ള 20,000 സംഘങ്ങളിൽ 2 കോടി അംഗങ്ങൾ ഉണ്ട്. സാധാരണക്കാരന് സ്വയം സംഘടിക്കാനും ആവശ്യങ്ങൾ നേടിയെടുക്കാനും കഴിയുന്ന ഒന്നാണ് സഹകരണ പ്രസ്ഥാനം.

സഹകരണബാങ്കുകളെ മൂന്നായി തരംതിരിക്കാം

1. സംസ്ഥാനസഹകരണബാങ്ക്
2. ജില്ലാസഹകരണബാങ്ക്
3. വില്ലേജ്സഹകരണബാങ്ക്

തൊടിയൂർ സർവ്വീസ്സഹകരണസംഘം

കൊല്ലവർഷം 1119ൽ രജിസ്റ്റർ ചെയ്ത് മുഴങ്ങോടിയിൽ പ്രവർത്തനമാരംഭിച്ച പരസ്പര വിനിയോജക സഹകരണസംഘമാണ് ഇന്നത്തെ തൊടിയൂർ സർവ്വീസ് സഹകരണബാങ്കായി മാറിയത്. യശഃശ്ശരീരനായ ശ്രീ. കാട്ടൂർ P.K. ഗോപാലൻ നായരായിരുന്നു ഈ സംഘത്തിലെ ആദ്യത്തെ അംഗം. ആദ്യത്തെ പ്രസിഡന്റ് തട്ടാരേത്ത് തെക്കേബംഗ്ലാവിൽ ശ്രീ. K. ശ്രീധരൻപിള്ളയും സെക്രട്ടറി I.S. ഡിക്ലാസ്സും ആയിരുന്നു. 1958 മുതൽ ഇത് പരസ്പര സഹായസഹകരണസംഘമായി പ്രവർത്തനം തുടങ്ങി. ഇത്തരം പരസ്പര സഹായ സഹകരണസംഘങ്ങൾ പലതും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടായിരുന്നു. ഇന്ന് ഈ സഹകരണസംഘത്തിൽ 8,225 അംഗങ്ങളുണ്ട്. 11 ലക്ഷത്തി 28,000 രൂപ ഓഹരി മൂലധനമുള്ള ഈ ബാങ്കിൽ ഹ്രസ്വകാല നിക്ഷേപങ്ങളായി 1 കോടി 12 ലക്ഷം രൂപയുണ്ട്. ഇന്ന് ഈ ബാങ്കിൽനിന്നും അംഗങ്ങൾക്ക് പരമാവധി 25,000 രൂപ വരെ വായ്പക്കൊടുക്കുന്നുണ്ട്. കാർഷിക-കാർഷികേതര ആവശ്യങ്ങൾക്കായി പരമാവധി വായ്പ ബാങ്ക് ലഭ്യമാക്കുന്നുണ്ട്.

ഇതേ പ്രവർത്തനകാലയളവിൽത്തന്നെ പഞ്ചായത്തിൽ ചെട്ടിയത്ത് ജംഗ്ഷൻ കേന്ദ്രമാക്കിയും, കല്ലേലിഭാഗത്തും രണ്ട് പരസ്പര സഹായസഹകരണസംഘങ്ങൾ പ്രവർത്തിച്ചിരുന്നു. ചെട്ടിയത്ത് ജഗ്ഷനിലെ സഹകരണ സംഘത്തിന്റെ ആസ്ഥി ബാദ്ധ്യതകൾ തൊടിയൂർ സർവ്വീസ് സഹകരണബാങ്കുമായി ലയിപ്പിച്ചു. കല്ലേലിഭാഗം പരസ്പര സഹായ സഹകരണ സംഘം പ്രവർത്തന വൈകല്യം നിമിത്തം ലിക്വിഡേറ്റ് ചെയ്യപ്പെട്ടു.

തൊടിയൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനപരിധി തൊടിയൂർ

പഞ്ചായത്താണ്. ഈ പഞ്ചായത്തിലെ ജനങ്ങളുടെ വർദ്ധിച്ചുവരുന്ന കാർഷികവും കാർഷികേതരവുമായ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാൻ ഈ സംഘത്തിന് കഴിയുന്നില്ല. ഈ ബാങ്കിന്റെ ഇപ്പോഴത്തെ പ്രസിഡന്റ് ശ്രീ. K.M. അബ്ദുൾലത്തീഫും, സെക്രട്ടറി ശ്രീ. J. ശിവദാസനാചാരിയുമാണ്.

ദീർഘകാല കാർഷികവായ്പ

പഞ്ചായത്തിലെ കർഷകർക്ക് ജില്ലാ സഹകരണഭൂവികസനബാങ്ക്, കൊല്ലം ജില്ലാ സഹകരണബാങ്ക്, കരുനാഗപ്പള്ളി താലൂക്ക് ഭൂവികസനബാങ്ക്, താലൂക്ക് അർബൻ സഹകരണബാങ്ക് എന്നീ സ്ഥാപനങ്ങൾ വഴി ദീർഘകാല വായ്പകൾ നൽകി വരുന്നു. ഉയർന്ന പലിശനിരക്കും, യഥാസമയവായ്പ ലഭ്യമാകാനുള്ള കാലതാമസം, വായ്പ എടുക്കുന്നതിനുള്ള സാങ്കേതികത്വം എന്നിവ ഈ ആനുകൂല്യം പരമാവധി പ്രയോജന പ്പെടുത്തുന്നതിന് തടസ്സം നിൽക്കുന്ന ഘടകങ്ങളാണ്. താലൂക്ക് ഹൗസിങ്ങ് സഹകരണസംഘം ഭവന നിർമ്മാണ രംഗത്ത് കാര്യമായ സഹായം ചെയ്യുന്നില്ല.

വിവിധ സഹകരണസ്ഥാപനങ്ങൾ

കൈത്തറിസഹകരണസംഘങ്ങൾ

താലൂക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കൈത്തറി നെയ്ത്ത് വ്യവസായ സഹകരണസംഘം നമ്മുടെ പഞ്ചായത്തതിർത്തിയിൽഇടക്കുളങ്ങരയിൽ പ്രവർത്തിക്കുന്നു. ഉൽപാദനഘടകങ്ങളുടെ ലഭ്യതക്കുറവ് ഇതിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൽ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

പട്ടികജാതിസഹകരണകംഘം (649)

ഈ താലൂക്കിലാദ്യമായി പ്രവർത്തന മാരംഭിച്ച ഒരു ഹരിജൻ സഹകരണ സംഘം 1961 മുതൽ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്. നാമമാത്രമായി വായ്പകൾ വിതരണം ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തനം തൃപ്തികരമല്ല. ഒരു ട്രാക്ടർ ഉണ്ട് അത് പ്രവർത്തനരഹിതമായി കിടക്കുന്നു. ഒരു പെയ്ഡ് സെക്രട്ടറിയുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയാണ് പ്രവർത്തിക്കുന്നുത്. പ്രസി. ശ്രീ. സി. നാണു. പഞ്ചായത്തിൽ മറ്റൊറു ഹരിജൻ വെൽഫെയർ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രിയൽ സഹകരണസംഘം (129) പ്രവർത്തി ക്കുന്നുണ്ട്. സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള ഈ സംഘത്തിന്റെ പ്രവർനമിപ്പോൾ നിർജ്ജീവമാണ്.

അഗ്രോസർവ്വീസ് സഹകരണസംഘം

1988ൽ നമ്മുടെ പഞ്ചായത്തിൽ സ്ഥപിച്ച അംബേദ്ക്കർ ഗ്രാമത്തിൽ ഹരിജനങ്ങളുടെ സാമ്പത്തികവും സാമൂഹ്യവുമായ വളർച്ചക്കു വേണ്ടി സ്ഥാപിച്ച ഒരു സ്ഥാപനമാണ് അഗ്രോസർവ്വീസ് സഹകരണസംഘം. സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്. ട്രാക്ടർ മറ്റു കാർഷികഉപകരണങ്ങൾ എന്നിവ ഈ സംഘത്തിൽ സ്വന്തമായി ഉണ്ട്. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയാണ് ഭരണം നടത്തുന്നത്. പ്രവർത്തനം കാര്യക്ഷമമല്ല.

ക്ഷീരസഹകരണസംഘങ്ങൾ.

നമ്മുടെ പഞ്ചായത്തിൽ അഞ്ച് ക്ഷീരവ്യവസായസഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു.

ഇടക്കുളങ്ങര ക്ഷീര വ്യവസായ സഹകരണസംഘം (1450)

പഞ്ചായത്തിലാദ്യമായി പ്രവർത്തന മാരംഭിച്ച ഈ ക്ഷീരസംഘം ലാഭകരമായി പ്രവർത്തിക്കുന്നു. സ്വന്തമായി ഭൂമിയും കെട്ടിടവുമുണ്ട്. 360 ലിറ്റർ പാൽ വിതരണം ചെയ്യപ്പെടുന്ന ഈസംഘത്തിൽ 4 ജീവനക്കാരുണ്ട്. ഭരണസമിതി പ്രസിഡന്റ് ശ്രീ. എസ്. അബുസാലി.

പുലി:വടക്ക്, കിഴക്ക് ക്ഷീരവ്യനസായ സഹകരണസംഘം(2890)

വളരെ നല്ല രീതിയിൽ മാതൃകാപരമായി

പ്രവർത്തിക്കുന്ന ഈ ക്ഷീരവ്യവസായ സഹകരണസംഘത്തിൽ 6 ജീവനക്കാരുണ്ട്. സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള ഈ സ്ഥാപത്തിന്റെ പ്രസി: ശ്രീ. എം.പി ശിവരാമക്കുറുപ്പ് ആണ്.

ചേലക്കോട്ടുകുളങ്ങര ക്ഷീരവ്യവസായ സഹകരണസംഘം (75D)

തൊടിയൂരിൽ പ്രവർത്തിക്കുന്ന ഈ ക്ഷീരവ്യവസായ സഹകരണസംഘത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഈ സംഘത്തിന്റെ പ്രസിഡന്റ് ശ്രീ. K. ശശിധരൻ ആണ്. 4 ജീവനക്കാരുണ്ട്.

മാരാരിത്തോട്ടം ക്ഷീരവ്യവസായ സഹകരണസംഘം (93D)

സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള ഈ സ്ഥാപനം പഞ്ചായത്തിലെ ഒന്നും രണ്ടും വാർഡുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. ശരാശരി 550 ലിറ്റർ പാൽ വിതരണം ചെയ്യപ്പെടുന്ന ഈ സ്ഥാപനത്തിൽ നാല് ജീവനക്കാരുണ്ട്. പ്രസി: ശ്രീ. ചരുവിള സദാനന്ദൻ.

മുഴങ്ങോടി ക്ഷീരോൽപാദക സഹകരണസംഘം

1995ൽ പ്രവർനമാരംഭിച്ചു. വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രതിദിനം 375 ലിറ്റർ പാൽ വിതരണം ചെയ്യുന്ന ഈ സ്ഥാപനത്തിൽ 2 ജീവനക്കാരുണ്ട്. വികസനത്തിന് വളരെയേറെ സാദ്ധ്യതയുള്ള ഈ സ്ഥാപനത്തിന്റെ പ്രസിഡന്റ് ശ്രീ. K. വാസുദേവൻ ചെട്ടിയാർ.

കയർ വ്യവസായസഹകരണസംഘം

ഈ മേഖലയിലുള്ള പഞ്ചായത്തിലെ ഏക സഹകരണസംഘം കല്ലേലിഭാഗത്ത് പ്രവർത്തിക്കുന്നു. ഇപ്പോൾ പ്രവർത്തനരഹിതമാണ്.

ഖാദിസഹകരണസംഘങ്ങൾ

ഈ പഞ്ചായത്തിൽ ഖാദി ബോർഡിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന 4 നെയ്ത്ത് സഹകരണസംഘങ്ങളുണ്ട്. ചേലക്കോട്ടുകുളങ്ങര, പുലിയൂർവഞ്ചി, വേങ്ങറ, മുഴങ്ങോടി എന്നിവിടങ്ങളിലാണ് ഖാദി ആന്റ് വില്ലേജ് കോ-ഓപ്പറേറ്റീവ് ഇൻഡസ്ട്രിയൽ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്. ഇതിൽ ചേലക്കോട്ടുകുളങ്ങര ഖാദിസംഘം നല്ല രീതിയിൽ പ്രവർത്തിക്കുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള ഇതിന്റെ പ്രസിഡന്റ് എൻ. തങ്കപ്പൻ ആണ്.

പുലിയൂർ വഞ്ചിവടക്ക് മെത്തപ്പാ സഹകരണസംഘവും നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. P. കുമാരൻ ആണ് ഭരണസമിതി പ്രസിഡന്റ്. വേങ്ങറ ഖാദി വ്യവസായ സഹകരണസംഘം വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രവർത്തനം കാര്യക്ഷമമല്ല. പ്രസിഡന്റ് ശ്രീ. കെ. ശശിധരൻ പിള്ള. മുഴങ്ങോടി ഖാദി-വില്ലേജ് സഹകരണസംഘത്തിന്, സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല.

വനിതാ സഹകരണസംഘം

ഖാദിബോർഡിന്റെ ധനസഹായത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു കെൽട്രോൺ റ്റി.വി അസംബ്ലിംഗ് യൂണിറ്റ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 25 ജീവനക്കാരുണ്ട്. പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. ഇതിന്റെ പ്രസിഡന്റ് ശ്രീ. T. തങ്കച്ചൻ ആണ്.

ഒരു ഖാദി നൂൽ നൂൽപ്പ് കേന്ദ്രവും നമ്മുടെ പഞ്ചായത്തിൽ പതിമൂന്നാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്.

പ്രശ്നങ്ങൾ

നമ്മുടെ സഹകരണമേഖല ഒട്ടേറെ മാറ്റങ്ങൾക്ക് വിധേയമാകേണ്ടതുണ്ട്. നമ്മുടെ ഗ്രാമീണജീവിതം കാര്യക്ഷമമാക്കികൊണ്ട് ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകുന്ന തരത്തിലേക്ക് ഇവയുടെ പ്രവർത്തനത്തെ മാറ്റേണ്ടതുണ്ട്. ജാമ്യവ്യവസ്ഥ കൂടുതൽ ഉദാരമാക്കിക്കൊണ്ട് കൂടുതൽ വായ്പകൾ കർഷകർക്ക് ലഭ്യമാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണം. വായ്പയുടെ പലിശനിരക്ക് കുറയ്ക്കണം. കർഷകരെ സഹായിക്കുവാനായി കിണറുകൾ, പമ്പുസെറ്റുകൾ മുതലായവക്കുള്ള

ധനസഹായം വർദ്ധിപ്പിക്കണം. കെട്ടിട നിർമ്മാണം, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്ക് ധനസഹായം ലഭ്യമാക്കണം. സ്വർണ്ണപണയവായ്പകൾ ചിട്ടി മുതലായവ കൂടുതലായി നടത്തി സാധാരണക്കാർക്ക് കൂടുതൽ ധനസഹായം നൽകുന്നതിനുള്ള നടപടി കൈക്കൊള്ളണം. മെമ്പർഷിപ്പ് പ്രവർത്തനം വ്യാപകമാക്കി ഗ്രാമീണർക്കാകമാനം സഹായം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം നടത്തേണ്ടതാണ്. അമിതമായ എസ്റ്റാബ്ലി ഷ്മെന്റ് ചെലവുകൾ ഒഴിവാക്കാൻ കഴിയണം. സഹായം ആവശ്യമുള്ളവർക്ക് അത് ലഭിക്കുവാൻ തടസ്സം നിൽക്കുന്ന അഴിമതി, സ്വജനപക്ഷപാതം തുടങ്ങിയവ ഈ മേഖലയിൽനിന്ന് നിർമ്മാർജ്ജനം ചെയ്യാൻ കഴിയണം. സങ്കുചിതമായ രാഷ്ട്രീയമത്സരം ഈ മേഖലയിൽ ഒഴിവാക്കപ്പെടേണ്ടതാണ്. ഉദ്യോഗസ്ഥമേധാവിത്വം ഈ മേഖലയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

സാദ്ധ്യതകൾ

പുതിയ സഹകരണസംഘങ്ങൾ സ്ഥാപിക്കണം. പഞ്ചായത്ത് കേന്ദ്രീകരിച്ച് നിർജ്ജീവമായി ക്കിടക്കുന്ന സഹകരണസംഘങ്ങളെ പുനരുജ്ജീവിപ്പിക്കുവാൻ വേണ്ട സഹകരണസെൽ രൂപീകരിക്കുക. പഞ്ചായത്തിടിസ്ഥാനത്തിൽ ഒരു വനിതാ സഹകരണസംഘം സ്ഥാപിക്കണം. സംഘങ്ങളുടെ പ്രവർത്തനം ജനാധിപത്യപരമാക്കണം. മുഴുവൻ സഹകാരികൾക്കും ബോധവൽക്കരണം നടത്തണം. സംഘങ്ങളെ സാമ്പത്തികമായി സ്വയം പര്യാപ്തമാക്കുക.

കൃഷിക്കാരുടെ ഉന്നമനത്തിനും ഗ്രാമീണ പുരോഗതിക്കും ഉപഭോക്തൃ സംരക്ഷണത്തിനുമൊക്കെ രംഗത്തുവന്ന സഹകരണ സ്ഥാപനങ്ങൾ തങ്ങളുടെ ലക്ഷ്യത്തിൽനിന്നും തെന്നിമാറി വായ്പാസംഘങ്ങളോ, കച്ചവട സംഘങ്ങളോ ആയി മാറിക്കൊണ്ടിരിക്കുന്നു. സ്വകാര്യവൽക്കരണനയം മൂലം ബാങ്കിംഗ് മേഖലയിലുണ്ടായ മത്സരം സഹകരണസംഘം പ്രവർത്തകരിൽ അമ്പരപ്പുള വാക്കിയിരിക്കുകയാണ്. ഈ ആക്രമണത്തെ ചെറുത്തു തോൽപിക്കുവാൻ ഗ്രാമീണജനതയുടെ ആത്മാർത്ഥമായ ശ്രമം കൊണ്ട് മാത്രമേ കഴിയൂ. ഗ്രാമീണകർഷകരിൽ നിന്നും അകന്നുമാറിക്കൊണ്ടിരിക്കുന്ന സഹകരണ രംഗത്തെ പ്രവർത്തകർക്ക് പുതിയ വികസന പരിപാടിയിൽകൂടി ജനങ്ങളുമായി തങ്ങൾക്കുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിന് ലഭിക്കുന്ന അവസരം ശരിക്കും പ്രയോജനപ്പെടുത്തുവാൻ കഴിയണം. തങ്ങളുടെ വായ്പാപ്രവർത്തങ്ങളെ കാർഷിക ഉൽപാദനവുമായും മൃഗസംരക്ഷണവുമായും നേരിട്ട് ബന്ധപ്പെടുത്തുവാനും കർഷകരുടെ കൂട്ടായ സംരംഭങ്ങളിൽ കാഴ്ചക്കാരായി നിൽക്കാതെ അതിന്റെ തന്നെ ഭാഗമായി മാറുവാനും കഴിയണം. ചെറുകിട ജലസേചനപദ്ധതികളും കാർഷികോപകരണങ്ങളും നഷ്ടമില്ലാത്ത വ്യവസ്ഥയിൽ സംഘടിപ്പിക്കുവാൻ സ്ഥാപനങ്ങൾക്ക് കഴിയും. കൂട്ടായ വളപ്രയോഗം, കീടനാശിനി പ്രയോഗം, ഏലിനശീകരണം എന്നിവയ്ക്ക നേതൃത്വം നൽകാൻ ഈ സ്ഥാപനങ്ങൾക്ക് കഴിയണം. കർഷകന്റെ ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള ആഴ്ചച്ചന്തകളെങ്കിലും സ്ഥാപിക്കാൻ സഹകരണസ്ഥാപനങ്ങൾക്ക് കഴിയണം.

ചെറുകിടവ്യവസായസംരംഭങ്ങൾ എന്ന നിലക്ക് ഭക്ഷ്യവസ്തുനിർമ്മാണയൂണിറ്റുകളും നാളികേരമടിസ്ഥാനമാക്കിയുള്ള ചെറുകിട വ്യവസായങ്ങളും ആരംഭിക്കുവാനോ, ആരംഭിക്കുവാൻ തയ്യാറുള്ളവർക്ക് പ്രോത്സാഹനവും സഹായവും നൽകുവാനും സഹകരണ സ്ഥാപനങ്ങൾക്ക് കഴിയണം. ഈ പ്രവർത്തനങ്ങളുടെ ഫലമായി ഗ്രാമീണ മേഖലയിലുണ്ടാകുന്ന വിഭവ സമാഹരണത്തിലൂടെ നമ്മുടെ സംഘങ്ങളെ ശക്തിപ്പെടുത്തുവാനും അങ്ങനെ കൈവരിക്കുന്ന കരുത്ത് കൂടുതൽ ഉൽപാദനത്തിനായി ലഭ്യമാക്കാനും അത് വഴി തങ്ങളുടെ സംഘങ്ങളുടെ വളർച്ച തങ്ങളുടെതന്നെ വളർച്ചയാണെന്ന ബോധത്തിൽ ഗ്രാമീണ ജനതയെ കൊണ്ടുവരുവാനും അങ്ങനെ സ്വകാര്യമേഖല ഒരുക്കുന്ന കെണിയിൽ വീഴാതെ മൊത്തം ജനവിഭാഗത്തെ സ്ഥാപനങ്ങളോടടുപ്പിക്കുവാനും കഴിയണം.

ഗ്രാമീണമേഖലയിൽ സഹകരണ സ്ഥാപനങ്ങൾക്ക് ഏതെല്ലാം തരത്തിൽ ക്രീയാത്മകമായി ഇടപെടാമെന്ന് ചിന്തിക്കാനും, അതിനനുസരിച്ച് ആസൂത്രണപ്രക്രിയയിൽ കൂട്ടാളിയും സംഘാടകനും നേതാവുമാകാനും ഓരോ സഹകാരിക്കും കഴിയണം.



പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

നൂറ്റാണ്ടുകളായി ഉപരിവർഗ്ഗത്തിന്റെ ചൂഷണത്തിനും മർദ്ദനത്തിനും വിധേയരായി കഴിഞ്ഞുവരുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട ഭൂരിപക്ഷം പേരുടെയും സാമൂഹിക സാംസ്ക്കാരിക സാമ്പത്തികാവസ്ഥയ്ക്ക് കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. എന്നാൽ യുവതലമുറയിൽ വിദ്യാഭ്യാസ രംഗത്ത് ഒട്ടേറെ പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ട്. ഈ വിഭാഗത്തിന്റെ ക്ഷേമത്തിന് ഒട്ടേറെ പദ്ധതികൾ സർക്കാർ ആവിഷ്ക്കരിക്കുന്നുണ്ടെങ്കിലും ഇത് താഴെത്തട്ടിൽ ഫലപ്രദമായി എത്തിച്ചേരുന്നില്ല. വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത, സാമ്പത്തിക പിന്നോക്കാവസ്ഥ,സ്വന്തമായ കൃഷിഭൂമി ഇല്ലായ്മ എന്നിവ നൂറ്റാണ്ടുകളായി ഈ വിഭാഗത്തിന്റെ വളർച്ചയ്ക്ക് വലിയ തടസ്സമായി നിന്നിട്ടുള്ള ഘടകങ്ങളാണ്. സർക്കാർ സഹായങ്ങളുടെ പകുതി പോലും ഗുണഭോക്താക്കളുടെ കൈകളിലെത്തിച്ചേരുന്നില്ല. ഔദ്യോഗികമായ ഉദാസീനതയും ഈ വിഭാഗത്തിന്റെ അജ്ഞതയുമാണ് ഇതിന് കാരണം. വിദ്യാഭ്യാസ രംഗത്തും സാമൂഹിക രാഷ്ട്രീയ രംഗത്തും ഈ വിഭാഗം വളരെ മുന്നേറേണ്ടതുണ്ട്.

സർക്കാർ തലത്തിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ ധാരളമുണ്ടെങ്കിലും വേണ്ടത്ര പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. മാതാപിതാക്കളുടെ സാമ്പത്തിക പരാധീനതമൂലം എസ്.എസ്.എൽ.സി ക്ക് ശേഷം പഠനം തുടരാൻ ഈ വിഭാഗത്തിലെ ഭൂരിപക്ഷത്തിനും സാധിക്കുന്നില്ല എന്നത് നിഷേധിക്കാനാവാത്ത വസ്തുതയാണ്. അഞ്ചാം ക്ലാസ് മുതൽ സി.ബി.എസ്.ഇ. സിലബസ്സ് വരെയുള്ള സ്ക്കൂളുകളിൽ വിദ്യാഭ്യാസം ചെയ്യുവാൻ ബോർഡിഗ്, ഫീസ് സൗകര്യങ്ങൾ ജില്ലാപഞ്ചായത്ത് നൽകുന്നുണ്ട്. എന്നാൽ ഈ ആനുകൂല്യം നമ്മുടെ പഞ്ചായത്തിലെ ഒരു വിദ്യാർത്ഥിക്കും ലഭ്യമാക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല എന്നത് വിഷമകരമാണ്. ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 500 രൂപാ മുതൽ 1500 രൂപാ വരെ സ്റ്റൈപ്പന്റ് ആയി നൽകുന്നുണ്ട്. കായിക രംഗത്ത് വളർന്നുവരുന്ന പ്രതിഭകൾക്ക് മെച്ചപ്പെട്ട പരിശീലനം ലഭ്യമാക്കുന്നതിനുവേണ്ടി തിരുവനന്തപുരത്ത് സ്പോർട്ട്സ് ഹോസ്റ്റൽ സൗകര്യമുണ്ട്. അർഹതയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷകൾക്ക് വേണ്ടി പ്രത്യേകം കോച്ചിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

പട്ടികജാതി കുടുംബങ്ങളിൽ അധികവും കാർഷിക മേഖലയിൽ തൊഴിൽ കണ്ടെത്തിയിട്ടുള്ളവരാണ്. എന്നാൽ കാർഷിക രംഗം നേരിട്ടുകൊണ്ടിരിക്കുന്ന തകർച്ചമൂലം ജീവനോപാധിക്കുവേണ്ടി അവർ മറ്റ് തൊഴിലുകളിലും വ്യാപൃതരായിരിക്കുകയാണ്, നിർമ്മാണ രംഗത്തേക്ക് പ്രത്യേകിച്ചും. സർക്കാർ മേഖലകളിൽ ഇവർക്ക് തൊഴിലവസരങ്ങൾ ഉണ്ടെങ്കിലും അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ മതിയായ പ്രാതിനിധ്യം ലഭിക്കുന്നില്ല. ഈ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ധാരാളം യുവതീയുവാക്കൾ തൊടിയൂർ പഞ്ചായത്തിലുണ്ട്. കാർഷികമേഖലയിൽ എല്ലാക്കാലവും തൊഴിൽ ഇല്ലാത്ത ഇവർക്ക് ജീവസന്ധാരണത്തിനുള്ള മറ്റൊരു മാർഗ്ഗമായിരുന്നു പായ്നെയ്ത്ത്. എന്നാൽ പായ്നെയ്ത്തിനാവശ്യമുള്ള അസംസ്കൃതവസ്തുവായ കൈതയോല സംരക്ഷിക്കാപ്പെടാത്തതു കാരണം ഈ തൊഴിൽ പൂർണ്ണമായും തടസ്സപ്പെട്ടിരിക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ അടിസ്ഥാന പ്രശ്നങ്ങളായി മാറിയിരിക്കുന്ന പാർപ്പിടം, കുടിനീർ, വൈദ്യുതി എന്നിവ അടിയന്തിര പ്രാധാന്യത്തോടെ കണ്ട് പരിഹാരം കാണേണ്ടവയാണ്. ഈ പഞ്ചായത്തിന്റെ പതിനാലു വാർഡുകളിലായി, കോളിനികളിലും, ലക്ഷം വീടുകളിലും താമസിക്കുന്നവർക്ക് മെച്ചപ്പെട്ട പാർപ്പിട സൗകര്യം കുറവാണ്. സർക്കാർ ഏജൻസികൾ നടപ്പിലാക്കുന്ന പദ്ധതികൾ

പ്രകാരം ഒരു പരിധിവരെ ആശ്വാസം ലഭിച്ചുട്ടുണ്ടെങ്കിലും പൂർണ്ണമല്ല. പഞ്ചായത്തിലെ പട്ടിക വർഗ്ഗക്കാരിൽ നല്ലൊരു വിഭാഗവും ചെറ്റക്കുടിലുകളിലാണ് കഴിയുന്നത്. ഭൂമി ഈടുവച്ച് വായ്പ എടുക്കുന്ന ഹരിജനങ്ങളിൽ നല്ലൊരു ഭാഗത്തിനും തിരിച്ചടയ്ക്കാൻ കഴിയാത്ത അവസ്ഥയാണ്. തന്മൂലം മറ്റു മേഖലകളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നില്ല.

പട്ടികജാതി വികസന കോർപ്പറേഷൻ, ഐ.ആർ.ഡി.പി. തുടങ്ങിയ വിവിധ ഏജൻസികൾ വഴി ഈ വിഭാഗക്കാരുടെ ഉന്നമനത്തിനു വേണ്ടി ധാരാളം പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. ഇത് ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്നതാണ്.

ഈ പഞ്ചായത്തിന്റെ രണ്ടാം വാർഡിൽ പഞ്ചായത്തുവക നാലുസെന്റ് മഹാദേവർ കോളനിയിൽ 28 ഹരിജൻ കുടുംബങ്ങൾ താമസിക്കുന്നുണ്ട്. മൂന്നാം വാർഡിലെ പഞ്ചായത്തുവക നരീഞ്ചിലയ്ത്ത് കോളനിയിൽ 27 ഹരിജൻ കുടുംബങ്ങൾ ഉണ്ട്. ഇതേ വാർഡിലെ തന്നെ വേങ്ങയിലയ്ത്ത് കോളനിയിൽ 18 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. രണ്ടാം വാർഡിലെ അരീപ്പുറത്ത് കോളനിയിൽ പതിമൂന്ന് കുടുംബങ്ങളാണ് ഉള്ളത്. നാലാം വാർഡിലെ അയ്യങ്കാളി കോളനിയിൽ 18 കുടുംബങ്ങൾ ഉണ്ട്. അഞ്ചാം വാർഡിൽ പരശ്ശേരിവയലിൽ കോളനിയിൽ 21 കുടുംബാംഗങ്ങൾ താമസിക്കുന്നു. അതെ വാർഡിലെ മഞ്ഞാടി കോളനിയിൽ 18 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. പത്താം വാർഡിലെ മഠത്തിനാൽ കോളനിയിൽ 32 കുടുംബങ്ങൾ താമസിക്കുന്നു. പതിനൊന്നാം വാർഡിലെ കാരൂർപാടം പഞ്ചായത്തുവക കോളനിയിൽ 15 കുടുംബങ്ങൾ ഉണ്ട്. പതിനൊന്നാം വാർഡിൽ പാപ്പാളി കോളനിയിൽ 15 കുടുംബങ്ങൾ ജീവിക്കുന്നു. പതിനൊന്നാം വാർഡിൽ തന്നെ അംബേദ്കർ ഗ്രാമം കോളനിയിൽ 48 കുടുംബങ്ങൾ ഉണ്ട്. അഞ്ചാം വാർഡിലെ കണ്ണൻകുളത്ത് ഹരിജൻ കോളനിയിൽ 12 കുടുംബങ്ങൾ ഉണ്ട്. ഏഴാം വാർഡിലെ ഡോക്ടർ അംബേദ്കർ ഹരിജൻ കോളനിയിൽ 20 കുടുംബങ്ങൾ ഉണ്ട്. ഒൻപതാം വാർഡിലെ പാവത്തേത്ത് ഹരിജൻ കോളനിയിൽ 17 കുടുംബങ്ങൾ ഉണ്ട്. പന്ത്രണ്ടാം വാർഡിലെ ആലുവിള കോളനിയിൽ 9 കുടുംബങ്ങൾ ഉണ്ട്. പതിമൂന്നാം വാർഡിലെ എം.ജി. കോളനിയിൽ 27 ഉം, അതേ വാർഡിലെ ഉക്കിനേത്ത് കോളനിയിൽ 23 കുടുംബങ്ങളും ഉണ്ട്. പതിമൂന്നിലെ തന്നെ പ്രീയദർശിനി കോളനിയിൽ 55 കുടുംബങ്ങൾ ഉണ്ട്. നാലാം വാർഡിലെ തടത്തിവയൽ കോളനിയിൽ 8 കുടുംബങ്ങൾ ഉണ്ട്. പന്ത്രണ്ടാം വാർഡിലെ ഭഗവതി കോളനിയിൽ 8 കുടുംബങ്ങൾ ഉണ്ട്. പതിനാലാം വാർഡിൽ ലക്ഷംവീട് കോളനിയിൽ 8 ഉം, അതേവാർഡിലെ കോട്ടപ്പുറ ഹാളനിയിൽ 20 ഉം, പതിനാലിലെതന്നെ പുല്ലംറാറകോളനിയിൽ 6 ഉം കുടുംബങ്ങൾ ഉണ്ട്.

തൊടിയൂർ ഗ്രാമപഞ്ചായത്തിൽ പതിമൂന്നാം വാർഡിൽ ഹരിജൻ സഹകരണസംഘം ഉണ്ട്. ഹരിജനങ്ങൾക്ക് തൊഴിൽ ചെയ്യുന്നതിനാവശ്യമായ തഴ വാങ്ങുന്നതിനും, അവരുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ സഹകരണസംഘം രൂപികരിച്ചിരിക്കുന്നത്. സംഘത്തിൽ ഒരു ട്രാക്ടർ ഉണ്ടെങ്കിലും ഇത് ഉപയോഗശൂന്യമാണ്. സംഘത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. ഇതിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഈ താലൂക്കിലെ ആദ്യഹരിജൻസഹകരണസംഘമായ ഇതിന് ഒരു ജനകീയ ഭരണസമിതി ഉണ്ട്. പ്രാരംഭഘട്ടത്തിൽ 25 അംഗങ്ങൾ ആയിരുന്നു ഉണ്ടായിരുന്നത്. ഇതിന്റെ സ്ഥാപക പ്രസിഡന്റ് ശ്രീമാൻ പി.ഒ. കേശവൻ ആയിരുന്നു. ഇപ്പോൾ 735 അംഗങ്ങൾ ഉണ്ട്. തഴ വാങ്ങുന്നതിനുവേണ്ടി ചെറിയ തോതിൽ വായ്പ നൽകുവാൻ ഈ സഹകരണ പ്രസ്ഥാനത്തിനു കഴിയുന്നുണ്ട്. എന്നാൽ വായ്പകുടിശിഖകൾ വളരെ കൂടുതലാണ്. ഒരു ഓഹരിയുടെ വില 5 രൂപാ ആണ്. ഇതിന്റെ പ്രവർത്ത പരിധി തൊടിയൂർ പഞ്ചായത്ത് ആണ്. പ്രവർത്തന മൂലധനമായി ഈ സംഘത്തിന് ഒരു ലക്ഷം രൂപയാണ് ലഭിച്ചിട്ടുള്ളത് ഒരു പെയിഡ് സെക്രട്ടറി ഉള്ള ഈ സംഘത്തിന്റെ ഇപ്പോഴത്തെ പ്രസിഡന്റ് ശ്രീ. സി.

നാണു ആണ്. ഹരിജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ സംഘത്തിന് കഴിഞ്ഞിട്ടുണ്ട്.

ഹരിജൻ ഖാദി സഹകരണ സംഘം.

ഖാദിബോർഡിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പതിനൊന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന ഖാദി സഹകരണ സംഘത്തിന് സ്വന്തമായി ഏഴ് സെന്റ് ഭൂമിയും ഒരു കെട്ടിടവുമുണ്ട്. 55 മെമ്പർമാരുള്ള ഈ സംഘം ഇപ്പോൾ പ്രവർത്തനരഹിതമാണ്. സംഘത്തിന്റെ പ്രസിഡന്റ് ശ്രീ. സി. അച്യുതൻ ആണ്.

അംബേദ്കർ ഗ്രാമം.

ഹരിജനങ്ങളുടെ ഒരു ആഗ്രോ സർവ്വീസ് സെന്റർ ഈ പഞ്ചായത്തിന്റെ പതിനൊന്നാം വാർഡിൽ സ്ഥിതിചെയ്യുന്നു. ഹരിജനങ്ങളുടെ തൊഴിൽപരവും, സാമ്പത്തികവുമായ പുരോഗതിയാണ് ഈ സെന്ററിന്റെ ലക്ഷ്യം. ഈ സെന്ററിന് സ്വന്തമായി 5 സെന്റ് ഭൂമിയും ഒരു കെട്ടിടവുമുണ്ട്. ട്രാക്ടർ, കൊയ്ത്ത്, മെതിയന്ത്രം തുടങ്ങിയ കാർഷിക ഉപകരണങ്ങൾ ഈ സെന്ററിനുണ്ട്. ഹരിജനങ്ങളുടെ വിനോദത്തിനും വിജ്ഞാനത്തിനും വേണ്ടി ഒരു ടി.വി. സെറ്റ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഈ സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ട് നീങ്ങുന്നില്ല.

പ്രശ്നങ്ങൾ


പട്ടികജാതി പട്ടിക വിഭാഗത്തിൽപ്പെട്ട മുഴുവൻ ആളുകൾക്കും പാർപ്പിട സൗകര്യമില്ല. ശുദ്ധജലം, വൈദ്യുതി എന്നിവയുടെ ദൗർലഭ്യം അനുഭവപ്പെടുന്നു. ആവശ്യമായ ഗതാഗത സൗകര്യങ്ങളും സാനിറ്റേഷൻ സൗകര്യങ്ങളും ഉണ്ടാകേണ്ടതാണ്. വിനോദ വിജ്ഞാന കേന്ദ്രങ്ങളുടെ അപര്യാപ്തത അനുഭവപ്പെടുന്നു. തൊഴിലവസരങ്ങളും പൂർണ്ണമല്ല. അർഹരായ എല്ലാവർക്കും പെൻഷൻ ലഭ്യമല്ല. ഹരിജൻ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം തൃപ്തികരമല്ല. സാമൂഹിക നിലവാരം മെച്ചപ്പെട്ടിട്ടില്ല.

നിർദ്ദേശങ്ങൾ.

1. പാർപ്പിട സൗകര്യങ്ങൾ പൂർണ്ണമായും ലഭ്യമാകത്തക്കരീതിയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണം.
2. ശുദ്ധജലം ലഭ്യമാകുന്നതിനുവേണ്ടി ടാപ്പുകൾ സ്ഥാപിക്കുക.
3. വൈദ്യുതി കണക്ഷൻ എല്ലാ പട്ടികജാതിക്കാർക്കും ലഭ്യമാക്കുക.
4. ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
5. എല്ലാകുടുംബങ്ങൾക്കും സാനിറ്റേഷൻ സൗകര്യം ലഭ്യമാക്കുക.
6. വിനോദ വിജ്ഞാന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
7. തൊഴിലവസരം പൂർണ്ണമായും ലഭ്യമാക്കുക.
8. അർഹരായ എല്ലാ പട്ടിക വിഭാഗങ്ങൾക്കും പെൻഷൻ ലഭ്യമാക്കുക.
9. വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ വേണ്ടി വിദ്യാസമ്പന്നരായ ആളുകളെ ഉൾക്കൊള്ളിച്ച് ബോധവൽക്കരണം നടത്തുക.
10. ക്ഷേമപ്രവർത്തനങ്ങൾ വിപുലീകരിക്കുക.
11. മൂന്നാം വാർഡിലെ പട്ടികജാതി പട്ടിക വർഗ്ഗ ശ്മശാനം മതിൽ കെട്ടി സംരക്ഷിക്കുക.
12. മൂന്നാം വാർഡിലെ ഹരിജൻ ബാലവാടിക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കുക.

13. പന്ത്രണ്ടാം വാർഡിലെ ആലുവിള കോള നിയിലേക്ക് അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ശുദ്ധജലം, വൈദ്യുതി എന്നിവ എത്തിക്കുക

കല്ലേലിഭാഗത്ത് ഹരിജൻവെൽഫയർ ഡിപ്പാർട്ടുമെന്റ് വക ഒരു നഴ്സറി വിദ്യാലയമുണ്ട്. 42 കുട്ടികൾ പഠിക്കുന്നു. എല്ലാവിധ സൗകര്യങ്ങളും സർക്കാർ നൽകുന്നു. ഒന്നാം ക്ലാസ് മുതൽ മൂന്നാം ക്ലാസ് വരെ 70 രൂപയും നാലാം ക്ലാസിൽ 75 രൂപയും അഞ്ചാം ക്ലാസിൽ 90 രൂപയും എട്ടുമുതൽ പത്തുവരെ 175 രൂപയും ലംമ്സംഗ്രാന്റായി നൽകുന്നു. പ്രീഡിഗ്രി, ഡിഗ്രി, പോസ്റ്റ് ഗ്രാജുവേഷൻ തുടങ്ങിയ വിദ്യാഭ്യാസത്തിന് താമസ സൗകര്യം, ഭക്ഷണം, പോക്കറ്റ് മണി എന്നിവ നൽകുന്നു.



വിഭവ സമാഹരണം

നാടിന്റെ വികസനത്തിന് അനിവാര്യമായ ഘടകമാണ് അവിടത്തെ വിഭവങ്ങളുടെ ശേഷി. സാമ്പത്തിക ഭദ്രതയില്ലാതെ വികസനം സാദ്ധ്യമല്ല. കറൻസികളുടേയും സമ്പത്തിന്റേയും മാത്രം ലഭ്യതയല്ല വിഭവസമാഹരണം. ഭൂപ്രകൃതി, ജനപ്രകൃതി ജലപ്രകൃതി എന്നിവ പ്രത്യേക ഘടകങ്ങളാണ്. ഓരോ മേഖലയ്ക്കും അനുയോജ്യമായ ഭൂപ്രകൃതി, കാലാവസ്ഥ ഇവ വളരെ പ്രാധാന്യമർഹിക്കുന്നു. ജനങ്ങളുടെ സർവ്വവിധമായ പുരോഗതിയും വിഭവത്തിൽ അധിഷ്ഠിതമാണ്. ഈ സ്ഥിതിക്ക് നമ്മുടെ പഞ്ചായത്തിൽ വിഭവസമാഹരണത്തിന് സാദ്ധ്യതകൾ വളരെയധികമുണ്ട്. നമ്മുടെ പഞ്ചായത്തിലെ വിഭവസമാഹരണം എങ്ങിനെ വേണമെന്നും, അതിനുള്ള സാദ്ധ്യതകളെപ്പറ്റിയും നമുക്ക് ചിന്തിക്കാം.

കൃഷി

തൊടിയൂർ ഗ്രാമപഞ്ചായത്ത് ഒരു കാർഷികമേഖലയാണ്. എന്നാൽ ഇന്ന് കർഷകതൊഴിലാളികൾ കെട്ടിടനിർമ്മാണം, പോലെയുള്ള മറ്റ് തൊഴിൽ മേഖലയിലേർപ്പെട്ടിരിക്കുന്നതിനാൽ കാർഷികരംഗത്ത് തൊഴിലാളികളെ ലഭിക്കുന്നില്ല. രാസവളപ്രയോഗത്തിന്റെ അമിതമായ ഉപയോഗം മൂലമുള്ള ദോഷഫലങ്ങൾ ഇല്ലാതാക്കാൻ മണ്ണു സംരക്ഷണവും ജൈവവളപ്രയോഗവും നടപ്പിലാക്കണം. എല്ലാവിധ കാർഷികാവശ്യങ്ങൾക്കും വൈദ്യുതി ലഭ്യമാക്കണം. ഇത്തരം പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരമുണ്ടായാലേ കാർഷികരംഗത്ത് വിഭവശേഷി ഉണ്ടാവുകയുള്ളു. ഗ്രാമപഞ്ചായത്തുകൾക്ക് ഇക്കാര്യങ്ങളിൽ സ്വതന്ത്രവും പൂർണ്ണവുമായ അധികാരമുണ്ടായാൽ ത്വരിതഗതിയിൽ ഫലസിദ്ധിയുണ്ടാകുന്നതാണ്.

വ്യവസായം

നിലവിലുള്ള ചെറുകിടവ്യവസായങ്ങൾ വിപുലപ്പെടുത്തുകയും വൻകിടവ്യവസായങ്ങൾ ആരംഭിക്കുന്നതിന് സാദ്ധ്യതകൾ കണ്ടെത്തുകയും ചെയ്താൽ ഈ രംഗത്ത് വിഭവശേഷി വർദ്ധിപ്പിക്കാനാവും.

കെട്ടിടനികുതി.

ശാസ്ത്രീയമായ രീതിയിൽ കെട്ടിടനികുതി ഈടാക്കേണ്ടതാണ്. തറവിസ്തീർണ്ണം മാത്രമല്ല ആഡംബരത്വവും വിലകൂടിയ സാധനസാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കി വേണം നികുതി നിശ്ചയിക്കാൻ. സ്ഥിരമായ ചുമരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ചുമത്തേണ്ടതാണ്. കെട്ടിടനിർമ്മാണത്തിലെ അനാവശ്യമായ ധൂർത്ത് ഒഴിവാക്കുന്നതിന് വേണ്ടി സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കും.

കെട്ടിടനികുതി ഈടാക്കുമ്പോൾ നികുതി സംബന്ധമായ, വ്യക്തമായ ധാരണ കെട്ടിടമുടമസ്ഥനെ ബോദ്ധ്യപ്പെടുത്താൻ ഉദ്യോഗസ്ഥൻ തയ്യാറാകുന്നത് നന്നായിരിക്കും. അഴിമതി ഈ രംഗത്ത് നിന്ന് നീക്കം ചെയ്യാൻ ഒരു അസ്സെസ്സ്മെന്റ് കമ്മറ്റി ഉണ്ടാക്കുന്നതിനെപ്പറ്റി ചിന്തിക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ സിനിമാതീയറ്ററുകളോ, ഷോപ്പിംഗ് കോംപ്ലക്സോ മറ്റ് ധനാഗമമാർഗ്ഗങ്ങളോ ഇല്ലാത്തതിനാൽ അതേപ്പറ്റി ചിന്തിക്കുകയും അവ നടപ്പിലാക്കിക്കൊണ്ട് വിഭവശേഷി വർദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണ്. കച്ചവടസ്ഥാപനങ്ങൾ നടത്തുന്നവരിൽ നിന്നും നിർബ്ബന്ധമായും രജിസ്ട്രേഷൻ ഫീസും ലൈസൻസിംഗ് ഫീസും കാലാനുസൃതമാറ്റങ്ങൾ വരുത്തി പിരിച്ചെടുക്കേണ്ടതാണ്. പ്രൊഫഷണൽ ടാക്സ് ശാസ്ത്രീയമായി പുനർനിർണ്ണയിക്കുകയും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അഡ്വക്കേറ്റ്സ്, ചാർട്ടേർഡ് അക്കൗണ്ടന്റ്സ്, ചിട്ടിത്തലയാളന്മാർ, ആധാരമെഴുത്തുകാർ പാരലൽ കോളേജുടമസ്ഥർ തുടങ്ങിയ വരിൽനിന്നും വരുമാവനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽക്കരം ഈടാക്കുവാൻ കഴിയണം.

തൊഴിലിൽ നിന്നും വരുമാനമുള്ള മുഴുവനാളുകളിൽനിന്നും ശാസ്ത്രീയമായ രീതിയിൽ നികുതി നിർണ്ണയിക്കാനും, പിരിച്ചെടുക്കാനും കഴിഞ്ഞാൽ ഈ രംഗത്ത് വിഭവശേഷി വർദ്ധിപ്പിക്കുവാൻ കഴിയും. കാർ, ലോറി, ഓട്ടോറിക്ഷാ ഇവയുള്ള വ്യക്തികളിൽനിന്നും മാസം തോറും നിശ്ചിത തുക ഈടാക്കേണ്ടതാണ്.

പഞ്ചായത്തിൽ പ്രൈവറ്റായിനടത്തുന്ന ക്ലിനിക്കുകളുണ്ട്. ഇവയിൽനിന്നും ഒരു നിശ്ചിതതുകവീതം മാസം തോറും പിരിച്ചെടുക്കാൻ കഴിഞ്ഞാൽ പഞ്ചായത്തിന്റെ വിഭവശേഷി വർദ്ധിപ്പിക്കാൻ സാധിക്കും.

വിദേശതൊഴിലാളികളുടെ മൂലധന നിക്ഷേപം

വിദേശത്തുതൊഴിൽ തേടിപ്പോയിട്ടിള്ളവരുടെ പേരുവിവരം ശേഖരിച്ച് പഞ്ചായത്തിന്റെ പ്രത്യുല്പാദനപരമായ വികസനപ്രക്രിയയിൽ പങ്കാളികളാക്കുന്നതിനുള്ള പ്രേരണ നല്കുകയും അവരെ ക്കൊണ്ട് മുതൽമുടക്കിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും മുടക്കുന്ന മുതലിന് സുരക്ഷിതത്വവും ആദായവും ഉറപ്പുവരുത്തുകയും ചെയ്താൽ വളരെയധികം പുരോഗതി കൈവരിക്കാൻ കഴിയും. വിദേശതൊഴിലാളികളുടെ നിക്ഷേപത്തുക ഇന്ന് വീടുപണിക്കു വേണ്ടി ചെലവഴിച്ചു പോകുന്നതായാണ് കണ്ടുവരുന്നത്. ആർഭാടമായ വീടുപണിയിൽനിന്ന് അവരെ പിന്തിരിപ്പിക്കാനും അത്തരം തുകകൾ നാടിന്റെ പുരോഗതിയെ

ലക്ഷ്യമാക്കികൂട്ടായ പ്രവർത്തനത്തിലൂടെ ക്രിയാത്മകമായി വിനിയോഗിക്കുകയും ചെയ്യുവാനുമുള്ള പ്രേരണ നല്കാൻ കഴിഞ്ഞാൽ വളരെ ഫലപ്രദമായ വിഭവശേഷി നമുക്കാർജ്ജിക്കാവുന്നതാണ്.

പുറംപോക്ക്

നമ്മുടെ പഞ്ചായത്തിൽ റോഡുകൾക്കും തോടുകൾക്കും ധാരാളം പുറംപോക്കി ഭൂമിയുണ്ട്. ഇവ കൃത്യമായി തിട്ടപ്പെടുത്തണം. ഇത്തരത്തിൽ അളന്നുതിരിക്കുന്ന ഭൂമിയിൽ പച്ചക്കറികൃഷി നടത്തുന്നതിനുവേണ്ടി ലേലം ചെയ്തു കൊടുത്താൽ സ്വകാര്യവ്യക്തികൾ കൈവശം വയ്ക്കുന്നത് തടയുവാനും പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കുവാനും കഴിയും. പുറംപോക്കുഭൂമിയിൽ വിലപിടിപ്പുള്ള വൃക്ഷങ്ങൾ വച്ചുപിടുപ്പിക്കാനുള്ള അവകാശം നല്കിക്കൊണ്ട് പാവപ്പെട്ടവരെ ഇക്കാര്യത്തിൽ പ്രേരിപ്പിച്ചാൽ നിശ്ചിതകാല യളവിനുള്ളിൽ അതിന്റെ വില അവർക്ക് പ്രയോജനപ്പെടുത്തുന്നതിനും ഒപ്പം പഞ്ചായ ത്തിന്റെ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനും സാധിക്കും.

മറ്റ് വരുമാന മാർഗ്ഗങ്ങൾ

ഈ പഞ്ചായത്തിൽ ഇറച്ചിവെട്ടുന്നതിന് നിശ്ചിത സ്ഥല മില്ലാത്തതിനാൽ അനധികൃതമായി വ്യാപകമായ ഇറച്ചികച്ചവടം നടന്നുവരുന്നു. ഇവരിൽ നിന്നും യാതൊരു വിധമായ ഫീസും ഇപ്പോൾ ഈടാക്കുന്നില്ല. ഇതിന് മാറ്റമുണ്ടാക്കി ഇവരിൽ നിന്നും കർശനമായി ഫീസ് ഈടാക്കാൻ കഴിഞ്ഞാൽ വിഭവശേഷി വർദ്ധിപ്പിക്കാൻ കഴിയും.

സാമ്പത്തികമായി വളരെ പിന്നോക്കം നില്ക്കുന്ന ഈ പഞ്ചായത്തിൽ കഴിഞ്ഞ കാലങ്ങളിൽ പ്രത്യുല്പാദനപരമായ മുന്നേറ്റം ഉണ്ടായിട്ടില്ല. മൺറോഡുകളുടെ അറ്റകുറ്റ പ്പണികൾ നടന്നിട്ടുള്ളത് കാര്യമായ പ്രയോജനം ചെയ്തിട്ടില്ല. മഴക്കാലത്തുള്ള കുത്തൊഴുക്കിൽ പ്പെട്ട് റോഡുകൾ തോടുകളായും കുളങ്ങളായും തീരുകയാണ്. പഞ്ചായത്തിന്റെ വിഭവചോർച്ച തടയുന്നതിന് റോഡും തോടും സംരക്ഷി ക്കേണ്ടത് അത്യാവശ്യമാണ്. റോഡിന്റെയും തോടിന്റെയും ഇരുപാർശ്വങ്ങളിൽ താമസിക്കു ന്നവർ ശ്രദ്ധിച്ചാൽ അവ നാശോന്മുഖ മായി പോകാതെ സംരക്ഷിക്കാനും വിഭവ ചോർച്ച തടയാനും സാധിക്കും. പുതിയ റോഡുകൾ വെട്ടിയുണ്ടാക്കുന്നതിനും അവ സംരക്ഷിക്കു ന്നതിനും മനുഷ്യവിഭവശേഷി അനിവാര്യമാണ്. മിക്കറോഡുകൾക്കും ഓടകളില്ലാത്തതും ഉള്ളവ സംരക്ഷിക്കാത്തതും റോഡുകൾ വേഗത്തിൽ നശിക്കുന്നതിനു കാരണമാകും. ഈ രംഗത്ത് കർമ്മസമിതി കളുടെയും മഹിളാസമാ ജങ്ങളുടെയും ക്ലബ്ബുകളുടെയും സേവനം ഉറപ്പാക്കേണ്ടതാണ്. വിഭവസമാഹരണ ത്തേക്കാൾ പ്രാധാന്യം വിഭവചോർച്ച ഒഴിവാക്കുക യെന്നതാണ്.


ആയതിന്ൽ ധനവിനിയോഗം കൂടുതൽ കരുതലോടെ നിർവ്വഹിക്കേണ്ടതാണ്. പഞ്ചായ ത്തിലെ സന്നദ്ധസംഘടനകൾക്ക് ഇത്തരം ഉത്തരവാദിത്വങ്ങൾ ഏൽപ്പിച്ചു കൊടുക്കാ വുന്നതും റോഡുകൾ മുതലായവ ദത്തെടുക്കാൻ പ്രേരിപ്പിക്കാവുന്നതുമാണ്. ആധാരമെഴുത്തുകാർ, റവന്യൂ ഉദ്യോഗസ്ഥർ പഞ്ചായത്ത് സമിതി എന്നിവർ കൂട്ടായിചേർന്ന് വസ്തുക്കളുടെ സബ്ഡിവിഷൻ തിരിച്ച് താരിഫ് വില നിശ്ചയി ച്ചാൽ ഭൂമി ഇടപാടിൽ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ അധികവരുമാനം ഉണ്ടാക്കാവുന്നതാണ് നികുതികുടിശ്ശികകൾ കൃത്യമായി പിരിച്ചെടു ത്തുകൊണ്ട് വിഭവസമാഹരണം നടത്താവു ന്നതാണ്.

നമ്മുടെ പഞ്ചായത്തിലെ തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് തൊഴില വസരങ്ങൾ സൃഷ്ടിക്കാനുതകുന്ന വികസന പരിപാടികൾക്ക് രൂപം നല്കി മനുഷ്യവിഭവ ശേഷി വർദ്ധിപ്പിക്കുക. നമ്മുടെ ഗ്രാമത്തിൽ കൈത്തൊഴിലുകൾ ചെയ്യുന്ന ധാരാളം ആളുകളുണ്ട്. (ആശാരിമാർ, നെയ്ത്തുകാർ, കരുവാന്മാർ തുടങ്ങിയവർ) ഇവരെയെല്ലാം പ്രോത്സാഹിപ്പിക്കുന്നതിന് ഇവരുടെ വൈദഗ്ധ്യം പ്രദർശിപ്പിക്കാൻ സഹായിക്കുന്ന കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യണം.

പദ്ധതിയിൽ വിജയിക്കണമെങ്കിൽ പൊതിജനപങ്കാളിത്തം അനിവാര്യമാണ്. പൊതു ജനപങ്കാളിത്തം ബോധവല്ക്ക രണത്തിലൂടെ സാധിച്ചെടുക്കേണ്ടതാണ്. പഞ്ചായത്തിലെ സന്നദ്ധസംഘടനാ പ്രവർത്ത കർ, ക്ലബ്ബുകൾ, സാമൂഹ്യപ്രവർത്തകർ, സഹകരണ സംഘങ്ങൾ ഇവ വികസനപ്രക്രിയയുമായി സഹകരിച്ചു നീങ്ങിയാൽ ജനപങ്കാളിത്തം കൂടുതൽ ഉറപ്പാക്കാം.

ഉല്പാദനത്തിലും തൊഴിലിലും അധിഷ്ഠിതമായ വികസനപ്രക്രിയയാണ് നമുക്കാവശ്യം. ഉല്പാദനവുമായി ബന്ധപ്പെട്ട പ്രധാനഘടകം ഗ്രാമീണവിപണനമാണ്. വിപണി ഉറപ്പുവരുത്താൻ കഴിയുന്നില്ലെങ്കിൽ പദ്ധതികൾ പരാജയപ്പെടും. നാട്ടിൽ ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് ഉണ്ടാക്കാവുന്ന ഉല്പന്നങ്ങൾ ഉണ്ടാകണം. ഗ്രാമീണ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സർക്കാർ സഹായം ലഭ്യമാക്കണം. വീടുവീടാന്തരം കയറിയിറങ്ങി ഗ്രാമീണ ഉല്പന്നങ്ങളുടെ വില്പന നടത്താൻ പ്രേരിപ്പിക്കണം.

പൊതുമേഖലയിലും സ്വകാര്യമേഖലയിലു മുള്ള തൊഴിലാളികളിൽനിന്നും തൊഴിൽക്കരം കൃത്യമായി പിരിച്ചെടുത്ത് വിഭവശേഷി വർദ്ധിപ്പിക്കേണ്ടതാണ്.



4203

INSTITUTE OF LOCAL ADMINISTRATION ★ KERALA ★ THRISSUR
LIBRARY

തെരുവിലെ പാവപ്പെട്ട മനുഷ്യർക്ക്
എന്തുഗുണം ചെയ്യും എന്നോർത്തുവേണം
നമ്മുടെ ഓരോ നടപടിയും.

- ഗാന്ധിജി